# രാമപുരം
# സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്ത്





## വികസന 1996 റിപ്പോർട്ട്



*"എല്ലാവരുടേയും ആവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ ആരുടേയും ദുരയെ തൃപ്തിപ്പെടുത്താൻ വിഭവങ്ങളില്ലതാനും"*

*-മഹാത്മാഗാന്ധി*


രാമപുരത്ത് വാര്യർ


ഗോവർണ്ണദോർ പാറേമ്മാക്കൽ
തോമ്മാകത്തനാർ


ദൈവദാസൻ
തേവർ പറമ്പിൽ കുഞ്ഞച്ചൻ


ലളിതാംബിക
അന്തർജ്ജനം


പരമ്വീരചക്ര
മേജർ പരമേശ്വരൻ



എം.എം.ജേക്കബ്
ബഹു. മേഘാലയാ ഗവർണ്ണർ



ശ്രീ.സി.ആർ.കേശവൻ വൈദ്യർ



ശ്രീ.പി.സി.തോമസ് M.P.



ശ്രീ.കെ.എം.മാണി M.L.A.



ശ്രീ.ഇ.ജെ.ആഗസ്തി
(ജില്ലാ പഞ്ചായത്തംഗം)



രവി ഗോവിന്ദ്
(ബ്ലോക്ക് പഞ്ചായത്ത്
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)



ശ്രീമതി. സെല്ലി ജോർജ്
(ബ്ലോക്ക് പഞ്ചായത്തംഗം)

**എഡിറ്റോറിയൽ ബോർഡ്**

ററി.ജെ.ജോസഫ്, മുണ്ടയ്ക്കൽ
പി.ആർ.സുകുമാരൻ, പെരുമ്പ്രായിൽ
വി.സി.ദേവസ്യ, വള്ളവൻകോട്ട്
വി.എ.ജോസ്, ഉഴുന്നാലിൽ
കെ.ജി.കേശവൻകുറ്റിയാങ്കൽ
ബന്നി മാത്യൂസ് കുളക്കാട്ടോലിക്കൽ
– ജില്ലാ പരിശീലകർ (D.R.P)

വി.സി.ചാക്കോ വട്ടുകുന്നേൽ
(പഞ്ചായത്ത് പ്രസിഡൻറ്)

**കവർ ഡിസൈൻ**
ശശികുമാർ മണ്ഡപത്തിൽ

**കമ്പ്യൂട്ടർ ടൈപ്പ് സെറ്റിംഗ്**
ഡിജിറ്റൽ ലേസർ ഗ്രാഫിക്സ്
തൊടുപുഴ

**പ്രിന്റിംഗ്**
രാജേഷ് പ്രിന്റേഴ്സ്
രാമപുരം

## അദ്ധ്യായങ്ങൾ തയ്യാറാക്കുന്നതിനുള്ള ഉപസമിതികൾ

I. ആമുഖം
II. പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും
III. സാമൂഹിക സാംസ്കാരിക ചരിത്രം
IV. ഭൂപ്രകൃതിയും വിഭവങ്ങളും

(I–IV) പി. ആർ. സുകുമാരൻ, പെരുമ്പ്രായിൽ
റ്റി.ജെ. ജോസഫ്, മുണ്ടയ്ക്കൽ

V. സാമൂഹിക സാമ്പത്തിക മേഖലകൾ

| | |
|---|---|
| 1. കൃഷിയും ജലസേചനവും | ജോസഫ് സഖറിയാസ് മുണ്ടക്കൽ (പഞ്ചായത്ത് മെമ്പർ)<br>വി.എ. ജോസ്, ഉഴുന്നാലിൽ |
| 2. മൃഗസംരക്ഷണം,മത്സ്യമേഖല | റ്റി.കെ. ദേവസ്യ തെരുവത്ത് (പഞ്ചായത്ത് മെമ്പർ)<br>വി.എ. ജോസ് ഉഴുന്നാലിൽ |
| 3. വിദ്യാഭ്യാസം | കെ.ജെ. ശ്രീദേവിയമ്മ പുതുപ്പള്ളിൽ (പഞ്ചായത്ത് മെമ്പർ)<br>റ്റി.ജെ. ജോസഫ് |
| 4. ആരോഗ്യം,കുടിവെള്ളം | മോളി പീറ്റർ (പഞ്ചായത്ത് മെമ്പർ)<br>റ്റി.ജെ.ജോസഫ് |
| 5. വ്യവസായം | പി.ജെജോൺ, പുതിയിടത്തുചാലിൽ (പഞ്ചായത്ത് മെമ്പർ)<br>വി.സി. ദേവസ്യ, വള്ളവൻകോട്ട് |
| 6. ഗതാഗതം,ഊർജ്ജം | വി.സി. ചാക്കോ, വട്ടുകുന്നേൽ (പഞ്ചായത്ത് പ്രസിഡന്റ്)<br>വി.സി. ദേവസ്യ, വള്ളവൻകോട്ട് |
| 7. പാർപ്പിടം,സാമൂഹ്യക്ഷേമം | എം.എം.മുകുന്ദകുമാർ (പഞ്ചായത്ത് വൈസ് പ്രസിഡന്റ്)<br>പി.ആർ. സുകുമരൻ |
| 8. സംസ്കാരം | ശോഭാ സത്യപ്രകാശ്, കൈപ്പിരിക്കൽ (പഞ്ചായത്ത് മെമ്പർ)<br>പി.ആർ. സുകുമാരൻ |
| 9. വനിതാക്ഷേമം | ഡയ്സി ബേബി ഉഴുത്തുവാൽ (പഞ്ചായത്ത് മെമ്പർ)<br>കെ.ജി. കേശവൻ, കുറ്റിയാങ്കൽ |
| 10.സഹകരണം | മത്തച്ചൻ ജോൺ, പുതിയിടത്തുചാലിൽ (പഞ്ചായത്ത് മെമ്പർ)<br>കെ.ജി.കേശവൻ, കുറ്റിയാങ്കൽ |
| 11.പട്ടികജാതി,പട്ടികവർഗ്ഗക്ഷേമം | റ്റി.പി. ചന്ദ്രൻ, തൂമറ്റത്തിൽ (പഞ്ചായത്ത് മെമ്പർ)<br>ബന്നി മാത്യൂസ്, കുളക്കാട്ടോലിക്കൽ |
| 12.വിഭവസമാഹരണം | ജോസ് സ്കറിയ നെടുമ്പള്ളിൽ (പഞ്ചായത്ത് മെമ്പർ)<br>ബന്നി മാത്യൂസ്, കുളക്കാട്ടോലിക്കൽ |



## പ്രസിഡന്റിന്റെ പേജ്

*സ്നേഹിതരേ,*

*വികേന്ദ്രീകൃതാസൂത്രണത്തിന് രാമപുരം പഞ്ചായത്തിന്റെ അടിസ്ഥാന രേഖയായിത്തീരേണ്ട ഈ വികസനറിപ്പോർട്ട് സഹർഷം, സാഭിമാനം നിങ്ങളുടെ മുമ്പിലവതരിപ്പിച്ചുകൊള്ളട്ടെ! 17–12–96 ലെ പഞ്ചായത്തുകമ്മറ്റി അംഗീകരിച്ച റിപ്പോർട്ടാണിത്. മഹത്തായ പാരമ്പര്യവും സാംസ്കാരികൗന്നത്യവും പുലർത്തുന്ന രാമപുരം സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തിന്റെ വികസനത്തിനുവേണ്ടി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാനുള്ള ചരിത്രനിയോഗമാണിത്. 'ഒമ്പതാം പദ്ധതി, ജനകീയപദ്ധതി' അതാണ് വികസനത്തിന്റെ പുതിയ മുദ്രാവാക്യം. നമുക്ക് നേട്ടങ്ങളുണ്ട്,അഭിമാനിക്കാൻ പലതുമുണ്ട്; പക്ഷേ കോട്ടങ്ങളും കുറവുകളുമുണ്ട്. അവ സ്വയം കണ്ടെത്താനും പരിഹരിക്കാനുമുള്ള അവസരം കൈവന്നിരിക്കുകയാണ്. ആത്മവിശ്വാസപൂർവ്വം നമുക്കതു നിർവ്വഹിക്കണം. ഗ്രാമസ്വരാജ് വിഭാവന ചെയ്ത രാഷ്ട്രപിതാവിന്റെ ആത്മാവ്, ഈ സദുദ്യമത്തിൽ നമുക്ക് വഴികാട്ടാനുണ്ടാകും.*

*പ്രാഥമികജീവിതസൗകര്യങ്ങൾതന്നെ നമ്മുടെ പഞ്ചായത്തിൽ എല്ലാ ജനങ്ങൾക്കുമുണ്ടായിട്ടില്ല. ദാരിദ്ര്യ രേഖയ്ക്ക് താഴെ കഴിയുന്നവരും ചരിത്രപരമായി അവഗണിക്കപ്പെട്ടുപോയവരുമുണ്ട്. അവരെ കൈപിടിച്ചുയർത്തുവാനുള്ള പരിപാടികളിൽ നമുക്ക് കൈകോർക്കാം.*

*ഈ വികസനറിപ്പോർട്ട് ഗ്രാമസഭകളിൽ നിങ്ങൾ പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണ്. മറ്റു പല വിവരങ്ങളും ഇതിലുണ്ട്. അവയെല്ലാം നമുക്ക് ചർച്ചചെയ്യണം. അങ്ങനെ ഈ പഞ്ചായത്തിന്റെ വികസനത്തിന് ഏറ്റവും ഫലപ്രദമായ പദ്ധതികൾ നമുക്ക് തയ്യാറാക്കണം. 9–ാം പദ്ധതി പൂർത്തിയാകുന്നതിന് മുൻപ് നാം ഇരുപത്തൊന്നാംനൂറ്റാണ്ടിലെത്തിയിരിക്കും. അതിനുള്ള ഒരുക്കങ്ങൾകൂടി നമുക്കിവിടെ ആരംഭിക്കാം.*

*ഈ റിപ്പോർട്ട് ഈ വിധത്തിൽ തയ്യാറാക്കാൻ സഹായിച്ച ജില്ലാതല പരിശീലകർക്കും, എന്റെ സഹപ്രവർത്തകരായ പഞ്ചായത്തംഗങ്ങൾക്കും ഞാൻ നന്ദി പറയുന്നു. വിവരങ്ങൾ നൽകിസഹായിച്ച ഉദ്യോഗസ്ഥന്മാരെയും പൊതുജനങ്ങളെയും നന്ദിപൂർവ്വം അനുസ്മരിക്കുന്നു. ഈ റിപ്പോർട്ട് ചർച്ച ചെയ്യുന്ന വികസനസെമിനാറിനെത്തുടർന്ന് പദ്ധതികൾ തയ്യാറാക്കാനുള്ള കർമ്മസമിതികളെ നിയോഗിക്കണം. ജനുവരി മദ്ധ്യത്തിനു മുമ്പ് നമ്മുടെ പദ്ധതികൾ തയ്യാറാക്കി ജില്ലാപ്ലാനിംഗ് സമിതിക്ക് സമർപ്പിക്കേണ്ടതുണ്ട്. അതിനുള്ള പ്രവർത്തനങ്ങളിലും നിങ്ങളുടെ ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു. വികസനത്തിന്റെ കർമ്മമണ്ഡലത്തിൽ നമുക്ക് ഒരുമിച്ച് നിൽക്കാൻ സാധിക്കട്ടെ.*

*നിങ്ങളുടെ വിശ്വസ്ത വിധേയൻ,*

*വി.സി. ചാക്കോ വട്ടുകുന്നേൽ*
*പ്രസിഡന്റ്,*
*രാമപുരം സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്ത്.*
*(ജില്ലാ പ്രസിഡന്റ്, പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ കോട്ടയം)*

*രാമപുരം,*
*17–12–96*

# നിലവിലുള്ള പഞ്ചായത്ത് കമ്മിറ്റി



എം.എം.മുകുന്ദകുമാർ
വൈസ്.പ്രസിഡന്റ്



വി.സി.ചാക്കോ വട്ടുകുന്നേൽ
പ്രസിഡന്റ്



ജോസ് സ്കറിയ നെടുംപിള്ളിൽ
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ



പി. ജെ. ജോൺ
പുതിയിടത്തുചാലിൽ



ജോസഫ് സഖറിയാസ്
മുണ്ടക്കൽ



മത്തച്ചൻ
പുതിയിടത്തുചാലിൽ



ശോഭാ സത്യപ്രകാശ്
കൈപ്പിരിക്കൽ



റ്റി. കെ. ദേസസ്യ
തെരുവത്ത്



മോളി പീറ്റർ
കുളക്കാട്ടോലിക്കൽ



റ്റി.പി. ചന്ദ്രൻ
തൂമറ്റത്തിൽ



ഡെയ്സി ബേബി
ഉഴുത്തുവാൽ



കെ.ജെ. ശ്രീദേവിയമ്മ
പുതുപ്പള്ളിൽ

# മുൻ പഞ്ചായത്ത് പ്രസിഡൻറുമാർ



എസ്. ബാലകൃഷ്ണൻ നായർ
പല്ലാട്ട്



സി.എ. ആഗസ്തി
ചീങ്കല്ലേൽ



എൻ.സി. ജോസഫ്
നെടുംകുന്നേൽ



പി. ജെ. ജോൺ
പുതിയിടത്തുചാലിൽ

# ഉള്ളടക്കം


പേജ്

1. ആമുഖം ..... 14
2. പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും ..... 17
3. സാമൂഹിക സാംസ്കാരിക ചരിത്രം ..... 22
4. ഭൂപ്രകൃതിയും വിഭവങ്ങളും ..... 32
5. വികസനമേഖലകൾ ..... 35
   1. കൃഷി,ജലസേചനം,വനവൽക്കരണം ..... 35
   2. മൃഗസംരക്ഷണം,മത്സ്യമേഖല ..... 40
   3. വിദ്യാഭ്യാസം ..... 42
   4. ആരോഗ്യം,കുടിവെള്ളം ..... 49
   5. വ്യവസായം ..... 54
   6. ഗതാഗതം,ഊർജ്ജം ..... 57
   7. പാർപ്പിടം,സാമൂഹ്യക്ഷേമം ..... 63
   8. സംസ്കാരം ..... 68
   9. വനിതാക്ഷേമം ..... 75
   10. സഹകരണം ..... 77
   11. പട്ടികജാതി,പട്ടികവർഗ്ഗക്ഷേമം ..... 80
   12. വിഭവസമാഹരണം ..... 82

# I

# ആമുഖം

ഭരണഘടനയുടെ 73, 74 ഭേദഗതികളുടെ അടിസ്ഥാന ത്തിൽ പഞ്ചായത്ത് മുൻസിപ്പൽ ഭരണസമിതികൾ ഇന്ത്യൻ ഭരണവ്യവസ്ഥയുടെ അനിവാര്യഭാഗമായി മാറിയിരിക്കുകയാണ്. ഈ ഭേദഗതികൾ രാഷ്ട്രപതി ഒപ്പു വച്ചത് 1993 ഏപ്രിൽ 23 നാണ്. അതനുസരിച്ച് തുടർന്നുള്ള ഒരു വർഷത്തിനകം പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ നില വിൽ വരുത്തുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തു വാൻ എല്ലാ നിയമസഭകളും ബാധ്യതപ്പെട്ടിരുന്നു. കേരള ത്തിൽ പഞ്ചായത്ത് രാജ് നിയമം 94 ഏപ്രിൽ 23 നും മുൻസി പ്പൽ നിയമം 94 ആഗസ്ത് 6 നുമാണ് അസാധാരണ ഗസ്റ്റു കളായി പ്രസിദ്ധീകരിക്കപ്പെട്ടത്. അതനുസരിച്ചുള്ള തെര ഞ്ഞെടുക്കപ്പെട്ട സമിതികൾ 95 ഓക്ടോബർ 2–ന് നിലവിൽ വരികയുമുണ്ടായി. നമ്മുടെ രാഷ്ട്രപിതാവ് വിഭാവനം ചെയ്ത ഗ്രാമ സ്വരാജ് യാഥാർത്ഥ്യമാകുന്നതിലേയ്ക്ക് നിർണ്ണായകമായ ചുവടുവെപ്പാണിത്.

എല്ലാ വോട്ടറന്മാർക്കും പങ്കാളിത്തമുള്ള ഗ്രാമസഭ കൾ, പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും പ്രാതി നിധ്യമുള്ള ജില്ലാ പ്ലാനിംഗ് സമിതി, സംസ്ഥാന തല ധന കാര്യക്കമ്മീഷൻ എന്നിവയെല്ലാം ഭരണഘടനാധിഷ്ഠിതമാ യിത്തന്നെ നിലവിൽ വന്നിരിക്കുന്നു. ഇത് മുമ്പൊരിക്കലുമി ല്ലാതിരുന്ന സ്ഥിതിവിശേഷമാണ് 97 ഏപ്രിൽ 1 –ന് ആരംഭി ക്കുന്ന പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വ ഹണത്തിലും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ ഫലപ്ര ദമായി പങ്കാളികളാക്കുകയെന്ന ആശയം സംസ്ഥാനപ്ലാ നിംഗ് ബോർഡും ഗവൺമെൻറും ആവിഷ്ക്കരിച്ചത് ഈ പശ്ചാതലത്തിലാണ്.

പഞ്ചവത്സര പദ്ധതികളുടെ ആസൂത്രണത്തിൽ പഞ്ചാ യത്ത് രാജ് സംവിധാനത്തിനുള്ള പങ്കാളിത്തം ഭരണഘടന തന്നെ ഉറപ്പുനൽകുന്നുണ്ട്. സംസ്ഥാന നിയമം ഈ ചുമത ലകൾ വ്യക്തമായി നിർവ്വചിക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും താഴെത്തട്ടിൽ നിന്നുള്ള ആസൂത്രണത്തിൻെറ മുന്നനുഭവം നമുക്കില്ല. ആ കുറവ് പരിഹരിക്കുന്നതിനാണ് പലതലങ്ങളിൽ പരിശീലനം നൽകുന്നതും നിരവധി മാധ്യമ സംവിധാനങ്ങളിലൂടെ പ്രചാരണം നൽകുന്നതും. ഏതാ യാലും സംസ്ഥാനത്തിൻെറ 9–ാം പദ്ധതിയടങ്കലിൽ 35 – 40 ശതമാനം തുകയ്ക്കു വരുന്ന സ്കീമുകൾ വിവിധതലങ്ങളി ലായി പഞ്ചായത്തു മുനിസിപ്പൽ സമിതികൾ വഴി രൂപപ്പെ ടിത്തിയെടുക്കുകയെന്നതാണ് പ്ലാനിംഗ് ബോർഡിൻെറ കാഴ്ചപ്പാട്. അതിനുള്ള പഞ്ചായത്തിൻെറ അടിസ്ഥാന രേഖ യാണ് ഈ വികസന റിപ്പോർട്ട്. പഞ്ചായത്തുരാജ് നിയമ ത്തിലെ 175 –ാം വകുപ്പ് എല്ലാ പഞ്ചായത്തുകൾക്കും വിക സനത്തിനുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി ജില്ലാ ആസൂ ത്രണസമിതിക്കു നൽകണമെന്നനുശാസിക്കുന്നുണ്ട്.

9–ാം പഞ്ചവത്സരപദ്ധതി സംബന്ധിച്ച് സംസ്ഥാന തലത്തിൽ ആസൂത്രണ ബോർഡു നിയോഗിച്ചിട്ടുള്ള 9 സ്റ്റീയ റിംഗ് കമ്മറ്റികളും 64 – ഓളം ടാസ്ക്ക് ഫോഴ്സുകളും തയ്യാ റാക്കപ്പെടുന്ന ഉന്നതതല റിപ്പോർട്ടുണ്ടാകും. താഴെതല ത്തിൽ തയ്യാറാക്കപ്പെടുന്ന സ്കീമുകളും ഈ റിപ്പോർട്ടു നർദ്ദേശിക്കുന്ന സ്കീമുകളും ചേർത്ത് കേരളത്തിൻെറ വിക സനത്തിൽ പരമാവധി ഫലപ്രാപ്തിസാധ്യമാക്കുന്ന ഒരു വികസന സംസ്കാരം വളർത്തിയെടുക്കുകയെന്നതും ജന കീയാസൂത്രണത്തിൻെറ ലക്ഷ്യമാണ്.

96 ആഗസ്റ്റ് 17–ന് (1172 ചിങ്ങം 1–ന്) ആണ് വികേ ന്ദ്രീകൃതാസൂത്രണത്തിൻെറ സംസ്ഥാനതല ഉദ്ഘാടനം നട ന്നത്. അതിനുശേഷം ഈ ചരുങ്ങിയ കാലംകൊണ്ടു തന്നെ ഈ പ്രസ്ഥാനം സാർവ്വത്രികമായ അംഗീകാരം നേടികഴി ഞ്ഞിരിക്കുന്നു. കേന്ദ്ര ആസൂതണ സഹ മന്ത്രി ഡോ. വൈ. .കെ അലഗ് ആഗസ്റ്റ് 13–ന് സംസ്ഥാനാസൂത്രണ ബോർഡിൻെറ പ്രത്യേകയോഗത്തിൽ പങ്കെടുത്ത് കേന്ദ്രഗ വൺമെൻറിൻെറ എല്ലാ പിന്തുണയും വാഗ്ദാനം ചെയ്യുക യുണ്ടായി. പ്രധാന മന്ത്രി എച്ച്. ഡി. ദേവഗൗഡയും ഈ പരിപാടികളുടെ വിജയം കേന്ദ്രം ഉറ്റു നോക്കുകയാണെന്ന് പറയുകയുണ്ടായി. ഇന്ത്യയിലെ 11 സംസ്ഥാനങ്ങളിൽനി ന്നുള്ള പ്രതിനിധിസംഘങ്ങൾ ജനകീയാസൂത്രണ പ്രവർത്ത നങ്ങൾ, നേരിട്ട് മനസ്സിലാക്കാൻ കേരളത്തിൽ വരികയു ണ്ടായി. ഒന്നാംഘട്ട പ്രവർത്തനങ്ങൾ കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളിലും ഒരു പുതിയ പ്രതീക്ഷയുണർത്തിയി ട്ടുണ്ടെന്നാണ് സംസ്ഥാന പ്ലാനിംഗ് ബോർഡ് വിലയിരുത്തി യിട്ടുള്ളത്. വിവിധ തലങ്ങളിലുള്ള ആദ്യഘട്ടപരിശീലനവും, വിശേഷാൽ ഗ്രാമസഭ ചേർന്ന് റിപ്പോർട്ടു തയ്യാറാക്കലുമാ യിരുന്നു ഒന്നാംഘട്ട പ്രവർത്തനം.

ഗ്രാമ സഭകളുടെ സംസ്ഥാനതല ഉദ്ഘാടനം സെപ്തംബർ 15 –ന് തിരുവനന്തപുരം ജില്ലയിലെ നന്ദിയോടു പഞ്ചായത്തിലായിരുന്നു. തുടർന്നുള്ള ഒരു മാസക്കാലം കേര ളത്തിൽ ഗ്രാമസഭായോഗങ്ങളുടേയും മുനിസിപ്പൽ വാർഡു യോഗങ്ങളുടെയും കാലമായിരുന്നു. പതിനായിരം സഭകളി

ലായി 30 ലക്ഷം വോട്ടർമാർ ഇതിൽ പങ്കെടുത്തത് വികസനകാര്യത്തിൽ ജനങ്ങളിലുണ്ടായിട്ടുള്ള പുതിയ പ്രതീക്ഷയ്ക്കും ആവേശത്തിനും തെളിവാണ്.

ബഹുജനപങ്കാളിത്തം ഇത്രസമയബന്ധിതമായ നിലയിൽ അടുത്തകാലത്തൊന്നും കേരളത്തിൽ നടന്നിട്ടില്ലെന്നാണ് വിലയിരുത്തൽ.

രാമപുരം പഞ്ചായത്തിൽനിന്നുള്ള പ്രതിനിധികൾക്ക് ഒന്നാംഘട്ട ജില്ലാതല പരിശീലനം ലഭിച്ചത് സെപ്തംബർ 8,9,10 തീയതികളിൽ പാലായിൽ വെച്ചായിരുന്നു. രണ്ടു വാർഡുകൾക്ക് ഒരാളെന്ന നിലയിൽ റ്റി.ജെ.ജോസഫ്, വി.സി.ദേവസ്യ, കെ.ജി.കേശവൻ, ബന്നി മാത്യൂസ് കുളക്കാട്ടോലി, വി.എ.ജോസ് ഉഴുന്നാലി, പി.ആർ.സുകുമാരൻ എന്നിവരും ജില്ലാ പ്ലാനിംഗ് സമിതി നേരിട്ടു നിയോഗിച്ച വി.ആർ.രാജേന്ദ്രൻ, എസ്.ബിജു ഇളംചേരിൽ, അഗസ്റ്റിൻ ജോൺ എന്നിവരും മൂന്നുമാസത്തെ പരിശീലനത്തിൽ പങ്കെടുത്തു. പഞ്ചായത്തു പ്രസിഡൻറ് വി.സി.ചാക്കോയും മൂന്നു ദിവസങ്ങളിലും ക്യാമ്പിൽ പങ്കെടുക്കുകയുണ്ടായി. പഞ്ചായത്തുതല പരിശീലനം 17.9.96 ന് രാമപുരം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്നു. വിശേഷാൽ ഗ്രാമസഭകൾ-ഒക്ടോബർ രണ്ടിന് പൂർത്തിയാക്കാനാണ് ആദ്യം നിർദ്ദേശം ഉണ്ടായിരുന്നത്. രാമപുരം പഞ്ചായത്തിലെ 12 വാർഡുകളിലും ഗ്രാമസഭകൾ ഒക്ടോബർ 1 ന് മുമ്പ് ചേർന്ന് കഴിഞ്ഞിരുന്നു.

ഗ്രാമസഭയിലെ പങ്കാളിത്തം സംസ്ഥാന ശരാശരിയോട് അടുത്തുവരുന്നതായിരുന്നു. നിർദ്ദേശിക്കപ്പെട്ടത്ര സമയം നൽകിയാണ് എല്ലാ ഗ്രാമസഭകളും ചേർന്നത്. അതുകൊണ്ടുതന്നെ ഗ്രാമസഭാ റിപ്പോർട്ടുകൾക്ക് തൃപ്തികരമായ ഒരു സമഗ്രതയുണ്ടായിട്ടുണ്ട്. ഗ്രാമസഭാചർച്ചയിൽ ഒരു ഗ്രൂപ്പിൽ പങ്കെടുത്തവർ തന്നെ മറ്റു ഗ്രൂപ്പുകളിലെ ചർച്ചക്കും താത്പര്യമെടുക്കുന്നത് കാണാമായിരുന്നു. അതുകൊണ്ട് ഓരോ വാർഡിലേയും എല്ലാ വികസനമേഖലകളെക്കുറിച്ചുമുള്ള പൊതുവായ ചർച്ചക്ക് അവസരം ലഭിക്കത്തക്കവിധം ഗ്രൂപ്പ് പ്രതിനിധികളുടെ ഒരു യോഗം 26.10.96 ൽ ചേരുകയുണ്ടായി. മൂന്നു മണിക്കൂർ സമയം നൽകിയുള്ള ആ ചർച്ച വളരെ ഫലപ്രദമായിരുന്നു.

രണ്ടാംഘട്ട പരിശീലനം നവംബർ 8, 9, 10 തീയതികളിൽ ബ്ലോക്കിൻെറ ആഭിമുഖ്യത്തിൽ ഉഴവൂരിൽ വെച്ചായിരുന്നു. ജില്ലാ പരിശീലകർക്കും പഞ്ചായത്ത് പ്രസിഡന്റിനും പുറമേ സെക്രട്ടറി വി.എം.മാത്യു, ഓവർസിയർ ജെയിംസ് ജോർജ് എന്നിവരും ഇതിൽ പങ്കെടുത്തു. രണ്ടാംഘട്ട പഞ്ചായത്ത് പരിശീലനം 16.11.96 ന് നടന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ഒരു യോഗവും പഞ്ചായത്താഫീസിൽ ചേർന്നിരുന്നു.

സമഗ്രമായ ഒരു വികസനറിപ്പോർട്ട് തയ്യാറാക്കി നല്ല പ്രാധിനിധ്യസ്വഭാവത്തോടെ അത് ചർച്ച ചെയ്ത് അവസാനരൂപം നൽകലും, സ്കീമുകൾ തയ്യാറാക്കുന്നതിന് പ്രവർത്തനഗ്രൂപ്പുകളെ നിയോഗിക്കലുമാണ് രണ്ടാംഘട്ടത്തിന്റെ പ്രധാന പ്രവർത്തനം.

ജനകീയാസൂത്രണം വളരെയെളുപ്പത്തിൽ സംഘടിപ്പിച്ചെടുക്കാവുന്ന ചെറിയൊരു സംരംഭമല്ല. നമ്മുടെ ആവശ്യങ്ങൾ ധാരാളവും വിഭവങ്ങൾ പരിമിതവുമാണ്. അതുകൊണ്ട് മുൻഗണന നിർണ്ണയിക്കേണ്ടി വരും. വിഭവങ്ങൾ കൂടുതൽ സമാഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും ആരായേണ്ടിവരും. പഞ്ചായത്തിനെ മുഴുവനായി മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു വികസനതന്ത്രമാണ് ആവിഷ്കരിക്കേണ്ടത്. ചിലപ്പോൾ നമ്മുടെ പഞ്ചായത്തിൽപെടുന്ന ബ്ലോക്കിന്റേയും ജില്ലയുടേയും കാഴ്ചപ്പാടോടെ വേണം സ്കീമുകളാവിഷ്കരിക്കാൻ. അവകാശവും കടമയും തുല്യപ്രാധാന്യത്തോടെ വ്യാപരിക്കേണ്ട മേഖലയാണിത്. ധാരാളം ചർച്ചയും പഠനവുംകൊണ്ട് നമുക്കിത് സാധ്യമാകുമെന്നതിന് സംശയമില്ല.

പഞ്ചായത്ത് സംവിധാനത്തിന് ഭരണഘടനയുടേയും സംസ്ഥാനനിയമസഭയംഗീകരിച്ച നിയമത്തിൻേറയും പിൻബലമുണ്ടെന്ന് സൂചിപ്പിച്ചല്ലോ? പക്ഷെ അനുദിനപ്രവർത്തനത്തിനാവശ്യമായ ചട്ടങ്ങളെല്ലാമായിട്ടില്ല. അതിനായി നിയോഗിക്കപ്പെട്ട 'സെൻകമ്മിറ്റി' ഒരു ഇടക്കാല റിപ്പോർട്ട് നൽകിയിരുന്നു. ആസൂത്രണത്തിലും നിർവ്വഹണത്തിലും ഓരോ തലത്തിലും ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ അതാതു തലങ്ങളിൽ തന്നെ നിർവ്വഹിക്കാൻ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ പ്രാപ്തമാക്കുകയെന്ന കാഴ്ചപ്പാടാണ് ചട്ടങ്ങൾ രൂപവൽക്കരിക്കുന്നതിൽ കമ്മീഷൻ സ്വീകരിച്ചിട്ടുള്ളത്. 1997 ഫെബ്രുവരിയോടെ ചട്ടങ്ങൾ നിലവിൽവരുമെന്ന് ഉത്തരവാദിത്വപ്പെട്ടവർ വിശദീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ ജനകീയാസൂത്രണത്തിലൂടെ ഉരുത്തിരിയുന്ന സ്കീമുകൾ പ്രവർത്തനപഥത്തിൽ വരുന്ന ഘട്ടമാകുമ്പോഴേക്കും നിയമപരമായി പഞ്ചായത്ത് സംവിധാനം ആവശ്യത്തിന് ശക്തമായിരിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

നമ്മുടെ പഞ്ചായത്തിലെ ഗ്രാമസഭാ പങ്കാളിത്തത്തിൽ വാർഡുതോറും വളരെ അന്തരമുണ്ടായിരുന്നു. 53 മുതൽ 403 വരെയാണ് പങ്കാളിത്തം. രണ്ടാംഘട്ടത്തിൽ പഞ്ചായത്തുതല പരിശീലനത്തിൽ പങ്കെടുത്ത പ്രതിനിധികളുടെ എണ്ണവും കുറവായിരുന്നു. ഓഫീസുകളിൽനിന്നും വിവരശേഖരണത്തിനും ചില ബുദ്ധിമുട്ടുകൾ ഉണ്ടായി. വിവരശേഖരണത്തിൽ സഹായിക്കാൻ ഓഫീസുകളെ ബാധ്യതപ്പെടുത്തുന്ന തരത്തിലുള്ള യാതൊരറിയിപ്പും ഡിപ്പാർട്ട്മെന്റ് തലത്തിൽ ലഭിക്കുകയുണ്ടായില്ലെന്ന് പല ഓഫീസുകളിൽ നിന്നും വ്യക്തമാക്കുകയുണ്ടായി. ഇതെല്ലാം ക്രമേണ പരിഹരിച്ചു മുന്നേറാൻ കഴിയുന്ന ചെറിയ പ്രതിബന്ധങ്ങളായി കരുതിയാൽ മതി.

ഐശ്വര്യപൂർണ്ണമായ നാടിനെ കുറിച്ച് മലയാളികൾക്ക് ഒരു സങ്കൽപ്പമുണ്ട്. മലയാളികളുടെ ദേശീയോത്സവമായ ഓണം ഗതകാലത്തുണ്ടായിരുന്ന സമത്വ സുന്ദരമായ ഒരു നല്ലകാലത്തിന്റെ ഓർമ്മയാണ്. ആധിയും വ്യാധിയും ബാലമരണങ്ങളുമില്ലാത്ത അക്കാലത്ത് മാനുഷരെല്ലാവരു

മൊന്നുപോലെയായിരുന്നത്രേ. മാവേലിയുടെ കഥ സത്യമോ മിഥ്യയോ ആകട്ടെ, വിഭവങ്ങൾ ധാരാളമുണ്ടായിരിക്കുകയും അവ നീതിപൂർവ്വകമായി വിതരണം ചെയ്യപ്പെടുകയും ചെയ്യുന്ന ഒരു സമത്വ സങ്കൽപമാണത്. ചരിത്രത്തിന്റെ ഏതു കാലഘട്ടത്തിലും ഭൂമിയിലും കൃഷിയിലും ചെറിയ തോതിലെങ്കിലും അവകാശം അനുഭവിച്ചിരുന്നവരാണ് കേരളത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും. അതുകൊണ്ട് തന്നെ അവർക്ക് ഉൽക്കർഷേച്ഛയുണ്ടായിരുന്നു. പാശ്ചാത്യമിഷനറിമാരും രാജാക്കൻമാരും ഇവിടെ വിദ്യാഭ്യാസം പ്രചരിപ്പിക്കുവാൻ ശ്രമിച്ചപ്പോൾ അതേറ്റുവാങ്ങുവാൻ ഇവിടെ ആളുകളുണ്ടായിരുന്നു. ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു സ്ഥിതിവിശേഷമാണിത്. ഭൂ പരിഷ്ക്കണം ഇൻഡ്യയിൽ ഏറ്റവും ഫലപ്രദമായി നടപ്പിലായ സംസ്ഥാനമാണ് കേരളം. കൃഷി ഭൂമിയുടെ 87% ചെറുകിട കർഷകരുടെ കൈവശമാണ്. തുച്ഛമായ ഭൂപരിധി മാത്രമുള്ള കുടുംബങ്ങൾ ഒന്നരലക്ഷം വരും. ഇങ്ങനെ ചെറുകിടക്കാരും സാധാരണക്കാരുമായ ആളുകൾ വിവിധ വികസനമേഖലളിൽ കഠിനാധ്വാനത്തിനും പരീക്ഷണത്തിനും തയ്യാറുള്ളവരാണ്.

വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയമേഖലകളിൽ കേരളത്തിനുണ്ടായനേട്ടം മേൽപറഞ്ഞ വിഭാഗത്തിൽ പെട്ട ആളുകളുടെ ആശയാഭിലാഷങ്ങളുമായി ബന്ധപ്പെട്ടുണ്ടായതാണ്. കേരളത്തിന്റെ ഈ പൊതു സ്വഭാവം അല്പം ഉയർന്ന തോതിൽ പ്രതിഫലിച്ചുകാണുന്ന പ്രദേശമാണ് രാമപുരം പഞ്ചായത്ത്.

കൃഷിയും കൃഷിക്കാരുമാണ് ഈപഞ്ചായത്തിന്റെ ആകെത്തുക, കേരളത്തിലെ ജനസംഖ്യയുടെ 0.11% ആണ് ഈ പഞ്ചായത്തിലുള്ളത്. ഭൂമി 0.14% ഉം. സംസ്ഥാന ശരാശരിയേക്കാൾ ഭൂലഭ്യത അല്പം കൂടതലുണ്ട്. ശരിയായ ആസുത്രണം കൊണ്ട് ഏറ്റവുമധികം ഉൽപ്പാദിപ്പിക്കുവാനും അതിന്റെ സമൃദ്ധിയിൽ അഭിമാനിക്കാനുമാഗ്രഹിക്കുന്ന രാമപുരത്തുകാർക്ക് ഒത്തൊരുമിച്ചു പ്രവർത്തിക്കാനുള്ള ഒരു ചരിത്രനിയോഗമായി ഈ ജനകീയാസൂത്രണരപരിപാടിയെ കാണണം. കൃഷിക്കും കൃഷിയോടുബന്ധപ്പെട്ട വ്യാപാരത്തിനും പരിമിതികളുണ്ട്. എന്നാൽ കാർഷിക വ്യവസായങ്ങൾക്കാകട്ടെ സാധ്യതയേറെയുണ്ട്. ഇതിനെയെല്ലാം സമന്വയിപ്പിക്കുന്ന ഒരു വികസന തന്ത്രമാണ് രാമപുരത്തിന് അനുയോജ്യമായിട്ടുള്ളത്.

ഈ വികസന റിപ്പോർട്ടിന്റെ പ്രധാന അടിസ്ഥാനം ഗ്രാമസഭകളിൽ ജനങ്ങൾ ഗ്രൂപ്പുതിരിഞ്ഞു ചർച്ചചെയ്തു തയ്യാറാക്കിയ റിപ്പോർട്ടാണ്. ഔദ്യോഗികസ്ഥിതിവിവരകണക്കുകളും അനുബന്ധവിവരങ്ങളും പഞ്ചായത്തിൽ സഞ്ചരിച്ച് വിവിധവ്യക്തികളുമായി നടത്തിയ ചർച്ചകളിൽ ഉരുത്തിരിഞ്ഞ ആശയങ്ങളും ഇതിലുണ്ട്. ചരിത്രപരമായ കാര്യങ്ങളുടെ അവലോകനത്തിന് പഴയ പല റിക്കോർഡുകളും സ്മരണികളും ലേഖനങ്ങളും അവലംബമായിട്ടുണ്ട്. നമ്മുടെ സാമൂഹികവും സാംസ്ക്കാരികവുമായ ചരിത്രത്തോടൊപ്പം ഭൂപ്രകൃതിയും വിഭവങ്ങളും വിലയിരുത്തേണ്ടതുണ്ട്. തുടർന്ന് വിവിധ വികസനമേഖലകളെക്കുറിച്ചുള്ള ചർച്ചവേണം. പൂർത്തിയായതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ കാര്യങ്ങളേക്കാൾ ഓരോ മേഖലയിലും നമ്മുടെ സാധ്യതകളെ ഊന്നിയായിരിക്കണം വികസനറിപ്പോർട്ടിൻമേലുള്ള ചർച്ച. അങ്ങനെ ഫലപ്രദമായ സ്കീമുകൾ തയ്യാറാക്കുന്നതിനുള്ള അടിസ്ഥാനരേഖയായി നമുക്കിതിനെ സമ്പുഷ്ടിപ്പെടുത്തണം.



II

# പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | – രാമപുരം സ്പെഷൽ ഗ്രേഡ് പഞ്ചായത്ത് |
| റവന്യൂ വില്ലേജുകൾ | – രാമപുരം (പിഴക് കര ഒഴികെ), വെള്ളിലാപ്പിള്ളി (ഐങ്കൊമ്പ് കര ഒഴികെ) |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | – രാമപുരം, വെള്ളിലാപ്പിള്ളി |
| ബ്ലോക്ക് പഞ്ചായത്ത് | – ഉഴവൂർ |
| താലൂക്ക് | – മീനച്ചിൽ |
| ജില്ല | – കോട്ടയം |
| ജില്ലാ പഞ്ചായത്തു ഡിവിഷൻ | – രാമപുരം |
| അസംബ്ലി മണ്ഡലം | – പാലാ |
| പാർലമെന്റു മണ്ഡലം | – മൂവാറ്റുപുഴ |
| ജനസംഖ്യ | – 32508 |
| വിസ്തൃതി | – 54.54 ച.കി.മി. |

വാർഡുകൾ

| | |
|---|---|
| 1. രാമപുരം ടൗൺ | 2. മരങ്ങാട് |
| 3. രാമപുരം ഈസ്റ്റ് | 4. കിഴതിരി |
| 5. അമനകര | 6. പഴമല |
| 7. രാമപുരം വെസ്റ്റ് | 8. കൂടപ്പുലം |
| 9. കൊണ്ടാട് | 10. ചക്കാമ്പുഴ |
| 11. വെള്ളിലാപ്പിള്ളി | 12. ഏഴാച്ചേരി |

അതിർത്തികൾ

പഞ്ചായത്തിന്റെ അതിർത്തികളും വാർഡുകളും കാണിക്കുന്ന മാപ്പ് ചേർത്തിരിക്കുന്നു.

## പഞ്ചായത്തിന്റെ ആരംഭം

1926 –ൽ സേതു ലക്ഷ്മി ഭായിയുടെ റീജന്റ് ഭരണ കാലത്താണ് തിരുവിതാംകൂറിൽ ഗ്രാമപഞ്ചായത്തുകൾ നിലവിൽ വന്നത്. പിന്നീട് പ്രധാനസ്ഥലങ്ങളിൽ വില്ലേജ് യൂണിയനുകളുണ്ടായി. രാമപുരത്ത് അത്തരത്തിലൊരു വില്ലേജ് യൂണിയൻ നിലവിൽ വന്നിരുന്നു. തിരുക്കൊച്ചി സംയോജനത്തിനു ശേഷം 1953 –ലാണ് ആദ്യമായി തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ നിലവിൽ വന്നത്. പിന്നീട് 1963, 1979,1988, 1995 വർഷങ്ങളിലാണ് പഞ്ചായത്തു തെരഞ്ഞെടുപ്പുകൾ നടന്നത്. ആ തിരഞ്ഞെടുപ്പുകളെല്ലാം രാമപുരം പഞ്ചായത്തിൽ നടന്നു.

## അതിർത്തികളിൽ വന്ന മാറ്റങ്ങൾ

പഞ്ചായത്തിന്റെ പൊതു അതിർത്തികളിൽ മാറ്റം വന്നിട്ടില്ല. ആദ്യം 12 വാർഡുകളായിരുന്നത് ഇടക്കാലത്ത് 11 വാർഡുകളായി കുറഞ്ഞിരുന്നു. ഇപ്പോൾ 12 വാർഡുകൾ തന്നെയാണ്.

## നിലവിലുള്ള ഭരണസമിതി

പ്രസിഡന്റ് – വി. സി. ചാക്കോ, വട്ടുകുന്നേൽ

വൈസ് പ്രസിഡന്റ് – മുകുന്ദകുമാർ മാധവൻനായർ

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ – ജോസ് സ്കറിയ, നെടുംപിള്ളിൽ

അംഗങ്ങൾ
1. പി. ജെ. ജോൺ, പുതിയിടത്തുചാലിൽ
2. ജോസഫ് സഖറിയാസ്, മുണ്ടയ്ക്കൽ
3. മത്തച്ചൻ ജോൺ, പുതിയിടത്തുചാലിൽ
4. ശോഭ സത്യപ്രകാശ്, കൈപ്പിരിക്കൽ
5. റ്റി. കെ. ദേവസ്യ, തെരുവത്ത്
6. മോളി പീറ്റർ, കുളക്കാട്ടോലിക്കൽ
7. റ്റി. പി. ചന്ദ്രൻ, തൂമറ്റത്തിൽ
8. ഡയ്സി ബേബി, ഉഴുത്തുവാൽ
9. കെ. ജെ. ശ്രീദേവിയമ്മ, പുതുപ്പള്ളിൽ

## നിലവിലുള്ള റിസർവേഷൻ വാർഡുകൾ

പട്ടിക ജാതി സംവരണം

IX കൊണ്ടാട്

വനിതാ സംവരണം

IV കിഴതിരി

VII രാമപുരം വെസ്റ്റ്

X ചക്കാമ്പുഴ

XII ഏഴാച്ചേരി

## പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശത്തിന്റെ ജനപ്രതിനിധികൾ

ബ്ലോക്ക് പഞ്ചായത്ത് – ശ്രീമതി സെല്ലി ജോർജ് (രാമപുരം)

– ശ്രീ. രവി ഗോവിന്ദ് (വെള്ളിലാപ്പിള്ളി)

ജില്ലാ പഞ്ചായത്ത് – ശ്രീ. ഇ. ജെ. ആഗസ്തി

അസംബ്ലി നിയോജകമണ്ഡലം – ശ്രീ. കെ.എം. മാണി

പാർലമെന്റ് നിയോജകമണ്ഡലം – ശ്രീ. പി. സി. തോമസ്

## പഴയകാല ഭരണസമിതികളുടെ പേരു വിവരം

**1953 ഭരണസമിതി**

1. എസ്. ബാലകൃഷ്ണൻ നായർ, പല്ലാട്ട് (പ്രസിഡന്റ്)
2. സി. എ. ആഗസ്തി, എടക്കര ചീങ്കല്ലേൽ (17–10–55 മുതൽ പ്രസിഡന്റ്)
3. കെ. വി. ജോസഫ് കണിയാരകത്ത്
4. റ്റി. എം. ജോസഫ്, തെങ്ങുംപിള്ളിക്കുന്നേൽ
5. കെ. എം. ജോസഫ്, കാരയ്ക്കാട്ട്
6. പി. ഒ. ജോസഫ്, പുതിയിടത്തുചാലിൽ
7. കെ. ജെ. രാമൻ നമ്പൂതിരി, കാരനാട്ടുമന
8. കോന്തി, കരിയാത്തുംപാറ
9. സി. കൃഷ്ണൻ, ചാമക്കാലായിൽ
10. എം. ജി. കൃഷ്ണൻ നായർ, മുടികാട്ട്
11. കെ. സി. വർഗ്ഗീസ്, കീരഞ്ചിറ
12. ആഗസ്തി വൈദ്യൻ, അള്ളുംപുറത്ത്

ശ്രീ കെ. ജെ. രാമൻ നമ്പൂതിരി രാജി വെച്ച ഒഴിവിൽ ഉപതിരഞ്ഞെടുപ്പിനെ തുടർന്ന് ശ്രീ പി. എസ്. പത്മനാഭൻ നായർ, പാഴുമഠത്തിൽ കമ്മിറ്റിയംഗമായി.

**20–12–1963 മുതലുള്ള ഭരണസമിതി**

1. എൻ. സി. ജോസഫ്, നെടുംകുന്നേൽ (പ്രസിഡന്റ്)
2. കെ. ഗോപാലൻ, കുഴിവേലിൽ പുത്തൻപുരയിൽ (വൈസ് പ്രസിഡന്റ്)
3. പി. ഒ. ജോസഫ് പുതിയിടത്തുചാലിൽ
4. റ്റി. ജെ. ജോസഫ് മുണ്ടക്കൽ
5. തോമസ് ചാണ്ടി കാവാലിയേൽ

6. കെ. സി. തോമസ്, പുത്തൻപുരയിൽ
7. എ. എൻ. രാമൻ നായർ,വരിക്കനാൽ
8. ജി. കുഞ്ഞുരാമൻ, പുളിഞ്ചുവട്ടിൽ
9. സി.റ്റി. സ്കറിയ, ചെറുനിലത്ത്
10. സി. ജെ. ജോസഫ്, ചെറുനിലത്ത്
11. നാരായണപിള്ള, പൂവത്തിങ്കൽ കളപ്പുരക്കൽ

ശ്രീ. റ്റി. ജെ. ജോസഫ് രാജി വച്ച ഒഴിവിൽ 29.9.65 മുതൽ അഗസ്റ്റ്യൻ എ. എടക്കര കമ്മിറ്റിയംഗമായി. 12.10.65 മുതൽ ശ്രീമതി തങ്കമ്മ ഉലഹന്നൻ വനിതാ മെമ്പറായി നോമിനേറ്റു ചെയ്യപ്പെട്ടു.

### 1979 ഭരണസമിതി

1. P. J. ജോൺ, പുതിയിടത്തുചാലിൽ, പ്രസിഡന്റ്.
2. K. N. രാമചന്ദ്രൻ നായർ, കൈപ്പനാവയലിൽ (വൈസ് പ്രസിഡന്റ്)
3. K. R. കൃഷ്ണൻ നമ്പൂതിരി, കുന്നൂർ മന
4. T. J. ജോസഫ്, മുണ്ടക്കൽ
5. G. കുഞ്ഞുരാമൻ, പുളിഞ്ചുവട്ടിൽ
6. C. J. ജോസഫ്, ചെറുനിലം
7. N. D. കുര്യാക്കോസ്, ഉപ്പുമാക്കൽ
8. O. M. സ്കറിയ, ഓലിയക്കാട്ടിൽ
9. M. V. തോമസ്, മാളിയേക്കൽ
10. M. G. ഭാരതിയമ്മ, മുടികാട്ട്
11. K. S. കൃഷ്ണൻ, മടുക്കക്കുഴിയിൽ

### 6-2-1988 മുതലുള്ള ഭരണസമിതി

1. P. J. ജോൺ പുതിയിടത്തുചാലിൽ (പ്രസിഡന്റ്)
2. ഏലിയാമ്മ ജോസഫ്, മിറ്റത്താനിക്കൽ (വൈസ് പ്രസിഡന്റ്)
3. K. A. തോമസ്, കോലത്ത്
4. തോമസ്, പാറത്താഴത്ത്
5. T. K. ദേവസ്യ, തെരുവത്ത്
6. തോമസ് സ്കറിയ, തേവർകുന്നേൽ
7. M. P. ശിവശങ്കരൻ നായർ, മണ്ഡപത്തിൽ
8. I. K. ഗോപി, ഇല്ലിമൂട്ടിൽ
9. K. നാരായണൻ, കൃഷ്ണാതടത്തിൽ
10. P. മറിയാമ്മ, കൈതമലച്ചാലിൽ
11. M. R. ബാലകൃഷ്ണൻ നായർ, കൂവക്കാട്ട്

### പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ

1. പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്
2. പോലീസ് സ്റ്റേഷൻ, രാമപുരം
3. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, രാമപുരം
4. ഗ്രാമപഞ്ചായത്ത് ഓഫീസ്
5. കൃഷിഭവൻ, രാമപുരം
6. റബ്ബർ ബോർഡ് ഫീൽഡ് ഓഫീസ്, രാമപുരം
7. വില്ലേജ് ഓഫീസ്, രാമപുരം
8. വില്ലേജ് ഓഫീസ്, വെള്ളിലാപ്പിള്ളി
9. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് രാമപുരം & വെള്ളിലാപ്പിള്ളി
10. ഇലക്ട്രിക്കൽ മേജർ സെക്ഷൻ ഓഫീസ്, രാമപുരം
11. ടെലിഫോൺ സബ് ഡിവിഷണൽ ഓഫീസ്, രാമപുരം
12. ടെലിഫോൺ എക്സ്ചേഞ്ച്, രാമപുരം
13. മാവേലി സ്റ്റോർ, രാമപുരം
14. സബ് രജിസ്ട്രാർ ഓഫീസ്, രാമപുരം

## ആശുപത്രികൾ

1. ഗവ. ഹോസ്പിറ്റൽ, രാമപുരം
2. ഗവ. ആയുർവേദ ഡിസ്പെൻസറി, രാമപുരം (ഇടിയനാൽ)
3. ഗവ. ഹോമിയോ ഡിസ്പെൻസറി, ഏഴാച്ചേരി
4. ഗവ. മൃഗാശുപത്രി, രാമപുരം
5. ഐ. സി. ഡി. പി. സബ് സെന്റർ, കുണിഞ്ഞി
6. ഫാമിലി വെൽഫെയർ സെന്ററുകൾ – കൂടപ്പുലം, കൊണ്ടാട്, ഇടക്കോലി, ഏഴാച്ചേരി, നീറന്താനം, അമനകര, മരങ്ങാട്, കുറിഞ്ഞി.
7. സെന്റ് അഗസ്റ്റിൻസ് ആശുപത്രി, രാമപുരം
8. എസ്. എച്ച്. ആശുപത്രി, ചക്കാമ്പുഴ.

## പോസ്റ്റോഫീസുകൾ

രാമപുരം ബസാർ സബ് പോസ്റ്റോഫീസ് (Pin- 686 576)

രാമപുരം സബ് പോസ്റ്റോഫീസ് (Pin- 686591.)

ബ്രാഞ്ചു പോസ്റ്റാഫീസുകൾ – കൂടപ്പുലം, അമനകര, മേതിരി, കിഴതിരി, ഇടിയനാൽ, കുറിഞ്ഞി, ഏഴാച്ചേരി, ചക്കാമ്പുഴ

## വിദ്യാഭ്യാസസ്ഥാപനങ്ങൾ

1. മാർ ആഗസ്തീനോസ് കോളേജ്, രാമപുരം (Self financing)
2. സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ, രാമപുരം
3. സേക്രഡ് ഹാർട്ട് ഗേൾസ് ഹൈസ്കൂൾ, രാമപുരം
4. ഗവ. ഹൈസ്കൂൾ, ഇടക്കോലി
5. ഗവ. യു. പി. എസ്., ചക്കാമ്പുഴ
6. രാമപുരത്തു വാര്യർ മെമ്മോറിയൽ യു. പി. എസ്., രാമപുരം
7. സെന്റ് തോമസ് യു. പി. എസ്., നീറന്താനം
8. സെന്റ് ജോസഫ്സ് യു. പി. എസ്.,വെള്ളിലാപ്പിള്ളി
9. എസ്.കെ.വി.യു.പി.എസ്., കുറിഞ്ഞി
10. ജി.വി.യു.പി.എസ്., ഏഴാച്ചേരി
11. ഗവ. എൽ.പി.എസ്., രാമപുരം
12. ഗവ. എൽ.പി.എസ്., കോണ്ടാട്
13. ഗവ. എൽ.പി.എസ്., കൂടപ്പുലം
14. ഗവ. എൽ.പി.എസ്., അമനകര
15. ഗവ. എൽ.പി.എസ്., കിഴതിരി
16. ഏഴാച്ചേരി എൻ.എസ്.എസ്.ജി.എൽ.പി.എസ്.
17. എസ്.കെ.വി.ജി.എൽ.പി.എസ്., കുറിഞ്ഞി
18. രാമപുരം നോർത്ത് എൽ.പി.എസ്.
19. സെന്റ് ജോസഫ്സ് എൽ.പി.എസ്. വെള്ളിലാപ്പിള്ളി
20. എസ്.എച്ച്.എൽ.പി.എസ്.,രാമപുരം
21. മഞ്ചാടിമറ്റം എൽ.പി.എസ്., മരങ്ങാട്
22. സെന്റ് ജോസഫ്സ് എൽ.പി.എസ്., അമനകര
23. സെന്റ് ജോൺസ് എൽ.പി.എസ്.,ഏഴാച്ചേരി
24. അൽഫോൻസാ ഇംഗ്ലീഷ് മീഡിയം സ്കൂൾ, രാമപുരം (അൺഎയ്ഡഡ്)
25. സെന്റ് പയസ് ഐ.റ്റി.സി.,അമനകര (അൺ എയ്ഡഡ്)



***സ്ഥാപനങ്ങൾ***

1. പഞ്ചായത്താഫീസ്
2. വില്ലേജാഫീസ്, രാമപുരം
3. വില്ലേജാഫീസ്, വെള്ളിലാപ്പിള്ളി
4. മാർ.ആഗസ്തീനോസ് കോളേജ്, രാമപുരം
5. സെന്റ് പയസ് I.T.C അമനകര
6. പോലീസ് സർക്കിൾ ഇൻസ്പെക്ടർ ആഫീസ് രാമപുരം
7. പോലീസ് സബ് ഇൻസ്പെക്ടർ ആഫീസ് രാമപുരം
8. സബ് രജിസ്ട്രാർ ആഫീസ്, രാമപുരം
9. A.E.O ആഫീസ് രാമപുരം
10. കൃഷിഭവൻ ആഫീസ്, രാമപുരം
11. ടെലിഫോൺ ആഫീസ്, രാമപുരം
12. ഇലക്ട്രിക്കൽ മേജർ സെക്ഷൻ ആഫീസ്, രാമപുരം
13. മാവേലി സ്റ്റോർ, രാമപുരം
14. റബർ ബോർഡ് ഫീൽഡ് ഓഫീസ്, രാമപുരം

# III

# സാമൂഹിക സാംസ്കാരിക ചരിത്രം

കോട്ടയം ജില്ലയുടെ വടക്കുകിഴക്ക് കോണിൽ എറണാകുളം ഇടുക്കി ജില്ലകളോട് തൊട്ടുകിടക്കുന്ന രാമപുരം സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തിന്റെ വിസ്തൃതി 54.54 ച. കി. മീറ്ററും ജനസംഖ്യ 32508 ഉം ആണ്. കേരളത്തിന്റെ ഭൂവിസ്തൃതി (39000 ച.കി. മീ.) യുടെ .14% ഉം, ജനസംഖ്യയുടെ .11% ഉം ആണിത്. പാലാ അസംബ്ലി നിയോജകമണ്ഡലത്തിലും , മുവാറ്റുപുഴ പാർലമെന്റ് നിയോജകമണ്ഡലത്തിലുമുൾപ്പെടുന്ന രാമപുരം പഞ്ചായത്ത്, മീനച്ചിൽ താലൂക്കിലെ രാമപുരം, വെള്ളിലാപ്പിള്ളി വില്ലേജുകൾ ചേർന്നതാണ്. വടക്ക് നെല്ലാപ്പാറ മുതൽ തെക്ക് ചക്കാമ്പുഴ വരെയും, കിഴക്ക് അന്ത്യാളം ചൂഴിപ്പാലം മുതൽ പടിഞ്ഞാറ് പാറത്തോട് വരെയും 12 കിലോമീറ്റർ വീതം ദൈർഘ്യമുണ്ട്. പന്ത്രണ്ട് വാർഡുകളുള്ള പഞ്ചായത്തിൽ ഇലക്ഷൻ ബൂത്തുകൾ 34 ആണ്. ഇതു തന്നെ പഞ്ചായത്തിന്റെ വൈപുല്യവും ജനസംഖ്യയും വ്യക്തമാക്കുന്നു.

പഞ്ചായത്തിന്റെ കേന്ദ്രമായ രാമപുരം പട്ടണം പടിഞ്ഞാറോട്ട് ദർശനമുള്ള മാർ ആഗസ്തീനോസ് പള്ളിയുടെ മുമ്പിൽ കൂത്താട്ടുകുളത്തിനും പാലായ്ക്കും തൊടുപുഴയ്ക്കും പോകുന്ന മൂന്ന് റോഡുകൾ സൃഷ്ടിക്കുന്ന മുക്കവല മുതൽ പടിഞ്ഞാറോട്ടാണ്. ഒന്നരകിലോമീറ്റർ പടിഞ്ഞാറുഭാഗത്ത് കിഴക്കോട്ട് ദർശനമുള്ള ശ്രീരാമക്ഷേത്രത്തിന്റെ പരിസരമായിരുന്നു പണ്ടുരാമപുരത്തിന്റെ പ്രധാനകേന്ദ്രം. അഭിമുഖമായ ഈ ദേവാലയങ്ങളെ ബന്ധിപ്പിക്കുന്ന ഒന്നര കിലോമീറ്റർ പ്രധാന റോഡിനെ ചുറ്റിപ്പറ്റിരാമപുരമെന്ന ചെറിയ പട്ടണം വളർന്നുകൊണ്ടിരിക്കുന്നു. തെക്കോട്ടുള്ള പാലാ റോഡും വടക്കോട്ടുള്ള തൊടുപുഴറോഡും കുറേഭാഗം പട്ടണത്തിന്റെ പ്രൗഢി കാണിക്കുന്നു.

പ്രധാനഗവൺമെന്റ് ഓഫീസുകളെല്ലാം പള്ളിയുടെ പരിസരത്താണ്. ആദ്യകാലം മുതൽ ഓഫീസുകൾക്കുവേണ്ടി സ്ഥലം സംഭാവന ചെയ്യുകയോ, കെട്ടിടം സൗകര്യപ്പെടുത്തിക്കൊടുക്കുകയോ ചെയ്യാൻ പള്ളിഅധികൃതർ തയ്യാറായതുകൊണ്ടാണിത്. രാമപുരം ഗവൺമെന്റ് ആശുപത്രി, പഞ്ചായത്താഫീസ്, പോസ്റ്റാഫീസ് ഇവയ്ക്കുവേണ്ടി ഇങ്ങനെ സ്ഥലം സംഭാവന ചെയ്യുകയുണ്ടായി. പള്ളിയുടെ ഭാഗത്ത് സെന്റ് അഗസ്റ്റ്യൻസ് ഹൈസ്കൂളും വടക്കുഭാഗത്ത് സേക്രട്ട് ഹാർട്ട് ഗേൾസ് ഹൈ സ്കൂളുമാണ്. 1995 ൽ ആരംഭിച്ച മാർ ആഗസ്തീനോസ് കോളേജ് തെക്ക്ഭാഗത്ത് ഹൈസ്കൂളിനോട് ചേർന്നുതന്നെ സ്ഥിതി ചെയ്യുന്നു. ഇലക്ട്രിക്കൽ മേജർ സെക്ഷൻ ഓഫീസ്, ടെലിഫോൺ സബ്ഡിവിഷനൽ ഓഫീസ്, പോലീസ് സബ് ഇൻസ്പെക്ടർ ഓഫീസ്, ഉപജില്ലാവിദ്യാഭ്യാസഓഫീസ്, സബ് രജിസ്റ്റാർ ഓഫീസ് തുടങ്ങിയവ രാമപുരത്തെ പ്രധാന ഓഫീസുകളാണ്. രാമപുരം ആശുപത്രിയും പ്രധാനപ്പെട്ട സ്ഥാപനം തന്നെ. 'രാമപുരം' എന്ന പേരിൽ അമ്പലഭാഗത്തും, 'രാമപുരം ബസാർ' എന്ന പേരിൽ പള്ളിക്ക് വടക്കുഭാഗത്തും രണ്ട് സബ് പോസ്റ്റാഫീസുകളുണ്ട്. ബ്രാഞ്ച് പോസ്റ്റ്ആഫീസുകൾ മിക്കതും രാമപുരം ബസാറിന്റെ കീഴിലാണ്.

പണ്ട് രാമപുരത്തെ പ്രധാന റോഡ് അമ്പലഭാഗത്തുനിന്ന് വളക്കാട്ടുകുന്ന് വഴി പാലാക്കുള്ളതായിരുന്നുവെന്ന് പറഞ്ഞാൽ ഇപ്പോൾ അധികംപേരും വിശ്വസിക്കില്ല. കാരണം ആ റോഡ് ഇന്ന് ശരിയായ രീതിയിൽ ഗതാഗതയോഗ്യമല്ല. ഇപ്പോൾ പ്രധാന റോഡ് കൂത്താട്ടുകുളം പാലാ റോഡു തന്നെ. വടക്കുനിന്ന് വരുന്ന ശബരിമല തീർത്ഥാടകർ പ്രധാനമായും ആശ്രയിക്കുന്ന ഒരു റോഡാണിത്.

മീനക്കോൺ(വടക്കുകിഴക്കുഭാഗം)നിർമ്മാണപ്രവർത്തനങ്ങൾക്കുത്തമമാണെന്നാണ് തച്ചുശാസ്ത്രം പറയുന്നത്. കോട്ടയം ജില്ലയുടെ മീനക്കോണാണ് രാമപുരം പഞ്ചായത്ത്. പക്ഷേ ഇവിടെ ജില്ലയിലെ നിർമ്മാണപ്രവർത്തനങ്ങൾ ഒന്നുമുണ്ടായിട്ടില്ല എന്ന് മാത്രമല്ല വിദൂരകോണിൽ കിടക്കുന്ന പ്രദേശം എന്നനിലയിൽ തീർത്തും അവഗണിക്കപ്പെടുകയാണുണ്ടായത്. രാമപുരം മുമ്പ് തന്നെ കാർഷികോൽപ്പന്നങ്ങളുടെയും മലഞ്ചരക്കിന്റെയും വിപണനകേന്ദ്രമായിരുന്നു. അതിന്റെ ഭാഗമായി ഉണ്ടായതാണ് രാമപുരം പട്ടണം. അതു നിലനിൽക്കുന്നുവെന്നല്ലാതെ തൊഴിൽ ലഭ്യതയ്ക്കോ വികസനത്തിനോ അടിസ്ഥാനമാകുന്ന മുതൽമുടക്കുകളൊന്നും സർക്കാരിന്റേതായി ഇവിടെ ഉണ്ടായിട്ടില്ല. മേൽ

സൂചിപ്പിച്ച ഓഫീസുകൾ തന്നെ ഈ സ്ഥലത്തിന്റെ പഴയ പ്രാധാന്യത്തിന്റെ പേരിൽ മാത്രം ഉണ്ടായതും നില നിൽക്കുന്നതുമാണ്.

രാമപുരം പണ്ടുമുതലേ ജനവാസമുള്ള ഒരു പ്രദേശമായിരുന്നു. മഹായുഗസംസ്കാരത്തിന്റെ അവശിഷ്ടങ്ങളായി കേരളത്തിന്റെ പലഭാഗത്തും കണ്ടുകിട്ടിയിട്ടുള്ള കുടകല്ല്, തൊപ്പിക്കല്ല്, നന്നാങ്ങാടി തുടങ്ങിയവയൊന്നും ഇവിടെ കണ്ടിട്ടില്ല. എന്നാൽ സംഘകാലത്തെ ജനവാസം സംബന്ധിച്ച് തെളിവുകൾ ഉണ്ട്. ഇതിൽ ഏറ്റവും പ്രധാനം കൊണ്ടാട് പള്ളിക്കണ്ടത്തിൽ നിന്നും ലഭിച്ച ബുദ്ധവിഗ്രഹമാണ്. മണ്ണു കുഴിച്ചപ്പോൾ കിട്ടിയ 5 അടിയോളം ഉയരം വരുന്ന ഈ പദ്മാസന വിഗ്രഹം പുരാവസ്തു വകുപ്പുകാർ കൊണ്ടുപോയി. പള്ളിക്കണ്ടം, പള്ളിപ്പറമ്പ്, പള്ളിക്കുളം തുടങ്ങിയ പേരുകളും ബൗദ്ധപാരമ്പര്യത്തിന്റെ സൂചനകൾ നൽകുന്നതാണ്. പദ്മാസനത്തിലിരുന്ന് ധ്യാനിക്കുന്ന ശാന്ത മൂർത്തിയായ ബുദ്ധന്റെ കരിങ്കൽ ശിൽപ്പങ്ങൾ കേരളത്തിന്റെ പലഭാഗത്തുനിന്ന് ലഭിച്ചിട്ടുണ്ട്. അത്തരത്തിലൊന്നായിരുന്നു പള്ളിക്കണ്ടത്തിൽ കണ്ടെത്തിയ ബുദ്ധവിഗ്രഹം. ഒൻപതാം നൂറ്റാണ്ടുമുതൽ പന്ത്രണ്ടാം നൂറ്റാണ്ട് ആരംഭം വരെയുള്ള രണ്ടാം ചേര സാമ്രാജ്യത്തിനു മുമ്പുണ്ടായിരുന്ന കേരളത്തിൽ ബുദ്ധമതവും ജൈനമതവും പ്രചരിച്ചത്. സംഘകാലമായിരുന്നു അതിന്റെ നല്ല കാലം. ഒൻപതാം നൂറ്റാണ്ടിൽ ബ്രാഹ്മണമതം ശക്തിപ്പെടാൻ തുടങ്ങി. അതിനുശേഷം ബുദ്ധജൈനസ്ഥാപനങ്ങൾ ക്ഷയിച്ചതല്ലാതെ പുതുതായി കേരളത്തിലെങ്ങും വളർച്ച നേടുകയുണ്ടായില്ല. അതുകൊണ്ട് കൊണ്ടാട്ടിൽനിന്നും കണ്ടുകിട്ടിയ ബുദ്ധവിഗ്രഹം ഒൻപതാം നൂറ്റാണ്ടിന് മുമ്പുള്ള ജൈന ജീവിതത്തിന്റെ സൂചന നൽകുന്നതാണെന്നുള്ളതിനും സംശയമില്ല. മലയാളഭാഷ അപ്പോഴും രൂപപ്പെട്ടിരുന്നില്ലെന്നോർക്കണം.

രണ്ടാം ചേര സാമ്രാജ്യത്തിന്റെ കാലത്തെ നിരവധി ശാസനങ്ങൾ ലഭിച്ചിട്ടുള്ളതുകൊണ്ട് അക്കാലത്തെ ചരിത്രമറിയാൻ വലിയ വിഷമമില്ല. സംഘകാലത്തും രണ്ടാം ചേരസാമ്രാജ്യത്തിന്റെ കാലത്തും കേരളത്തിൽ ജാതിവ്യവസ്ഥ ഉണ്ടായിരുന്നില്ല. ഇന്ന് കേരളത്തിലെ പ്രധാന ജാതിവിഭാഗങ്ങളായ നായർ, ഈഴവർ തുടങ്ങിയവരേക്കുറിച്ചുള്ള പരാമർശം പോലും സംഘസാഹിത്യത്തിലെങ്ങും ഇല്ല. മരുമക്കത്തായവും അന്ന് ഉണ്ടായിരുന്നില്ല. ഒമ്പതാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ വിജയരാഗദേവന്റെ 'തിരുക്കടിത്താനം' ലിഖിതത്തിലാണ് നായർ എന്ന പദം ആദ്യം കാണുന്നത്. അക്കാലത്തിനടുത്ത് തന്നെ സ്ഥാണുരവിവർമ്മയുടെ അഞ്ചാം ഭരണവർഷത്തിലുണ്ടായ തരിസാപ്പള്ളി ശാസ്ത്രത്തിൽ ഈഴവർ എന്ന പരാമർശം ഉണ്ട്. രാജരാജചോളന്റെ തഞ്ചാവൂർ ശാസനത്തിലും ഈഴവശബ്ദം ഉണ്ട്. പക്ഷേ ഇവയൊന്നും ജാതിമതത്തിലായിരുന്നു എന്ന് കരുതാൻ വയ്യ.

സംഘകാലം മുതൽ ബുദ്ധമതം സ്വീകരിച്ച വലിയ ഒരു ജനവിഭാഗം കേരളത്തിലുണ്ടായിരുന്നു. ഒമ്പതാം ശതകത്തിൽ ബ്രാഹ്മണമതം ശക്തിപ്പെട്ടപ്പോഴും ഭരണത്തെ നിയന്ത്രിക്കുന്ന ശക്തിയായി അത് വളർന്നിരുന്നില്ല. ശൈവവൈഷ്ണവ ഭക്തി പ്രസ്ഥാനവും അപ്പോഴേക്കും ഇവിടെ ആരംഭിച്ചിരുന്നു. ബ്രാഹ്മണരും ശൈവവൈഷ്ണവഭക്തിപ്രസ്ഥാനക്കാരും ഹിന്ദുക്കളായ ബ്രാഹ്മണമതത്തെ എതിർത്ത ബുദ്ധജൈനമതാനുയായികളും ഒരു മതവുമില്ലാതെ പ്രകൃതജീവിതം നയിച്ചിരുന്നവരും ഹിന്ദു ബാഹ്യരായും ഗണിക്കപ്പെടുന്ന സ്ഥിതിയാണ് ആദ്യമുണ്ടായത്. ഹിന്ദുക്കൾ വിവിധ വർണങ്ങളായി ഗണിക്കപ്പെട്ടു. ഉത്തരേന്ത്യയിലേപ്പോലെ നാല് വർണ്ണങ്ങളും ഇവിടെ ശക്തിപ്പെട്ടില്ല. വൈശ്യവിഭാഗം ഒരിക്കലുംതന്നെ പ്രത്യേകമായി രൂപപ്പെട്ടുമില്ല. കൃഷിയും കച്ചവടവുമായി ബന്ധപ്പെട്ട വൈശ്യരായി ഏതെങ്കിലും വിഭാഗത്തെ കണക്കാക്കുകയാണെങ്കിൽ 'പുലം'(കൃഷിസ്ഥലം) എന്ന പദവുമായി ബന്ധപ്പെട്ട പുലയരും വെള്ളാളരും കച്ചവടവുമായി ബന്ധപ്പെട്ട വാണിയരും ഒക്കെയാണ് വേണ്ടിയിരുന്നത്. ശൂദ്രവിഭാഗവും പ്രത്യേകമായി അറിയപ്പെട്ടില്ല. ബുദ്ധജൈനമതങ്ങൾ ക്ഷയിച്ചതോടെ ആ മതങ്ങളിലും പ്രകൃതആചാരങ്ങളിലും കഴിഞ്ഞവരും ഹിന്ദുക്കളായി. പക്ഷേ അവരെ വർണ്ണബാഹ്യരായേ സവർണ്ണർ ഗണിച്ചുള്ളൂ. അങ്ങനെ ധാരാളം അയിത്തക്കാരും ജാതിക്കാരും ക്രമേണ അയിത്തജാതിക്കാരും കേരളത്തിൽ ഉണ്ടായി. രാമപുരം ഉൾപ്പെടുന്ന പ്രദേശവും ഈ ചരിത്രപശ്ചാത്തലത്തിലൂടെ കടന്നുപോന്നതായതുകൊണ്ട് അതിന്റെ അവശിഷ്ടങ്ങൾ ഇന്നും കാണപ്പെടുന്നു. ഈ പ്രദേശം രണ്ടാം ചേരസാമ്രാജ്യത്തിലുൾപ്പെട്ടതായിരുന്നു എന്നതിന് വലിയ വിശദീകരണം ആവശ്യമില്ല.

12,13 നൂറ്റാണ്ടുകളിലെ കേരളചരിത്രത്തേക്കുറിച്ചുള്ള അധികം രേഖകൾ കണ്ടുകിട്ടിയില്ല. കൊല്ലത്ത് വേണാട്ടടികളും അതിനടുത്ത് ആയ് രാജാക്കൻമാരും, കണ്ണൂരിൽ കോലത്തിരിമാരും, കോഴിക്കോട് നെടിയിരുപ്പും, വന്നേരിയിൽ പെരുമ്പടപ്പും കോട്ടയത്തിന് കിഴക്ക് വെമ്പൊലി നാട്ടധിപൻമാരും ഉണ്ടയിരുന്നതിന് തെളിവുണ്ട്. തെക്ക് കായംകുളം വടക്ക് കോതമംഗലം പടിഞ്ഞാറ് വേമ്പനാട്ടുകായൽ കിഴക്ക് പശ്ചിമഘട്ടം ഇതായിരുന്നു വെമ്പൊലിനാടിന്റെ അതിരുകൾ. വെമ്പൊലി നാട് രണ്ടായി പിരിഞ്ഞതാണ് വടക്കുംകൂറും തെക്കുംകൂറും. തെക്കുംകൂറിന്റെ ആസ്ഥാനം കോട്ടയത്തിനടുത്തുള്ള നട്ടാശ്ശേരിയും വടക്കുംകൂറിന്റേത് ആദ്യം കടുത്തുരുത്തിയും പിന്നെ വൈക്കവുമായിരുന്നു. രാമപുരം വടക്കുംകൂറിന്റെ ഭാഗമായിരുന്നു. ചേരസാമ്രാജ്യം ക്ഷയിച്ചതിനുശേഷമുണ്ടായ ചെറിയ രാജാക്കൻമാരിൽ പലരും ചേരസാമ്രാജ്യത്തിന്റേയോ പാണ്ഡ്യസാമ്രാജ്യത്തിന്റേയോ പാരമ്പര്യം അവകാശപ്പെട്ടിരുന്നു. പൂഞ്ഞാർ രാജവംശം പാണ്ഡ്യവംശത്തോട് ബന്ധപ്പെട്ടതാണ്. വെള്ളി

ലാപ്പിള്ളി കേന്ദ്രമായിട്ടുണ്ടായിരുന്ന എടത്തിൽ തമ്പുരാക്കൻമാരും പാണ്ഡ്യവംശത്തിന്റെ പാരമ്പര്യമാണ് അവകാശപ്പെട്ടിരിക്കുന്നതാണ്. മീനാക്ഷി, അണ്ടവൻ (കുമാരൻ), ആണ്ടവന്റെ പത്നി വള്ളി ഇവരുമായി ബന്ധപ്പെട്ട സ്ഥലനാമങ്ങളും ഇവരുടെ ചെറിയ കോവിലുകളും ഇവിടെ ധാരാളം ഉണ്ടായത് ഇങ്ങനെയാണ്. മീനച്ചിൽ എന്ന സ്ഥലനാമം അങ്ങനെ വന്നതാണ്.

വടക്കുംകൂറിൽ കുരുമുളക് സമൃദ്ധിയായി ഉണ്ടായിരുന്നു. അതുകൊണ്ട് പിന്നീട് കുരുമുളക് വ്യാപാരത്തിന് വന്ന പാശ്ചാത്യരെ ആകർഷിക്കുന്നതിനും ക്രമേണ കേരളത്തിന്റെയും ഇന്ത്യയുടെയും വിദേശാധിപത്യത്തിലമരുന്ന വലിയ ചരിത്രമായി മാറുന്നതിലും വടക്കുംകൂറിലെ കുരുമുളകിന് നിസ്സാരമല്ലാത്ത പങ്കുണ്ടായിരുന്നു. വടക്കുംകൂറും തെക്കുംകൂറും വേണാടിനെതിരെ കായംകുളം രാജാവിനെ സഹായിക്കയാൽ മാർത്താണ്ഡവർമ്മ രണ്ട് രാജ്യങ്ങളേയും തിരുവിതാംകൂറിനോട് ചേർത്തു. 1749നും 1753നും മദ്ധ്യേയാണിത്. അങ്ങനെ രാമപുരത്തുകാരും തിരുവിതാംകൂറുകാരായി.

രാമപുരത്തിന്റെ മദ്ധ്യകാല ചരിത്രത്തിലെ പ്രധാന സംഭവമാണ് ശ്രീരാമ ക്ഷേത്രത്തിന്റെ സ്ഥാപനം. തൃപ്യയാറിനടുത്ത ഔട്ടത്തൂർ ഗ്രാമക്കാരായ ഏതാനും ബ്രാഹ്മണകുടുംബങ്ങൾ ഇവിടെ താമസമാക്കി. അവരാണ് കുന്നൂർ, അമനകര, കാരനാട്ട്, കീഴാക്കൽ, കുന്നപ്പിള്ളി ഇല്ലക്കാർ. അവർ തൃപ്രയാർ ശ്രീരാമക്ഷേത്രത്തിന്റെ മാതൃകയിൽ ഇഷ്ടദേവനായ ശ്രീരാമനെ പ്രതിഷ്ഠിച്ചതാണ് രാമപുരം ക്ഷേത്രം. ഈ ക്ഷേത്രനിർമ്മാണത്തോടെയാണ് ഈ സ്ഥലത്തിന് ഈ പേര് വന്നത്. ഇതിൽ കീഴാക്കൽ ഇല്ലം കുന്നൂരിൽ ലയിച്ചു. കുന്നപ്പിള്ളി ഇല്ലവും ഇപ്പോഴില്ല. വളരെ പ്രതാപത്തോടെ വാണ ഈ മനകൾക്കും ശ്രീരാമക്ഷേത്രത്തിനും ധാരാളം നിലവും പുരയിടവും ഉണ്ടായിരുന്നു. ഭൂമിയുടെ പത്തിലൊന്ന് ദേവസ്വത്തിന്റെ പേരിൽ മാറ്റണമെന്നായിരുന്നു അന്നത്തെ നിയമം. ഈ ബ്രാഹ്മണകുടുംബങ്ങൾക്ക് ഇവിടെ ഇപ്പോഴുള്ള മറ്റു ബ്രാഹ്മണരുമായി ബന്ധമുണ്ടായിരുന്നില്ലത്രേ. കൂടപ്പുലത്തും അമനകരയിലും, മേതിരിയിലും ശ്രീരാമ സഹോദരൻമാരുടെ ക്ഷേത്രങ്ങൾ നിർമ്മിച്ചത് അവരുമായി ബന്ധപ്പെട്ടല്ലതാനും. അവ അൽപ്പം കൂടി കഴിഞ്ഞ കാലത്ത് മറ്റു ചില ഇല്ലങ്ങൾ മുൻകൈ എടുത്തുണ്ടായതാണ്.

കൂടപ്പുലം ശ്രീലക്ഷ്മണക്ഷേത്രം പണി കഴിപ്പിച്ചത് കാഞ്ഞിരപ്പിള്ളിമനയാണ്. കൂടപ്പുലത്തെ കാവ് അതിന് മുമ്പ് ഉണ്ടായിരുന്നതാണ്. അമനകര ശ്രീ ഭരതക്ഷേത്രം പുനം, പുതിയിടം, താമരമംഗലം ഇല്ലങ്ങൾ ചേർന്നും മേതിരി ശ്രീ ശത്രുഘ്നക്ഷേത്രം തുരുത്തിമനയുമാണ് പണി കഴിപ്പിച്ചത്. നാട്ടുകാർ മുൻകൈയ്യെടുത്ത് സ്ഥാപിച്ച ക്ഷേത്രങ്ങൾ വലിയ മനകളെ ഏൽപ്പിക്കുന്ന രീതിയും ഉണ്ടായിരുന്നു. കൊണ്ടാട് ശാസ്താക്ഷേത്രം ഇടയ്ക്ക് വടക്കൻമനയെ ഏൽപ്പിച്ചത് അങ്ങനെയാണ്. ഏതായാലും ശ്രീരാമക്ഷേത്രം കേന്ദ്രമായി മൂന്നുനാലുകിലോമീറ്റർ അകലത്തിൽ ശ്രീരാമ സഹോദരൻമാരുടെ ക്ഷേത്രങ്ങളുമായി ഇങ്ങനെയൊരു പ്രദേശം കേരളത്തിലില്ല.

നമ്മുടെ ക്ഷേത്രങ്ങളുടെ പഴക്കത്തെ സംബന്ധിച്ച് പ്രധാന ചരിത്രഗ്രന്ഥങ്ങളും സർവ്വ വിജ്ഞാനകോശവും നൽകുന്ന വിവരങ്ങൾ ഇങ്ങനെയാണ്. 8–ാം ശതകത്തിലാണ് കേരളത്തിൽ ഗുഹാക്ഷേത്രങ്ങൾ നിലവിൽ വന്നത്. തിരുവഞ്ചിക്കുളത്തെ കുലശേഖരപുരം പോലുള്ള ക്ഷേത്രങ്ങൾ 9–ാം നൂറ്റാണ്ടിൽ ഉണ്ടായതാണ്. 11–ാം നൂറ്റാണ്ടിൽ ക്ഷേത്രനിർമ്മിതിയുടെ 195–ാം വർഷത്തിൽ അത് ദാനം ചെയ്യപ്പെട്ടതായി ശാസനം കണ്ടുകിട്ടിയിട്ടുണ്ട്. 10 മുതൽ 14 വരെ നൂറ്റാണ്ടുകളിൽ കേരളത്തിൽ ഒട്ടനവധി ക്ഷേത്രങ്ങൾ ഉണ്ടായി. തൃശൂർ വടക്കുംനാഥക്ഷേത്രം, പെരുവനംശിവക്ഷേത്രം,തൃപ്രയാർ ശ്രീരാമക്ഷേത്രം തുടങ്ങിയവ ഈ കാലഘട്ടത്തിലേതാണെന്ന് തെളിഞ്ഞിട്ടുണ്ട്. ഗർഭഗൃഹം മറ്റ് ഭാഗങ്ങളിൽനിന്ന് പൂർണ്ണമായും വിട്ടുനിൽക്കുന്നതും ഇരട്ടപ്രദക്ഷിണമാർഗ്ഗങ്ങളും ഇക്കാലത്തെ ക്ഷേത്രങ്ങളുടെ പ്രത്യേകതയാണ്. കേരളത്തിലെ ബഹുഭൂരിപക്ഷം ക്ഷേത്രങ്ങളും നിർമ്മിക്കപ്പെട്ടത് 1300–നും 1800 നുമിടയ്ക്കാണ്. ശ്രീകോവിൽ എന്ന കേന്ദ്രബിന്ദു, തുറസ്സായ പ്രദക്ഷിണ വീഥി, അടച്ചുകെട്ടിയ നാലമ്പലം, വിളക്കുമാടം, പ്രാകാരം, ശ്രീകോവിലിനുമുമ്പിലുള്ള സമചതുരാകൃതിയിലുള്ള നമസ്കാരമണ്ഡപം തുടങ്ങിയവ ഈ ക്ഷേത്രങ്ങളുടെ പ്രത്യേകതയാണ്. രാമപുരം ക്ഷേത്രവും ഇവിടെയുള്ള മറ്റു ക്ഷേത്രങ്ങളും ഈ നിർമ്മാണ സമ്പ്രദായത്തിലുള്ളതാണ്. തൃപ്രയാർ ശ്രീരാമക്ഷേത്രത്തിന്റെ നിർമ്മാണകാലത്തേക്കുറിച്ചുള്ള തെളിവും രാമപുരം ശ്രീരാമക്ഷേത്രത്തിന്റെ നിർമ്മാണകാലത്തേക്കുറിച്ചുള്ള സൂചന നൽകുന്നതാണ്. നിർമ്മാണകാലം 12–ാം നൂറ്റാണ്ടിന് ശേഷമാണെന്നു കരുതാം. രാമപുരം ക്ഷേത്രത്തിന്റെ നിർമ്മാണം പല വിധത്തിലും മനോഹരമാണ്. ശ്രീ കോവിലിനുള്ളിലെ പ്രതിഷ്ഠയും ദീപവും വളരെ അകലെനിന്നാൽ പോലും കാണത്തക്ക വിധം വളരെ ആകർഷകമാണ്.

മേതിരി കൊണ്ടമറുകില്ലവും ശ്രീ പോർക്കലീക്ഷേത്രവും മറ്റൊരു പാരമ്പര്യവുമായി നിൽക്കുന്നു. കേരളത്തിലുള്ള 20ഓളം തന്ത്രികുടുംബങ്ങളിൽ ഒന്നാണത്. ക്ഷേത്രപ്രതിഷ്ഠക്ക് അവകാശം ഉള്ളവരാണ് തന്ത്രികൾ. ശബരിമലക്ഷേത്രത്തിന്റെ തന്ത്രിസ്ഥാനമുള്ള താഴ്മൺ ഇല്ലം പോലെ കണക്കാക്കാവുന്നതാണ് കൊണ്ടമറുക്ഇല്ലവും. അവിടെ ദേവീ പ്രസാദത്തെ ആസ്പദമാക്കി നടത്തുന്ന ആശ്വാസചികിത്സ അഥർവ്വവേദസമ്പ്രദായപ്രകാരമുള്ള ആഭിചാരക്രിയയല്ല, തികച്ചും സ്വാത്തികമായ വൈദികകർമ്മമാണ്. ആ മനയുമായി ബന്ധപ്പെടുത്തി ആളുകൾ കരുതുന്ന കോഴിവെട്ട് പോലുള്ള ചടങ്ങു

കൾക്ക് ആ പാരമ്പര്യവുമായി യാതൊരു ബന്ധവുമില്ല.

മേല്പറഞ്ഞ മനകളുടെയും അമ്പലങ്ങളുടെയും പേരിൽ ധാരാളം ഭൂസ്വത്തുക്കൾ കൃഷി ചെയ്തിരുന്നത് നാനാജാതിമതസ്ഥരായ ആളുകളാണ്. ഭൂമിയിൽ കൃഷിയുടെ ഒരവകാശവും താൽപ്പര്യവും പണ്ടുമുതലേ കൃഷിക്കാർക്കുണ്ടായിരുന്നു. അതുകൊണ്ട് ഈ പ്രദേശത്ത് കൃഷി വളരെക്കാലം മുമ്പ്തന്നെ സമൃദ്ധമായിരുന്നു. ചില പ്രധാന കൈമൾമാരുടെയും, നായർതറവാടുകളുടെയും, ചുരുക്കമായി മറ്റുവിഭാഗം ആളുകളുടെയും കൈയിൽ ധാരാളം ഭൂമി എത്തിച്ചേർന്നത് അൽപ്പംകൂടി കഴിഞ്ഞ ഒരു കാലത്താണ്. തുമ്പോണത്തുകൈമൾ, മഠത്തിൽകൈമൾ,കാരോക്കൽ കൈമൾ തുടങ്ങിയവർക്ക് സ്വത്തിന് പുറമേ കൊല്ലും കൊലാധികാരവുമുണ്ടായിരുന്നു. നായർ തറവാടുകളിൽ മാടവന, പല്ലാട്ട്, കോഴാനാൽ, കുഴികണ്ടം, മുടിയാട്ട്, പരക്കാട്ട് ഭർത്താനത്ത്, എടയാലിൽ കുടുംബങ്ങൾക്ക് ധാരാളം ഭൂമിയുണ്ടായിരുന്നു. കുഴിവേലി, ചോലപ്പിള്ളി തുടങ്ങിയ കുടുംബങ്ങളുടെ കൈവശവും ധാരാളം ഭൂസ്വത്തുണ്ടായിരുന്നു. പന്ത്രണ്ട് വർഷത്തിലൊരിക്കൽ മാത്രം ഓരോ മലയും വെട്ടിച്ചുട്ട് മലനെല്ല് വിതക്കുന്ന രീതിയാണുണ്ടായിരുന്നത്. പല ഹൈന്ദവകുടുംബങ്ങൾക്കും സ്വന്തമായി സർപ്പക്കാവും അമ്പലവുമുണ്ടായിരുന്നു.

രാമപുരത്തിന്റെ ചരിത്രവും സാംസ്കാരികപാരമ്പര്യവും പരിഗണിക്കുമ്പോൾ രാമപുരം സെന്റ് അഗസ്റ്റ്യൻസ് ഫൊറോനാ പള്ളിക്ക് വളരെ പ്രാധാന്യമുണ്ട്. രാമപുരം പ്രദേശത്തെ ക്രൈസ്തവസമൂഹത്തിന് നൂറ്റാണ്ടുകളുടെ പാരമ്പര്യമുണ്ട്. പാലയൂരിൽനിന്നും വന്ന് പകലോമറ്റത്തും കുറവിലങ്ങാടും താമസിച്ച് അവിടെനിന്ന് കുടിയേറിപാർത്തവരുടെ പരമ്പരകളിൽപ്പെട്ടവരാണ് അധികവും. ഇവിടത്തെ ക്രൈസ്തവരുടെ ഇടയദേവാലയം കുറവിലങ്ങാട് ആയിരുന്നു. ക്രി.വ. 1450 ൽ ആണ് രാമപുരത്ത് പള്ളി സ്ഥാപിതമായത്. അന്ന് വെള്ളിലാപ്പിള്ളി പ്രദേശം ഭരിച്ചിരുന്ന ഇടത്തിൽ തമ്പുരാന്റെ അനുവാദത്തോടെ അദ്ദേഹം നിർദ്ദേശിച്ച സ്ഥാനത്താണ് പള്ളി നിർമ്മിച്ചത്. പള്ളിക്കുവേണ്ട സ്ഥലം സൗജന്യമായി നൽകിയത് കാരോക്കൽ കൈമൾ ആണ്. വിളക്കുവയ്പ്പിനുവേണ്ടി കുളങ്ങരപാടത്ത് പത്ത് പറ നിലവും അദ്ദേഹം സംഭാവന ചെയ്തു. പള്ളിയുടെ സ്ഥാപനത്തിരുന്നാളിന് (ആഗസ്റ്റ് 28) കാരോക്കൽ കൈമളുടെ അവകാശികൾക്ക് പന്ത്രണ്ടേകാലും കോപ്പും കൊടുക്കുന്ന ചടങ്ങ് ഇന്നും നിലനിൽക്കുന്നത് ഇതിന്റെ ഓർമ്മയ്ക്കാണ്. കുന്നൂർമനയിൽ നിന്ന് കുളവടി മരങ്ങാട് നിലങ്ങൾ മിച്ച വാരവ്യവസ്ഥയിൽ പള്ളിക്കു നൽകിയിരുന്നു.

പള്ളിപണിക്ക് മുന്നിട്ടറങ്ങിയത് ഇടത്തിൽ തമ്പുരാന്റെ മന്ത്രിമാരിൽ ഒരാളായിരുന്ന ചോലപ്പിള്ളിൽ ജോസഫ് എന്നയാളും പള്ളിയുടെ പ്രഥമവികാരിയായിരുന്ന ചോലപ്പിള്ളിൽ ബ. യൗസേപ്പ് കത്തനാരും ആയിരുന്നു. മാർ ആഗസ്തീനോസിന്റെ പേരിലുള്ള കേരളത്തിലെ പ്രഥമ ദേവാലയമാണിത്.

ഇന്നത്തെ പഴയ പള്ളി നിർമ്മിച്ചത് 1559ൽ ആണ്. 1864ൽ വലിയ പള്ളിയും 1957ൽ കുരിശുപള്ളിയും പൂർത്തിയാക്കി. രാമപുരം പഴയപള്ളിയെക്കുറിച്ച് സർവ്വവിജ്ഞാന കോശത്തിൽ (വാല്യം 8. പുറം 360) ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്. “വൈദേശിക സ്വാധീനതയുണ്ടെങ്കിൽ ക്കൂടി ലാളിത്യമായിരുന്നു കേരളത്തിലെ പള്ളികളുടെ സവിശേഷത. കുടമാളൂർ, കല്ലൂപ്പാറ, രാമപുരം, അകപ്പറമ്പ്, കാഞ്ഞൂർ പുതുപ്പള്ളി തുടങ്ങിയ പള്ളികൾ പഴമയുടെ ഒതുക്കം നിലനിർത്തുന്നു.“

1786ൽ കൊടുങ്ങല്ലൂർ അതിരൂപതയുടെ ഗോവർണദോർ ആയിത്തീർന്ന പാറേമ്മാക്കൽ തോമാക്കത്തനാരുടെ അരമന ഈ ദേവാലയ മതിൽ കെട്ടിനകത്ത് ഇന്നും സംരക്ഷിക്കപ്പെടുന്നു.1799ൽ ഗോവർണദോറുടെ കബറടക്കം നടന്നതും ഈ പള്ളിയിൽത്തന്നെ. പുണ്യചരിതരായ ചിറ്റടിയിൽ ചാണ്ടിയച്ചൻ, കണിയാരകത്ത് മാണിമല്പാൻ,മോൺ. ജോൺ കച്ചിറമറ്റം എന്നിവരുടെ ഭൗതികാവശിഷ്ടങ്ങൾ വിലയം കൊള്ളുന്നതും ഈ ദേവാലയത്തിൽത്തന്നെ. ഇതിലെല്ലാം പ്രാധാന്യത്തോടെ കരുതേണ്ടതാണ് ദൈവദാസൻ തേവർപറമ്പിൽ കുഞ്ഞച്ചന്റെ ഭൗതീകാവശിഷ്ടം ഇവിടെയാണെന്നുള്ളത് അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ ഒട്ടുവളരെ കഴിഞ്ഞിരിക്കുകയാണല്ലോ. അങ്ങനെയൊരു ഭാഗ്യം രാമപുരത്തിന് കൈവരുന്ന കാലം വിദൂരമല്ലെന്നാശിക്കാം.

രാമപുരത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ ഏറ്റവും ശ്രദ്ധേയമായ ഒരു കാര്യം മതസൗഹാർദ്ദമാണ്. ഒരിക്കൽപോലും ഇവിടം മതസംഘർഷത്തിന്റെ വേദിയായിരുന്നിട്ടില്ല. ക്രൈസ്തവദേവായവും ക്രൈസ്തവസമൂഹവും വളർന്നുവരുന്നതിൽ ഹിന്ദുക്കൾ താൽപ്പര്യമെടുത്ത പാരമ്പര്യമാണ് ഇവിടെയുള്ളത്. അധ്വാനത്തിന്റെ മഹത്വം ഹിന്ദുക്കളെ ബോധ്യപ്പെടുത്തിയത് ക്രൈസ്തവരാണ്. ജന്മിമാരോട് ഏറ്റവും വിശ്വസ്തത വച്ചുപുലർത്തിയിരുന്നതും അവരാണ്. ഇന്നത്തെ രാമപുരത്തിന്റെ കാർഷികവും വ്യവസായികവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ ചിത്രത്തിൽ രാമപുരം തലപ്പള്ളിക്കും അതിന്റെ കീഴ്പ്പള്ളികൾക്കും അവയുമായി ബന്ധപ്പെട്ട ജനസമൂഹത്തിനും വലിയ പ്രാധാന്യമാണുള്ളത്.

രാമപുരത്തിന്റെ ചരിത്രം ഇതിന്റെ ചുറ്റുപാടുമുള്ള കരകളുടെ ചരിത്രം കൂടിയായേലേ പൂർത്തിയാകൂ. ആ കരകളെല്ലാം ഭൂമിശാസ്ത്രപരമായി രാമപുരം പട്ടണത്തോട് ബന്ധപ്പെട്ട് കിടക്കുന്നു. അവിടങ്ങളിൽനിന്നുള്ള എല്ലാ റോഡുകളും രാമപുരത്തേയ്ക്കെത്തുന്നു. അതു

കൊണ്ട് വിസ്തൃതി കൂടുതലാണെങ്കിലും ഈ പഞ്ചായത്ത് ഒന്നായി നിലനിൽക്കുന്നത്. മരങ്ങാട്, കുറിഞ്ഞി, കുണിഞ്ഞി, കിഴതിരി, മേതിരി, അമനകര, കൂടപ്പുലം, കൊണ്ടാട്, ഇടക്കോലി, ചക്കാമ്പുഴ, വെള്ളിലാപ്പിള്ളി, ഏഴാച്ചേരി തുടങ്ങിയവയാണ് രാമപുരത്തിന് ചുറ്റുപാടുമുള്ള പ്രധാന സ്ഥലങ്ങൾ. ഇതു കൃത്യമായി പഞ്ചായത്തുവാർഡുകളുടെ അടിസ്ഥാനത്തിലുള്ള പേരുകളല്ല. ഇവയോരോന്നുംതന്നെ പ്രത്യേകം സ്കൂൾ, ലൈബ്രറി, പള്ളി, അമ്പലം, പോസ്റ്റാഫീസ്, തുടങ്ങിയ സ്ഥാപനങ്ങളോടുകൂടിയ സാമാന്യം വിസ്തൃതമായ പ്രദേശങ്ങളാണ്.

ഏഴാച്ചേരിയും മരങ്ങാടും, വെള്ളിലാപ്പിള്ളിയും രാമപുരത്തെ ഏറ്റവും ഫലഭൂയിഷ്ഠമായ പ്രദേശങ്ങളാണ്. രാമപുരത്തെ തോടുകൾ പുറത്തേയ്ക്ക് ഒഴുകുന്നത് ഈ പ്രദേശങ്ങളിൽക്കൂടിയാണ്. ഏഴാച്ചേരി, ഏഴുചേരികൾ കടന്നുവരുന്ന ഏഴ് തോടുകൾ ചേർന്ന് ചെറിയ ഒരു ആറ് (പയപ്പാർ) രൂപപ്പെടുന്ന ജലസമൃദ്ധമായ പ്രദേശമാണ്. മരങ്ങാട് പണ്ട് മരക്കാട് ആയിരുന്നത്രേ. വെള്ളിലക്കാടുകൾ വളർന്നുനിന്നിരുന്ന പ്രദേശമായിരുന്നു വെള്ളിലാപ്പിള്ളിയെന്ന് കരുതുന്നവരുണ്ട്. കുറിഞ്ഞി എന്ന പദത്തിന് മലവാരം എന്നാണ് അർത്ഥം. ആ പേര് അന്വർത്ഥമാക്കുന്ന ഭൂപ്രകൃതിയാണ് ആ പ്രദേശത്തിനുള്ളത്. സംഘസാഹിത്യത്തിൽ ധാരാളം ഉപയോഗിച്ചിട്ടുള്ള പദങ്ങളാണ് കുറിഞ്ഞിയും പാലയും. പാലവേലി അങ്ങനെ വന്നതുമാകാം. പക്ഷേ പാലച്ചുവടും, ആനിച്ചുവടും, വലിയമരുതിൻ ചുവടുമൊക്കെ വൃക്ഷസാമീപ്യം മൂലം അടുത്ത കാലത്തുണ്ടായ സ്ഥലപ്പേരുകളാണ്. കുറിഞ്ഞി പദത്തിൽനിന്നുണ്ടായതാണ് കുണിഞ്ഞി. നല്ല കൃഷിസ്ഥലമായിരുന്ന പ്രദേശത്തെ സൂചിപ്പിക്കുന്ന പദമാണ് മുണ്ടോപ്പലം. പുലം എന്ന പദത്തിന് വയൽ എന്നും പുരയിടമെന്നും അർത്ഥമുണ്ട്. 'മുണ്ടകപ്പുലം' ആയിരിക്കാം ഇത്. കൂടപ്പുലവും കൃഷിസമൃദ്ധി സൂചിപ്പിക്കുന്നതിനുള്ള പദമാണെന്നതിനുള്ള സംശയമില്ല. കിഴതിരി പദത്തിന്റെ അർത്ഥം കൊണ്ട് താഴ്ന്ന സ്ഥലം എന്നാണ് കരുതേണ്ടത്. ഇടയ്ക്കോലി ചുറ്റുമലകൾക്കിടക്ക് ഓലി പോലുള്ള പ്രദേശമാണ്.കൂഴമല, നെടുമല, പഴമല, കുരുവൻകുന്ന്, വളക്കാട്ടുകുന്ന് എല്ലാം മലകളുടെ പേരുകൾ തന്നെ സ്ഥലപ്പേരുകളായും ഉപയോഗിക്കുന്നു. എല്ലാ സ്ഥല നാമങ്ങൾക്കും അർത്ഥം തേടി നടക്കുന്നത് വൃഥാ വ്യായാമമായിരിക്കും. എങ്കിലും ഒരു കാര്യം ഈ സ്ഥലനാമങ്ങൾ സൂചിപ്പിക്കുന്നു. അവയെല്ലാംതന്നെ ദ്രാവിഡഭാഷാ പദങ്ങളാണ്. അതിനിടയിൽ രാമപുരം മാത്രമാണ് ഒരു ആര്യഭാഷാപദം. അതിന് ഒരു പൂർവ്വ നാമം ആരും കേട്ടിട്ടുമില്ല.

രാമപുരത്തിന്റെ പരിസരം ഇങ്ങനെ കുന്നുകളും മലകളും താഴ്വാരങ്ങളും നിറഞ്ഞാതായതുകൊണ്ട് പ്രകൃതി മനോഹരമാണ്. മുമ്പ് ഇടക്കോലി, കൂഴമല, കുരുവൻകുന്ന് പ്രദേശങ്ങൾ കാട്ടുമൃഗങ്ങളുള്ള കാടുകൾ ആയിരുന്നു. ഇപ്പോൾ അവയെല്ലാം തന്നെ റബ്ബർത്തോട്ടങ്ങളായി. ഇടകോലി, കാവിക്കാട് വനദുർഗ്ഗാ ക്ഷേത്രത്തോടനുബന്ധിച്ച് ഒരു കുട്ടിവനം സംരക്ഷിച്ചുനിർത്തിയിരുന്നു. അവിടെയും റബർമരങ്ങൾ തന്നെ ഇപ്പോൾ. കുറിഞ്ഞി കൂമ്പന്റെ ഗാംഭീര്യം ഇപ്പോഴും അതിന്റെ പൊക്കത്തിന്റെ പേരിൽ നില നിൽക്കുന്നു. കുരിവൻകുന്നിലെ ശൂരിക്കൽകല്ലും, കൊറ്റുകരമലയും, വെള്ളാഞ്ചിറപ്പാറയുമൊക്കെ ഇപ്പോഴും വിനോദസഞ്ചാരത്തിന് കൊള്ളാം. പരുന്തൻമലയിൽനിന്ന് നോക്കിയാൽ രാമപുരത്തിന്റെ മിക്ക ഭാഗങ്ങളും കാണാം. ഏഴാച്ചേരിയിലെ ഫാത്തിമാഗിരിയും ഭക്തിഭാവം ഉണർത്താൻ അനുയോജ്യമായ സ്ഥലം തന്നെ. ഈ സ്ഥലങ്ങളുടെ സൗന്ദര്യത്തെക്കുറിച്ച് പറഞ്ഞപ്പോൾ ഒരു കാര്യം കൂടി സൂചിപ്പിക്കാതെ വയ്യാ. രാമപുരം പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും വേനൽക്കാലത്ത് ജലക്ഷാമം രൂക്ഷമാകുന്ന പ്രദേശങ്ങളുണ്ട്. പഞ്ചായത്തിന് പരിഹരിക്കുവാനുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നവും അതായിരിക്കും. പക്ഷേ ഈ മലമുകളിലൊക്കെ വേനൽക്കും ദാഹജലത്തിന് മാത്രമായുള്ള നീരുറവകൾ വറ്റാതെ കാണുന്നുണ്ട്.

രാമപുരത്തിന്റെ പ്രധാന പാരമ്പര്യം കൃഷിയുടെതാണ്. രാമപുരത്തെ കച്ചവടക്കാരും ഉദ്യോഗസ്ഥരും മനസ്സുകൊണ്ട് കൃഷിക്കാരാണ്. കൃഷിയെ സംബന്ധിച്ച പ്രത്യേക അദ്ധ്യായം ഈ വികസനരേഖയുടെ പ്രധാന ഭാഗമായതുകൊണ്ട് അങ്ങോട്ടിപ്പോൾ വിശദമായി കടക്കുന്നില്ല. കൃഷി സമ്പ്രദായത്തിലും കാർഷിക ബന്ധങ്ങളിലും വലിയ മാറ്റങ്ങൾ വന്നത് നമുക്കനുഭവമാണ്. മൂവായിരം വർഷത്തിൻെറ പാരമ്പര്യമാണ് കാളയും കലപ്പയും കൊണ്ട് മണ്ണുഴുതു മറിക്കുന്ന സമ്പ്രദായത്തിനുള്ളത്. അതു ട്രാക്ടറിനും ടില്ലറിനും വഴിമാറിക്കൊടുത്തത് നമ്മുടെ കൺമുമ്പിൽ വെച്ചാണ്. പണ്ട് മലവാരങ്ങളിലും താഴച്ചപ്പാടങ്ങളിലും നെല്ലു വിതച്ചതിനും പുറമേ ധാരാളം സ്ഥലങ്ങൾ പാടങ്ങളാക്കിയെടുക്കുകയും ചെയ്തു. ഇപ്പോൾ അതെല്ലാം തിരിച്ചു കരയാക്കുന്ന തിരക്കിലാണ്. നെൽകൃഷി പലരും ചെയ്യുന്നത് സ്വന്തം ആവശ്യത്തിനു മാത്രം. പച്ചക്കറി കൃഷി സാമ്പിളിനു വേണ്ടി മാത്രമാക്കിയിരിക്കുന്നു. കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കച്ചോലം, തെരുവപ്പുല്ല് തുടങ്ങിയ സുഗന്ധവ്യഞ്ജന കൃഷിയുടെ കേന്ദ്രമായിരുന്ന രാമപുരത്ത് ഇപ്പോൾ ഇവ മിക്കവാറും ഇല്ലന്നായിരിക്കുന്നു. സുഗന്ധവിളകളായ ജാതിയും ഗ്രാമ്പുവും കറുവയും പരീക്ഷിച്ച് അവസാനിപ്പിച്ചു. സ്ഥിരം നാണ്യവിളകളായ തെങ്ങും കമുകും കുറഞ്ഞ കായ്ഫലത്തോടെ അവിടവിടെ നിൽക്കുന്നുണ്ട്. ഇവയെല്ലാം ഇപ്പോൾ റബർ കൃഷിക്കു വഴിമാറിക്കൊടുത്തിരിക്കുകയാണ്. ആ മേഖലയിലും പുതിയ രോഗങ്ങളും കാർഷിക പ്രതിസന്ധികളും ഉണ്ടാകുന്നു. ചെറിയ തുണ്ടു ഭൂമികളിലും പത്തു റബർ വെച്ച് അരിക്കാര്യം ഒപ്പിക്കാമല്ലോ എന്നാണ് പലരും ചിന്തിക്കുന്നത്.

ഭൂപരിഷ്കരണ നിയമം ഇവിടത്തെ ജന്മി കുടിയാൻ ബന്ധത്തിൽ വലിയ മാറ്റം വരുത്തിയതും നമ്മുടെ ഓർമ്മയിലുള്ള കാര്യമാണ്. കൃഷിസ്ഥലങ്ങൾ മുഴുവൻ കൈവശക്കാരുടേതായപ്പോൾ കുറേപ്പേർ പെട്ടെന്ന് സാമാന്യം ഭേദപ്പെട്ട കൃഷിക്കാരായി. ദേവസ്വങ്ങളും ജന്മി കുടുംബങ്ങളും കൈവശ ഭൂമി കാര്യമായില്ലാത്ത അവസ്ഥയിലുമായി. കൃഷി ഭൂമി കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ തുടങ്ങിയതാണ് ഇതിൻെറ മെച്ചം. ഒരു സമത്വ ഭാവം ആളുകളിൽ വളർന്നു വരുന്നതിനും, വിദ്യാഭ്യാസത്തിലും മറ്റും കൂടുതൽ ശ്രദ്ധിക്കുന്നതിനും ഇതു പ്രേരണയായി. കാർഷിക മേഖലയിലെ കൂലിപ്പണിയിൽ നിന്ന് ആളുകൾ മിക്കവാറും അകന്നു കഴിഞ്ഞു.

കൃഷിയുമായി ബന്ധപ്പെട്ട വ്യാപാരത്തിൻെറ ഒരു കേന്ദ്രമായിരുന്നു രാമപുരം. ഇന്നു റബ്ബർ വ്യാപാരത്തിൽ രാമപുരത്തിനുള്ളതിനേക്കാൾ സ്ഥാനം മുമ്പു മലഞ്ചരക്കു വ്യാപാരത്തിലുണ്ടായിരുന്നു. ആലപ്പുഴയിലും കൊച്ചിയിലും ചരക്കു വിപണനം ചെയ്തിരുന്ന പലരുമുണ്ടായിരുന്നു. കിഴക്കൻ പ്രദേശങ്ങളിൽ നിന്നു ധാരാളം മലഞ്ചരക്ക് ഇവിടെ വിപണിയിൽ എത്തിയിരുന്നു. വ്യാപാര സ്ഥാപനങ്ങളുടെ പേരു സൂചിപ്പിച്ചാൽ പൂർണ്ണമാകില്ല. എന്നാലും കാവലിയേൽ പീടികയും കമ്പനിപ്പീടികയുമൊന്നും അനുസ്മരിക്കാതെ വിടുന്നതും ശരിയല്ല. കാവാലിയേൽ കുറുമൂപ്പില, മുണ്ടയ്ക്കൽ വെളുത്തമാത്യം, കറുത്ത മാത്യു തുടങ്ങിയവർ രാമപുരത്തെ പ്രമുഖ വ്യാപാരികളായിരുന്നു.

ഇന്നു രാമപുരത്തു നല്ല നിലയിൽ നടക്കുന്ന വ്യാപാരം റബ്ബറാണ്. സാമാന്യം നല്ല തോതിൽ സ്വർണ്ണ വ്യാപാരവും നടക്കുന്നുണ്ട്. അഞ്ഞൂറോളം കൊല്ലം മുമ്പു രാമപുരം ക്ഷേത്ര ഊരാണ്മക്കാരായ ഇല്ലക്കാർ തമിഴ്നാട്ടിൽ നിന്നു കൊണ്ടു വന്ന സ്വർണ്ണപ്പണിക്കാരുടെ പിൻമുറക്കാർ, രാമപുരത്തു മാത്രമല്ല, അടുത്ത പട്ടണങ്ങളിലും വിൽക്കുന്ന സ്വർണ്ണത്തിൽ സ്വന്തം കരവിരുത് തെളിയിക്കാൻ കഴിവുള്ളവരായിരിക്കുന്നു. അതുകൊണ്ടാകാം രാമപുരം സ്വർണ്ണ വ്യാപാരത്തിന് വിശ്വസ്ത കേന്ദ്രമായിരിക്കുന്നത്. നാടിനാവശ്യമുള്ള പലചരക്കു സ്റ്റേഷനറി വ്യാപാരം നടത്തുന്നതിനേക്കുറിച്ച് എടുത്തു പറയേണ്ടതില്ല. പക്ഷേ രാമപുരത്ത് കെട്ടിട നിർമ്മാണ സാമഗ്രികൾ ഉൾപ്പെടെ പലതും നല്ല കച്ചവട സാധ്യതയുള്ളതായിട്ടും കച്ചവടം വളരുന്നില്ല എന്നതാണിപ്പോൾ സ്ഥിതി. രാമപുരത്തെ ചന്ത തന്നെയും പഴയ നിലയിൽ ഇപ്പോൾ നടക്കുന്നില്ല.

രാമപുരത്തിനു പ്രൗഢമായ ഒരു സാഹിത്യ പാരമ്പര്യമുണ്ട്. രാമപുരത്തു വാര്യർ, ഗോവർണദോർ പാറേമാക്കൽ തോമാ കത്തനാർ എന്നിവരിലൂടെ തുടങ്ങിയ ആ പാരമ്പര്യം ആധുനിക കാലത്ത് ലളിതാംബിക അന്തർജ്ജനത്തിലൂടെ പുതിയ മാനങ്ങൾ തേടി വളർന്നു. കൃഷ്ണൻ പറപ്പിള്ളി, ഏഴാച്ചേരി രാമചന്ദ്രൻ, എൻ. മോഹനൻ തുടങ്ങിയവരിലൂടെ ഒളിമങ്ങാതെ തുടരുന്ന സാഹിത്യ പാരമ്പര്യം 'സംസ്കാരം' എന്ന അദ്ധ്യായത്തിൽ കൂടുതൽ പ്രതിപാദിക്കുന്നുണ്ട്. അതുകൊണ്ട് ഇപ്പോൾ സൂചിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. അതുപോലെ തന്നെ ഗ്രന്ഥശാലാ പ്രവർത്തനം, കലാ കായിക രംഗങ്ങൾ, ഉത്സവങ്ങൾ, പെരുന്നാളുകൾ തുടങ്ങിയവയും ആ അദ്ധ്യായത്തിൻെറ വിഷയമാണ്. അതുകൊണ്ട് ഇവിടെ വിശദമായി പ്രതിപാദിക്കുന്നില്ല. വിദ്യാഭ്യാസം സംബന്ധിച്ചും പ്രത്യേക അദ്ധ്യായമുണ്ട്. എങ്കിലും ചില കാര്യങ്ങൾ സൂചിപ്പിച്ചു കൊള്ളട്ടെ.

വിദ്യാഭ്യാസ കാര്യത്തിൽ സാമാന്യം ഭേദപ്പെട്ട ഒരു പാരമ്പര്യമാണ് രാമപുരത്തിനുള്ളത്. ആ രംഗത്ത് ഇന്നുള്ള സ്ഥിതി അത്ര ഭേദമാണോ ? വസ്തുനിഷ്ഠമായി പരിശോധിക്കേണ്ട കാര്യമാണിത്. ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ ഈ പ്രദേശത്തു രണ്ടു സ്കൂളുകളാണുണ്ടായിരുന്നത്. അതിൽ പ്രധാനം ഇടക്കോലി മലയാളം മിഡിൽ സ്കൂൾ ആയിരുന്നു. രാമപുരം പള്ളിയോടു ചേർന്നുണ്ടായിരുന്ന സർക്കാർ പ്രൈമറി സ്കൂളാണ് രണ്ടാമത്തേത്. 1916-ൽ രാമപുരം പള്ളിയോടനുബന്ധിച്ച് ഒരു മിഡിൽ സ്കൂൾ ആരംഭിച്ചു. പിന്നീട് അതു ഇംഗ്ലീഷ് മിഡിൽ സ്കൂളായി. 1922-ൽ തേർഡ് ഫാറം ആരംഭിച്ചു. 1937-ൽ ഫോർത്ത് ഫോറം തുടങ്ങി ഹൈസ്കൂളായി. 1949-ൽ സേക്രഡ് ഹാർട്ട് ഗേൾസ് ഹൈസ്കൂളുണ്ടായി. 1981-ൽ ഇടക്കോലി ഗവൺമെൻറ് ഹൈസ്കൂളായി . 1916 മുതൽ മിക്ക കരകളിലും പ്രൈമറി സ്കൂളുകൾ ഉണ്ടായിക്കഴിഞ്ഞിരുന്നു. ഇപ്പോൾ മൂന്നു ഹൈസ്കൂളുകൾക്കു പുറമേ ആറു യു.പി. സ്കൂളുകളും പതിനാലു എൽ.പി. സ്കൂളുകളുമാണ് ഈ പഞ്ചായത്തിലുള്ളത്. അമനകരയിലെ I.T.C.യും, 1995-ൽ ആരംഭിച്ച മാർ ആഗസ്തീനോസ് കോളേജും കൂടിയാകുമ്പോൾ രാമപുരത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചിത്രമായി. ഈ സ്കൂളുകളും പാലാ, ഉഴവൂർ, കുറവിലങ്ങാട്, തൊടുപുഴ പ്രദേശങ്ങളിലെ കോളേജുകളുമാണ് രാമപുരത്തുകാർ വിദ്യാഭ്യാസത്തിന് ആശ്രയിക്കുന്നത്.

രാമപുരം സെൻറ് അഗസ്റ്റിൻസ് ഹൈസ്കൂൾ അമ്പതു വർഷം മുമ്പു തന്നെ നല്ലൊരു വിദ്യാലയമായിരുന്നു. അമ്പതുകളിൽ രാമപുരം ഹൈസ്കൂൾ തുടർച്ചയായി അഞ്ചുകൊല്ലം സയൻസിന് സംസ്ഥാനത്ത് ഒന്നാം സ്ഥാനത്തായിരുന്നു. അറുപതുകളിലും ഈ പ്രശസ്തമായ നില തുടർന്നു. സേക്രഡ് ഹാർട്ട് ഗേൾസ് ഹൈസ്കൂളിനും നല്ല തുടക്കവും പ്രശസ്തമായ വളർച്ചയുമാണുണ്ടായത്. ഈ സ്കൂളുകളിൽ നിന്നു പുറത്തു വന്ന യുവതീയുവാക്കൾ ഉന്നത വിദ്യാഭ്യാസം നേടി ഡോക്ടർമാരും, എൻജിനീയർമാരും ഉദ്യോഗസ്ഥന്മാരും, അദ്ധ്യാപകരുമൊക്കെയായി. രാമപുരം പ്രത്യേകിച്ചും അദ്ധ്യാപകർ ധാരാളമുള്ള പ്രദേശമാണ്. ഇതിനിട വരു

ത്തിയത് ഇവിടുള്ള സ്കൂളുകളുടെ ഉയർന്ന നിലവാരമായിരുന്നു. രാമപുരത്ത് ഒരു കോളേജില്ലാതെ പോയതിൻെറ ക്ഷീണം സമീപ പ്രദേശങ്ങളിലെ കോളേജുകൾ കുറെയൊക്കെ നികത്തിയിരുന്നു. ക്രമേണ ഹൈസ്കൂളുകൾക്കും പല പ്രൈമറി സ്കൂളുകൾക്കും മുമ്പുണ്ടായിരുന്ന നിലവാരം തുടരാൻ കഴിയാതെ പോയി. ഇതു നാടിൻെറ വിദ്യാഭ്യാസമേഖലയിൽ തന്നെ ക്ഷീണം വരുത്തിവെച്ചുവെന്നു കരുതണം. ഈ കുറവ് പരിഹരിക്കുകയും ആവശ്യത്തിനു ഉന്നത വിദ്യാഭ്യാസ സൗകര്യം ഉണ്ടാക്കുകയും ചെയ്തു വേണം നമുക്കു അഭിവൃദ്ധിപ്പെടാൻ

അതു സംബന്ധിച്ച പ്രായോഗിക കാര്യങ്ങൾ വിദ്യാഭ്യാസമെന്ന അദ്ധ്യായത്തിൽ ചർച്ച ചെയ്യാം.

ആയുർവേദ ചികിത്സാ രംഗത്ത് രാമപുരത്തിന് എടുത്തു പറയാവുന്ന പാരമ്പര്യമുണ്ട്. ബുദ്ധമതവും ആയുർവേദവുമായി കാര്യമായ ബന്ധമുണ്ട്. പ്രശസ്തരായ ആയുർവേദ ഭിഷഗ്വരൻമാർ പലരും ബുദ്ധമതക്കാരായിരുന്നു. ബ്രാഹ്മണർ വൈദിക താന്ത്രിക കാര്യങ്ങൾക്കു ഊന്നൽ നൽകിയപ്പോൾ ബുദ്ധമതം കൂടുതൽ ശ്രദ്ധിച്ചത് ആയുർവേദത്തിലും ജ്യോതിശാസ്ത്രത്തിലുമായിരുന്നു. കൊണ്ടാടുപള്ളിക്കകണ്ടത്തിൽ നിന്നു ബുദ്ധവിഗ്രഹം കണ്ടു കിട്ടിയ കാര്യം നേരത്തെ സൂചിപ്പിച്ചുവല്ലോ. അതുമായി ബന്ധപ്പെട്ടാണോ എന്നറിയില്ല രാമപുരത്തു വളരെക്കാലം മുമ്പു മുതലേ ആയുർവേദ ചികിത്സ നല്ലരീതിയിൽ നിലനിന്നിരുന്നു. കൊണ്ടാട്ടിൽ കീരിപ്പാട്ട് വളരെ മുമ്പു മുതൽ ആയുർവേദ ചികിത്സ ഉണ്ടായിരുന്നു. പൊതുവായ ചികിത്സയും ഭ്രാന്ത്, അപസ്മാരം, പാമ്പുവിഷം എന്നിവയ്ക്കു പ്രത്യേക ചികിത്സയും ഈ നൂറ്റാണ്ടിൻെറ പകുതിവരെ നല്ലനിലയിലുണ്ടായിരുന്നു. അതിൽ നിന്ന് പിരിഞ്ഞവരാണ് പാണ്ടിക്കാട്ട്, ചൂള്ളികാട്ട്, കണികുന്നേൽ, ഇല്ലിക്കൽ, കൊല്ലപ്പിള്ളി തുടങ്ങിയ വീട്ടുപേരുകളിൽ ചികിത്സ നടത്തിയിരുന്ന വൈദ്യൻമാർ. ഇതിൽപ്പെട്ട പല വീടുകളിലും വൈദ്യശാസ്ത്രവുമായി ബന്ധപ്പെട്ട താളിയോല ഗ്രന്ഥങ്ങൾ ഇന്നുമുണ്ട്.

കൊണ്ടമറുകില്ലത്തിന്റെ ചികിത്സാപാരമ്പര്യം ഇന്നും പ്രശസ്തമായി തുടരുന്നു. ആയുർവേദ ചികിത്സ ശാസ്ത്രമാണെങ്കിലും വിശ്വാസവുമായി അഭേദ്യമായി ബന്ധപ്പെടുത്തിയാണ് അതുകൊണ്ടുപോകുന്നത്. കൊണ്ടമറുകില്ലത്തെ ചികിത്സയ്ക്കു വിശ്വാസത്തിൻെറ അംശം കുറെ കൂടുതലുണ്ടെന്നു പറയാം. ചെറുനിലത്ത് അഗസ്റ്റിൻ വൈദ്യർ, അർത്തിയിൽ സ്കറിയ വൈദ്യർ എന്നിവരും പ്രസിദ്ധരായിരുന്നു. മർമ്മ ചികിത്സയ്ക്കു വണ്ടന്നൂർ, വിഷചികിത്സയ്ക്കു കരിയാത്തുംപാറ, മേനാംപറമ്പിൽ, ബാലചികിത്സയ്ക്കു കുളത്തുങ്കൽ, മഞ്ഞപ്പിത്തത്തിനു വാലുമ്മേൽ, ത്വഗ്രോഗ ചികിത്സയ്ക്കു കുമ്പളത്ത്, ഉദരരോഗചികിത്സയ്ക്കു കട്ടക്കയത്ത് എന്നിവിടങ്ങളിലും അടുത്തകാലം വരെ നല്ല വൈദ്യൻമാർ ഉണ്ടായിരുന്നു. ഒട്ടുവഴിക്കൽ ചക്രപാണിക്കണിയാർ, ഗോപാലക്കണിയാർ എന്നിവരും നല്ല വൈദ്യന്മാരായിരുന്നു. പാറത്തോട് മത്തായി, കാഞ്ഞിരക്കുഴി അന്ത്രയോസ് ഇവർ കണ്ണു ചികിത്സ നടത്തിയരുന്നു. മുമ്പു ചികിത്സ നടത്തിയിരുന്നു പ്രതിഫലേച്ഛയില്ലാതെയായിരുന്നു. എന്നാൽ ഇന്നീ ചികിത്സയൊന്നും രാമപുരത്തുകാരെ രോഗത്തിൽ നിന്നു രക്ഷിക്കാൻ കഴിയുന്ന രീതിയിൽ നിലവില്ല.

അലോപ്പതി ചികിത്സാ രംഗത്ത് രാമപുരം ഗവൺമെൻറ് ആശുപത്രിയാണ് നമ്മുടെ പ്രധാന ആശ്രയം. രാമപുരത്തും ചക്കാമ്പുഴയിലുമുള്ള രണ്ടു പ്രൈവറ്റ് ആശുപത്രികൾ വിദഗ്ധ ചികിത്സയ്ക്കു ഒട്ടും തന്നെ പോരാ. ഹോമിയോ ആശുപത്രി ഒരെണ്ണം ഏഴാച്ചേരിയിരിയിലുണ്ട്. ഇടിയനാൽ ഒരു ആയുർവേദാശുപത്രിയും ഉണ്ട്. ഹോമിയോ ചികിത്സ നടത്തുന്ന പല പ്രൈവറ്റ് ആശുപത്രികൾ പഞ്ചായത്തിൻെറ പലഭാഗത്തുമുണ്ട്. യോഗ്യതയുള്ള ഡോക്ടർമാർ നടത്തുന്ന ആയുർവേദ വൈദ്യശാലകളുമുണ്ട്. പ്രകൃതി ചികിത്സയ്ക്ക് വളരെ പ്രാധാന്യം കൈവന്നുകൊണ്ടിരിക്കുന്നകാലമാണിത്. രാമപുരം പഞ്ചായത്തിൽ അത്തരം ചികിത്സ നടത്തുന്ന കേന്ദ്രങ്ങളുണ്ട്. എങ്കിലും കുടുതൽ സ്ഥാപനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. അക്യുപംക്ചർ ചികിത്സ നടത്താൻ അംഗീകാരമുള്ള ഒരാളാണ് ചെറിയാൻ കണ്ടത്തിൽ. മർമ്മ ചികിത്സ പോലെയും യോഗ ചികിത്സ പോലെയും ജീവശക്തിയുണർത്തിക്കൊണ്ടു നടത്തുന്ന അക്യുപംക്ചർ ചൈനയിലും ജപ്പാനിലുമൊക്കെ പ്രചാരമുണ്ടെങ്കിലും നമ്മുടെ നാട്ടിൽ പലർക്കുമറിയില്ല. പ്രാണിക് ഹീലിംഗ് ചികിത്സ പുതിയൊരു സമ്പ്രദായമായി ഇവിടെയുണ്ട്. എന്നതായാലും രാമപുരം ആശുപത്രി വികസിപ്പിച്ചും കൂടുതൽ അലോപ്പതി, ആയുർവേദ ഹോമിയോ ചികിത്സാ കേന്ദ്രങ്ങൾ സ്ഥാപിച്ചും മാത്രമേ ചികിത്സയുടെ ആവശ്യങ്ങൾ നിറവേറ്റാൻ നാടിനു കഴിയൂ. നല്ല ഒരു പ്രൈവറ്റ് അലോപ്പതി ആശുപത്രിക്കും രാമപുരത്തു പ്രവർത്തന സാധ്യതയും ആവശ്യവും വളരെയുണ്ട്.

ജ്യോതിഷത്തിൻെറ പാരമ്പര്യത്തെക്കുറിച്ചു കൂടി ഒന്നു സൂചിപ്പിച്ചുകൊള്ളട്ടെ. പഴയ കാലത്ത് ഓരോ കരയിലും ജ്യോതിഷം തൊഴിലായി സ്വീകരിച്ച ഗണകന്മാരുണ്ടായിരുന്നു. അവരിൽ ചിലർ പ്രശസ്തരുമായിരുന്നു. വൈക്കം കാരൻ ഒരു അയ്യപ്പനാശാൻ ഇവിടെ താമസിച്ച് പലരേയും സംസ്കൃതവും ജ്യോതിഷവും പഠിപ്പിച്ചിരുന്നു. പ്രൊഫസർ കെ. രാമകൃഷ്ണപിള്ളയെ സംസ്കൃതവും ജ്യോതിഷവും പഠിപ്പിച്ചത് ആ ആശാനാണ്. ഇപ്പോൾ രാമകൃഷ്ണപിള്ള സാറും പി. പ്രഭാകരൻസാറും ജ്യോതിഷ പാണ്ഡിത്യമുള്ളവരായി ഇവിടെയുണ്ട്. ജ്യോതിഷം

തീർത്തും ഒരു സ്വകാര്യ ഏർപ്പാടായാണ് ഇന്നു നടക്കുന്നത്. അതു ശാസ്ത്രീയമാണെന്നു അംഗീകരിക്കാത്തവരും ധാരാളമുണ്ട്.

രാമപുരത്തെ ദേശീയ രാഷ്ട്രീയ നവോത്ഥാനത്തെക്കുറിച്ചാണ് ഇനി പറയാനുള്ളത്. അതിനു മുമ്പ് ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ കേരളത്തിലുണ്ടായ സാമൂഹിക നവോത്ഥാനത്തിൻെറ സ്വാധീനം നമ്മുടെ പഞ്ചായത്തിലുണ്ടായതിനെക്കുറിച്ചു കൂടി പരാമർശിച്ചു കൊള്ളട്ടെ. ഇരുപതാം നൂറ്റാണ്ടിൻെറ ആദ്യപകുതി പരിവർത്തനങ്ങളുടെ കാലമായിരുന്നു. ആയിരത്താണ്ടുകളായി നിലനിന്ന രാജഭരണം അവസാനിച്ചത് ഈ നൂറ്റാണ്ടിൻെറ മധ്യത്തിലാണ്. ആറേഴു നൂറ്റാണ്ടുകളായി നിലനിന്ന മരുമക്കത്തായം, ജന്മിത്തം, അയിത്താചാരം ഇവയെല്ലാമവസാനിപ്പിച്ചതും അതിനോടടുത്ത കാലത്തു തന്നെ. വ്യവസ്ഥിതി പാടേ മാറുന്ന അവസ്ഥയാണ് അതോടെ നാം കണ്ടത്. അതിൻെറ സ്വാധീനം ഈ പഞ്ചായത്തിലും ഉണ്ടാകാതിരിക്കാൻ വയ്യ

ശ്രീനാരായണഗുരുവിൻെറ സന്ദേശങ്ങൾക്കും എസ്.എൻ.ഡി.പി. യോഗത്തിനും ആദ്യകാലത്തു തന്നെ സ്വാധീനമുണ്ടായ പ്രദേശമാണിത്. 1903-ലാണ് എസ്.എൻ.ഡി.പി. യോഗം നിലവിൽ വന്നത്. രാമപുരത്തു അതിൻെറ ശാഖ ആദ്യം പ്രവർത്തനം തുടങ്ങിയത് കൊണ്ടാട്ടിലാണ്. ഏതാണ്ട് അതേ കാലത്തു തന്നെ (1927) മരങ്ങാട് ശാഖയും നിലവിൽ വന്നു. കൊണ്ടാട്ടിൽ നിലവിലുണ്ടായിരുന്ന ഒരു ഭജനമഠം എസ്.എൻ.ഡി.പി. യോഗത്തിൻെറ പ്രവർത്തന കേന്ദ്രമാക്കുന്നതിനെ യാഥാസ്ഥിതികർ എതിർക്കുകയാണുണ്ടായത്. സി.ആർ. കേശവൻ വൈദ്യരും മറ്റും മുൻകൈയെടുത്താണ് ശാഖ പ്രവർത്തനം ആ ഭജനമഠത്തോടു ബന്ധപ്പെടുത്തി ആരംഭിച്ചത്. സി.ആർ. കേശവൻ വൈദ്യർ, കെ.ഇ. ഗോവിന്ദൻ വൈദ്യർ, കീരിപ്പാട്ടു രാമൻ വൈദ്യർ, ചെളിക്കണ്ടത്തിൽ രാമൻ, നെല്ലിയാനികുന്നേൽ കുട്ടി തുടങ്ങിയവർ ശാഖാ യോഗത്തിൻെറ ആദ്യകാല ഭാരവാഹികളായിരുന്നു. പിന്നീട് കുറിഞ്ഞിയിലും കിഴതിരിയിലും ഓരോ ശാഖകളും ഭജനമഠങ്ങളും നിലവിൽ വന്നു. രാമപുരത്ത് ശാഖയുടെ ഓഫീസിനോടനുബന്ധിച്ച് ഒരു ഗുരുമന്ദിരവും ഇപ്പോഴുണ്ട്. ശ്രീനാരായണ ഗുരുവിനെ ഭക്ത്യാദരപൂർവ്വം കണക്കാക്കുന്ന ഒരു തലമുറ തന്നെ അന്നുണ്ടായത് ജീവിതത്തിൻെറ സർവ്വ മേഖലകളിലും ആ വിശ്വാസം പ്രതിഷ്ഠിച്ചുകൊണ്ടായിരുന്നു.

നായർ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനം കേരളത്തിൽ തുടങ്ങിയത് 1916-ൽ ആണല്ലോ. അതിനോടടുത്ത കാലത്തു തന്നെ രാമപുരത്തു കരയോഗം ആരംഭിക്കാനുള്ള ശ്രമം തുടങ്ങി. രാമപുരം പഞ്ചായത്തിലെ ആദ്യത്തെ കരയോഗം കൊണ്ടാട്ടിലാണ് ഉണ്ടായത്. അതിൻെറ രൂപവൽക്കരണത്തിനു വേണ്ടി മന്നത്തു പത്മനാഭൻ തന്നെ കൊണ്ടാട്ടിൽ വരികയുണ്ടായി. ശ്രായപ്പിള്ളിൽ ജി. മാധവൻപിള്ള, പനന്താനത്തു പി.കെ. നാരായണൻ നായർ, തെങ്ങനാൽ രാമൻനായർ, പി.ആർ. ശങ്കരപ്പിള്ള പല്ലാട്ട് തുടങ്ങിയവർ ആദ്യകാല പ്രവർത്തകരായിരുന്നു. ഇപ്പോൾ രാമപുരം പഞ്ചായത്തിലെല്ലാം എൻ.എസ്.എസ്. കരയോഗങ്ങളുണ്ട്. ഒട്ടുവളരെ ക്ഷേത്രങ്ങളുടെ ഭരണം ഇപ്പോൾ നടത്തുന്നത് കരയോഗങ്ങളാണ്. കൊങ്ങാടു ശാസ്താ ക്ഷേത്രം, പള്ളിയാമ്പുറം മഹാദേവക്ഷേത്രം, കൂടപ്പുല ലക്ഷ്മണക്ഷേത്രം, കുറിഞ്ഞി ശ്രീകൃഷ്ണ ക്ഷേത്രം, ഏഴാച്ചേരി കാവിൻപുറത്തുകാവ്, ഭക്താനന്ദാശ്രമം തുടങ്ങിയവ ഇങ്ങനെയുള്ളതാണ്.

യോഗക്ഷേമസഭ 1907-ൽ ഉണ്ടായതാണ്. പക്ഷേ അതിൻെറ സജീവമായ പ്രവർത്തനം ഇവിടെ ഉണ്ടായിരുന്നില്ല. വിശ്വകർമ്മ സഭയ്ക്കു ഒരു ക്ഷേത്രം ഇവിടെയുണ്ട്. ഇളങ്കാവും മറ്റം ശ്രീവിശ്വകർമ്മ ക്ഷേത്രം. ഇപ്പോൾ അവിടെ നിത്യപൂജാ കർമ്മങ്ങളൊന്നും നടക്കുന്നില്ല.

അയ്യൻകാളി ആരംഭിച്ച സാധുജന പരിപാലന സംഘത്തിൻെറ സംഘടനാ യൂണിറ്റ് രാമപുരത്ത് സജീവമായി പ്രവർത്തിച്ചിരുന്നില്ല. എങ്കിലും അയ്യങ്കാളി പ്രസ്ഥാനത്തിൻെറ സ്വാധീനം ഉൾക്കൊണ്ടുകൊണ്ട് കേരള പുലയർ മഹാസഭയുടെ പ്രവർത്തനം ഇപ്പോൾ സജീവമായുണ്ട്. വേലർ മഹാസഭ, പരവർ സൊസൈറ്റി തുടങ്ങിയ സംഘടനകളും അതാതു മേഖലകളിൽ പ്രവർത്തനം നടത്തുന്നുണ്ട്.

അഖില കേരള കത്തോലിക്കാ കോൺഗ്രസ്സിൻെറ സജീവമായ പ്രവർത്തനമുള്ള പ്രദേശമാണ് രാമപുരം. 1949-ൽ നടന്ന കത്തോലിക്ക കോൺഗ്രസ് വാർഷിക സമ്മേളനം രാമപുരത്തു നടന്നിട്ടുള്ള വലിയ സമ്മേളനങ്ങളിൽ ഒന്നാണ്. വളരെ വർഷം അതിൻെറ ജനറൽ സെക്രട്ടറിയും ഇപ്പോൾ പ്രസിഡൻറുമായ ജോൺ കച്ചിറമറ്റം രാമപുരത്തുകാരനാണല്ലോ.

ഇവിടെ സൂചിപ്പിച്ച ഈ സംഘടനകളും പ്രസ്ഥാനങ്ങളും ഓരോ വിഭാഗം ആളുകളുടെ ക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവയാണെന്നു തോന്നാം. പക്ഷേ അവയുടെ പൊതുവായ ലക്ഷ്യം ജനങ്ങളിൽ ഉൽക്കർഷ ചിന്തയും പരിഷ്കരണാഭിമുഖ്യവും വളർത്തുക എന്നതായിരുന്നു. നമ്മുടെ നാട്ടിലെ വിവിധ ജനവിഭാഗങ്ങൾ ഇന്നത്തെ നിലയിൽ എത്തിച്ചേർന്നതിൽ ഈ സംഘടനകളുടെ പ്രവർത്തന സ്വാധീനമുണ്ട്. രാമപുരത്തെ സംബന്ധിച്ചിടത്തോളം സാമുദായിക സംഘടനകളുടെ പ്രവർത്തന ഫലമായി ഒരു കാലത്തും കിടമൽസരമോ അസ്വസ്ഥതയോ ഉണ്ടായിട്ടില്ല. പരസ്പരം അംഗീകരിച്ചുകൊണ്ടുള്ള പ്രവർത്തനം ഇവിടെ മത സാമുദായിക സൗഹാർദ്ദം പ്രബലമാക്കി നിലനിർത്തുന്നതിന് പ്രയോജനപ്പെട്ടിട്ടുമുണ്ട്. പലവിധ അനാചാരങ്ങൾ ഇല്ലായ്മ

ചെയ്യുന്നതിനും, ചിലതെല്ലാം ഉറപ്പിച്ചു നിർത്തുന്നതിനും ഇവയുടെ പ്രവർത്തനം ഇടവരുത്തിയിട്ടുണ്ടെന്നും വില യിരുത്തണം.

തിരുവിതാംകൂർ രാജാക്കന്മാരുടെ പുരോഗനപര മായ പല കൽപനകളും ഈ പ്രദേശത്ത് സാമൂഹിക പരി വർത്തനത്തിനു പ്രേരണയായി. 1865-ൽ ആയില്യം തിരു നാളിൻെറ കാലത്തായിരുന്നു പണ്ടാരപ്പാട്ട വിളംബരം. സർക്കാർ വക പാട്ട വസ്തുക്കളിൽ കുടിയാന് അവകാശം സ്ഥിരപ്പെടുത്തിക്കൊടുക്കുന്നതായിരുന്നു ഇത്. പലർക്കും പണ്ടാരപ്പാട്ട ഭൂമി ഉണ്ടായത് ഇതോടെയാണ്. സർക്കാർ അഞ്ചൽ പൊതുജനങ്ങൾക്കു തുറന്നുകൊടുത്തതും ഇദ്ദേ ഹത്തിൻെറ കാലത്താണ്.

നാലു ദശാബ്ദം നീണ്ടു നിന്ന ശ്രീമൂലം തിരുനാ ളിൻെറ കാലത്താണ് കേരളത്തിലെ സാമൂഹിക പരിഷ്ക രണ പ്രസ്ഥാനങ്ങളെല്ലാമുടലെടുത്തത്. പ്രസിദ്ധമായ മല യാളി മെമ്മോറിയലും ഈഴവ മെമ്മോറിയലും സമർപ്പി ച്ചത് ശ്രീമൂലം തിരുനാളിനാണ്. അഞ്ചു രൂപ കരമടവിൻെറ അടിസ്ഥാനത്തിലാണെങ്കിലും ജനപ്രാതിനിധ്യസഭയെന്ന ആശയം കൊണ്ടുവന്നതും ഇദ്ദേഹമാണ്. 1924-ൽ ശ്രീമൂലം തിരുനാൾ അന്തരിച്ചതിനു ശേഷം ഭരണമേറ്റ സേതുലക്ഷ്മീ ഭായിയുടെ റീജൻറ് ഭരണകാലത്തും ഒട്ട നവധി പ്രധാന ഉത്തരവുകളുണ്ടായി.

1925-ൽ പുറപ്പെടുവിച്ച നായർ ആക്ട്, നായൻമാർക്കിടയിൽ നിലനിന്നിരുന്ന മരുമക്കത്തായ ത്തിനു പകരം മക്കത്തായം സ്വീകരിക്കുവാൻ വ്യവസ്ഥ ചെയ്തു. ദേവസ്വം വകുപ്പിൻെറ കീഴിലുള്ള ക്ഷേത്രങ്ങ ളിൽ മൃഗബലി നിരോധിച്ചത് 1926-ൽ ആണ്. 1927-ൽ പൂരപ്പാട്ട് നിരോധിച്ചു. 1930-ൽ ദേവദാസി സമ്പ്രദായം നിരോധിച്ചു. വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്തു പരിഹരിച്ചതും സേതുലക്ഷ്മീ ബായിയുടെ കാലത്താണ്. 1926-ൽ രാജകല്പന പ്രകാരം ഗ്രാമപഞ്ചായത്തുകൾ നിലവിൽ വന്നു. ഈ ഉത്തരവുക ളെല്ലാം നമ്മുടെ പഞ്ചായത്തിലും ജനകീയ ജീവിതത്തിൽ സ്വാധീനം ചെലുത്തിയവയാണെന്നു സൂചിപ്പിക്കുകയാ ണിവിടെ. ചില പ്രധാന കേന്ദ്രങ്ങളിൽ വില്ലേജ് യൂണിയ നുകൾ നിലവിൽ വന്നത് ഇതിനു ശേഷമാണ്. രാമപു രത്തും അത്തരമൊരു വില്ലേജ് യൂണിയൻ നിലവിൽ വന്നി രുന്നു. അതിൻെറ പ്രസിഡൻറ് വാണിയപ്പുര മത്തായി സാർ ആയിരുന്നു. കടലംകാട്ട് മത്ത, കൊല്ലപ്പിള്ളിൽ കെ.ഇ. ഗോവിന്ദൻ വൈദ്യൻ, പി.എ. ഉലഹന്നാൻ, പേരൂ ക്കുന്നേൽ, ദേവസ്യാ കാര്യപ്പുറം എന്നിവർ അംഗങ്ങളു മായിരുന്നു. നാട്ടിൽ പലഭാഗത്തും അന്നു വീട്ടുകോടതി കൾ നിലവിലുണ്ടായിരുന്നു. 22 കൊല്ലം ശ്രീമൂലം പ്രജാ സഭാ മെമ്പറായിരുന്ന 'വടക്കൻ കുഞ്ഞിലോയുടെ പാലാ യിലെ വീട്ടുകോടതി വളരെ പ്രസിദ്ധമായിരുന്നു. അതി ൻെറയൊരു മാതൃകയിൽ പാലവേലിൽ വട്ടുകുന്നേൽ കുര്യാക്കോസിൻെറ വീട്ടിൽ കോടതിയും കേസു തീർക്കലും നടന്നിരുന്നു. പലനാട്ടു മദ്ധ്യസ്ഥന്മാരും അന്നു പേരെടുത്തവരായുണ്ടായിരുന്നു.

1932 മുതൽ 38 വരെ നടന്ന നിവർത്തന പ്രക്ഷോ ഭത്തിൻെറ അലയൊലി ഇവിടെയും എത്തിയിരുന്നു. വൈക്കം സത്യാഗ്രഹത്തിലും നിവർത്തന പ്രക്ഷോഭ ത്തിലും സി.ആർ. കേശവൻ വൈദ്യർ പങ്കെടുത്തിരുന്നു. ശ്രീ ചിത്തിര തിരുനാളിൻെറ കാലത്ത് 1936 നവംബർ 12-നു പുറപ്പെടുവിച്ച ക്ഷേത്ര പ്രവേശന വിളംബരം നാടിൻെറ സാമൂഹിക ജീവിതത്തിൽ പെട്ടെന്നുണ്ടാക്കിയ മാറ്റം നേരിട്ടു കണ്ടവർ ഇന്നും ധാരാളമുണ്ടല്ലോ. സാമൂ ഹിക സംഘടനകളുടെയും പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും അതുവരെയുള്ള പ്രവർത്തനങ്ങ ളുടെ ഫലമായിരുന്നു ആ ഉത്തരവ്. തിരുവിതാംകൂർ സ്റ്റേറ്റുകോൺഗ്രസ് പ്രക്ഷോഭത്തിലും രാമപുരത്തുകാർ പങ്കെടുത്തിരുന്നു. പ്രധാന നേതൃസ്ഥാനത്തേക്ക് ആരും കടന്നു വന്നില്ലെങ്കിലും നാട്ടിൽ നല്ല പ്രവർത്തനം നട ത്തിയ പലരുമുണ്ടായിരുന്നു. പൊന്നാമറ്റത്തിൽ ജോസഫ് മാപ്പിള, തോട്ടുങ്കൽ കുര്യൻ ഔസേഫ്, മുണ്ടയ്ക്കൽ കള പ്പുരയിൽ, ഉലഹന്നന് മാത്യു, മിഷൻ ഫ്രഞ്ചു ചേട്ടൻ, സി.എ. ആഗസ്തി ചീങ്കല്ലേൽ, ജോസഫ് കീലത്ത് തുട ങ്ങിയവരെ ഇവിടെ അനുസ്മരിക്കാം.

രാമപുരത്തിൻെറ നാളിതു വരെയുള്ള രാഷ്ട്രീയ ചരിത്രത്തിൽ ഏറ്റവും പ്രധാനപ്പെട്ട രാമപുരത്തുകാരൻ എം.എം. ജേക്കബാണ്. ഇപ്പോൾ മേഘാലയാ ഗവർണ്ണ റായിരിക്കുന്ന ബഹു. എം.എം. ജേക്കബ് ഒന്നിലധികം തവണ രാജ്യസഭാംഗവും കേന്ദ്ര മന്ത്രിയുമായിരുന്നിട്ടുണ്ട്. പക്ഷേ തീർത്തും ഒരു രാഷ്ട്രീയ നേതാവിയിട്ടല്ല രാമപു രത്തുകാർ അദ്ദേഹത്തെ കാണുന്നത്. നല്ലനിലയിൽ വിദ്യ ാഭ്യാസം പൂർത്തിയാക്കി, ധാരാളം അറിവു നേടി, പലവി ദേശ രാജ്യങ്ങളിലും സന്ദർശിച്ച് ധാരാളം വലിയ കാര്യ ങ്ങൾ രാമപുരത്തുകാരോട് പറഞ്ഞ മനുഷ്യനാണദ്ദേഹം. ദുദാൻയജ്ഞത്തിൽ പങ്കെടുത്തിട്ടുള്ള അദ്ദേഹം ആദ്യം മുതലേ ഒരു ഗാന്ധിയൻ ആയിരുന്നു. ഭാരത് സേവക് സമാജിൻെറ നേതൃത്വ നിരയിലും പ്രവർത്തിച്ചിരുന്നു. അധികാര രാഷ്ട്രീയത്തിൻെറ അഴിമതികളിലൊന്നും പെടാതെ ഇപ്പോഴും വലിയ മനുഷ്യനായി കഴിയുന്നു.

രാമപുരത്തുകാരനല്ലെങ്കിലും 1965- മുതൽ രാമ പുരം ഉൾപ്പെടുന്ന പാലാ നിയോജകമണ്ഡലത്തിൻെറ എം.എൽ.എ. ആയി തുടരുന്നത് ശ്രീ. കെ.എം. മാണി രാമപുരത്തിൻെറ ഓരോ രാഷ്ട്രീയ ചലനവും നിയന്ത്രി ക്കുന്ന നേതാവാണ്. ധാരാളം വികസന പ്രവർത്തന ങ്ങൾക്കു അദ്ദേഹം നേതൃത്വം നൽകിയിട്ടുണ്ട്.

സംശുദ്ധമായ രാഷ്ട്രീയത്തിൻെറ പര്യായമായി പാലാക്കാർ കാണുന്ന ആർ.വി. തോമസ് രാമപുരം ചോലപ്പിള്ളി കുടുംബത്തിൽപ്പെട്ട ആളാണ്. രാമപുരത്ത്

എന്നാണ് പാലായിൽ അദ്ദേഹത്തിൻെറ വീട്ടുപേരു തന്നെ. രാമപുരം ഉൾപ്പെടുന്ന നിയോജകമണ്ഡലത്തിൻെറ ആദ്യത്തെ എം.എൽ.എ.യും തിരുവിതാംകൂർ നിയമസഭാ സ്പീക്കറുമായിരുന്നിട്ടുള്ള ആർ.വി. തോമസിനെ രാമപുരത്തുകാർ സ്വന്തം കുടുംബത്തിലുൾപ്പെടുത്തിയാണ് ഇപ്പോഴും കാണുന്നത്. അതുപോലെയാണ് ഇവിടെ വിവിധ സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നതിനു ശേഷം ഇരിങ്ങാലക്കുടയിൽ താമസമാക്കിയ സി.ആർ. കേശവൻ വൈദ്യനേയും രാമപുരത്തുകാരനായി നാം കാണുന്നത്.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ വളരെ പ്രധാനപ്പെട്ട സംഭവ വികാസങ്ങൾ ഇവിടെ എടുത്തു പറയാനില്ല. വിമോചന സമരം കാര്യമായി അലയടിച്ച പ്രദേശമാണ് രാമപുരം. ഭൂപരിഷ്ക്കരണത്തോടനുബന്ധിച്ചു പല സമരങ്ങളും ഇവിടെ ഉണ്ടായിട്ടുണ്ട്. ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിലൂടെ തൊഴിലാളികൾ പല അവകാശങ്ങളും നേടിയെടുത്തിട്ടുണ്ട്. പഞ്ചായത്തിൻെറ ഭരണം ആദ്യം കോൺഗ്രസ്സിനായിരുന്നു. പിന്നീട് അതു കേരള കോൺഗ്രസിന്റെ കൈകയിൽ വന്നു. ഇപ്പോൾ വീണ്ടും കോൺഗ്രസിന്റെ കൈയിലായിരിക്കുകയാണ്. കമ്യൂണിസ്റ്റു പാർട്ടി പ്രതിനിധികൾ മിക്കപ്പോഴും പഞ്ചായത്തു കമ്മിറ്റിയിൽ ഉണ്ടായിരുന്നു. അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടിയുടെ കാലത്തു തന്നെ രാമപുരത്തിൻെറ ഗ്രാമ പ്രദേശങ്ങളിൽ അതിനു നല്ല സ്വാധീനമുണ്ടായിരുന്നു. കാവാലിയേൽ കുര്യാക്കോസ്, രാമപുരം ഗോപി, ജോസഫ് പൈമ്പിള്ളി തുടങ്ങിയവർ വളരെക്കാലം കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ പ്രധാനാ നേതാക്കന്മാരായിരുന്നു.

രാമപുരത്തിൻെറ രാജ്യസേവനപരമായ പ്രവർത്തനം പരാമർശിക്കുമ്പോൾ രാമപുരത്തു നിന്നുള്ള നിരവധി സൈനിക ഉദ്യോഗസ്ഥൻമാരെയും നാം അനുസ്മരിക്കണം. പഴക്കം കൊണ്ടും സ്ഥാനം കൊണ്ടും ലഫ്. കേണൽ പി.എസ്. ശിവരാമൻ നായർ പ്രധാനപ്പെട്ടയാളാണ്. വളരെ വിരളമായി മാത്രം ലഭിക്കുന്ന പരമവീര ചക്രം നേടിയ ഒരു രാമപുരത്തുകാരനുണ്ട്. മേജർ പരമേശ്വരൻ. ശ്രീലങ്കയിലെ സൈനിക പ്രവർത്തനങ്ങൾക്കിടയിൽ അദ്ദേഹം അന്തരിച്ചു. ഇപ്പോൾ സൈന്യത്തിൻെറ മൂന്നു വിഭാഗങ്ങളിലും സേവനം അനുഷ്ഠിക്കുന്നവരും സേവനം പൂർത്തിയാക്കിയവരുമായ നിരവധി രാമപുരത്തുകാരുണ്ട്. ഐ.എ.എസ്., ഐ.പി.എസ്. ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസ്, ഇന്ത്യൻ ഓഡിറ്റ് സർവ്വീസ്, ഇന്ത്യൻ അഗ്രികൾച്ചറൽ സർവീസ് തുടങ്ങിയ മേഖലകളിൽ സേവനം അനുഷ്ഠിക്കുന്നവരും ഒരു ഡസനോളം പി.എച്ച്.ഡി.ക്കാരും രാമപുരത്തുണ്ട്. ഡോക്ടർമാർ, എൻജിനീയർമാർ, അദ്ധ്യാപകർ, വക്കീലൻമാർ, ഇവരുടെ കാര്യം നേരത്തെ സൂചിപ്പിച്ചു. കൃഷിയുടെ മേഖലയിലും പേരെടുത്ത പലരും രാമപുരത്തുണ്ട്. ഇപ്പോഴത്തെ നിലയിൽ വ്യവസായികൾ എന്നു പറയാവുന്നവർ അധികമില്ല. റബറുമായി ബന്ധപ്പെട്ട ഏതാനും വ്യവസായ സ്ഥാപനങ്ങളേ രാമപുരത്തുള്ളൂ. എങ്കിലും റബ്ബർ വ്യാപാരികൾ ധാരാളമുണ്ട്. പൊതുവേ കാർഷിക പശ്ചാത്തലം പ്രധാനമായിട്ടുള്ളവരും പാരമ്പര്യത്തിൽ നിൽക്കുന്നവരുമാണ് രാമപുരത്തുകാർ.

മദ്യവർജ്ജന പ്രസ്ഥാനം ഇവിടെ ആളുകളിൽ വലിയ സ്വീധീനം ചെലുത്തിയതായി തോന്നിയിരുന്നില്ല. പക്ഷേ കഴിഞ്ഞ ഗ്രാമസഭാ യോഗങ്ങളിൽ ചാരായ നിരോധനം വിജയിക്കുന്നതിനെ കുറിച്ച് ആളുകൾ ആവേശപൂർവം സംസാരിക്കുകയുണ്ടായി. അതുകൊണ്ട് മിക്കപേരും അടിസ്ഥാനപരമായി ആഗ്രഹിക്കുന്നത് മദ്യത്തിൽ നിന്നുള്ള മോചനമാണെന്ന് വ്യക്തമാണ്.

ആരോഗ്യ പരിപാലനത്തിൽ അതീവ ശ്രദ്ധയുള്ളവരാണ് രാമപുരത്തുകാർ. രോഗപ്രതിരോധത്തിൽ ശ്രദ്ധിക്കുന്നവരാണ് ആരോഗ്യരംഗത്ത് നല്ല പ്രവർത്തനങ്ങൾ പഞ്ചായത്ത് ആവിഷ്ക്കരിക്കണമെന്ന് അവർ ആഗ്രഹിക്കുന്നു. ദുർബല ജനവിഭാഗങ്ങൾക്ക് പലവിധത്തിലുള്ള പരിരക്ഷകളും നൽകേണ്ട ആവശ്യം ഇവിടെയുണ്ട്. അതിനുള്ള പദ്ധതികൾ ജനകീയാസൂത്രണത്തിൻെറ ഭാഗമായി ആവിഷ്കരിക്കുന്നതും അവർ താത്പര്യപൂർവ്വം പ്രതീക്ഷിക്കുന്നു. രാമപുരത്തിൻെറ പൊതുവായ കുടിവെള്ള പ്രശ്നം നേരത്തെ സൂചിപ്പിച്ചു. സാക്ഷരത മിക്കവാറും പൂർണ്ണമായ ഈ പഞ്ചായത്തിൽ സാക്ഷരത പ്രവർത്തനം വിജയകരമായി നടത്തിയിരുന്നു. തൊഴിലില്ലായ്മയാണ് രാമപുരത്തുകാരുടെ ഏറ്റവും പ്രധാന പ്രശ്നം. അതു പരിഹരിക്കാനുതകുന്ന പരിപാടികൾ ധാരാളമുണ്ടാവണം.



IV

# ഭൂപ്രകൃതിയും വിഭവങ്ങളും

ഭൂമിശാസ്ത്രപരമായി ഇടനാട്ടിൽ വരുന്ന പ്രദേശമാണ് രാമപുരം. ഉത്തര അക്ഷാംശം 9 36 ഉം പൂർവ്വ രേഖാംശം 76 34 ഉം ഇടനാടാണെങ്കിലും ഇവിടെ കുന്നുകളും മലകളും ധാരാളമുണ്ട്. രാമപുരത്തിന്റെ കേന്ദ്രമായ ടൗൺ പ്രദേശം സമതലമാണ്. അവിടെ നിന്നും വടക്കോട്ടും പടിഞ്ഞാറോട്ടും മാറിയാൽ മലകകളാണ്. നെടുമല, കുരുവൻകുന്ന് ഇവ വടക്കും, കൂഴമല പടിഞ്ഞാറും, അന്ത്യാളം കുന്നുകൾ തെക്കും സ്ഥിതി ചെയ്യുന്നു. ഈ മലകളുടെ ഉൾച്ചെരിവുകളും ഇടയ്ക്കു വരുന്ന സാമാന്യം വിസ്തൃതമായ താഴ്വാരകളും ചേർന്നതാണ് ഈ പഞ്ചായത്തെന്നു പറയാം. നെടുമലയെ തുടർന്നുള്ള കുറിഞ്ഞീ കൂമ്പൻ ആ പേരു സൂചിപ്പിക്കും വിധം വൃത്തസ്ഥൂലാകൃതിയിൽ കിഴുക്കാംതൂക്കായി ഉയർന്നു നിൽക്കുന്നു. കാലാകാലങ്ങളായി വെള്ളമൊഴുകി പാറ തെളിഞ്ഞു നിൽക്കുന്ന കൂമ്പന്റെ മുകൾ ഭാഗത്ത് ജനാധിവാസവും സാധാരണ കൃഷിയുമില്ല. എങ്കിലും കൂമ്പൻ രാമപുരത്തിന്റെ ഭൂവിസ്തൃതിയിൽ നിസ്സാരമായ ഒരു ഭാഗമേ ആകുന്നുള്ളൂ. നെടുമല നീണ്ടു കിടക്കുന്ന മലയാണ്. കോട്ടയം ഇടുക്കി ജില്ലകളുടെ അതിരുമാണത്. നെടുമലയിൽ ഏതാനും വർഷം മുമ്പ് ഉരുൾപൊട്ടലുണ്ടായി. മുമ്പും ഈ മലയിൽ ഉരുൾപൊട്ടലുകൾ ഉണ്ടായിട്ടുണ്ടെന്നു അവിടെക്കാണുന്ന വെള്ളച്ചാലുകൾ വ്യക്തമാക്കുന്നു.

കൂഴമലയും സാമാന്യം ഉയരമുള്ള മലയാണ്. അതിന്റെ കിഴക്കേ ചെരുവാണ് രാമപുരം പഞ്ചായത്തിൽ വരുന്നത്. അവിടെ ഉരുളുപടി ഭാഗത്ത് കുറെ വർഷം മുമ്പ് ചെറിയൊരു ഉരുൾപൊട്ടലുണ്ടായിട്ടുണ്ട്. കൂഴമലയുടെ ഭാഗമായ പരുന്തൻമലയിൽ നിന്നു നോക്കിയാൽ രാമപുരത്തിന്റെ മിക്കഭാഗങ്ങളും കാണാം. എന്നാലും ഈ പ്രദേശങ്ങളെല്ലാം കൃഷിയോഗ്യമാണ്. ഇടക്കോലി ഭാഗത്തും ധാരാളം ചെറിയ കുന്നുകളുണ്ട്. ഈ പ്രദേശത്തിന്റെ മിക്ക ഭാഗങ്ങളും ഉയർന്ന സ്ഥലങ്ങളാണ്. കൊണ്ടാടിനു കിഴക്ക് വളക്കാട്ടു കുന്നും കൃഷിയോഗ്യമായ ഉയർന്ന പ്രദേശങ്ങളാണ്. അതിനടുത്തുള്ള വാഴയ്ക്ക മലയും വടക്കുഭാഗത്തുള്ള പഴമലയും പേരുകൾ സൂചിപ്പിക്കുന്നതു പോലെ വലിയ മലകളല്ല, കുന്നുകൾ മാത്രം.

ഈ കുന്നുകളിൽ നിന്നെല്ലാം തോടുകൾ പുറപ്പെടുന്നുണ്ട്. കൊണ്ടാട്, അമനകര, നീറന്താനം ഭാഗങ്ങളിൽ നിന്നെല്ലാം ഓരോ വലിയ തോടുകൾ ഒഴുകി വരുന്നുണ്ട്. ടൗണിന്റെ വടക്കും തെക്കും ഭാഗത്തു കൂടി സമാന്തരമായി ആ തോടുകൾ കിഴക്കോട്ടൊഴുകി ഏഴാച്ചേരി തോട്ടിൽ ചേരുന്നു. ഈ തോടുകളെല്ലാം വർഷത്തിൽ ജലസമൃദ്ധമാണ്. എങ്കിലും വേനലാവുമ്പോൾ വറ്റുന്നു. ഈ തോടുകളെ കോർത്തിണക്കുന്ന ചെറുതോടുകളും നീർച്ചാലുകളും വേനലിന്റെ ആരംഭത്തിൽ തന്നെ വറ്റുന്നു.

ജലദൗർലഭ്യം ഓരോ വർഷവും വർദ്ധിച്ചു വരുന്നതാണ് ഈ പ്രദേശത്തിന്റെ പ്രത്യേകത. ഉപരിതലജലവും ഭൂഗർഭ ജലവും വേണ്ടത്ര ലഭ്യമല്ലാതെ വരുന്നതു കൊണ്ട് രാമപുരത്തിന്റെ എല്ലാ വാർഡുകളിലും കുടിവെള്ളത്തിനു വിഷമിക്കുന്ന പല പ്രദേശങ്ങളുമുണ്ട്. മണ്ണിന്റെ ജലാഗിരണ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ പ്രാധാന്യത്തോടെ ഇവിടെ നടപ്പാക്കിയേ പറ്റൂ. നീർത്തട പദ്ധതികൾ വിപുലമായ തോതിൽ ഈ പഞ്ചായത്തിൽ ആസൂത്രണം ചെയ്യേണ്ടതാണ്. പഞ്ചായത്തിൽ മനുഷ്യ നിർമ്മിതമായ പല കുളങ്ങളും ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുകയാണ്. പലതും മണ്ണടിഞ്ഞു വേനലിന്റെ തുടക്കത്തിലേ വറ്റിപ്പോകുന്ന നിലയിലാണ്. ഈ കുളങ്ങൾ ആഴംകൂട്ടി കെട്ടി സൂക്ഷിക്കുന്നത് ജലലഭ്യതയ്ക്കു പ്രയോജനപ്പെടും.

ഭൂപ്രകൃതിയനുസരിച്ച് രാമപുരത്തെ നാലു മേഖലകളായി തിരിയ്ക്കാം.

### 1. നല്ല ചെരിവുള്ള പ്രദേശങ്ങൾ

ഏകദേശം 20% ഭൂമി നല്ല ചെരിവു പ്രദേശങ്ങളാണ്. ഈ ഭാഗങ്ങളിൽ മണ്ണൊലിപ്പു പ്രശ്നം രൂക്ഷമാണ്.

### 2. ചെറു ചെരിവു പ്രദേശങ്ങൾ

30% സ്ഥലങ്ങൾ സാമാന്യമായ ചെരിവുള്ളതാണ്. ചെരിവുള്ള പ്രദേശങ്ങൾ റബർ കൃഷിക്കു പൊതുവേ അനുയോജ്യമാണ്. മണ്ണിൽ ജലം സംഭരിച്ചു നിർത്താനുള്ള വിവിധ പ്രവർത്തനങ്ങൾ നടത്തേണ്ട പ്രദേശമാണിത്. കയ്യാലകളും മറ്റുമുണ്ടെങ്കിൽ മണ്ണൊലിപ്പു തടയാൻ കഴിയുന്ന പ്രദേശങ്ങളാണിത്.

### സമതലം

ജനവാസം കൂടുതലുള്ളതും ധാരാളം കൃഷിയുള്ളതുമായ പ്രദേശമാണ് ഈ പഞ്ചായത്തിലെ സമതല പ്രദേ

## ഭൂപ്രകൃതി വിഭാഗങ്ങൾ / കൃഷിസ്ഥലം

| ഭൂപ്രകൃതി | വിസ്തീർണ്ണം ഹെക്ടറിൽ | ശതമാനം | മണ്ണ് | വിസ്തീർണ്ണം ഹെക്ടറിൽ | ശതമാനം |
|---|---|---|---|---|---|
| മലഞ്ചെരുവ് | 1090 | 20 | നിലം | 475 | 9 |
| ചെറുചെരിവ് | 1636 | 30 | പുരയിടം | 4919 | 90 |
| സമതലം | 2181 | 40 | കൃഷിയോഗ്യമായ തരിശ് | Nil | |
| താഴ്വാരം | 545 | 10 | കൃഷിയോഗ്യമല്ലാത്ത തരിശ് | 60 | 1 |

## രാമപുരം പഞ്ചായത്തിൽ വിവിധകാലങ്ങളിൽ കാണാറുള്ള പക്ഷികൾ

1. ചെറിയ നീർക്കാക്ക
2. ചിന്നമുണ്ടി
3. കാലിമുണ്ടി
4. മഴക്കൊച്ച
5. കരിങ്കൊച്ച
6. കുളക്കൊക്ക്
7. പ്രാപ്പിടിയൻ
8. മീൻകൊത്തിച്ചാത്തൻ (പൊൻമാൻ)
9. പുള്ളിമീൻകൊത്തി
10. ചെറിയമീൻകൊത്തി
11. കാക്കമീൻകൊത്തി
12. കുളക്കോഴി
13. ചെങ്കണ്ണി
14. അമ്പലപ്രാവ്
15. ഓമനപ്രാവ് (പൊട്ടൻ ചെങ്ങാലി)
16. അരിപ്രാവ്
17. നാട്ടുതത്ത
18. പൂന്തത്ത
19. ചക്കയ്ക്കുപ്പുണ്ടോ കുയിൽ
20. പേക്കുയിൽ
21. ചെമ്പോത്ത് (ഉപ്പൻകാക്ക)
22. കാലങ്കോഴി
23. പുള്ളിനത്ത്
24. ചെവിയൻനത്ത്
25. പനങ്കൂളൻ
26. അമ്പലംചുറ്റി
27. പനങ്കാക്ക
28. നാട്ടുവേലിത്തത്ത
29. ചിന്നക്കുട്ടുറുവൻ
30. ചെമ്പുകൊട്ടി
31. നാട്ടുമരംകൊത്തി
32. ചിത്രാംഗൻ മരംകൊത്തി
33. മറാട്ടാ മരംകൊത്തി
34. മഞ്ഞക്കറുപ്പൻ
35. ഇന്ത്യൻ മഞ്ഞക്കിളി
36. കാവി
37. ഇണക്കാത്തേവൻ
38. ചാരപ്പൂണ്ടൻ
39. വരയൻ കത്രിക
40. തീക്കുരുവി
41. കാട്ടിലക്കിളി
42. നാടൻ ഇലക്കിളി
43. ഇരട്ടത്തലച്ചി ബുൾബുൾ
44. നാട്ടുബുൾബുൾ
45. കാടുമുഴക്കി
46. കാക്കത്തമ്പുരാൻ
47. ആനറാഞ്ചി
48. ഓലേഞ്ഞാലി
49. പേനക്കാക്ക
50. ബലിക്കാക്ക
51. കുയിൽ
52. ചാരമരപ്പൊട്ടൻ
53. കരിയിലക്കിളി
54. പൂത്താങ്കീരി
55. മണ്ണാത്തിപ്പുള്ള്

ശങ്ങൾ. രാമപുരത്തിൻെറ മദ്ധ്യഭാഗം സമതലമാണ്. ഭൂവിസ്തൃതിയുടെ 40 % വരും ഇത്.

### താഴ്‌വാരം

കുന്നുകൾക്കിടയിൽ വരുന്ന ഇത്തരം പ്രദേശങ്ങൾ പലതും ചെറിയ ചെറിയ നെൽപ്പാടങ്ങളാണ്. 10% ഭൂമി താഴ്‌വാരങ്ങളാണെന്നു കണക്കാക്കാം.

മണ്ണ് പൊതുവേ വളക്കൂറുള്ളതാണ്. ചെമ്മണ്ണ്, ചെങ്കല്ലു ചേർന്ന മണ്ണ്, പശിമരാശി മണ്ണ്, ചെളിമണ്ണ് ഇവയെല്ലാം ഇവിടെയുണ്ട്. മണൽ മണ്ണും, കരിമണ്ണും മിക്കവാറും ഇല്ലെന്നു തന്നെ പറയാം. ഒറ്റക്കരിങ്കല്ലുകൾക്കിടയിലുള്ള മണ്ണ് വളരെ ഫലപുഷ്ടിയുള്ളതും റബർ കൃഷിക്ക് അനുയോജ്യവുമാണ്. ഇത്തരം മണ്ണിൽ ഈർപ്പം കൂടുതൽ നിലനിൽക്കുകയും ചെയ്യും. ഇത്തരം സ്ഥലങ്ങൾ പഞ്ചായത്തിൽ ധാരാളമുണ്ട്.

വെള്ളക്കെട്ടുകളോ ചതുപ്പുകളോ പഞ്ചായത്തിലില്ല. വലിയ പാറക്കെട്ടുകളുമില്ല.

കഠിനമായ ചൂടോ തണുപ്പോ അനുഭവപ്പെടാത്ത സമശീതോഷ്ണമായ കാലാവസ്ഥയാണിവിടെ. മഴക്കാലം, മഞ്ഞുകാലം, വേനൽക്കാലം എന്നിങ്ങനെ മൂന്നു കാലങ്ങളെ അനുഭവപ്പെടുന്നുള്ളൂ. കാലവർഷം കൂടിയും തുലാവർഷം കുറഞ്ഞുമാണ് അനുഭവപ്പെടുന്നത്. മഞ്ഞുകാലം കുറച്ചേയുള്ളൂ. വേനൽക്കാലം കൂടി വരുന്നതാണ് അനുഭവം. വർഷകാലവും വേനൽക്കാലവും പ്രവചനാതീതമായ വ്യതിയാനങ്ങളോടെ കാണപ്പെടുന്നതാണ് ശ്രദ്ധേയമായ കാര്യം.

പരിസ്ഥിതി പ്രശ്നങ്ങളും ജനവായു മലിനീകരണ പ്രശ്നങ്ങളും പഞ്ചായത്തിൽ ഇല്ലെന്നു തന്നെ പറയാം. അതിന് ഒരു കാരണം മലിനീകരണുണ്ടാക്കുന്ന വ്യവസായങ്ങളൊന്നുമില്ലെന്നുള്ളതാണ്. പിന്നെ പഴയ കാടുകളും കാവുകളുമില്ലെങ്കിലും റബർ മരങ്ങൾ തിങ്ങി നിറഞ്ഞു നിൽക്കുന്നതുകൊണ്ട് ഹരിതാഭമാണ് മുഴുവൻ പ്രദേശങ്ങളും. റബർ പാൽ സംഭരണവും ഷീറ്റാക്കലുമായി ബന്ധപ്പെട്ട ചെറിയ മലിനീകരണം വീട്ടുകാർക്കു തന്നെ പരിഹരിക്കാവുന്നതേയുള്ളൂ.

രാമപുരത്തെ പ്രധാന വിഭവം റബർ തന്നെയാണ്. അത് ഷീറ്റ് രൂപത്തിൽ തയ്യാറാക്കി ഉണക്കി വിൽക്കുകയാണ്. റബർ പാൽ നേരിട്ടു സംഭരിക്കുന്ന രീതിയും ഇപ്പോഴുണ്ട്. മറ്റു കാർഷിക വിഭവങ്ങളായ നെല്ല്, കപ്പ, വാഴയ്ക്ക, പച്ചക്കറികൾ ഇവയൊന്നും ആവശ്യത്തിനില്ല. നാണ്യവിള കൃഷി ചെയ്ത് ഭക്ഷ്യവസ്തുക്കൾ മിക്കതും വിലയ്ക്കു വാങ്ങുന്ന രീതിയാണ്. അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ ഈ നാട്ടിൽ മനുഷ്യവിഭവ ലഭ്യത ഉറപ്പാക്കുന്നുണ്ട്. ജനസാന്ദ്രത കേരളത്തിൻെറ പൊതുശരാശരിയിൽ അൽപം താഴെയാണ്. 95% സാക്ഷരത കൈവരിച്ചിട്ടുള്ള പ്രദേശമാണിത്. പൊതുവേ കാർഷിക പശ്ചാത്തലമുള്ള ഒരു ഇടനാടൻ ഗ്രാമമായി രാമപുരത്തെ കണക്കാക്കാം.

# V. വികസന മേഖലകൾ

## V.1

## കൃഷി-ജലസേചനം വനവൽക്കരണം

കേരളത്തിൻെറ ഭൂപ്രകൃതിയിൽ ഇടനാടിൻെറ അവസാനത്തിലും മലനാടിൻെറ തുടക്കത്തിലുമായി സ്ഥിതി ചെയ്യുന്ന ഒരു വലിയ പഞ്ചായത്താണ് രാമപുരം.

രാമപുരം ഫലപുഷ്ടിയുള്ള മണ്ണിനാൽ അനുഗൃഹീതമാണ്. കൊല്ലത്തിൽ ഏകദേശം 165 ദിവസം മഴ ലഭിക്കുന്ന പ്രദേശമാണിത്. മഴവെള്ളം ഈ തോടുകളിലൂടെ വേഗത്തിൽ ഒഴുകിപ്പോകുന്നു. അതു തടഞ്ഞു നിർത്താനുള്ള സംവിധാനം ഒന്നും തന്നെയില്ല. വലിയ കുളങ്ങളോ ജലസംഭരണികളോ ഇല്ല. പഴയകാലത്ത് താഴ്ന്ന പ്രദേശങ്ങളിലെല്ലാം മഴവെള്ളം തടഞ്ഞു നിർത്തി ഒരുപ്പൂ, ഇരുപ്പൂ നെൽകൃഷികൾ നടത്തിയിരുന്നു. തോടുകളിൽ പ്രാദേശികമായി ലഭ്യമായിരുന്ന വസ്തുക്കൾ ഉപയോഗിച്ച് കൃഷിക്കാർ ശ്രമദാനമായി ചിറകൾ കെട്ടിയായിരുന്നു ജലം നെൽകൃഷിയ്ക്ക് പ്രയോജനപ്പെടുത്തിയിരുന്നത്. അതുകൊണ്ട് അക്കാലത്ത് പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം തട്ടിയിരുന്നില്ല. വേനൽക്കാലത്തും വെള്ളമുണ്ടായിരുന്ന തോടുകളിലെല്ലാം ധാരാളം മീനും ഉണ്ടായിരുന്നു. പുതുമഴയ്ക്ക് വയലുകളിൽ മുട്ടയിട്ട് പ്രജനനം നടത്താൻ വരുന്ന ഊത്തമീനുകളുടെ സഞ്ചാരത്തിനും ഈ ചിറകൾ തടസം സൃഷ്ടിച്ചിരുന്നില്ല. വെള്ളം മുഴുവനും വാർന്നു പോകാതെയിരുന്നതിനാൽ വേനൽക്കാലത്ത് കുടിവെള്ളക്ഷാമവും ഉണ്ടായിരുന്നില്ല. ഭക്ഷ്യവസ്തുക്കൾ മുഴുവനും തന്നെ സ്വയം കൃഷി ചെയ്ത് ഉൽപ്പാദിപ്പിച്ചിരുന്നു.

ആദ്യകാലത്തെ നമ്മുടെ പ്രധാന കൃഷികൾ നെല്ല്, കുരുമുളക്, തെങ്ങ്, കമുക്, ഇഞ്ചി, മഞ്ഞൾ, തെരുവപ്പുല്ല്, കാപ്പി മുതലായവ ആയിരുന്നു. കാലക്രമേണ കപ്പയും കടന്നുവന്നു. മിക്കവാറും മലയോരങ്ങളിലെല്ലാം തെങ്ങും കമുകും കുരുമുളകും ചേർന്ന ദേഹണ്ഡങ്ങളാണ് ഉണ്ടായിരുന്നത്. താഴ്ന്ന പ്രദേശങ്ങളെല്ലാം നിരത്തി കണ്ടങ്ങളാക്കി നെല്ലും ബാക്കി സ്ഥലങ്ങളിലൊക്കെ മറ്റു കൃഷികളും ധാരാളമായി ചെയ്തിരുന്നു. ധാരാളം സ്ഥലം മരങ്ങൾ കൊണ്ടു നിറഞ്ഞും പുൽമേടുകളായും കിടന്നിരുന്നു. പുതുമഴ മുതൽ മകരക്കൊയ്ത്ത് വരെ (മേയ് മുതൽ ഡിസംബർ – ജനുവരി വരെ) നീരൊഴുക്ക് മിക്കവാറും സ്ഥലങ്ങളിൽ നിലനിന്നിരുന്നു. 1958–നു ശേഷം റബർ കൃഷി ഈ പ്രദേശത്ത് വ്യാപകമായി. റബറിൻെറ വരവോടെ ഇവിടെ പുരയിടങ്ങളിലും മലഞ്ചെരിവുകളിലും ഉണ്ടായിരുന്ന വൃക്ഷങ്ങൾ വ്യാപകമായി മുറിച്ചു നീക്കപ്പെട്ടു. റബർ ബോർഡിൻെറ നിർദ്ദേശങ്ങളും നിയന്ത്രണങ്ങളും സഹായധന പരിപാടിയും എല്ലാം റബർ കൃഷിക്ക് അനുകൂല ഘടകങ്ങളായിരുന്നു. കോഫി ബോർഡിൻെറ കുത്തക സംഭരണം പോലുള്ള പ്രശ്നങ്ങൾ കർഷകരെ റബർ കൃഷിയിലേക്ക് ചുവടുമാറ്റാൻ പ്രേരിപ്പിച്ചു. റബർ കൃഷിയുടെ വരവ് ഇന്നാട്ടിലെ ഭൂമിയുടെ ഘടനയിലും മണ്ണു സംരക്ഷണ രീതികളിലും വൻമാറ്റങ്ങൾ വരുത്തി. തൽഫലമായി മലകളിൽ നിന്നുള്ള നീരൊഴുക്ക് കുറഞ്ഞു. ഒരുപ്പൂ നിലങ്ങളും ഇരുപ്പൂനിലങ്ങൾ പോലും റബർത്തോട്ടങ്ങളായി. കുറഞ്ഞ അദ്ധ്വാനം കൊണ്ട് ജിവിക്കാം എന്നു മനസ്സിലായ കൃഷിക്കാർ നെൽകൃഷി കുറേശ്ശെ ഉപേക്ഷിച്ചു.

ഭൂപരിഷ്കരണ നിയമം നമ്മുടെ നാട്ടിലെ കൃഷിരീതിയിലും ജന്മി – കുടിയാൻ ബന്ധങ്ങളിലും സാരമായ മാറ്റം വരുത്തി. കൈവശക്കാരന് ഭൂമി ലഭിച്ചപ്പോൾ അവർ കൂടുതലും ചെറുകിടക്കാരായിരുന്നു. കൃഷിപ്പണിക്ക് അധികം കൂലിക്കാരേ ആവശ്യമില്ലാതായി. പരമ്പരാഗതമായി കർഷക തൊഴിലാളികളായിരുന്നവരുടെ പിൻതലമുറ ആ

തൊഴിലിൽ നിന്ന് വിട്ടുമാറി. വ്യാപകമായി ഉണ്ടായ വിദ്യാഭ്യാസ സൗകര്യം കർഷകർക്കും കർഷക തൊഴിലാളികൾക്കും കൃഷിയോടുള്ള മനോഭാവത്തിൽ ഗണ്യമായ മാറ്റം വരുത്തി. കർഷകവൃത്തിയേക്കാൾ കാമ്യം സ്ഥിരവരുമാനമുള്ള ജോലി ആയിത്തീർന്നു.

## റബർകൃഷി

ഇപ്പോൾ ഈ പഞ്ചായത്തിലെ ഏറ്റവും പ്രധാന കൃഷി റബറാണ്. മൊത്തം ഭൂമിയുടെ 66% റബർ കൃഷി ചെയ്തിരിക്കുന്നു. 54.54 ച.കി.മീ. ഭൂവിസ്തൃതിയുള്ള രാമപുരം പഞ്ചായത്തിൽ 3600 ഹെക്ടർ സ്ഥലത്ത് റബർ കൃഷിയുണ്ട്. (പട്ടിക 3.2 കാണുക) റബറിൻെറ ഉൽപാദനം മോശമല്ല താനും. ജനങ്ങളിൽ ഭൂരിപക്ഷത്തിൻെറയും പ്രധാന വരുമാനമാർഗ്ഗവും റബർ തന്നെ. സ്വാഭാവിക റബർ ഷീറ്റായി മാത്രം ഉൽപ്പാദിപ്പിക്കപ്പെടുന്നു. വ്യാവസായികാടിസ്ഥാനത്തിലുള്ള ഉൽപാദനം തീരെ കുറവാണ്. റബറിൻെറ ഉൽപാദനം വർദ്ധിപ്പിക്കാൻ റബർ ബോർഡിൻെറ സഹായത്തോടെയുള്ള പദ്ധതികൾ കാര്യക്ഷമമായി നടത്തണം. അതിനായി താഴെപ്പറയുന്ന കാര്യങ്ങൾ സമയബന്ധിതമായി ചെയ്യണം.

1. അത്യുൽപ്പാദന ശേഷിയുള്ള റബർ തൈകൾ നടാൻ കൃഷിക്കാരെ പ്രേരിപ്പിക്കണം.
2. ഗുണമേന്മയുള്ള റബർ ഷീറ്റ് ശാസ്ത്രീയമായി ഉൽപാദിപ്പിക്കാൻ ബോധവൽക്കരണത്തിലൂടെ കർഷകരെ നിർബന്ധിക്കണം.
3. റബർ ബോർഡിൽ നിന്ന് തൊഴിലാളികൾക്ക് ലഭിക്കാവുന്ന ആനുകൂല്യങ്ങൾ അവർക്ക് ലഭ്യമാകുന്ന അവസ്ഥ ഉണ്ടാക്കണം.
4. കമ്പോസ്റ്റ് വളം നിർമ്മാണവും മണ്ണിര വളർത്തലും പരിചയപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും വേണം.
5. പ്രകൃതിക്ഷോഭം മൂലവും രോഗങ്ങൾ മൂലവും റബർ മരങ്ങൾക്ക് എല്ലാ വർഷവും ഉണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ റബർ മരങ്ങൾ ഇൻഷ്വർ ചെയ്യാനുള്ള ഏർപ്പാടുകൾ ചെയ്യണം
6. വളപ്രയോഗത്തിലെ പോരായ്മകൾ കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ മണ്ണു പരിശോധന നിർബന്ധമായി ചെയ്യിക്കുകയും അതിൻെറ അടിസ്ഥാനത്തിൽ മാത്രം വളം പ്രയോഗിക്കാൻ കൃഷിക്കാരെ പ്രേരിപ്പിക്കുകയും വേണം.
7. റബർ കൃഷിയിൽ വരുന്ന പുതിയ ഗവേഷണ ഫലങ്ങൾ കൃഷിക്കാരിൽ എത്തിക്കണം. റബർ ബോർഡിൻെറ നിർദ്ദേശങ്ങൾ കൃത്യമായി ലഭ്യമാക്കണം.
8. നഴ്സറികൾക്കും മണ്ണു പരിശോധനയ്ക്കും തൊഴിൽരഹിതരായ അഭ്യസ്തവിദ്യരായ യുവാക്കളെ റബർ ബോർഡ് പരിശീലിപ്പിക്കുകയും നടീൽ വസ്തുക്കളുടെയും ഉൽപ്പന്നത്തിന്റെയും ഗുണമേന്മ ഉറപ്പാക്കുകയും വേണം.
9. റബർ കൃഷിയിൽ നഷ്ടം ഉണ്ടാകുന്നത് തിട്ടപ്പെടുത്താൻ റബർ ബോർഡ് പ്രതിനിധിയും കൃഷി ഭവനിലെ ഉദ്യോഗസ്ഥനും ഇൻഷുറൻസ് കമ്പനി പ്രതിനിധിയും പഞ്ചായത്ത് മെമ്പറും ഉൾപ്പെട്ട സമിതി ഉണ്ടാക്കുകയും നഷ്ടപരിഹാരത്തുക എളുപ്പത്തിൽ ലഭ്യമാക്കുകയും വേണം.
10. കാറ്റിൽ നിന്നും റബർ തോട്ടങ്ങളെ രക്ഷിക്കാൻ റബർ തോട്ടങ്ങൾക്കു ചുറ്റും "Wind breakers' ആയി ആഞ്ഞിലി, തേക്ക്, മഹാഗണി, തമ്പകം മുതലായ വൃക്ഷങ്ങൾ നടുവാൻ കർഷകരെ പ്രേരിപ്പിക്കണം. വിറകിനും തടിക്കും ഇവ ഉപകരിക്കുകയും ചെയ്യും.
11. ഈ പ്രദേശത്തെ ഉത്സാഹികളായ ചെറുപ്പക്കാർക്ക് റബർ കൃഷിയിലുള്ള പരിചയവും അറിവും ഉപയോഗിച്ച് മറ്റു സംസ്ഥാനങ്ങളിൽ റബർ കൃഷിക്ക് വേണ്ട സഹായസഹകരണങ്ങൾ റബർ ബോർഡ് ചെയ്യുകയും അവരുടെ ഒരു സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തനം തുടങ്ങുകയും ചെയ്യണം.
12. ഇപ്പോഴുള്ള R.P.S. കളെ പരമാവധി പ്രയോജനം കിട്ടത്തക്കവിധം റബർ ഉൽപാദനത്തിലും വിപണനത്തിലും ഉപയോഗിക്കണം.

## തെങ്ങ്

തെങ്ങു കൃഷി ഈ പഞ്ചായത്തിൽ കുറഞ്ഞു വരുകയാണ്. 850 ഹെക്ടർ സ്ഥലത്ത് തെങ്ങു കൃഷി ഉണ്ട്. കേരളത്തിലെ കൃഷിയിൽ ഇന്നും ഒന്നാമനായ നാളികേരം ഈ പഞ്ചായത്തിൽ പിന്തള്ളപ്പെട്ടിരിക്കയാണ്. തെങ്ങിൻെറ രോഗങ്ങളും ഉൽപാദനത്തിലുണ്ടായ കുറവും വിലക്കുറവും ഇതിനു കാരണങ്ങളാണ്. കാർഷിക മേഖലയിലെ തൊഴിലാളികളുടെ ലഭ്യതക്കുറവ് തെങ്ങുകയറ്റ മേഖലയേയും ബാധിച്ചു. സർക്കാരും ജനങ്ങളും ബോധപൂർവ്വം ശ്രമിച്ചെങ്കിൽ മാത്രമേ കേരകൃഷിക്ക് ഭാവിയുള്ളൂ.

## മറ്റു പ്രശ്നങ്ങൾ

1. നടീൽ വസ്തുക്കളിലെ മേന്മ കുറവ് രോഗബാധയ്ക്കു കാരണം ആകുന്നു.
2. രാസവളങ്ങളുടെ വിവേചനരഹിതമായ പ്രയോഗം മൂലം രോഗപ്രതിരോധ ശക്തി കുറയുന്നു.
3. നാളികേര വിലയിൽ വരുന്ന ഏറ്റക്കുറച്ചിലുകൾ കൃഷിക്കാരനു എല്ലായ്പ്പോഴും ദോഷം ചെയ്യുന്നു.
4. ജലസേചനത്തിനു വന്ന പോരായ്മ ഉൽപ്പാദനത്തിൽ കുറവു വരുത്തി.

ഗ്രാമസഭകളിൽ ഉണ്ടായ പരിഹാര നിർദ്ദേശങ്ങൾ വളരെ പ്രധാനപ്പെട്ടതും പ്രായോഗികവും ആണ്. അവ താഴെ പറയുന്നു.

1. രോഗങ്ങളെ പ്രതിരോധിക്കാൻ ശേഷിയുള്ള വിത്തുകൾ ഉപയോഗിക്കുകയും അവ കൃഷിക്കാർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യണം. നാടൻ വിത്തിനങ്ങൾക്ക് വേനലിനെ ചെറുക്കാനുള്ള ശേഷി കൂടുതൽ ഉണ്ട്.

2. കഴിവതും ജൈവവളങ്ങൾ ഉപയോഗിച്ചുള്ള കൃഷിരീതി പ്രയോഗത്തിൽ വരുത്തുക. തെങ്ങിന് നടത്തുന്ന വളപ്രയോഗത്തിൻെറ ഫലം 42 മാസങ്ങൾക്ക് ശേഷമേ അനുഭവപ്പെടുന്നുള്ളൂ. ഇതു വള പ്രയോഗത്തിൽ കണക്കിലെടുക്കേണ്ട പ്രധാനപ്പെട്ട കാര്യമാണ്.

3. തെങ്ങിൻെറ ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിൽക്കാൻ വനിതാ സംഘടനകൾ രൂപീകരിക്കുകയും അവർക്കു വേണ്ട സാങ്കേതിക പരിജ്ഞാനം നൽകുകയും ദേശസാൽകൃത ബാങ്കുകളും സഹകരണ ബാങ്കുകളും മുഖേന ആവശ്യത്തിനുള്ള ഫണ്ട് ലഭ്യമാക്കുകയും വേണം. ഇതിനു പഞ്ചായത്തുകൾ മുൻകൈ എടുക്കണം.

4. തെങ്ങിൻെറ ഇടവിളയായി വാഴ, പച്ചക്കറി, കൊക്കോ, കൈതച്ചക്ക മുതലായവ കൃഷി ചെയ്യാവുന്നതും ഇതുവഴി ആദായം വർദ്ധിപ്പിക്കാവുന്നതുമാണ്. ഇടവിളക്ക് ചെയ്യുന്ന പരിചരണവും ജലസേചനവും തെങ്ങിന് ഗുണകരമായിരിക്കും.

5. തെങ്ങിൻെറ സംരക്ഷണത്തിൽ കൂടുതൽ ശ്രദ്ധിക്കണം. വേനൽക്കാലം തുടങ്ങുന്നതിനു മുമ്പായി തെങ്ങിൻെറ ചുവട് കൊത്തിമൂടുകയും ഇടയിളക്കിയിടുകയും ചെയ്താൽ വരൾച്ച ബാധിക്കുന്നതു കുറയ്ക്കാം.

6. കേര കർഷക സംഘങ്ങളെ പഞ്ചായത്തടിസ്ഥാനത്തിൽ തെങ്ങു കൃഷി വിപുലീകരിക്കാൻ ഉപയോഗിക്കാവുന്നതും അവ ഉപയോഗിച്ച് എളുപ്പത്തിൽ ബോധവൽക്കരണം സാധിക്കാവുന്നതുമാണ്.

## നെൽകൃഷി

കേരളത്തിലെ നെല്ലുൽപ്പാദന മേഖല നാനാമുഖമായ പ്രതിസന്ധികളെ നേരിടുകയാണ്. ഇവിടെയും അതുതന്നെ അവസ്ഥ. നെൽകൃഷിക്കുപയോഗിച്ചുകൊണ്ടിരുന്ന ഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞതു നെല്ലുൽപ്പാദനത്തിലും കാര്യമായ കുറവ് വരുത്തി. നെൽപ്പാടങ്ങളുടെ നിരോധനം ഭക്ഷ്യസ്വയം പര്യാപ്തതയേയും നമ്മുടെ സാമ്പത്തിക സുസ്ഥിതിയേയും പ്രതികൂലമായി ബാധിക്കുന്നു. കൂടാതെ ഇതിൽ നിന്നുണ്ടാകുന്ന സാമൂഹിക പരിസ്ഥിതി പ്രശ്നങ്ങളും നിസ്സാരമല്ല.

രാമപുരത്തെ നെൽപ്പാടങ്ങളിൽ നല്ലൊരു പങ്ക് റബർ കൃഷിക്കായും കൊക്കോ, തെങ്ങ്, കമുക്, കൈതച്ചക്ക, മരച്ചീനി മുതലായ കൃഷികൾക്കായും മാറ്റിക്കഴിഞ്ഞു. ഈ മാറ്റത്തിനുള്ള കർഷകൻെറ പ്രേരണ നെൽകൃഷിയെക്കാൾ മറ്റ് ഏതു കൃഷിയും ലാഭകരമാണ് എന്നതു തന്നെ. ഇത് നമ്മുടെ സമ്പദ് വ്യവസ്ഥയുടെയും നിലനിൽപ്പിൻെറയും പ്രശ്നമാണ്.

മറ്റ് ഏതു തൊഴിലിനെക്കാളും കൂടുതൽ തൊഴിലവസരങ്ങളും ആനുപാതികമായി കൂടുതൽ പ്രതിഫലവും തൊഴിലാളിക്ക് കിട്ടുന്നത് നെൽകൃഷിയിൽ നിന്നാണ്. സ്ത്രീ തൊഴിലാളികൾക്കാണ് നെൽകൃഷി കൊണ്ട് കൂടുതൽ തൊഴിൽ കിട്ടുന്നത്. കൊയ്ത്തിൻെറ കൂലി നെല്ലായി തന്നെ കിട്ടുന്നതു കൊണ്ട് പഞ്ഞമാസങ്ങളിലേക്ക് ഒരു കരുതൽ ധാന്യശേഖരം അവർക്കുണ്ടാകുന്നു. നെൽകൃഷി കുറയുമ്പോൾ സ്ത്രീ തൊഴിലാളികളുടെ തൊഴിലവസരങ്ങളും അതുവഴി തൊഴിലാളി കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രതയും അട്ടിമറിക്കപ്പെടുന്നു. ഇത് ആ കുടുംബങ്ങളുടെ കെട്ടുറപ്പിനെയും പ്രതികൂലമായി ബാധിക്കുന്നു.

നെല്ലിനും നെൽകൃഷിക്കും നമ്മുടെ സാംസ്കാരിക ജീവിതത്തിലും മതപരമായ ചടങ്ങുകളിലും ഒരു പ്രമുഖ സ്ഥാനമുണ്ട്. നമ്മുടെ സംസ്കാരത്തിൻെറ തനിമ നിലനിർത്താനും നെൽപ്പാടങ്ങളും നെൽകൃഷിയും നിലനിന്നേ പറ്റൂ. അതില്ലാതെ വന്നാൽ നമ്മുടെ ഭാഷയുടെ പോലും പുഷ്ടി നഷ്ടപ്പെടും.

നെൽപ്പാടങ്ങൾ ഒരു പ്രത്യേക പരിസ്ഥിതി വ്യവസ്ഥ നൂറ്റാണ്ടുകളായി ഇവിടെ സൃഷ്ടിച്ചിട്ടുണ്ട്. ഇവ നികത്തുമ്പോൾ ഈ പരിസ്ഥിതിക്ക് വളരെ മാറ്റങ്ങൾ സംഭവിക്കുന്നു. ഈ നാട്ടിലെ നെൽപ്പാടങ്ങൾ മഴക്കാലങ്ങളിൽ ജലസംഭരണികളായി മാറുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. ഇതുവഴി മഴക്കാലത്തു പെട്ടെന്നുള്ള വെള്ളപ്പൊക്കവും വേനൽക്കാലത്ത് വരൾച്ചയും തടയപ്പെടുന്നു. ഇതിനും പുറമെ ഈ പാടങ്ങളിലാണ് തവളയും മീനുമെല്ലാം പ്രജനനം നടത്തുന്നതും വംശവർദ്ധനവ് നടത്തിയിരുന്നതും . നെൽപ്പാടങ്ങൾ നികത്തപ്പെടുന്നത് ഇതിനെയെല്ലാം കുഴപ്പത്തിലാക്കുന്നു. ഇതു നിയമം മൂലം തടയേണ്ടിയിരിക്കുന്നു.

കർഷകന് ഇന്ന് നെൽകൃഷിയിൽ നിന്നു നഷ്ടമല്ലാതെ ഒന്നും ലഭിക്കുന്നില്ല. നെൽകൃഷിയോടുള്ള വൈകാരിക ബന്ധം മൂലം നഷ്ടം സഹിച്ചും പാടത്തു കൃഷിയിറക്കുന്ന കർഷകനോട് സമൂഹത്തിനും സർക്കാരിനും വലിയ കടപ്പാടുണ്ട്. നാണ്യവിളയായ റബറിന് കൊടുക്കുന്ന ആനുകൂല്യങ്ങളും സബ്സിഡിയും എങ്കിലും നെൽകൃഷിക്കും കൊടുക്കണം. നെൽപ്പാടങ്ങൾക്ക് കരം ഇളവും അനുവദിക്കണം. ജീവൻെറ നിലനിൽപ്പിന് ആധാരമായ ജലം സംരക്ഷിക്കുന്നതിനും കാലാവസ്ഥയെ നിയന്ത്രിക്കുന്നതിനും ജൈവവൈവിദ്ധ്യം നിലനിർത്തുന്നതിനും പ്രധാന പങ്ക് വഹിക്കുന്ന നെൽപ്പാടങ്ങൾ കാത്തുസൂക്ഷിക്കേണ്ടത് സ്വാർത്ഥതയുടെ പേരിലെങ്കിലും നമുക്ക് അത്യാവശ്യമാണ്.

രാമപുരം പഞ്ചായത്തിൽ നെൽകൃഷി പരിപോഷിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ ഉയർന്നു വരികയുണ്ടായി. ഏറ്റവും പ്രധാന നിർദ്ദേശം ജലസേചന സൗകര്യം വർദ്ധിപ്പിക്കുക എന്നതാണ്. നെൽപ്പാടങ്ങൾക്ക് വെള്ളം നൽകിക്കൊണ്ട് ഒഴുകിക്കൊണ്ടിരിക്കുന്ന തോടുകളിൽ വെള്ളം തടഞ്ഞു നിർത്താൻ തടയണകൾ അത്യാവശ്യമാണ്. അവ സിമൻറും കമ്പിയും ഉപയോഗിച്ച് പണിയു

ന്നതിനെക്കാൾ നല്ലത് പ്രകൃതിയുമായി ഇണങ്ങിച്ചേരുന്ന പഴയ നാടൻചിറകൾ തന്നെയാണ്. ഇവ കൃഷിക്കാരുടെ കൂട്ടായ്മകളിലൂടെ നിർമ്മിക്കുകയും നിലനിർത്തുകയും ചെയ്താൽ ചെലവും വളരെ കുറയും. തോട്ടുപുറമ്പോക്കിലും മറ്റും ഫലവൃക്ഷങ്ങളും കൈതയും നട്ടാൽ തോടിന്റെ വക്കുകൾ ഇടിഞ്ഞുണ്ടാകുന്ന മണ്ണൊലിപ്പും നഷ്ടവും ഒഴിവാക്കാം. കുറെയേറെ പച്ചിലവളവും ഈ വൃക്ഷങ്ങളിൽ നിന്നു കിട്ടുകയും ചെയ്യും. ഇത് തോട്ടിറമ്പിലും വയൽ വരമ്പുകളിലും ഉണ്ടായിരുന്നതിൽ അവശേഷിക്കുന്ന ജീവജാലങ്ങളുടെ നിലനിൽപ്പ് ഉറപ്പാക്കുകയും മണ്ണിരയുടെയും മറ്റു ഗുണകാരികളായ കൃമികീടങ്ങളുടെയും വംശവർദ്ധന വിനിയോഗിക്കുകയുംചെയ്യും തോട്ടുവക്കുകളെല്ലാം സിമൻറിട്ടു കെട്ടണമെന്ന ശാഠ്യം നാം ഉപേക്ഷിച്ചാലേ ഇതു സാധ്യമാകും. അങ്ങനെ കാർഷിക വികസനമെന്നുള്ള പ്രകൃതിയോടു ചേർന്നു വേണം എന്ന ബോധ്യം നമുക്കുണ്ടാകണം.

"വിത്ത് ഗുണം പത്തു ഗുണം" എന്നാണ് പ്രമാണം. പ്രതിരോധ ശക്തിയുള്ള വിത്തുകളും ഉൽപാദനക്ഷമതയും ഗുണവും ഉള്ള ജനുസ്സുകളും കണ്ടുപിടിച്ചും ഉള്ളതു നിലനിർത്തിയും കൃഷി മെച്ചപ്പെടുത്താൻ കർഷകരെ സഹായിക്കുന്ന ഗ്രൂപ്പ് ഫാമിംഗ് നെൽകൃഷിക്ക് ഗുണകരമായാണ് അനുഭവപ്പെട്ടത്. ഈ രീതിയിൽ വിതയും കളയെടുക്കലും വളം ചേർക്കലും കീടനാശിനി ഉപയോഗിക്കലും കൊയ്ത്തും ഒന്നിച്ചു ചെയ്യുകയും ചെലവു ചുരുക്കുകയും ചെയ്യാം. ഒരു പാടത്ത് ഒരേ വിത്തുകൃഷി ചെയ്താൽ കീടങ്ങളുടെ നിയന്ത്രണം പോലും സാധിക്കും. കീടനാശിനികൾ ആരോഗ്യത്തിനു നല്ലതല്ല എന്നാണല്ലോ അനുഭവം. തവളയും മത്സ്യവും മൂങ്ങാ പോലുള്ള പക്ഷികളും കൃഷി സംരക്ഷിക്കാൻ സഹായിക്കുന്നവയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. നല്ല വിത്തുകൾക്കൊപ്പം ജൈവവളങ്ങളും ഉപയോഗിക്കണം. രാസവളത്തിന്റെ ഉപയോഗം കുറയ്ക്കണം. മണ്ണിലെ നൈട്രജൻ വർദ്ധിപ്പിക്കാൻ പയർ വർഗ്ഗങ്ങൾ മൂന്നാം വിളയായി കൃഷി ചെയ്യണം. സർക്കാർ മൂന്നാംവിളയായി പയർ, ഉഴുന്ന്, മുതിര, പച്ചക്കറികൾ ഇവയുടെ വിത്തുകൾ സൗജന്യമായി നൽകണം. കീടാനാശിനികളും രാസവള പ്രയോഗവും മണ്ണിന്റെ ജൈവ സമ്പത്ത് നിലനിർത്തുന്ന മണ്ണിരകളെ നശിപ്പിച്ചു കളയുന്നു. മണ്ണിര വർദ്ധിക്കാനുള്ള സാഹചര്യം ഒരുക്കുകയും നമ്മുടെ നാടൻ വിത്തുകൾ നഷ്ടപ്പെടാതെ നിലനിർത്തുകയും വേണം.

പഞ്ചായത്തിലെ അടുത്ത പ്രധാന വിളയാണ് മരച്ചീനി എന്ന കപ്പ. ഒരു പരിധി വരെ ഭക്ഷ്യരംഗത്ത് രാമപുരത്തിന് സ്വയം പര്യാപ്തത നേടിത്തരുന്നതിൽ കപ്പയുടെ പങ്ക് നിസ്സാരമല്ല. പണ്ടു മുതൽ നാം കപ്പ കൃഷിക്ക് പ്രസിദ്ധരാണ്. സാധാരണക്കാരുടെ പ്രധാന ഭക്ഷണം കപ്പ തന്നെയാണ് . വർഷം മുഴുവനുമുള്ള ഭക്ഷ്യാവശ്യത്തിനായി വാട്ടി ഉണങ്ങി സൂക്ഷിക്കാമെന്നുള്ളതും കപ്പയുടെ ഒരു മെച്ചമാണ്. നെൽകൃഷിയിലും നെല്ലുൽപ്പാദനത്തിലും ഉണ്ടായ കുറവിൽ ഒരു പങ്ക് നികത്താൻ മരച്ചീനി കൊണ്ടു സാധിക്കും. കപ്പ കൃഷിയുടെ നിലനിൽപ്പും അഭിവൃദ്ധിയും വളരെ പ്രധാനപ്പെട്ടതാണ്. കേന്ദ്ര സർക്കാരിന്റെ കിഴങ്ങു വർഗ്ഗ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായം ലഭിക്കുന്നതിനും ആ അറിവ് പങ്കിടുന്നതിനും ഒരു കേന്ദ്രം രാമപുരം പഞ്ചായത്തിൽ വേണം.

എലിയാണ് കപ്പ കൃഷിയുടെ ഏറ്റവും വലിയ ശത്രു. എലിയെ നശിപ്പിച്ചാലേ തെങ്ങിനും നെൽക്കൃഷിക്കും അവ വരുത്തുന്ന നഷ്ടം ഒഴിവാക്കാനാവൂ. എല്ലാവരും ഒത്തുചേർന്ന് എലി നശീകരണ യജ്ഞമായി ഇതു നടപ്പിലാക്കാം. എലിക്കെണികളും വിഷവും ഉപയോഗിച്ച് എലികളെ ഉന്മൂലനം ചെയ്താലേ എല്ലാ കൃഷിയിലെയും നഷ്ടം ഒഴിവാക്കാനാകും. വേനൽക്കാലങ്ങളിൽ പഞ്ചായത്തിൽ എല്ലായിടത്തും ഒറ്റ ദിവസം വിഷം വെച്ച് എലി നശീകരണ പരിപാടി നടപ്പിലാക്കണം.

മരച്ചീനി ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങളുടെ ഒരു വ്യവസായ ശാല ഇവിടെ സ്ഥാപിക്കാവുന്നതാണ്. കപ്പയുടെ എല്ലാ ഭാഗങ്ങളും കാലിത്തീറ്റ ഉണ്ടാക്കുവാനും ഉപയോഗിക്കാം. കാലിത്തീറ്റ, കോഴിത്തീറ്റ, സ്റ്റാർച്ച് ഇവ ഉൽപ്പാദിപ്പിക്കുന്ന ലക്ഷ്യത്തോടെ കപ്പ കൃഷിക്കാരുടെ ഒരു സഹകരണ സംഘവും തുടങ്ങണം. വനിതാ സംഘങ്ങളും രൂപീകരിക്കണം.

പച്ചക്കറി കൃഷിക്ക് നാം വളരെയധികം പ്രാധാന്യം കൊടുക്കേണ്ട സമയമാണിത്. നമ്മുടെ വീട്ടുമുറ്റങ്ങളിലും നെൽവയലുകളിൽ രണ്ടാം കൃഷിക്കു ശേഷവും പച്ചക്കറി കൃഷി ചെയ്യാം. "എല്ലാ വീട്ടിലും ഒരു പന്തൽ" പച്ചക്കറിക്കായി സ്വീകരിക്കേണ്ട മുദ്രാവാക്യം ഇതാണ്. കോവലും, മത്തനും, വെള്ളരിയും ഒക്കെ എളുപ്പത്തിൽ നട്ടുവളർത്താം. പാവലും പടവലവും, വഴുതിനയും മുളകു ചീനിയും നാടൻ കർഷകർക്കറിയാം. ഇന്നു നാം പച്ചക്കറിക്കായി തമിഴ്നാടിനെയാണ് പൂർണ്ണമായും ആശ്രയിക്കുന്നത്. തമിഴ്നാട്ടിൽ നിന്ന് ലോറി വന്നില്ലെങ്കിൽ നാം വിഷമത്തിലാകും. കൃഷിക്കാവശ്യമായ വിത്തിനങ്ങൾ സർക്കാർ സൗജന്യമായി എല്ലാ വീട്ടിലും കൊടുക്കണം. സ്കൂളുകൾ വഴി ഇത് എളുപ്പത്തിൽ സാധിക്കും. ഇപ്പോൾ നടത്തുന്ന വിത്തു വിതരണം സമയത്തു എല്ലാവർക്കും ലഭ്യമാക്കിയാൽ വളരെയധികം പച്ചക്കറി ഉൽപ്പാദിപ്പിക്കാൻ സാധിക്കും. പാത്രം കഴുകി ഒഴിക്കുന്നിടത്ത് ഒരു വാഴയും രണ്ടു മൂന്നു ചുവട് ചേനയും നടാൻ ഒരു വിഷമവും ഇല്ല. അധികം അധ്വാനവും വേണ്ട. പച്ചക്കറികളുടെ ഒരു വിള മൽസരം വാർഡുതലത്തിലും പഞ്ചായത്തു തലത്തിലും നടത്തിയാൽ പ്രചാരണവും ബോധവൽക്കരണവും എളുപ്പമാണ്.

മറ്റു കൃഷികളായ കുരുമുളക്, കമുക്, കാപ്പി, കൊക്കോ, മാവ്, പ്ലാവ്, ഇഞ്ചി, മഞ്ഞൾ മുതലായവയും കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുകയും നല്ല വിത്തിനങ്ങൾ ഉപയോഗിച്ച് ഉൽപാദനം വർദ്ധിപ്പിക്കാൻ സാധിക്കുകയും വേണം. ഇതിനാവശ്യമായ വിത്തുകൾ സർക്കാർ ലഭ്യമാക്കണം. നല്ല വിത്തുകൾ വികസിപ്പിക്കാനുള്ള ഗവേഷണങ്ങൾക്ക് കർഷകരെയും സഹായിക്കണം. ഫലവൃക്ഷങ്ങളായ പ്ലാവിനും മാവിനും നാരകത്തിനുമെല്ലാം മുന്തിയ പരിഗണന നൽകണം. ഭക്ഷണത്തിനും കറികൾക്കും ഇവ ഒഴിച്ചു കൂടാനാവാത്തതാണ്.

പുഷ്പകൃഷിയും വാനിലാ കൃഷിയും തേനീച്ച

വളർത്തലും പോലുള്ള കാര്യങ്ങൾ ഒരു ഉപ തൊഴിലായോ ഒഴിവുകാല വിനോദമാർഗ്ഗമായോ (Hobby) കർഷകർക്ക് സ്വീകരിക്കാവുന്നതാണ്. മുഴുവൻ സമയവും അധ്വാനിക്കാൻ തയാറായാൽ നാം പ്രതീക്ഷിക്കുന്നതിലുമപ്പുറം പുരോഗതി നമുക്കുണ്ടാകും. ഇതൊക്കെ കുറഞ്ഞ മുതൽ മുടക്കിൽ നടത്താവുന്നതാണ്. ഇതിനെല്ലാം സർക്കാരിൻെറ പ്രോത്സാഹനം ഉള്ളതുമാണ്. ആളുകളെ വ്യാപകമായി ബോധവൽക്കരിക്കണം.

ഇങ്ങനെ വളരെ ശ്രദ്ധയോടെ കൃഷിരംഗത്ത് നവീകരണം വരുത്തീയങ്കിൽ മാത്രമേ കർഷകർ തിങ്ങിപ്പാർക്കുന്ന രാമപുരത്തിന് ഉൽക്കർഷവും അഭിമാനാർഹവുമായ നേട്ടവും ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ.

## ജലസേചനം

പഞ്ചായത്തു പ്രദേശത്ത് ലഭ്യമായ ജലം പരമാവധി പ്രയോജനപ്പെടുത്തണം എന്നതാകണം നമ്മുടെ ജലനയം. ജലം അൽപം പോലും പാഴാക്കരുത്. അശാസ്ത്രീയമായ ജലസേചനം കുറെയൊക്കെ കുടിവെള്ള ക്ഷാമത്തിനും ഇടയാകുന്നുണ്ടെന്നതാണ് വസ്തുത. സ്ഥലത്തിൻെറ പ്രത്യേകതകൾ കണക്കാക്കി വേണം നടേണ്ടവ ഏതെല്ലാം എന്നു തീരുമാനിക്കാൻ. എല്ലാ സ്ഥലത്തും ഏതു കൃഷിയും നടത്താം എന്നു വിചാരിക്കുന്നതു ശരിയല്ല. ജലസേചനത്തിന് ഏറ്റവും ഫലപ്രദമായ മാർഗ്ഗം ഡ്രിപ് ഇറിഗേഷൻ ആണ്. വിളകളെ അറിഞ്ഞ് ആവശ്യമുള്ളത്ര ജലം തുള്ളിയായി കൊടുക്കുന്നു എന്നതാണ് ഇതിൻെറ പ്രവർത്തന തത്വം. ഇസ്രായേൽ മരുഭൂമിയിൽപ്പോലും ഫലപ്രദമായി ഇതു നടപ്പാക്കിയത് നാം കണ്ടതാണ്. നമ്മുടെ പഞ്ചായത്തിലും ഏറ്റവും അനുയോജ്യമായ മാർഗ്ഗം ഇതു തന്നെയാണ്. സർക്കാരിൽ നിന്നും സബ്സിഡി ലഭിക്കുന്ന ഈ സമ്പ്രദായം ർഷകർക്ക് പരിചയപ്പെടുത്തണം.

പഴയകാലം മുതൽ ഉണ്ടായിരുന്ന 'തലക്കുള'ങ്ങളും കുളങ്ങളും നന്നാക്കി പരിരക്ഷിക്കണം. ഊർന്നുപോയ കളങ്ങൾ തെളിവെടുത്ത് പരമാവധി ജലം മഴക്കാലത്ത് സംഭരിക്കണം. കഴിയുന്നിടത്തോളം പുതിയ കുളങ്ങളും കിണറുകളും കുഴിക്കുകയും പൊതു കിണറുകളും കുളങ്ങളും നന്നായും ജലം മലിനമാകാതെയും സൂക്ഷിക്കണം. കുടിവെള്ളവും ജലസേചനത്തോടൊപ്പം കാണേണ്ട വിഷയമാണല്ലോ. അതുകൊണ്ട് ജലസേചനത്തിനുള്ള ജലവും മലിനമാകാതെ സൂക്ഷിക്കണം.

രാമപുരം പഞ്ചായത്തിൻെറ അതിർത്തിയിൽ ളാലം വലിയ തോടിന് കുറുകെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന തടയണ വളരെ പ്രയോജനകരമായിരിക്കും. ഈ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നും ഒഴുകി വരുന്ന വെള്ളം ളാലം തോട്ടിൽ കൂടിയാണ് മീനച്ചിലാറിൽ എത്തുന്നത്. ഈ തടയണയുണ്ടായാൽ രണ്ടു കിലോമീറ്ററിലേറെ മുകളിലേയ്ക്ക് വെള്ളം കെട്ടി നിൽക്കുകയും അതുവഴി തോടിൻെറ ഇരുകരകളിലും ഉള്ള കൃഷിയിടങ്ങൾ നനയ്ക്കാനും പല തരം കൃഷികൾ നടത്താനും സാധിക്കും. ജലാശയത്തിൽ ധാരാളം മത്സ്യങ്ങൾ വളരും. പക്ഷികൾക്കും ഈ ജലാശയം ഒരു ആവാസ കേന്ദ്രമായി തീരും. ഇതെല്ലാം കർഷകർക്ക് ഗുണകരമായിത്തീരും.

## വനവൽക്കരണം

മനുഷ്യന് വനത്തോടുള്ള ബന്ധം മനുഷ്യവർഗ്ഗത്തോളം പഴക്കമുള്ളതാണ്. പക്ഷെ നാം അതു മറന്ന് അൽപലാഭത്തിനു വേണ്ടി താൽക്കാലികമായുള്ള സൗകര്യം മാത്രം കണക്കാക്കി വനങ്ങളെ നശിപ്പിച്ചു. നാട്ടിലെല്ലാം റബർ നട്ടപ്പോൾ അതു മറ്റു മരങ്ങൾ കൂടിയേ തീരൂ. ആവാസ വ്യവസ്ഥക്ക് കോട്ടം തട്ടാതെ ആവശ്യത്തിനു മഴ കിട്ടുന്നതും വനങ്ങൾ മൂലം തന്നെ.

നമ്മുടെ ഭൂമിയിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് നഷ്ടപ്പെട്ട മരങ്ങൾക്ക് പകരം പുതിയവ ഉണ്ടാക്കണം. വനങ്ങളിലുണ്ടായിരുന്ന അതേ പരിസ്ഥിതി പുനസൃഷ്ടിക്കും അസാധ്യമാണ്. എങ്കിലും വിവിധ തരത്തിൽപ്പെട്ട വൃക്ഷങ്ങളും ചെറുചെടികളും ഔഷധ സസ്യങ്ങളും നട്ടുവളർത്തുകയാണെങ്കിൽ നമുക്ക് അതു കുറെയൊക്കെ പരിഹരിക്കാം. നമ്മുടെ നാട്ടിൽ നിന്നും വംശനാശം വരാറായ വൃക്ഷങ്ങളെല്ലാം നാം നട്ടുവളർത്തി സംരക്ഷിക്കണം. ഏതൊരാൾക്കും വീടിനു ചുറ്റും കുറെ വൃക്ഷങ്ങൾ നട്ടുവളർത്താൻ പ്രയാസം ഇല്ല. ഫലവൃക്ഷങ്ങൾക്കും ഔഷധ സസ്യങ്ങൾക്കും മുൻഗണന കൊടുത്താൽ ഭക്ഷ്യത്തിനും മരുന്നിനും നാം അധികം ബുദ്ധിമുട്ടേണ്ടിവരുകയില്ല. ഇങ്ങനെ നട്ടുവളർത്തുന്ന വൃക്ഷങ്ങൾ കൂട്ടമായി വളർത്തിയാൽ പക്ഷികൾക്കും മറ്റു ചെറുജന്തുക്കൾക്കും പാമ്പിനും മറ്റും സുരക്ഷിതമായി കഴിയാനും വിത്തു വിതരണത്തിനും കീടനിയന്ത്രണത്തിനും നമ്മെ സഹായിക്കാനും കഴിയും. പച്ചില വളത്തിനും കമ്പോസ്റ്റ് ഉൽപ്പാദിപ്പിക്കാനും എല്ലാം ജൈവ വസ്തുക്കൾ നമുക്ക് ഇങ്ങനെ ഉൽപ്പാദിപ്പിക്കാം. ഒരു മരം മുറിക്കുമ്പോൾ അത്തരം മറ്റൊന്നെങ്കിലും നട്ടുപിടിപ്പിക്കണം. മൂങ്ങയേയും പാമ്പിനേയും തവളയേയും മറ്റും ഒരു പരിഗണനയും ഇല്ലാതെ നശിപ്പിച്ചതു മൂലമാണ് എലിയും മറ്റു ക്ഷുദ്ര കീടങ്ങളും പെരുകാനിടയായത്. ഇതുകൊണ്ട് മരങ്ങളോടൊപ്പം മറ്റു ജീവജാലങ്ങളും സന്തുലിതമായി നിലനിൽക്കുന്ന ഒരവസ്ഥ ഉണ്ടാകാവശ്യമായ ബോധവൽക്കരണം ഉണ്ടാകണം.

നായാട്ട്, നഞ്ച്, തോട്ടാ, വൈദ്യുതി ഇവ ഉപയോഗിച്ചുള്ള മീൻ പിടുത്തം കർശനമായി നിരോധിക്കുകയും തോക്കുകളുടെ ലൈസൻസുകൾ റദ്ദാക്കുകയും ചെയ്യണം. ഇതു ലംഘിക്കുന്നവർക്കുള്ള ശിക്ഷ വളരെ കർശനമായി മുഖംനോക്കാതെ നടപ്പാക്കണം.

പഞ്ചായത്തുവക പുറമ്പോക്കുകളും തോട്ടിറമ്പുകളും വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് വനവൽക്കരണത്തെ പ്രോത്സാഹിപ്പിക്കാം. വയൽവരമ്പുകളും തോട്ടിറമ്പുകളുമെല്ലാം സിമൻറിട്ട് കെട്ടി സംരകഷിക്കാമെന്ന മിഥ്യാധാരണയും നാം ഒഴിവാക്കണം. പ്രകൃതിയുമായി ഒത്തിണങ്ങി മരങ്ങളെയും ഇതര ജീവികളെയും സ്നേഹിച്ച് ജീവിക്കുന്ന ഒരു സംസ്കാരം നമുക്കുണ്ടായിരുന്നത് ചൂഷണ സംസ്കാരത്തിൽപ്പെട്ട് നഷ്ടപ്പെട്ടു. നമുക്ക് നഷ്ടപ്പെട്ട ആ നല്ല സാംസ്കാരിക പൈതൃകം നാം വീണ്ടെടുക്കണം.

# V.2

# മൃഗസംരക്ഷണം, മത്സ്യമേഖല

മൃഗസംരക്ഷണ രംഗത്ത് കഴിഞ്ഞ കുറെ വർഷങ്ങൾക്കുള്ളിൽ രാമപുരം പഞ്ചായത്തിൽ ഗണ്യമായ പുരോഗതിയുണ്ടായിട്ടുണ്ട്. പ്രധാനമായും കറവപ്പശുക്കളെ വളർത്തുന്ന രംഗത്താണ് പുരോഗതിയുണ്ടായിട്ടുള്ളത്. സങ്കരയിനം പശുക്കളാണ് ഇപ്പോൾ പഞ്ചായത്തിൽ അധികമായും വളർത്തുന്നത്. പഴയ നാടൻ പശുക്കൾ ഇല്ലെന്നു തന്നെ പറയാം. എരുമ വളർത്തലും, പാലിനു വേണ്ടി ആടിനെ വളർത്തലും വളരെക്കുറവാണ്. നല്ലയിനം പശുക്കൾ മരങ്ങാട്, ഏഴാച്ചേരി, വെള്ളിലാപ്പള്ളി, കിഴതിരി, പഴമല വാർഡുകളിൽ ധാരാളമുണ്ടെന്നാണ് ഗ്രാമസഭാ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. രാമപുരം വെസ്റ്റിലും ഈസ്റ്റിലും പശു വളർത്തൽ കാര്യമായുണ്ട്. അമനകരയും കൊണ്ടാടും പശുവളർത്തലിൽ ഒട്ടും മുന്നിലല്ല. പശുക്കളെ പ്രസവത്തോടെ പുറത്തേയ്ക്കു വിൽക്കുന്ന പ്രവണതാണ് നാലഞ്ചു വർഷങ്ങളായി രാമപുരത്തു കണ്ടുവരുന്നത്. പാലുൽപ്പാദിപ്പിച്ചു വിപണനം ചെയ്യാനുള്ള സൗകര്യക്കുറവും ചെലവും മൂലമാണ് ഇത്.

പാലിൻെറ ഉപയോഗത്തിലും ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. പക്ഷേ അതിപ്പോഴും ആവശ്യത്തിനായിട്ടില്ല. പാലിൻെറ ഉപയോഗം സമൂഹത്തിലെ താഴെത്തട്ടിൽ ജീവിക്കുന്നവരിൽ പ്രത്യേകിച്ചും കുറവാണ്. ആഭ്യന്തരമായ പൊതു ഉപയോഗം ചായക്കടകൾ, ഹോട്ടൽ മുതലായവയിലൂടെ ഉള്ളതാണ്. അതു സ്ഥിരമായ വിപണന സാധ്യത മാത്രമായുള്ള മേഖലാണ്. ധാരണം പാൽ ഉൽപ്പാദിപ്പിക്കുകയും ആവശ്യത്തിന് ഉപയോഗം നടത്തി ബാക്കി വിറ്റ് ആദായമുണ്ടാക്കുകയുമാണ് ക്ഷീര വ്യവസായത്തിൽ അഭികാമ്യമായിട്ടുള്ളത്. ഉപതൊഴിൽ എന്ന നിലയിലല്ലാതെ മുഖ്യ തൊഴിലായി ഇതുകൊണ്ടുവരാൻ പ്രയാസമാണ്.

ദുർബല വിഭാഗങ്ങളും സ്ത്രീകളും ഉപതൊഴിലായി കാലി വളർത്തൽ മുമ്പു തന്നെ സ്വീകരിച്ചിരുന്നു. ധാരാളം കന്നുകാലികൾ സബ്സിഡി ആനുകൂല്യങ്ങളോടെ ഇവിടെ വിതരണം ചെയ്യപ്പെടുകയും ചെയ്തിരുന്നു. പക്ഷേ മിക്കവരും ആ തൊഴിലിൽ പിടിച്ചു നിൽക്കുന്നില്ല. പുതിയ സാഹചര്യത്തിൽ ഇതൊട്ടും ലാഭകരമല്ലെന്ന ധാരണ സാധാരണക്കാരിൽ വളർന്നു കൊണ്ടിരിക്കുന്നതാണ് കാരണം. ഇത് ശരിയായ ബോധവൽക്കരണമില്ലായ്മയാണു സൂചിപ്പിക്കുന്നത്. അതുകൊണ്ട് കാലിവളർത്തൽ രംഗത്ത് തുടർച്ചയായ ബോധവൽക്കരണം അത്യാവശ്യമാണ്.

ബോധവൽക്കരണം രണ്ടു രീതിയിൽ വേണം. ഒന്ന് പശു സംരക്ഷണം സംബന്ധിച്ചും, പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ചും. രണ്ട് പാലും പാലുൽപ്പന്നങ്ങളും കൂടുതൽ വിപണനം ചെയ്യാനുള്ള സൗകര്യം സംബന്ധിച്ച് ഈ ബോധവൽക്കരണം ചെറുപ്പക്കാരിൽ കൂടുതൽ വേണം. കാരണം വെറുതേ പാൽ വിപണനം ചെയ്യുകയല്ലാതെ, പാലുൽപ്പന്നങ്ങളുണ്ടാക്കി വിപണനം ചെയ്യാനുള്ള സാധ്യത വളരെയുണ്ട്. അതു തെളിഞ്ഞാൽ വ്യാവസായികമായും നാട്ടിൽ വളരെ അഭിവൃദ്ധിയുണ്ടാകും. തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതാണത്. വേനൽക്കാലമാവുമ്പോഴേക്കും വൻ പരസ്യങ്ങളുമായി ഐസ്ക്രീം കമ്പനികൾ രംഗത്തു വരുന്നതു ഈ മേഖലയിലെ വ്യാവസായിക സാധ്യതയ്ക്ക് ഉദാഹരണമാണ്. പാൽ കൊണ്ടുണ്ടാക്കാവുന്ന ഉൽപ്പന്നങ്ങൾ പലതും വിപണന സാധ്യതയുള്ളതാണ്. ചെറിയ ഗ്രൂപ്പുകലെ തെരഞ്ഞെടുത്ത് ഏതാനും ദിവസം നീണ്ടു നിൽക്കുന്ന പരിശീലനം അവർക്കു നൽകണം.

പഞ്ചായത്തിൽ പാൽ വിപണനത്തിനുള്ള രണ്ടു സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. രാമപുരം കേന്ദ്രമായുള്ള സഹകരണ സംഘത്തിൻെറ പ്രവർത്തനം വിപുലപ്പെടുത്തിക്കൊണ്ട് മേൽപ്പറഞ്ഞ പാലുൽപ്പന്ന വ്യവസായ സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. എല്ലാ വാർഡുകളിലും ഓരോ പാൽ സംഭരണ കേന്ദ്രം ആരംഭിക്കണം. ഇപ്പോൾ കൊണ്ടാട്, കൂടപ്പുലം, അമനകര ഭാഗങ്ങളിൽ വിപണന സൗകര്യം തീരെ കുറവാണ്. കുറേപ്പേർ ഉഴവൂരിലുള്ള സൊസൈറ്റിയിൽ പാൽ കൊണ്ടു പോകുന്നുണ്ട്. വിപണന സൗകര്യക്കുറവായിരിക്കണം ഈ പ്രദേശങ്ങളിൽ കാലിവളർത്തൽ കുറവാകാൻ ഒരു കാരണം.

പുരയിടങ്ങൾ മിക്കതും റബർ തോട്ടങ്ങൾ മാത്രമായതും കാലിത്തീറ്റ മിശ്രിതത്തിനും പിണ്ണാക്കിനുമുള്ള വില കൂടുതലും പശുവളർത്തൽ ബുദ്ധിമുട്ടുള്ളതാക്കിയിരിക്കുന്നു. പുൽക്കൃഷിയും കാലിത്തീറ്റയ്ക്കുള്ള പരുക്കൻ ധാന്യകൃഷിയും കുറെയൊക്കെ ചെയ്യാൻ കഴിയുന്നതാണ്.

അതിനുള്ള പ്രോത്സാഹനം നൽകണം. അതുപോലെ കാലിത്തീറ്റ പാൽ സൊസൈറ്റി മുഖേന തയ്യാറാക്കി കൃഷിക്കാർക്കു വിതരണം ചെയ്യാനുള്ള അനുബന്ധ വ്യവസായിക പ്രവർത്തനം കൂടി അത്യാവശ്യമാണ്. ഇതു ചെറുകിട സംരംഭമായി നടത്താൻ കഴിയുന്നതാണ്.

**കാലിവളർത്തൽ പ്രോത്സാഹിപ്പിക്കാൻ ചെയ്യാവുന്ന കാര്യങ്ങൾ**

നല്ല രീതിയിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

ചെറുപ്പക്കാരെ കാലിവളർത്തൽ സംരംഭങ്ങളിലേക്ക് ആകർഷിക്കുക.

പാലുൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന ചെറുകിട വ്യവസായ ആരംഭിക്കുക. അതിനു വേണ്ട ബോധവൽക്കരണം നൽകുക. അനുയോജ്യമായ സങ്കരയിനം പശുക്കളെ ലഭ്യമാക്കുക. കന്നുകാലി ഇൻഷുറൻസിനു നിലവിലുള്ള തടസ്സങ്ങൾ ഒഴിവാക്കുക.

തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുക. കാലിത്തീറ്റയ്ക്കു വേണ്ടിയുള്ള പരുക്കൻ ധാന്യകൃഷി പ്രോത്സാഹിപ്പിക്കുക.

ശാസ്ത്രീയമായ തൊഴുത്തു നിർമ്മാണത്തിന് സഹായവും ബോധവൽക്കരണവും നൽകുക.

കുളമ്പുദിനം പോലുള്ള പകർച്ച വ്യാധികൾക്കെതിരായ പ്രതിരോധ കുത്തിവയ്പ് കൃത്യമായ കാലങ്ങൾക്കിടയിൽ നൽകുക.

ക്ഷീര വിപണന സൗകര്യം വർദ്ധിപ്പിക്കുവാൻ എല്ലാ വാർഡിലും ക്ഷീര സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുക. പാലിൻെറ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കാനുള്ള ബോധവൽക്കരണം നൽകുക.

കാലിവളർത്തലുമായി ബന്ധപ്പെട്ട ജനസമ്പർക്ക പരിപാടി മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ച് കൂടുതൽ ഫലപ്രദമാക്കുക.

മൃഗാശുപത്രിയുടെ സേവനം എല്ലാ വാർഡുകളിലും ലഭിക്കുന്നതിനു വളരെ പ്രയാസങ്ങൾ നേരിടുന്നതായി ഗ്രാമസഭാ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നുണ്ട്. രാമപുരത്തിൻെറ വിദൂര വാർഡുകളിൽ ഈ സേവനം ലഭ്യമാകത്തക്ക വിധം മൃഗാശുപത്രികൾ കൂടുതൽ സ്ഥാപിക്കേണ്ടതാണ്.

മാംസാവശ്യത്തിനുവേണ്ടി ആടുവളർത്തൽ വികസിപ്പിക്കാൻ പഞ്ചായത്തിൽ നല്ല സാധ്യതയുണ്ട്. കാലിവളർത്തലിനോളം പ്രയാസമില്ലാതെ അതിനേക്കാൾ ലാഭകരമായി ചെയ്യാൻ കഴിയുന്ന ഉപതൊഴിലാണിത്. ഇക്കാര്യത്തിൽ ബോധവൽക്കരണം അത്യാവശ്യമാണ്. അനുബന്ധ സൗകര്യങ്ങൾ നൽകുകയും വേണം. ഇതൊരു സ്കീം ആയി അംഗീകരിച്ചു കൊണ്ട് വിശദാംശങ്ങൾ ആവിഷ്ക്കരിക്കാം.

മാംസത്തിനു വേണ്ടി പന്നി, മുയൽ, കോഴി ഇവ വളർത്തുന്നതും പ്രായോഗികമാണ്. പന്നിവളർത്തൽ രാമപുരത്തു ചില ഭാഗങ്ങളിൽ ശാസ്ത്രീയമായി നടത്തുന്നുണ്ട്. സ്ത്രീകൾക്കു ഗൃഹാന്തരീക്ഷത്തിൽ തന്നെ ഉപതൊഴിലായി ഇതു ചെയ്യാൻ കഴിയും. കോഴി വളർത്തൽ ചില പ്രതിബന്ധങ്ങളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ആ തൊഴിലിൽ ഏർപ്പെട്ടിരുന്നവർ അതുപേക്ഷിക്കുന്ന ഒരു പ്രവണതയാണിപ്പോൾ. മാംസത്തിനു വേണ്ടി വൻതുക നാം ചെലവാക്കുമ്പോൾ ഉള്ള കോഴി വളർത്തൽ കൂടി അവസാനിക്കുന്നുതു ബുദ്ധിപൂർവ്വകമല്ല. മേൽപ്പറഞ്ഞ രീതിയിൽ മൃഗങ്ങളും കോഴിയും വളർത്തിയാൽ ഏറ്റവും നല്ല മാംസം ലഭ്യമാകുമെന്ന പ്രത്യേക പ്രയോജനം കൂടിയുണ്ട്.

ലൈസൻസിംഗ് ആവശ്യമായ പട്ടി വളർത്തൽ പോലുള്ള കാര്യങ്ങൾ നിയമാനുസൃതമായി മാത്രമേ പഞ്ചായത്തിൽ അനുവദിക്കാവൂ.

## മത്സ്യമേഖല

മത്സ്യബന്ധനം രാമപുരം പഞ്ചായത്തിലില്ല. സാമാന്യം വലിയ രണ്ടു മൂന്നു തോടുകളുള്ളതിൽ മത്സ്യബന്ധനം നടത്തുന്നതിനു തോട്ടയിടുകയും നഞ്ചുകലക്കുകയും ചെയ്യുന്നതു സംബന്ധിച്ചു പരാതികൾ ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ടിരുന്നു. അത് വളരെ എളുപ്പത്തിൽ പരിഹരിക്കാവുന്ന പ്രശ്നങ്ങളാണ്. ആളുകളിൽ ഒരു അവബോധം ഇക്കാര്യത്തിലുണർത്തിയാൽ മാത്രം മതി. ഇപ്പോൾ തോടുകളിലും കുളങ്ങളിലും കൂട്ടത്തോടെ മത്സ്യം ചത്തടിയുന്ന കാഴ്ച ആശങ്കാജനകമാണ്. രണ്ടു മൂന്നു കൊല്ലം മുമ്പ് വരാൽ മത്സ്യം ഇങ്ങനെ കൂട്ടത്തോടെ രോഗം വന്നു ചത്തൊടുങ്ങി. ഇപ്പോൾ 'മുഴി' മത്സ്യം കുളങ്ങളിലും തോടുകളിലും കൂട്ടത്തോടെ ചത്തു പൊങ്ങുകയാണ്. അടിയന്തരമായി ഗവേഷകരുടെയും ഗവൺമെൻറിൻെറയും ശ്രദ്ധ പതിയേണ്ട പ്രശ്നമാണിത്. ഇതിൻെറ വ്യാപ്തി ഏതൊക്കെ ജന്തുവിഭാഗങ്ങളെയാണു ബാധിക്കുകയെന്നു പറയാൻ വയ്യല്ലോ.

മത്സ്യ ബന്ധനവുമായി ബന്ധപ്പെട്ടു നമുക്കുള്ള സാധ്യത മത്സ്യകൃഷിക്കുള്ളതാണ്. കുളങ്ങളിലും, പാറമടകളിലുള്ള വെള്ളക്കെട്ടുകളിലും, ചുരുക്കമായി ടാങ്കുകളിലും മത്സ്യങ്ങളെ വളർത്താൻ കഴിയും. ബോധവൽക്കരണവും അനുബന്ധ സൗകര്യങ്ങളും തന്നെയാണ് ഈ മേഖലയിൽ ആദ്യം വേണ്ടത്. എല്ലാ സാധനങ്ങളും വിലയ്ക്കു വാങ്ങുന്ന പ്രവണതയിൽ നിന്നു മുക്തരാകാൻ കഴിഞ്ഞാൽ തന്നെ നമ്മുടെ കുടുംബ ബഡ്ജറ്റ് കുറെയൊക്കെ ബാലൻസ്ഡ് ആക്കാൻ കഴിയും. പണച്ചെലവ് ഏറെ വരുന്ന മത്സ്യത്തിൻെറ കാര്യത്തിലും ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കണം.

☐

# V.3

# വിദ്യാഭ്യാസം

ഏറ്റവും അടിസ്ഥാനപരവും ദീർഘകാലാടിസ്ഥാനത്തിലുള്ളതുമായ മൂലധന നിക്ഷേപം വിദ്യാഭ്യാസത്തിനുള്ളതാണ്. എല്ലാക്കാലത്തും എല്ലാ സമൂഹവും വിദ്യാഭ്യാസത്തെ വളരെ പ്രാധാന്യത്തോടെയാണ് കണ്ടിരുന്നത്. വരും തലമുറയെ നല്ല ജീവിതത്തിന് പ്രാപ്തരാക്കുന്ന പ്രവർത്തനമാണല്ലോ വിദ്യാഭ്യാസം. വികസനത്തിൻെറ എല്ലാ മേഖലകളെയും നിയന്ത്രിക്കുന്നത് ജനങ്ങളുടെ വിദ്യാഭ്യാസപരമായ നിലവാരമാണ്. ഒരു സമൂഹത്തിനും അതിൻെറ ഗുരുക്കൻമാരേക്കാൾ വലുതാക്കാനാകില്ലെന്ന് ചൊല്ലുണ്ട്. സാമൂഹിക പ്രതിസന്ധികൾ വിവിധ മേഖലകളിലുണ്ടായപ്പോൾ പരിഹാരമാർഗ്ഗം കാണിച്ചുകൊടുത്തത് വിദ്യാഭ്യാസമാണ്. ഭക്ഷണം, പാർപ്പിടം, ഊർജ്ജം തുടങ്ങിയ മേഖലകളിൽ പുതിയ പ്രതിസന്ധികൾ ലോകം നേരിട്ടുകൊണ്ടിരിക്കുകയാണ്. അതിനുള്ള പരിഹാരങ്ങളും വിദ്യാഭ്യാസത്തിൻെറയും ഗവേഷണത്തിൻെറയും മേഖലകളിൽ നിന്നുണ്ടാകണം. അതുകൊണ്ടാണ് മനുഷ്യവിഭവ വികസനമാണ് വിദ്യാഭ്യാസം എന്നു പറയുന്നത്.

സാർവ്വത്രിക വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ കേരളത്തിനു നല്ല ഖ്യാതി ഉണ്ടിപ്പോൾ. സ്കൂളിൽ പോകാൻ പ്രായമെത്തുന്ന മിക്കവാറും കുട്ടികൾ സ്കൂളിലെത്തുന്നു. നമ്മുടെ പഞ്ചായത്തിൻെറ പൊതുസ്ഥിതിയും ഇതാണ്. ആൺകുട്ടികളോടൊപ്പം തന്നെ പെൺകുട്ടികളും വിദ്യാഭ്യാസം ചെയ്യുന്നു. കൊഴിഞ്ഞുപോക്ക് താരതമ്യേന കുറവ്, എങ്കിലും ചില പിന്നോക്ക വിഭാഗങ്ങളിൽ കൊഴിഞ്ഞുപോക്കിൻെറ ശതമാനം കൂടുതലാണ്. സമ്പൂർണ്ണ സാക്ഷരത നേടിയ സംസ്ഥാനം എന്ന പേരുമുണ്ട്. പക്ഷെ വിദ്യാഭ്യാസ വിചക്ഷണൻമാരെ ദുഃഖിപ്പിക്കുന്ന ഒരു വസ്തുതയുണ്ട് – നമ്മുടെ വിദ്യാഭ്യാസത്തിന് ഗുണപരമായ മേന്മ പോര. ഇക്കാര്യം വലിയ കണക്കുകൾ ഒന്നും ഇല്ലാതെ തന്നെ പത്രം വായിക്കുന്ന സാധാരണക്കാർക്ക് പോലും ബോധ്യമാണിപ്പോൾ. കേരളത്തിലെ അധ്യാപക വിദ്യാർത്ഥി അനുപാതം കെ.ഇ.ആർ. അനുസരിച്ച് 1:45 ആണെങ്കിലും യഥാർത്ഥത്തിൽ 1:31 ആണിപ്പോൾ. ഇത് പൊതുവെ തൃപ്തികരമായ അനുപാതമാണിത്. എങ്കിലും അധ്യയന നിലവാരം അതിനനുസരിച്ച് ഉയർന്നു കാണുന്നില്ല. S.S.L.C. മുതലുള്ള പബ്ലിക് പരീക്ഷകളുടെ റിസൽട്ടും, അഖിലേന്ത്യാ മൽസര പരീക്ഷകളിൽ കേരളത്തിന് ലഭിക്കുന്ന കുറഞ്ഞ സ്ഥാനവും ഈ വസ്തുത വ്യക്തമാക്കുന്നു.

സ്കൂൾ വിദ്യാഭ്യാസത്തേക്കാൾ നിലവാരത്തകർച്ച നമ്മുടെ കലാശാലാ വിദ്യാഭ്യാസത്തിനുണ്ട്. നമ്മുടെ കോളേജുകൾ സർവ്വകലാശാലകളുടെ പഠന കേന്ദ്രങ്ങളാണെന്ന വസ്തുത തന്നെ വിസ്മരിച്ച് ഗവേഷണപരമായ പ്രവർത്തനങ്ങളൊന്നുമില്ലാതെ മറ്റുള്ളവർ കണ്ടെത്തിയ കാര്യങ്ങൾ പറഞ്ഞു കൊടുക്കുക മാത്രം ചെയ്യുന്ന കേന്ദ്രങ്ങളായാണ് നടക്കുന്നത്.

വിദ്യാഭ്യാസത്തിലെ ഏറ്റവും ദുർബലമായ കണ്ണിയായി പ്രീഡിഗ്രി വിദ്യാഭ്യാസം തീർന്നിരിക്കുന്നു. വാസ്തവത്തിൽ വിദ്യാഭ്യാസപരമായ ഒരു ദുരന്തം തന്നെ ആ ഘട്ടത്തിൽ സംഭവിക്കുന്നു. കുട്ടികളെ വ്യക്തിപരമായി ഏറ്റവും ശ്രദ്ധിക്കേണ്ട ഒരു ഘട്ടത്തിൽ വലിയ ഒരാൾക്കൂട്ടത്തിൽ ഒരാളായി നമ്മുടെ കോളേജിൽ പഠിക്കുകയാണ് പ്രീഡിഗ്രി വിദ്യാർത്ഥികൾ. ഇന്ത്യയിൽ കേരളമൊഴികെ എല്ലാ സംസ്ഥാനങ്ങളും 15 വർഷം മുമ്പേ പ്ലസ്ടു വിദ്യാഭ്യാസം കലാശാല വിദ്യാഭ്യാസത്തിൽ നിന്നും വേർപെടുത്തിയിരുന്നു. നാം അങ്ങനെ ചെയ്യാതിരുന്നത് കോളേജ് വിദ്യാഭ്യാസത്തിൻെറ നിലവാരത്തകർച്ചയ്ക്ക് കാരണമായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ഏതായാലും കേരളത്തിലെ വിദ്യാഭ്യാസ സമൂഹവും ഗവൺമെൻറും സജീവമായി ചർച്ച ചെയ്യുന്ന ഒരു വിഷയമാണിത്. അതുകൊണ്ട് ഇപ്പോൾ നമ്മുടെ നിഗമനങ്ങൾ ഒഴിവാക്കാം.

പഞ്ചായത്ത് വികസന റിപ്പോർട്ടിൻെറ കാഴ്ചപ്പാടിൽ വിദ്യാഭ്യാസം എന്ന അദ്ധ്യായം ഉൾക്കൊള്ളുന്നത് ഈ കാര്യങ്ങളാണ്.

1. പഞ്ചായത്തിൽ നിലവിലുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ – സ്ഥാപനങ്ങൾ, അവയുടെ പ്രവർത്തനങ്ങൾ
2. ഗുണകരമായ മികവ് കൈവരിക്കാൻ ചെയ്യാവുന്ന കാര്യങ്ങൾ.
3. ഗ്രാമപഞ്ചായത്ത് ചെയ്യാൻ ചുമതലപ്പെട്ടതും ഫലപ്രദമായി ചെയ്യാൻ കഴിയുന്നതുമായ കാര്യങ്ങൾ
4. വിദ്യാഭ്യാസ കാര്യത്തിൽ പഞ്ചായത്തിൻെറ ആവശ്യങ്ങൾ
5. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും ഗവൺമെൻറും പ്രവർത്തിക്കേണ്ട മേഖലകൾ നിർദ്ദേശിക്കൽ
6. വിദ്യാഭ്യാസ കാര്യങ്ങൾക്കുള്ള വിഭവങ്ങൾ കണ്ടെത്തൽ

## പട്ടിക –1 ഹൈസ്കൂൾ വിഭാഗം കുട്ടികളുടെ എണ്ണം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ഹൈസ്കൂൾ വിഭാഗം | | ആകെ | S.S.L.C കുട്ടികൾ | S.S.L.C വിജയശതമാനം | | | |
|---|---|---|---|---|---|---|---|---|---|
| | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | | | 92-93 | 93-94 | 94-95 | 95-96 |
| 1. | സെന്റ് അഗസ്റ്റ്യൻസ് ഹൈസ്കൂൾ രാമപുരം | 565 | - | 565 | 122 | 77 | 53 | 74 | 70 |
| 2. | സേക്രഡ്ഹാർട്ട് ഗേൾസ് ഹൈസ്കൂൾ രാമപുരം | - | 1087 | 1087 | 201 | 94 | 94 | 98 | 93 |
| 3 | ഗവ. ഹൈസ്കൂൾ ഇടക്കോലി | 181 | 132 | 313 | 39 | 81 | 57 | 75 | 87 |
| | **ആകെ** | 746 | 1219 | 1965 | 362 | | | | |

### നിലവിലുള്ള സ്ഥാപനങ്ങൾ

രാമപുരം പഞ്ചായത്തിൽ മൂന്ന് ഹൈസ്കൂളുകളും ആറ് യു.പി. സ്കൂളുകളും 14 എൽ.പി. സ്കൂളുമാണുള്ളത്. ഒരു ഹൈസ്കൂളും ഒരു യു.പി. സ്കൂളും ഏഴ് എൽ.പി. സ്കൂളുകളും സർക്കാർ വക; ഒരെണ്ണം അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം എൽ.പി. സ്കൂൾ. ബാക്കിയെല്ലാം എയിഡഡ് സ്കൂളുകളും. ഒരു അൺ എയ്ഡഡ് I.T.C. യും ഉണ്ട്. 1995–ൽ പ്രവർത്തനം തുടങ്ങിയ ഒരു സെൽഫ് ഫിനാൻസിംഗ് കോളേജും ഉണ്ട്. ഇതാണ് ഈ പഞ്ചായത്തിലെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ. വിവരങ്ങൾ പട്ടികയായി ചേർത്തിരിക്കുന്നു.

പഞ്ചായത്ത് അതിർത്തിയിലെ സ്കൂളുകളിൽ നിന്നുള്ള ഈ കണക്ക് ഇവിടെ നിന്ന് സ്കൂൾ വിദ്യാഭ്യാസം ചെയ്യുന്ന മുഴുവൻ കുട്ടികളുടേതുമല്ല. പഞ്ചായത്തിന് പുറത്തുള്ള പല ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും കുട്ടികൾ പോകുന്നുണ്ട്. വെളിയന്നൂർ മാനത്തൂർ, കുടനാട് തുടങ്ങിയ ഹൈസ്കൂളുകളിൽ പഠിക്കുന്നവരുമുണ്ട്. അത്രയ്ക്ക് മാത്രം മറ്റ് പഞ്ചായത്തുകളിൽ നിന്നുള്ളവർ ഇവിടെ പഠിക്കാനെത്തുന്നുണ്ടാവില്ല.

### സ്കൂളുകളുടെ അൽപം ചരിത്രം

ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ ഇവിടെ രണ്ടു സ്കൂളുകളാണ്ടായിരുന്നത്. രാമപുരം പള്ളിയുടെ വടക്കേ വാദ്യപ്പുരയോടു ചേർന്നുള്ള ചെറിയ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന സർക്കാർ പ്രൈമറി സ്കൂൾ 1903–ൽ ആരംഭിച്ചതാണ്. അതിനു മുമ്പു തന്നെ 'ഇടക്കോലി സരസ്വതി വിലാസം മലയാളം മിഡിൽ സ്കൂൾ' ആരംഭിച്ചിരുന്നു. അംഗീകാരമില്ലാതെ കുറെ വർഷങ്ങൾ പ്രവർത്തിച്ചതിനു ശേഷം 1909–ൽ മാടവന രാമൻ നായർ മാനേജരായി ആറു ക്ലാസുകളുള്ള സ്കൂൾ പ്രവർത്തനം തുടങ്ങി. 1917–ൽ സ്കൂളിന് പുതിയ കെട്ടിടം പണിയുകയും ഉപകരണങ്ങൾ ഉണ്ടാക്കുകയും ചെയ്തു. ആ സ്കൂളാണ് 1981–ൽ ഗവ. ഹൈസ്കൂളായി തീർന്നത്. 1920– ൽ (1096 ചിങ്ങം എട്ടിന്) ഇടക്കോലി മലയാളം മിഡിൽ സ്കൂൾ ഗവൺമെന്റിലേക്ക് എഴുതിക്കൊടുത്തു.

വെള്ളിലാപ്പിള്ളി സെൻറ് ജോസഫ്സ് എൽ.പി. സ്കൂളും രാമപുരം നോർത്ത് എൽ.പി. സ്കൂളും 1915–ൽ ആരംഭിച്ചതാണ്. 1916 രാമപുരത്തെ സംബന്ധിച്ചിടത്തോളം ഒരു സുപ്രധാന വർഷമാണ്. അക്കൊല്ലമാണ് രാമപുരം പ്രദേശത്തെ മിക്ക പ്രൈമറി സ്കൂളുകളും ആരംഭിച്ചത്. സ്കൂൾ ഇൻസ്പെക്ടറായി വന്ന ഒരു ഒ.എം. ചെറിയാൻെറ പ്രേരണയായിരുന്നു ഇതിൻെറ പിന്നിൽ. അമനകര, ചക്കാംപുഴ, കൊണ്ടാട്, കൂടപ്പുലം, നീറന്താനം, മഞ്ചാടിമറ്റം, ഏഴാച്ചേരി (സെൻറ് ജോൺസ്) സ്കൂളുകൾ 1916–ൽ ആരംഭിച്ചതാണ്. രാമപുരം S.H. എൽ.പി. സ്കൂൾ 1922–ൽ പ്രവർത്തനം തുടങ്ങി. ഏഴാച്ചേരി N.S.S. L.P.S. 1926– ലും G.V.U.P.S. 1930–ലും ആരംഭിച്ചതാണ്. അമനകര സെൻറ് ജോൺസ് സ്കൂൾ 1936–ലും കീഴതിരി ഏ.ഏ.ജ.സ. 1950–ലും തുടങ്ങി. കുറിഞ്ഞി S.K.V.U.P.S. ആരംഭിച്ചത് 1962–ലാണ്.

രാമപുരത്തുവാര്യരുടെ സ്മാരകമായി R.V.M.U.P. സ്കൂൾ 1957–ൽ ആരംഭിച്ചു. അതിൻെറ സ്ഥാപനത്തിന് അന്ന് കേരളത്തിൽ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ജോസഫ് മുണ്ടശ്ശേരി തന്നെ താൽപര്യം കാണിക്കുകയുണ്ടായി. പിന്നീട് രാമപുരത്തു വാര്യരുടെ ചിത്രം സ്കൂൾ ഹാളിൽ അനാവരണം ചടങ്ങിൽ അദ്ദേഹം പങ്കെടുക്കുകയും ചെയ്തിരുന്നു.

രാമപുരം സെൻറ് അഗസ്റ്റിൻസ് ഹൈസ്കൂളിൻെറ തുടക്കം 1916–ൽ പള്ളിയുടെ തെക്കേ വാദ്യപ്പുരയിൽ ഒരു മലയാളം മിഡിൽ സ്കൂൾ ആയിട്ടായിരുന്നു. അതുക്രമേണ ഇംഗ്ലീഷ് മിഡിൽ സ്കൂളായി. 1922–ൽ തേർഡ് ഫാറം ആരംഭിച്ചു. പ്രീപ്പറേറ്ററി ക്ലാസ് പള്ളിമുറിയിലായിരുന്നു നടന്നിരു

## പട്ടിക –2 U.P വിഭാഗം കുട്ടികളുടെ എണ്ണം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | V | VI | VII | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
|---|---|---|---|---|---|---|---|
| 1. | സെന്റ് അഗസ്റ്റ്യൻസ് ഹൈസ്കൂൾ | 60 | 56 | 54 | 170 | - | 170 |
| 2. | സേക്രട് ഹാർട്ട് ഗേൾസ് ഹൈസ്കൂൾ | 132 | 104 | 115 | - | 351 | 351 |
| 3. | ഗവ. ഹൈസ്കൂൾ ഇടക്കോലി | 30 | 32 | 28 | 50 | 40 | 90 |
| 4. | S.K.V.U.P.S കുറിഞ്ഞി | 17 | 15 | 25 | 31 | 26 | 57 |
| 5. | G.V.U.P.S ഏഴാച്ചേരി | 19 | 28 | 29 | 37 | 39 | 76 |
| 6 | R.V.M.U.P.S രാമപുരം | 31 | 23 | 22 | 51 | 25 | 76 |
| 7. | സെന്റ് ജോസഫ്സ് U.P.S വെള്ളിലാപ്പിള്ളി | 127 | 144 | 114 | 212 | 173 | 385 |
| 8. | സെൻറ് ജോസഫ് U.P.S നീറന്താനം | 52 | 32 | 30 | 60 | 54 | 114 |
| 9 | ഗവ. U.P.S ചക്കാമ്പുഴ | 28 | 26 | 28 | 44 | 38 | 82 |
| | **ആകെ** | 496 | 460 | 445 | 655 | 776 | 1401 |

ന്നത്. അന്ന് പള്ളിക്കു മുമ്പിൽ പണി ചെയ്തു കൊണ്ടിരുന്ന സ്കൂൾ കെട്ടിടം പണികൾക്കിടയിൽ രണ്ടു തവണ വീണു പോകാൻ ഇടയായി. അതിനെ തുടർന്നാണ് ഇപ്പോൾ സ്കൂൾ ഇരിക്കുന്ന സ്ഥലത്തേക്ക് മാറ്റിപ്പണിതത്. 1937–ൽ ഫോർത്ത് ഫോറം ആരംഭിച്ച് ഹൈസ്കൂളായി. 1939–ൽ കുട്ടികളുടെ എണ്ണക്കുറവും ഉപകരണങ്ങളുടെ ഉപര്യാപ്തതയും മൂലം ഹൈസ്കൂൾ നിർത്തലാക്കാൻ സർക്കാർ നടപടികൾ ആരംഭിച്ചതാണ്. അന്നത്തെ മൂവാറ്റുപുഴ ഡി.ഇ.ഒ.യുടെ പ്രത്യേക റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ നടപടികൾ അവസാനിപ്പിക്കുകയും സിക്സ്ത് ഫോറം അനുവദിക്കുകയും ചെയ്തു. 1950–കളിൽ കേരളത്തിലെ പ്രധാനപ്പെട്ട ഹൈസ്കൂളുകളിൽ ഒന്നായിത്തീർന്നു സെൻറ് അഗസ്റ്റിൻസ്. തുടർച്ചയായി അഞ്ചുവർഷം സയൻസിന് സംസ്ഥാനത്ത് ഒന്നാം സ്ഥാനം ഈ സ്കൂളിനു ലഭിക്കുകയുണ്ടായി. മണ്ണൂരാൻപറമ്പിൽ അച്ചനായിരുന്നു ഹൈസ്കൂളിൻെറ ആദ്യത്തെ ഹെഡ്മാസ്റ്റർ. ശ്രീ. പി.എ. ഉലഹന്നൻ സാർ വളരെ വർഷം ഈ സ്കൂളിൻെറ ഹെഡ്മാസ്റ്ററായിരുന്നു.

രാമപുരം ഗേൾസ് ഹൈസ്കൂൾ ആരംഭിച്ചത് 1949–ലാണ്. പ്രശസ്തമായ വളർച്ചയാണ് ഈ സ്കൂളിന് തുടർന്നുള്ള വർഷങ്ങളിൽ ഉണ്ടായത്. 90% മേൽ S.S.L.C. വിജയം എല്ലാക്കാലത്തും ഈ സ്കൂളിനുണ്ടായിരുന്നു. ഒരു വർഷം 100 % വിജയം ലഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ ഏറ്റവും നല്ല ഹൈസ്കൂളായി ഒരു വർഷം തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഈ സ്ഥാപനം രാമപുരത്തിൻെറ വിദ്യാഭ്യാസ രംഗത്ത് നിസ്തുലമായ സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു.

1995–ൽ രാമപുരത്ത് ആരംഭിച്ച മാർ ആഗസ്റ്റിനോസ് കോളേജിൽ വളരെ പ്രധാനപ്പെട്ട ഏതാനും തൊഴിലധിഷ്ഠിത കോഴ്സുകളാണ് ഇപ്പോൾ ഉള്ളത്. അതിൽ കംപ്യൂട്ടർ ഡിഗ്രി കോഴ്സും, ഇലക്ട്രോണിക്സ് ഡിഗ്രി കോഴ്സും രാമപുരത്ത് തൊഴിൽ മേഖലയിൽ പുതിയ സാദ്ധ്യതകൾ തുറന്നുകൊടുക്കുന്നതാണ്. വളരെക്കാലമായി രാമപുരം ആഗ്രഹിച്ചുകൊണ്ടിരുന്ന ഒരു കോളേജ് നാടിന് ഏറ്റവും പ്രയോജനപ്രദമാകണമെങ്കിൽ ഇപ്പോഴുള്ള 'സെൽഫ് ഫിനാൻസിംഗ്' സമ്പ്രദായത്തിനു പകരം എയിഡഡ് കോളജാക്കി മാറ്റണം. ഡിഗ്രി കോഴ്സുകളെ തുടർന്നുള്ള പോസ്റ്റ് ഡിഗ്രി കോഴ്സുകൾ അനുവദിക്കുകയും വേണം. പ്ലസ് ടു വിദ്യാഭ്യാസം സ്കൂളുകളിൽ വ്യാപകമാക്കിക്കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ രാമപുരം പഞ്ചായത്തിലെ മൂന്നു ഹൈസ്കൂളുകളിലും പ്ലസ് ടൂ ബാച്ചുകൾ അനുവദിക്കേണ്ടത് അത്യാവശ്യമാണ്.

## പ്രീ – പ്രൈമറി വിദ്യാഭ്യാസം

## പട്ടിക –3 L.P വിഭാഗം കുട്ടികളുടെ എണ്ണം

| പേര് | | I | II | III | IV | ആൺ | പെൺ | ആകെ |
|---|---|---|---|---|---|---|---|---|
| 1 | ഗവ. ഹൈസ്കൂൾ ഇടക്കോലി | 10 | 28 | 24 | 33 | 50 | 45 | 95 |
| 2. | ഗവ. യു.പി.എസ്. ചക്കാമ്പുഴ | 26 | 18 | 30 | 25 | 45 | 44 | 99 |
| 3. | ഗവ. എൽ.പി.എസ്. രാമപുരം | 25 | 37 | 21 | 29 | 55 | 57 | 112 |
| 4. | ഗവ. എൽ.പി.എസ്. കൊണ്ടാട് | 27 | 24 | 25 | 25 | 50 | 51 | 101 |
| 5. | ഗവ. എൽ.പി.എസ്. കൂടപ്പുലം | 20 | 29 | 24 | 31 | 53 | 51 | 104 |
| 6. | ഗവ. എൽ.പി.എസ്. അമനകര | 20 | 19 | 20 | 17 | 47 | 29 | 76 |
| 7. | ഗവ. എൽ.പി.എസ് കിഴതിരി | 15 | 10 | 13 | 7 | 17 | 28 | 45 |
| 8. | എൻ.എസ്.എസ്.ഗവ. എൽ.പി.എസ് ഏഴാച്ചേരി | 25 | 10 | 16 | 22 | 41 | 42 | 83 |
| 9. | എസ്.കെ.വി.ഗവ. എൽ.പി.എസ്. കുറിഞ്ഞി | 12 | 11 | 14 | 20 | 26 | 31 | 57 |
| 10 | സെന്റ് തോമസ് യു.പി.എസ്. നീറന്താനം | 30 | 24 | 29 | 40 | 63 | 60 | 123 |
| 11 | സെന്റ് തോമസ് യു.പി.എസ്. വെള്ളിലാപ്പിള്ളി | 42 | 45 | 44 | 41 | 87 | 85 | 172 |
| 12. | എസ്.എച്ച്.എൽ.പി.എസ്. രാമപുരം | 62 | 68 | 74 | 82 | 149 | 137 | 286 |
| 13. | നോർത്ത് എൽ.പി.എസ്. രാമപുരം | 22 | 22 | 23 | 18 | 50 | 355 | 85 |
| 14. | സെന്റ് ജോസഫ് എൽപി.എസ് വെള്ളിലാപ്പിള്ളി | 27 | 31 | 26 | 28 | 62 | 50 | 112 |
| 15 | മഞ്ചാടിമറ്റം എൽ.പി.എസ്. മരങ്ങാട് | 17 | 23 | 14 | 19 | 29 | 44 | 73 |
| 16. | സെന്റ് ജോസഫ് എൽ.പി.എസ്.അമനകര | 54 | 46 | 35 | 53 | 94 | 94 | 188 |
| 17. | സെന്റ് ജോൺസ് എൽ.പി.എസ്. ഏഴാച്ചേരി | 31 | 31 | 24 | 28 | 29 | 85 | 114 |
| 18. | അൽഫോൻസ ഇ.മീഡിയം. എൽ.പി. സ്കൂൾ, രമപുരം | 81 | 74 | 54 | 56 | 149 | 116 | 265 |
| ആകെ | | 576 | 550 | 510 | 574 | 1096 | 1084 | 2180 |

ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ശരിയായ രീതിയിലുള്ള പ്രീ – പ്രൈമറി വിദ്യാഭ്യാസത്തിന് വളരെ പ്രാധാന്യമുണ്ട്. പല സമ്പ്രദായങ്ങളിൽ നടക്കുന്ന നഴ്സറി സ്കൂളുകൾ ശരിയായ മേൽനോട്ടത്തിലും നിയന്ത്രണ ത്തിലും ആക്കേണ്ടത് വളരെ അത്യാവശ്യമാണ്. ഇംഗ്ലീഷ് മീഡിയം പ്രീ –പ്രൈമറി സ്കൂളുകൾ വിദ്യാഭ്യാസ തത്വ ങ്ങൾക്കും വിദ്യാഭ്യാസ മനഃശാസ്ത്രത്തിനും യോജിച്ചത ല്ലെന്ന വസ്തുത ആളുകൾക്ക് ഇന്നും അജ്ഞാതമാണ്. അതുപോലെ തന്നെയാണ് പ്രീ – പ്രൈമറി തലത്തിൽ അക്ഷ രങ്ങളും ഭാഷയും വിഷയങ്ങളും പഠിപ്പിക്കുന്നത്. പ്രൈമറി സ്കൂളുകൾ പോലെ പ്രീ – പ്രൈമറി വിദ്യാലയങ്ങൾക്കും സർക്കാർ എയ്ഡ് നൽകുന്നതും, ആവശ്യത്തിന് ഭൗതിക സൗകര്യങ്ങൾ ഉള്ളതുമാക്കണം.

## പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ്

വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിനും സ്കൂളുകളുടെ സഹകരിച്ചുള്ള പ്രവർത്തനം ഉറപ്പാക്കുന്ന തിനും സ്കൂൾ കോംപ്ലക്സുകൾ ഫലപ്രദമാണ്. ഇപ്പോൾ ഒരുവിധത്തിൽ ഇത് വിദ്യാഭ്യാസ വകുപ്പു തന്നെ കൈകാര്യം ചെയ്യുന്നുണ്ട്. അതിനെ കൂടുതൽ ഫലപ്രദവും കാര്യക്ഷമ മാക്കുകയും ആണ് വേണ്ടത്. എല്ലാ സ്കൂളുകളും ആ പ്രദേ ശത്തുള്ള കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം നൽകുന്ന സ്ഥാപ നങ്ങളാക്കി മാറ്റുകയാണ് ഇതിന്റെ ലക്ഷ്യം. ഇങ്ങനെ വരു മ്പോൾ ചില സ്കൂളുകളിൽ മാത്രം കുട്ടികൾ കുറഞ്ഞുപോ കുന്ന സ്ഥിതി ഉണ്ടാകില്ല. അഥവാ ഒരു പ്രദേശത്ത് എത്തി ച്ചേരാൻ കുട്ടികൾ കുറവാണെങ്കിൽ വേണ്ടി ഉള്ള കുട്ടി കൾക്കു പോലും സ്കൂൾ നല്ല നിലയിൽ പ്രവർത്തിക്കണം.

## പട്ടിക –4 1മുതൽ 10 വരെ ക്ലാസിലെ കുട്ടികളുടെ എണ്ണം

| STD | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | ആൺ | പെൺ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ആകെ | 576 | 550 | 510 | 574 | 496 | 460 | 445 | 408 | 489 | 362 | 2224 | 2646 | 4870 |

## പട്ടിക –5 സ്കൂളുകളുടെ മാനേജ്മെന്റ്

| ഗവൺമെന്റ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ | എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ | അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ | ആകെ |
|---|---|---|---|
| 1232 | 3373 | 265 | 4870 |

## പട്ടിക –6 ലപ്സം ഗ്രാന്റ് ലഭിക്കുന്നവരുടെ എണ്ണം

| പട്ടികജാതി | | | ലംപ്സംഗ്രാന്റ് ലഭിക്കുന്നവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1232 | 140 | 278 | 348 | 338 | 686 |

ഒരു ക്ലാസിന് ഒരു അദ്ധ്യാപകനെങ്കിലും പ്രൈമറി തലത്തിലുണ്ടാവണം. ഇപ്പോൽ രാമപുരത്ത് നാലു സ്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം ഉണ്ട്. അത് അവസാനിപ്പിച്ച് ഒരു ക്ലാസിന് ഒരു അദ്ധ്യാപകനെ വീതം അനുവദിക്കണം. രാമപുരത്തെ പ്രൈമറി സ്കൂളുകളെല്ലാം പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സാമാന്യം അകലങ്ങളിൽ സ്ഥിതി ചെയ്യുന്നവയാണ്. അതുകൊണ്ട് അവയെല്ലാം നിലനിൽക്കണം. കൂടുതൽ അകലമുള്ളതുകൊണ്ട് രണ്ട് എൽ.പി. സ്കൂൾ യു.പി. സ്കൂളുകൾ ആക്കി ഉയർത്തേണ്ടതാണ്. മൂന്ന് ഹൈസ്കൂളുകൾ കേന്ദ്രീകരിച്ച് മറ്റെല്ലാ സ്കൂളുകളെയും ഉൾപ്പെടുത്തി സ്കൂൾ കോംപ്ലക്സിൻെറ പ്രവർത്തനം പുനഃസംവിധാനം ചെയ്യുന്നത് വിദ്യാഭ്യാസത്തിൻെറ ഗുണനിലവാരം മെച്ചപ്പെടുത്താൻ പ്രയോജനപ്പെടുന്നു.

### അനൗപചാരിക വിദ്യാഭ്യാസം

രാമപുരത്ത് 95 % സാക്ഷരത ഉണ്ടെന്ന് കണക്കാക്കിയിരിക്കുന്നു. എങ്കിലും അനൗപചാരിക വിദ്യാഭ്യാസം തുടരേണ്ടതാണ്. അല്ലെങ്കിൽ നിരക്ഷരത വർദ്ധിച്ചുവരാൻ സാദ്ധ്യതയുണ്ട്. വികസന പ്രവർത്തനങ്ങളുമായി ജനങ്ങളെ ബന്ധപ്പെടുത്താനും അനൗപചാരിക വിദ്യാഭ്യാസം ആവശ്യമാണ്. നമ്മുടെ ഗ്രന്ഥശാലകളോടനുബന്ധിച്ച് ഇതിനുള്ള കൂടുതൽ സംരംഭങ്ങൾ സംഘടിപ്പിക്കാൻ കഴിയും. ഗ്രന്ഥശാലാസംഘം ഗ്രാന്റ് ലഭിക്കുന്ന ഒൻപത് ലൈബ്രറികൾ പഞ്ചായത്തിലുണ്ട്. അംഗീകാരത്തിനു വേണ്ടി ശ്രമിക്കുന്ന ലൈബ്രറികളുമുണ്ട്. കീതിരി ഗ്രാമസഭ ഇക്കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു വാർഡിൽ ഒന്നിലധികം ലൈബ്രറികൾക്കുള്ള ആവശ്യങ്ങളും ഉണ്ട്. രാമപുരത്തിൻെറ സാഹചര്യത്തിൽ ആ ആവ

## പട്ടിക –7 മെറിറ്റ് സ്കോളർഷിപ്പുകളുടെ എണ്ണം

| ക്രമനമ്പർ | സ്കൂൾ | മെറിറ്റ് സ്കോളർഷിപ്പുകളുടെ എണ്ണം |
|---|---|---|
| 1. | സെന്റ് അഗസ്റ്റ്യൻസ് ഹൈസ്കൂൾ | 3 |
| 2. | എസ്.എച്ച്.സി.ജി.എച്ച്.എസ്. രാമപുരം | 11 |
| 3. | ഗവ. എച്ച്.എസ്. ഇടക്കോലി | 6 |
| 4. | ഗവ. യു.പി.എസ്. ചക്കാമ്പുഴ | 6 |
| 5. | സെന്റ് തോമസ് U.P.S നീറന്താനം | 2 |
| 6. | സെന്റ് ജോസഫ് U.P.S വെള്ളിലാപ്പിള്ളി | 4 |
| 7. | G.V.U.P.S ഏഴാച്ചേരി | 2 |
| 8. | R.V.M.U.P.S രാമപുരം | 2 |
| 9. | S.K.V.U.P.S കുറിഞ്ഞി | – |
| | **ആകെ** | 36 |

## പട്ടിക –7 അദ്ധ്യാപകരുടെ എണ്ണം

| ഹൈസ്കൂൾ അദ്ധ്യാപകർ | യു.പി. സ്കൂൾ അദ്ധ്യാപകർ | എൽ.പി. സ്കൂൾ അദ്ധ്യാപകർ | അൺ എയിഡഡ് അദ്ധ്യാപകർ | ആകെ |
|---|---|---|---|---|
| 55 | 57 | 74 | 9 | 117 |

ശ്യങ്ങളും ന്യായമാണ്. ലൈബ്രറിയോട് അനുബന്ധിച്ച് ടി.വി. സെൻറുകൾ പ്രവർത്തിപ്പിക്കാൻ ശ്രമിക്കുന്നതും അനൗപ ചാരിക വിദ്യാഭ്യാസത്തെ സഹായിക്കും.

### നടത്തേണ്ട പ്രവർത്തനങ്ങൾ

1. പല പ്രൈമറി സ്കൂളുടെയും കളിസ്ഥലം ഉപയോഗപ്രദ മാക്കണമെന്ന് ഗ്രാമസഭകൾ ആവശ്യപ്പെട്ടിട്ടുണ്ട്. അതിനു പൊതുവായ സ്കീം തയ്യാറാക്കണം.
2. പ്രൈമറി സ്കൂളുകൾക്ക് ചുറ്റുമതിൽ ഉണ്ടാക്കുവാനുള്ള സ്കീം ആവിഷ്ക്കരിക്കണം.
3. മൂത്രപ്പുര തുടങ്ങിയ സൗകര്യങ്ങളും അവശ്യം വേണ്ട പഠ നോപകരണങ്ങളും ലഭ്യമാക്കുന്നതിനുള്ള പദ്ധതി
4. പ്രീ–പ്രൈമറി സ്കൂളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന തിനും പദ്ധതികൾ വേണം.
5. പ്രീ – പ്രൈമറി സ്കൂളുകളിലും ഉച്ചഭക്ഷണം നൽകുന്ന തിനു പരിപാടി തയ്യാറാക്കണം.
6. വിദ്യാർത്ഥികൾക്കു സ്കോളർഷിപ്പുകളും പ്രത്യേക സഹാ യനിധികളും ഏർപ്പെടുത്തുന്ന പദ്ധതി വേണം.
7. ഗ്രന്ഥശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള സ്കീമുകൾ ആവിഷ്കരിക്കണം
8. സർക്കാർ സ്കൂളുകളുടെ അറ്റകുറ്റപ്പണി മുടക്കം കൂടാതെ നടത്തുന്നതിനുള്ള സ്കീം.
9. സ്കൂൾ കോംപ്ലക്സുകൾ ഫലപ്രദമാക്കുന്നതിനുള്ള പ്രവർത്തനം.
10. ഒരു കരിയർ ഗൈഡൻസ് സെന്റർ ഫലപ്രദമായി പ്രവർത്തിപ്പിക്കുക.
11. ഇടക്കോലി ഗവ. ഹൈസ്കൂൾ, സെന്റ് അഗസ്റ്റ്യൻസ് ഹൈസ്കൂൾ, സേക്രഡ് ഹാർട്ട് ഗേൾസ് ഹൈസ്കൂൾ ഇവയോടനുബന്ധിച്ച് ഹയർ സെക്കൻഡറിയുടെ സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റീസ് ബാച്ചുകൾ അനു വദിക്കണം.
12. പ്രൈമറി സ്കൂളുകളിലെ ഷിഫ്റ്റു സമ്പ്രദായം പൂർണ്ണ മായും ഒഴിവാക്കണം.
13. വിദ്യാർത്ഥികളുടെ യാത്രാസൗകര്യവും പഠനതാൽപ്പ ര്യവും പരിഗണിച്ച് സ്കൂൾ സമയം 9 മണി മുതൽ 3 മണി വരെയാക്കണം.
14. അത്യാവശ്യമായ രണ്ടു ലോവർ പ്രൈമറി സ്കൂളുകൾ അപ്ഗ്രേഡു ചെയ്യണം.



***സ്കൂളുകൾ***

1. ഗവ.ഹൈസ്കൂൾ ഇടക്കോലി
2. ഗവ. U.P.S ചക്കാമ്പുഴ
3. ഗവ. L.P.S അമനകര
4. ഗവ. L.P.S കിഴതിരി
5. ഗവ. L.P.S കുറിഞ്ഞി
6. ഗവ. L.P.S കൂടപ്പുലം
7. ഗവ. L.P.S കൊണ്ടാട്
8. ഗവ. L.P.S രാമപുരം
9. N.S.S. ഗവ. .P.S ഏഴാച്ചേരി

0. സെന്റ് അഗസ്റ്റിൻസ് H.S.രാമപുരം

11. S.H.Girls H.S. രാമപുരം
12. R.V.M.U.P.S രാമപുരം

10. സെന്റ് അഗസ്റ്റിൻസ് H.S.രാമപുരം
11. S.H.Girls H.S. രാമപുരം
12. R.V.M.U.P.S രാമപുരം
13. S.K.V.U.P.S കുറിഞ്ഞി
14. G.V.U.P.S ഏഴാച്ചേരി
15. സെന്റ് ജോസഫ്സ് U.P.S വെള്ളിലാപ്പിള്ളി
16. സെന്റ് തോമസ് U.P.S നീറന്താനം
17. S.H.L.P.S രാമപുരം
18. മഞ്ചാടിമറ്റം L.P.S മരങ്ങാട്
19. നോർത്ത് L.P.S രാമപുരം
20. സെന്റ്. ജോൺസ് L.P.S ഏഴാച്ചേരി
21. സെന്റ് ജോസഫ്സ് L.P.S അമനകര
22. സെന്റ് ജോസഫ്സ് L.P.S വെള്ളിലാപ്പിള്ളി
23. അൽഫോൻസാ ഇംഗ്ലീഷ് മീഡിയം സ്കൂൾ രാമപുരം

# V.4

# കുടിവെള്ളം പൊതുജനാരോഗ്യം

രാമപുരം പഞ്ചായത്തിലെ ജനങ്ങളുടെ ഏറ്റവും മുഖ്യമായ പ്രശ്നം കുടിവെള്ളക്ഷാമമാണ്. ബഹുഭൂരിപക്ഷം വീട്ടുകാരും കിണറുകളെയാണ് ആശ്രയിക്കുന്നത്. ഡിസംബർ മാസാവസാനത്തോടെ പല കിണറുകളിലെയും വെള്ളം വറ്റിത്തുടങ്ങുന്നു. മാർച്ചുമാസാവസാനത്തോടെ ആകെയുള്ള കിണറുകളിൽ പകുതിയും വറ്റി വരളുകയും ബാക്കിയിൽ ഭൂരിപക്ഷത്തിന്റെയും ജലവിതാനം താഴ്ന്നു കഷ്ടിച്ച് ഒരു വീട്ടുകാർക്ക് മാത്രം തികയുന്ന ദുർബലമായ ഉറവ വെള്ളം മാത്രം ഉള്ളതായിത്തീരുകയും ചെയ്യുന്നു. വർഷങ്ങൾ കഴിയുന്തോറും ജലലഭ്യത കുറഞ്ഞു കുറഞ്ഞു വരുന്നതായി കാണുന്നു.

രാമപുരം ടൗണിലും പരിസരപ്രദേശങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിനു വേണ്ടി ഒരു ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പൊതു ടാപ്പുകളും ഹൗസ് കണക്ഷനുകളും നൽകിയിട്ടുണ്ട്. എന്നാൽ ടൗണിന്റെ ചുറ്റുപാടുമുള്ള മരങ്ങാട്, കുന്നപ്പിള്ളി, വെള്ളിലാപ്പിള്ളി, മുല്ലമറ്റം, കൊണ്ടാട് പ്രദേശങ്ങളിലെ ടാപ്പുകളിൽ മിക്കപ്പോഴും വെള്ളമെത്താറില്ല. ഒരൊറ്റ കുഴൽ കിണറിൽ നിന്നും മാത്രമായി പമ്പു ചെയ്തെടുക്കുന്ന വെള്ളത്തിന്റെ ലഭ്യതക്കുറവും വിതരണ സമ്പ്രദായത്തിന്റെ പാകപ്പിഴകളും കാരണങ്ങളാണ്. ടാങ്കിൽ നിന്നുള്ള ജലനിർഗമനത്തിന് ഒരു ഇഞ്ചു വ്യാസമുള്ള പൈപ്പുകൾ ആണ് ആദ്യഘട്ടത്തിൽ ഉപയോഗിച്ചത്. പദ്ധതിയ വ്യാപിപ്പിച്ചപ്പോൾ അതോടനുബന്ധിച്ച് വ്യാസം കൂടിയ പൈപ്പുകൾ ഇട്ട് ദൈർഘ്യം വർദ്ധിപ്പിച്ചതു കൊണ്ട് പലയിടങ്ങളിലും പൈപ്പുകൾ പൊട്ടി ജലം യഥേഷ്ടം ഒഴുകുന്നു. ജലപ്രവാഹമില്ലാത്തപ്പോൾ ഈ പൊട്ടലുകളിൽ കൂടി മലിന ജലം പൈപ്പുകളിൽ പ്രവേശിപ്പിച്ച് ജലവിതരണം ആകെ മലീമസമാക്കുന്നു. ബന്ധപ്പെട്ട അധികാരികൾ ഇവ നന്നാക്കി പരിരക്ഷിക്കാൻ കാലാകാലങ്ങളിൽ തയാറാവുന്നില്ല.

ഇടുക്കി പദ്ധതി വിഭാവനം ചെയ്തപ്പോൾ രാമപുരം ഉൾപ്പെടുന്ന പ്രദേശങ്ങളിൽ കൂടി കനാൽ ഉണ്ടാക്കി ജലവിതരണത്തിനുള്ള നിർദ്ദേശം ഉണ്ടായിരുന്നു. എന്നാൽ അത് നടപ്പിലായില്ല. നീലൂർ പദ്ധതി എന്ന പേരിൽ ഒരു പദ്ധതിയ്ക്കുള്ള രൂപരേഖ തയ്യാറാക്കുകയും രാമപുരം പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളെയും ഉൾപ്പെടുത്തി വിശദമായ സർവ്വേ നടത്തുകയും ചെയ്തിട്ട് 15 വർഷങ്ങൾ കഴിഞ്ഞിട്ടും കുടിവെള്ള വിതരണത്തിന് മാത്രമായ ആ പദ്ധതിയും നടപ്പിലായില്ല. മലങ്കര അണക്കെട്ടിന്റെ ജലാശയത്തിൽ നിന്ന് വളരെ താഴ്ന്ന പ്രദേശമായ രാമപുരത്തേക്ക് ജലമൊഴുക്കാനുള്ള ഒരു പദ്ധതിയിൽ കൂടി മാത്രമേ ഈ പഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് ശാശ്വതമായ പരിഹാരം ഉണ്ടാവുകയുള്ളൂ.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തിയ സർവ്വേയിൽ ഭൂഗർഭ ജലത്തിന്റെ ലഭ്യത വളരെ കുറഞ്ഞ പ്രദേശങ്ങളായിരുന്നു മിക്കതും. ഏതാനും കുഴൽ കിണറുകൾ ഈ പഞ്ചായത്തിൽ ഉണ്ടാക്കിയെങ്കിലും അവയിൽ ഭൂരിപക്ഷവും പ്രയോജനരഹിതമാണ്.

| വീടുകൾ | സൈഡ് ഭിത്തി ഉള്ള കിണറുകൾ | സൈഡ് ഭിത്തി ഇല്ലാത്ത കിണറുകൾ | കിണർ ഇല്ലാത്തവർ |
|---|---|---|---|
| 6448 | 2142 | 2737 | 1589 |

| വീടുകൾ | സാനിട്ടറി ടൈപ്പ് കക്കൂസുകൾ | പന്നി കക്കൂസുകൾ | കക്കൂസ് ഇല്ലാത്തവർ |
|---|---|---|---|
| 6448 | 2312 | 2241 | 1895 |

**രാമപുരം ആശുപത്രിയിലെ പ്രതിദിന ചികിൽസയുടെ വാർഷിക സ്റ്റേറ്റ്മെൻറ് (1995 – 96)**

| രോഗം | പുതിയ ഔട്ട്പേഷ്യന്റ്സ് | ഇൻ പേഷ്യൻറ്സ് |
|---|---|---|
| ടൈഫോയിഡ് | – | 38 |
| ഉദര രോഗങ്ങൾ | 5057 | 494 |
| പോഷകാഹാര കുറവു കൊണ്ടുള്ള രോഗങ്ങൾ | 2459 | 58 |
| അനീമിയ | 3769 | 89 |
| ഹൃദയരോഗങ്ങൾ | 227 | 32 |
| തൊണ്ടരോഗങ്ങൾ | 527 | 32 |
| ബ്രോംകൈറ്റീസ് | 4322 | 436 |
| ഇൻഫ്ളുവൻസ് | 4728 | 493 |
| ദന്തരോഗങ്ങൾ | 724 | 23 |
| ആസ്മ | 1841 | 167 |
| അൾസർ | 278 | 18 |
| ത്വക് രോഗങ്ങൾ | 1493 | 13 |
| മറ്റുരോഗങ്ങൾ | 4436 | 137 |
| **ആകെ** | **29861** | **2030** |
| **പഴയ ഔട്ട് പേഷ്യന്റ്സ്** | **44234** | |

**ഇടിയനാൽ ആയുർവേദ ഡിസ്പെൻസറിയിലെ പ്രതിദിന ചികിൽസയുടെ വാർഷിക സ്റ്റേറ്റ്മെൻറ് 1995 – 96**

| രോഗം | |
|---|---|
| വാതരോഗം | 18250 |
| ബാലരോഗം | 3483 |
| സ്ത്രീരോഗങ്ങൾ | 3379 |
| **ആകെ** | **25112** |

ഏഴാച്ചേരി ഹോമിയോ ആശുപത്രിയിൽ ദിവസേന ശരാശരി 108 പേർ ചികിൽസയ്ക്കെത്തുന്നു.

## രോഗാതുരത – രാമപുരം പഞ്ചായത്ത്

**ജലജന്യ രോഗങ്ങൾ:** വയറിളക്ക രോഗങ്ങൾ, മഞ്ഞപ്പിത്തം എന്നിവ താരതമ്യേന ഈ പഞ്ചായത്തിൽ കൂടുതലാണ്

**പരിസരജന്യ രോഗം:** ചിക്കൻപോക്സ് രോഗം ഈ പഞ്ചായത്തിൽ കാണപ്പെടുന്നു. മാർച്ച്, ഏപ്രിൽ മാസങ്ങളിൽ താരതമ്യേന കൂടുതലാണ്.

### മറ്റുരോഗങ്ങൾ

a. കുഷ്ഠം – ഇല്ല

b. ക്ഷയം – വളരെ കുറവ് കേസുകൾ ഉണ്ട്

c. തിമിരം – പല കേസുകൾ ഉണ്ട്

d. മലമ്പനി – താരതമ്യേന കുറവുള്ളവ മറ്റു സ്ഥലങ്ങളിൽ നിന്നുള്ള ഇറക്കുമതിയാണ്

| | |
|---|---|
| ജനന നിരക്ക് | 11 |
| മരണനിരക്ക് | 8 |
| ശിശുമരണ നിരക്ക് | 2 |
| മാതൃമരണ നിരക്ക് | ഒന്നിൽ താഴെ |

ഒരു വയസിൽ താഴെയുള്ള കുട്ടികൾ 315.
പ്രതിരോധ കുത്തിവയ്പ് നടത്തിയവർ 315.

രാമപുരം പഞ്ചായത്തിലെ ജനങ്ങൾ പൊതുവായി ശുചിത്വബോധമുള്ളവരാണ്. എന്നാൽ പൊതുസ്ഥാപനങ്ങളായ ആശുപത്രികൾ വെയിറ്റിംഗ് ഷെഡുകൾ, റോഡു പരിസരങ്ങൾ, കച്ചവട സ്ഥാപനങ്ങൾ, സ്കൂൾ പരിസരങ്ങൾ, മാർക്കറ്റ് മുതലായവ ശുചിയായി സൂക്ഷിക്കാത്തത് രോഗാണുക്കളുടെ വർദ്ധനയ്ക്കും പ്രസരണത്തിനും ഇടയാക്കുന്നു. വീടുകളോട് അനുബന്ധിച്ചുള്ള കക്കൂസുകൾ തൊഴുത്തുകൾ, കിണറുകൾ, ചപ്പുചവറുകളുടെ ശേഖരങ്ങൾ എന്നിവയുടെ നിർമ്മാണത്തിലും പരിരക്ഷണത്തിലുമുള്ള അശ്രദ്ധ കൊണ്ട് ഈച്ച, കൊതുക്, മുതലായ രോഗാണുവാഹികൾ പെരുകുന്നു. റോഡു പുറമ്പോക്കുകളിൽ അനധികൃതവും അശാസ്ത്രീയവുമായ കുടിലുകളും താമസവും പൊതുജനാരോഗ്യത്തിന് ഹാനികരമായി കാണുന്നു.

ഉഴവൂർ പബ്ലിക് ഹെൽത്ത് സെൻററിൻെറ കീഴിൽ എട്ട് ഫാമിലി വെൽഫെയർ സെൻററുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഓരോ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് വീതം ജോലി ചെയ്യുന്നു. ഇവയോടനുബന്ധിച്ച് മൂന്ന് മഹിളാ സ്വസ്ത് സംഘം (M.S.S.) വെള്ളിലാപ്പിള്ളി, നീറന്താനം, കൊണ്ടാട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു. ഇവരുടെ സേവനം എല്ലാ ആരോഗ്യ പ്രവർത്തനങ്ങൾക്കും ഒട്ടൊക്കെ സഹായകരമാണ്.

ജലജന്യരോഗങ്ങളായ മഞ്ഞപ്പിത്തം, വയറിളക്ക രോഗങ്ങൾ ഇവ പഞ്ചായത്തിൽ കൂടുതലായി കാണപ്പെടുന്നു.

രോഗ ചികിത്സാ രംഗത്ത് വളരെ വിദഗ്ധൻമാരായ വൈദ്യൻമാരുടെ നാടാണ് രാമപുരം. ഈ നൂറ്റാണ്ടിൻെറ ആരംഭദശകങ്ങളിൽ രാമപുരം പഞ്ചായത്തിലെ മുഴുവൻ ആളുകളും ഈ വൈദ്യൻമാരെയാണ് ആശ്രയിച്ചിരുന്നത്.

1920–ൽ രാമപുരം ഗവൺമെൻറ് ആശുപത്രിയുടെ സ്ഥാപനമാണ് ഈ രംഗത്ത് ശ്രദ്ധേയമായ മാറ്റം വരുത്തിയത്. ആശുപത്രി അനുവദിച്ചു തന്ന അന്നത്തെ തിരുവിതാംകൂർ ദിവാൻ വാട്സിനെ രാമപുരത്ത് ക്ഷണിച്ചു വരുത്തുകയും പല്ലക്കിൽ ഇരുത്തി ചുമന്നെത്തിച്ച് അദ്ദേഹത്തെ രാമപുരത്തെ പള്ളിമൈതാനത്ത് സ്വീകരിക്കുകയും ചെയ്തത് ഓർമ്മിക്കുന്നവർ ഇന്നും ജീവിച്ചിരിക്കുന്നു. രാമപുരം പള്ളി മുൻകൈ എടുത്ത് ഇപ്പോഴത്തെ പള്ളിമൈതാനത്തിൻെറ തെക്കുവശത്ത് പണിയിച്ച കെട്ടിടത്തിലാണ് ആശുപത്രി പ്രവർത്തിച്ചത്. കൂടുതൽ സൗകര്യാർത്ഥം 1939–ൽ രാമപുരം പള്ളിയുടെ സംഭാവന ആയ ഇപ്പോഴത്തെ ആശുപത്രി കുന്നിലേക്ക് ആശുപത്രി മാറ്റി സ്ഥാപിച്ചു. രാമപുരത്ത് ആദ്യമായി സൈക്കിൾ കൊണ്ടുവന്ന കുറുപ്പു ഡോക്ടറും തുടർന്നു വന്ന ലൂക്ക് ഡോക്ടറും പഴമക്കാരുടെ ഓർമ്മകളിൽ ഇന്നും നിലനിൽക്കുന്നു. "ലൂക്കിനെ അറിഞ്ഞാൽ ലൂക്കും അറിയും" എന്ന വാചകവും. രാമപുരം ആശുപത്രി വികസന സമിതി 1968–ൽ പണിയിച്ച ഒരു ജനറൽ വാർഡും 1974–ൽ പണിയിച്ച അടുക്കളക്കെട്ടും രാമപുരം ഫൊറോന പള്ളി വീണ്ടും സംഭാവന ചെയ്ത സ്ഥലത്ത് രാമപുരം ഫൊറോന പള്ളി, രാമപുരം സഹകരണ ബാങ്ക് എന്നീ സ്ഥാപനങ്ങളുടെയും ഇടക്കര സക്കറിയാസ്, മുണ്ടക്കൽ തെക്കനാട്ട് ഉലഹന്നൻ മാത്യു എന്നിവരുടെ ഓർമ്മയ്ക്കായി അവരുടെ മക്കളുടെയും സംഭാവനകൾ കൊണ്ട് പണിയിച്ച സ്പെഷ്യൽ വാർഡും ആശുപത്രി വികസനത്തിനിടയാക്കി. 1964–ൽ പണിയിച്ച മെറ്റേണിറ്റി വാർഡു മാത്രമാണ് സർക്കാർ

ചെലവിൽ നടത്തിയ ഏക വികസന പ്രവർത്തനം. കഴിഞ്ഞ 30 വർഷമായി ഈ ആശുപത്രി അവഗണിക്കപ്പെട്ടിരുന്നു. രാമപുരം ഗവ. ആശുപത്രിയുടെ വികസനവും വിപുലീകരണവും ഈ നാടിന്റെ ഏറ്റവും മുന്തിയ ആവശ്യമാണ്. 1982–ൽ ഇടിയനാൽ ഗവ. ആയൂർവേദ ആശുപത്രിയും 1992–ൽ ഏഴാച്ചേരി ഹോമിയോ ആശുപത്രിയും പ്രവർത്തനമാരംഭിച്ചു. രാമപുരം സെൻറ് അഗസ്റ്റിൻസ് ഹോസ്പിറ്റൽ, ചക്കാമ്പുഴ സേക്രഡ് ഹാർട്ട് ഹോസ്പിറ്റൽ എന്നീ അലോപ്പതി ആശുപത്രികളും രാമപുരം സെൻറ് ജോൺസ് ആയുർവേദ – ഹോമിയോ ഡിസ്പെൻസറി, പൈമ്പിള്ളിൽ ഹോമിയോ ഡിസ്പെൻസറി എന്നിവയും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

ശ്രീധരി, കോട്ടയ്ക്കൽ, ഔഷധി, നാഗാർജ്ജുന മുതലായവയുടെ വിൽപ്പന ശാലകളും ഈ പഞ്ചായത്തിലെ ചികിത്സാ രംഗത്ത് ഗണ്യമായ സ്ഥാനം വഹിക്കുന്നു. ദന്ത ചികിത്സാ രംഗത്ത് രണ്ടു സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

കുടിവെള്ളം ആരോഗ്യം എന്നീ മേഖലകളിൽ താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കണമെന്ന് ഗ്രാമസഭകൾ ആവശ്യപ്പെടുന്നു.

1. രാമപുരം പഞ്ചായത്തിലെ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് വേണ്ടി നീലൂർ ശുദ്ധജല വിതരണ പദ്ധതി ഉടനടി നടപ്പിലാക്കുക. അത് അസാദ്ധ്യമെങ്കിൽ മലങ്കര ഡാമിൽ നിന്നുള്ള വെള്ളം എത്തിക്കുന്നതിന് മറ്റൊരു പദ്ധതി തയ്യാറാക്കുക.
2. രാമപുരത്തെ നിലവിലുള്ള ശുദ്ധജല വിതരണത്തിന് അശാസ്ത്രീയമായി ഇട്ടിരിക്കുന്ന വിസ്താരം കുറഞ്ഞ പൈപ്പുകൾ മാറ്റി പുതിയവ ഇട്ട് കാര്യക്ഷമമാക്കുക. മറ്റ് ആവശ്യങ്ങൾക്ക് പൈപ്പ് വെള്ളം എടുക്കുന്നത് കർശനമായി തടയുക.
3. ജലവിതരണ ചുമതല വാട്ടർ അതോറിറ്റിയിൽ നിന്ന് പഞ്ചായത്തുകളെ ഏൽപ്പിക്കുക.
4. നീർമറി പദ്ധതിയിൽ ഈ പഞ്ചായത്തിലെ ചെരിവു പ്രദേശങ്ങൾ ഉൾപ്പെടുത്തുക.
5. ജനകീയ ജലവിതരണ പദ്ധതി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നടപ്പിലാക്കുന്നതിനുള്ള പ്രചാരണവും സംഘാടനവും നടത്തുക.
6. നിലവിലുള്ള കുളങ്ങൾ, പൊതുകിണറുകൾ ഇവ ആഴം കൂട്ടി കെട്ടി സംരക്ഷിക്കുക. ടൗണിലെ പൊതുകിണർ ഉപയോഗയോഗ്യമാക്കുക.
7. ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പാക്കുക.
8. തടയണകളുടെ എണ്ണം കൂട്ടുക. ഉള്ളവ സംരക്ഷിക്കുക.
9. ചുറ്റുമതിലുകൾ ഇല്ലാത്ത കിണറുകൾക്ക് ചുറ്റുമതിൽ കെട്ടുന്നതിനും വല ഇട്ടു മൂടുന്നതിനുമുള്ള പ്രേരണയും സഹായവും ചെയ്യുക.
10. പഞ്ചായത്ത് സ്റ്റേഡിയത്തിനടുത്ത് ഒരു കുഴൽ കിണർ ഉണ്ടാക്കി ടൗണിലെ ജലവിതരണ സ്രോതസ്സിന് കൂടുതൽ ലഭ്യത ഉണ്ടാക്കുക.

## പൊതുജനാരോഗ്യം

1. റോഡ് സൈഡുകളിലുള്ള ഓടകൾ സ്ലാബിട്ട് മൂടിയവ ആക്കുക.
2. ഓട ബ്ലോക്ക് ആയാൽ ഉടൻ നീക്കം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തുക.
3. റോഡുകൾ ദിവസവും അടിച്ചുവൃത്തിയാക്കുക.
4. ആവശ്യമായ സ്ഥലങ്ങളിൽ കുപ്പത്തൊട്ടികൾ വയ്ക്കുകയോ കച്ചവടക്കാരും സമീപവാസികളും ചപ്പുചവറുകളും മാലിന്യങ്ങളും അതിൽ തന്നെ നിക്ഷേപിക്കുന്നതിന് സമ്മർദ്ദം ചെലുത്തുകയും ചെയ്യുക. അവ നീക്കം ചെയ്ത് നശിപ്പിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
5. കൊതുകു നശീകരണത്തിനുള്ള നടപടികൾ സ്വീകരിക്കുക.
6. പഞ്ചായത്ത് വെയിറ്റിംഗ് ഷെഡുകൾ വൃത്തിയായി സൂക്ഷിയ്ക്കുക.
7. പ്രധാന കേന്ദ്രങ്ങളിൽ പബ്ലിക് കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കുക.
8. എല്ലാ വീട്ടിലും സാനിട്ടറി ടൈപ്പ് കക്കൂസുകൾ ഉണ്ടാക്കുക. പന്നി കക്കൂസുകൾ നിരോധിക്കുക.
9. റോഡ് പുറമ്പോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിച്ച് വീണ്ടും പുറമ്പോക്കിൽ വീടു വയ്ക്കുന്നത് കർശനമായി തടയുക.
10. കശാപ്പ് ശാലകളുടെ ശുചിത്വവും ഉരുക്കളുടെ ആരോഗ്യവും ഉറപ്പുവരുത്തുന്നതിനുള്ള ക്രമീകരണങ്ങളോടെ മാത്രം മാംസ വ്യാപാരം നടത്തുക.
11. അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിക്കുകയും പേവിഷ ബാധയ്ക്കെതിരായ കുത്തിവയ്പ്പ് നിർബന്ധമാക്കുകയും ചെയ്യുക.
12. പബ്ലിക് മാർക്കറ്റ് പുനഃസംവിധാനം ചെയ്ത് ശുചിത്വമുള്ളതാക്കുക.
13. പൊതുനിരത്തുകളിലും സമീപത്തുമുള്ള മത്സ്യ–മാംസ വ്യാപാരം നിരോധിക്കുക.
14. ഹോട്ടൽ, ടീഷോപ്പ്, ബേക്കറി, ലഘുപാനീയ കടകൾ ഇവയുടെ ശുചിത്വ പരിപാലനം ഉറപ്പാക്കുക.
15. തീയേറ്റർ കള്ളുഷാപ്പുകൾ ഇവയോടനുബന്ധിച്ച് മൂത്രപ്പുര, കക്കൂസ് ഇവ നിർബന്ധമാക്കുക.

16. എല്ലാ വാർഡുകളിലും ഫാമിലി വെൽഫെയർ സെൻററുകൾ ആരംഭിക്കുക.

17. ശുചിത്വം, ആരോഗ്യസംരക്ഷണം, രോഗപ്രതിരോധ പ്രവർത്തനം ഇവയ്ക്കായി പ്രചരണ പ്രവർത്തനങ്ങൾക്ക് വിപുലമായ സംവിധാനം ഉണ്ടാക്കുക. ഇതിനായി സന്നദ്ധ സംഘടനകൾ സ്ഥാപിക്കുക.

## ചികിത്സ

രാമപുരം ഗവൺമെൻറ് ആശുപത്രിക്ക് ഒരു ജനറൽ വാർഡ്, മെറ്റേണിറ്റി വാർഡ്, സംരക്ഷണ ഭിത്തിയും ചുറ്റുമതിലും കുറ്റമറ്റ സാനിട്ടറി സൗകര്യങ്ങളും ജലവിതരണവും ഉറപ്പാക്കുക.

2. രാമപുരം ഗവ. ആശുപത്രിയിൽ ഗൈനക്കോളജി, ദന്ത, നേത്ര വിഭാഗങ്ങൾ ആരംഭിക്കുക. എക്സ്റേ, ലാബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തുക.

3. രണ്ടു വില്ലേജുകളും 32000 അധികം ജനസംഖ്യയുള്ള രാമപുരം പഞ്ചായത്തിൽ അലോപ്പതി, ആയുർവേദ, ഹോമിയോ ഡിസ്പൻസറികൾ ഓരോന്നു കൂടി അനുവദിക്കുക.

4. സഹകരണ മേഖലയിൽ ഒരു വൻകിട ആശുപത്രി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

5. നിലവിലുള്ള ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തി രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.





***ആശുപത്രികൾ***

1. ഗവ.ആശുപത്രി, രാമപുരം
2. ഗവ.ആയുർവേദാശുപത്രി, ഇടിയനാൽ
3. ഗവ.ഹോമിയോ ആശുപത്രി, ഏഴാച്ചേരി
4. ഗവ. മൃഗാശുപത്രി, രാമപുരം
5. സെന്റ്. അഗസ്റ്റിൻസ് ആശുപത്രി, രാമപുരം
6. എസ്.എച്ച്.ആശുപത്രി, ചക്കാമ്പുഴ

***<u>ബാങ്കുകൾ</u>***

7. രാമപുരം റീജിയണൽ സർവ്വീസ് സഹകരണ ബാങ്ക്
8. കോട്ടയം ജില്ലാ സഹകരണബാങ്ക്, രാമപുരം
9. S.B.I. രാമപുരം
10. S.B.T. രാമപുരം
11. പാലാ അർബൻ സഹകരണബാങ്ക് രാമപുരം
12. ഉഴവൂർ പട്ടികജാതി സർവ്വീസ് സഹകരണബാങ്ക് രാമപുരം
13. എയിഡഡ് സ്കൂൾ എംപ്ലോയീസ് സൊസൈറ്റി രാമപുരം
14. ഏഴാച്ചേരി സഹകരണബാങ്ക്
15. S.B.T. ചക്കാമ്പുഴ

# V.5

# വ്യവസായം

രാമപുരം ഒട്ടാകെ പരിഗണിച്ചാൽ പൂർണ്ണമായും ഇതൊരു കാർഷിക മേഖലയാണ്. ജനസംഖ്യയും ഭൂവിസ്തൃതിയും തമ്മിലുള്ള അനുപാതം പരിശോധിച്ചാൽ ഈ കാര്യം ബോധ്യമാകും സംസ്ഥാനത്തിന്റെ ഭൂവിസ്തൃതിയിൽ പതിനായിരത്തിൽ പതിനാല് ഭാഗം ഇവിടെ ഉള്ളപ്പോൾ പതിനായിരത്തിൽ പതിനൊന്ന് ഭാഗമേ ജനസംഖ്യ ഇവിടെയുള്ളൂ. അതുകൊണ്ട് വ്യവസായത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ നമ്മുടെ മുമ്പിൽ വരുന്ന പ്രശ്നം നമുക്ക് പൊതുവേ ഒരു വ്യവസായ സംസ്കാരം ഇല്ല എന്നതാണ്.

വ്യവസായം എന്നാൽ ഉപഭോക്താവിന് ആവശ്യമായ വസ്തുക്കൾ ഗുണത്തിൽ മെച്ചപ്പെട്ടതാക്കി ഉല്പാദിപ്പിക്കുകയും വിപണനം ചെയ്യുകയുമാണ്. മൂല്യം കൂട്ടിച്ചേർക്കൽ ആണ് വ്യവസായത്തിൽ നടക്കുന്ന പ്രക്രിയ. ഈ മൂല്യം കൂട്ടൽ നടത്താൻ തക്ക പരിശീലനം ഉള്ള ആളുകൾ തയ്യാറായാൽ വ്യവസായം നല്ല രീതിയിൽ നടത്തുവാനുള്ള സാഹചര്യം നമുക്കുണ്ട്.

പഞ്ചായത്തതിർത്തിയിൽ ചില വ്യവസായങ്ങൾ ഇപ്പോഴുണ്ട്. ലൈസൻസുള്ള 98 എണ്ണം. ഇവ മിക്കവാറും സ്വയംതൊഴിൽ സംരംഭങ്ങളാണ്. വൻകിട എന്ന് പറയാവുന്നത് ഒന്നും ഇല്ല. വനിതകൾ ചേർന്നു പ്രവർത്തിക്കുന്ന കൊണ്ടാട്ടിലെ ചിരട്ട ഉപയോഗിച്ചുള്ള കരകൗശലഫാക്ടറി നല്ല തുടക്കം കുറിച്ചിരിക്കുന്നു. കുറേ തൊഴിലാളികളും മുതൽമുടക്കുമുള്ള പിഴകിലെ മാമ്പറയിൽ റബ്ബർഫാക്ടറിയാണ് ഇടത്തരത്തിൽ വലിയ ഒരു വ്യവസായസംരംഭം. റബർ ഉൽപ്പാദനമേഖലയായതിനാൽ റബർ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നവയും, കൊപ്രയാട്ടിഎണ്ണയുണ്ടാക്കുന്നവയും, പപ്പട നിർമ്മാണം, സ്വർണ്ണപ്പണി, നീറ്റുകക്ക, ഹോളോബ്രിക്സ് തുടങ്ങി കുറേ ചെറുകിടവ്യവസായങ്ങൾ അവിടിവിടെയായി ഉണ്ട്. വ്യവസായ മേഖലയിൽ റബ്ബർമെത്തകൾ ഉൽപ്പാദിപ്പിച്ചിരുന്ന മുരിക്കനാട്ടെ ഫാക്ടറി നിന്നുപോയി. ഇരിപ്പ് പണിക്കാരുടെ കുറേ പണിശാലകളും ഏതാനും വർക്ക് ഷോപ്പുകളും കൂടി കൂട്ടുമ്പോൾ വ്യവസായങ്ങളുടെ ഏതാണ്ട് ലിസ്റ്റ് തീർന്നിരിക്കും. പരമ്പരാഗതവ്യവസായങ്ങൾ എന്നു പറയാൻ ചിലതെല്ലാമുണ്ടന്നല്ലാതെ അവയെല്ലാം ക്ഷയിച്ച അവസ്ഥയിലാണ്.

റബ്ബറാണ് കൃഷിസ്ഥലത്തിന്റെ മൂന്നിൽ രണ്ട് ഭാഗത്തും. ആകെയുള്ള 54.54 ച. കി. മീ. ഭൂവിസ്തൃതിയിൽ 3600 ഹെക്ടർ ഭൂമി റബ്ബർ നട്ടിട്ടുള്ളതാണ്. ഹെക്ടറിന് 1500 കിലോ എന്ന ഉൽപ്പാദനതോത് ഉണ്ടെന്നാണ് കണക്ക്. ഇതനുസരിച്ച് 5400 ടൺ റബ്ബർ ഉല്പാദിപ്പിക്കുന്ന രാമപുരത്ത് റബ്ബർ അസംസ്കൃത വസ്തുവായി സ്വീകരിക്കാവുന്ന ധാരാളം വ്യവസായങ്ങൾ തുടങ്ങാൻ വൻ സാധ്യതയാണുള്ളത്. നാം ഇപ്പോൾ റബ്ബർ ഷീറ്റുകൾ ഉണ്ടാക്കി വിൽക്കുകയാണ് ചെയ്യുന്നത്. റബർപ്പാൽ സംഭരിച്ച് റബ്ബർ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന വ്യവസായങ്ങൾ തുടങ്ങുകയാണെങ്കിൽ നമുക്ക് ഉൽപ്പന്നങ്ങൾക്ക് ഉൽപ്പാദനച്ചിലവ് കുറവായിരിക്കുകയും വളരെ പേർക്ക് തൊഴിൽ കിട്ടുകയും ചെയ്യും. നാളികേരം ധാരാളം ഉൽപ്പാദിപ്പിക്കുന്ന മേഖലയായതിനാൽ ചകിരിനാര് ചേർത്തുള്ള മേന്മയേറിയ മെത്തകളും ചെരിപ്പ്, റബ്ബർബാന്റ്, റബർബുഷുകൾ ഇങ്ങനെ ധാരാളം ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ സാധിക്കും. റബർത്ത്ടി ഫർണിച്ചറിന് ഉപയോഗിക്കാൻ തുടങ്ങുന്ന കാലമാണല്ലോ. റബർത്തടി ഉപയോഗിച്ച് വീട്ടുപകരണങ്ങളും പ്ലാസ്റ്റിക് കേസ്, മുതലായവയും ഉണ്ടാക്കാം. വീട്ടുപകരണങ്ങൾക്ക് വ്യവസായ നാമം നൽകി പരസ്യം കൊടുത്താൽ വിലകുറവുള്ളതിനാൽ ധാരാളം വിൽപ്പനയുണ്ടാകും. റബർക്കുരു ആട്ടി എണ്ണയും പിണ്ണാക്കും ഉണ്ടാക്കാം. പിണ്ണാക്കിൽനിന്നും കാലിത്തീറ്റയുണ്ടാക്കുകയും ചെയ്യാം.

ഇവിടെയുള്ള ഭൂമിയിൽ 850 ഹെക്ടർ സ്ഥലത്ത് തെങ്ങ്കൃഷിയുണ്ട്. 85000 തെങ്ങെങ്കിലും ഉണ്ട്. തെങ്ങ് ഒന്നിന് 40 നാളികേരം എന്ന കണക്കിൽ 34 ലക്ഷം തേങ്ങ ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്നു. അതിൽ ഭക്ഷ്യാവശ്യത്തിനുള്ളത് നീക്കി ബാക്കി മുഴുവൻ എണ്ണയാക്കാനാണ് ഉപയോഗിക്കുന്നത്. ചകിരിയും ചിരട്ടയും നഷ്ടപ്പെടുകയും ചെയ്യുന്നു. പിണ്ണാക്ക് കാലിത്തീറ്റയായും ഉപയോഗിക്കുന്നുണ്ട്. തേങ്ങയുടെ ചിരട്ട കൊണ്ട് കരകൗശല വസ്തുക്കൾ ഉണ്ടാക്കി കയറ്റുമതി ചെയ്യാൻ സാധിക്കും. മറ്റു ഭക്ഷ്യവസ്തുക്കളും കൂടി ചേർത്ത് പിണ്ണാക്ക്, കൂടുതൽ മെച്ചപ്പെട്ടകാലിത്തീറ്റ ഇവ ഉണ്ടാക്കുവാൻ ഉപയോഗിക്കാം. ചകിരിയും വ്യവസായികമായിത്തന്നെ ഉപയോഗിക്കണം. തെങ്ങിന്റെ തടി കടഞ്ഞുണ്ടാക്കുന്ന കരകൗശല വസ്തുക്കളും വീട്ടുപകരണങ്ങളും പ്രചാരത്തിലാക്കിയാൽ തെങ്ങിന്റെ എല്ലാ ഭാഗവും നമുക്ക് വ്യവസായികമായി ഉപയോഗിക്കാം.

മരച്ചീനിയുടെ ഒരു പ്രധാന ഉൽപ്പാദന കേന്ദ്രമാണ് രാമപുരം. ഇവിടെ 400 ടൺ കപ്പ ഉല്പാദിപ്പിക്കുന്നു എന്നാണ് കണക്ക്. കപ്പ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി

വളരെ കുറഞ്ഞുപോയിട്ടുണ്ട്. ഭക്ഷ്യാവശ്യം കഴിഞ്ഞ് ബാക്കി മരച്ചീനിയുടെ ഭാഗങ്ങൾ പാഴാക്കാറാണ് പതിവ്. കപ്പയുടെ ഇലയും, കിഴങ്ങിന്റെ തൊണ്ടും എല്ലാം കാലിത്തീറ്റയുണ്ടാക്കാൻ ഉപയോഗിക്കാം. കപ്പ കൊണ്ടുള്ള ഉപ്പേരിയും ഭക്ഷ്യവസ്തുക്കളും വ്യവസായ നാമങ്ങൾ കൊടുത്ത് വിപണനം നടത്താം.

40 ഹെക്ടർ സ്ഥലത്ത് നിന്ന് 500 ടൺ വിളവ് കിട്ടുന്ന വാഴ കൃഷി പ്രോത്സാഹിപ്പിച്ച് കൂടുതൽ കായ് ഉല്പാദിപ്പിച്ചാൽ വാഴയ്ക്കായിൽനിന്നുള്ള ഉപ്പേരി, പഴം സംസ്ക്കരിച്ച് ജാമുകൾ രുചിയേറിയ മധുരപലഹാരങ്ങൾ ഇവ ഉണ്ടാക്കി വിൽക്കാം. സ്ത്രീകൾക്കും കുട്ടികൾക്കും ഈ മേഖലയിൽ ലാഭകരമായി പ്രവർത്തിക്കാം. വാഴനാരുകൊണ്ടുള്ള കരകൗശല വസ്തുക്കളും നിർമ്മിക്കാം.

നമ്മുടെ നാട്ടിൽ ധാരാളം ലഭിക്കുന്ന ഒരു അസംസ്കൃത വസ്തുവാണ് ചക്ക. എല്ലാ വീടിന്റെയും മുറ്റത്ത് ഒന്നോ രണ്ടോ പ്ലാവുണ്ട്. ചക്ക നല്ല ഭക്ഷ്യവസ്തുവാണ്. കൃത്യമായി സർവ്വേ നടത്തിയാലേ ചക്കയുടെ ലഭ്യതയെ സംബന്ധിച്ചുള്ള വിവരങ്ങൾ കിട്ടൂ. അതുപയോഗിച്ച് നമുക്ക് ചക്ക കൊണ്ടുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന വ്യവസായങ്ങൾ ആരംഭിക്കാം. വരിക്കച്ചക്കപ്പഴം ജാമിനും ചക്കരവരട്ടിക്കും ഉപയോഗിച്ച് വ്യവസായിക നാമവും കൊടുത്ത് വിപണനം ചെയ്യാം. ചക്കക്കുരുവും ഭക്ഷ്യാവശ്യത്തിന് പുറമേ കാലിത്തീറ്റക്കും കോഴിത്തീറ്റക്കും ഉപയോഗിക്കാം. ചക്ക ഉണങ്ങി പാക്ക് ചെയ്ത് വിപണനം ചെയ്യാനും സാധിക്കും. ഉപ്പേരി അച്ചാർ ഇവയും വ്യാവസായികമമായി നിർമ്മിക്കാം. ഇതിനെല്ലാം പുറമേ നമുക്കുള്ള അസംസ്കൃത വസ്തു നെല്ലാണ്. നെൽപ്പാടങ്ങൾ ഉപേക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇന്നും രാമപുരത്ത് 475 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയുണ്ട്. നെല്ലിൽനിന്ന് അരി ഉല്പാദിപ്പിച്ച് വ്യവസായ നാമത്തിൽ വിപണനം ചെയ്യാൻ നല്ല സാധ്യതയുണ്ട്. ഇത് സാധ്യമായാൽ നെല്ലിന് നല്ല വില കിട്ടുകയും നെൽകൃഷി കൂടുതലാവുകയും നെല്ലിന്റെ ലഭ്യത വർദ്ധിക്കുകയും ചെയ്യും. തവിടും ഉമ്മിയും കാലിത്തീറ്റ നിർമ്മാണത്തിന് ഉപയോഗിക്കാൻ കഴിയും. വൈക്കോൽ സംഭരിച്ച് കാലിത്തീറ്റയാക്കുന്ന ഏർപ്പാട് കൃഷി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ഇത് വ്യവാസായാടിസ്ഥാനത്തിലാക്കാം.

ക്ഷീരവ്യവസായവും കോഴിവളർത്തലും വ്യവസായികമായി നടപ്പിലാക്കിയാൽ രാമപുരത്തിന്റെ മുഖച്ഛായ മാറ്റാൻ സാധിക്കും. പാലിനും മാംസത്തിനുമായി നാം നല്ല ഒരു സംഖ്യ ചിലവാക്കുന്നുണ്ട്. അനാരോഗ്യകരമായ സാഹചര്യങ്ങളിൽ വളർത്തപ്പെടുന്ന മാടുകളുടെ ഇറച്ചിയും പാലുമാണ് നമുക്ക് പലപ്പോഴും ലഭിക്കുക. കോഴിവളർത്തലിലൂടെ മാംസത്തിന്റെ ആവശ്യം നിറവേറ്റുകയും ഇവിടെത്തന്നെ കൂടുതൽ പാൽ ഉല്പാദിപ്പിച്ച് പാലുൽപ്പന്നങ്ങൾ സംസ്കരിച്ച് വിപണനം ചെയ്യുകയും ആകാം. ഇത് നമ്മുടെ പണം പുറത്തേക്ക് ഒഴുകുന്നത് ഫലപ്രദമായി തടയും.

അസംസ്കൃതവസ്തുക്കൾക്ക് പുറമേ വ്യവസായത്തിന് ഏറ്റവും ആവശ്യം സ്ഥലം, വെള്ളം, വൈദ്യുതി, വിപണന സൗകര്യം ഇവയാണ്. എങ്കിലും കൃഷിഭൂമിയിൽ നിന്നാണ് നമുക്ക് അസംസ്കൃതവസ്തുക്കൾ കിട്ടേണ്ടത്. അതുകൊണ്ട് കൃഷിഭൂമിയുടെ വിസ്തൃതി കുറയുന്നത് നല്ലതല്ല. നമ്മുടെ നാട്ടിൽ ഉള്ള വീടുകളിൽ പലതിലും ഒരു മുറി താമസത്തിനല്ലാതെ മാറ്റി വയ്ക്കാൻ സാധിക്കും. ഇങ്ങനെ മാറ്റിവയ്ക്കാൻ സാധിക്കുന്ന മുറി ഒരാൾക്കോ രണ്ടോ മൂന്നോ പേർക്കോ ചേർന്ന് ഒരു ചെറുകിടവ്യവസായ യൂണിറ്റ് ഉണ്ടാക്കുന്ന രീതി സ്വീകരിച്ചാൽ മൂലധനം കുറേ ലാഭിക്കാം. വ്യവസായം എന്നാൽ വലിയ കെട്ടിടം ഉള്ള സ്ഥാപനം ആയിരിക്കണം എന്നാണ് നമ്മുടെ സങ്കൽപ്പം. ഇതു മാറണം. റെഡിമെയ്ഡ് വസ്ത്രങ്ങളും ചെരിപ്പുകളും, ഇലക്ട്രോണിക് ഉപകരണങ്ങളും മറ്റും നിർമ്മിക്കാൻ ഇത്തരം ചെറിയ യൂണിറ്റുകൾ മതി. അധികം മുതൽ മുടക്കോ സൗകര്യമോ ആവശ്യമില്ലാത്ത ഇവ നടത്താനും അധികം ആളുകൾ വേണ്ട.

വെള്ളം വ്യവസായങ്ങൾക്ക് വളരെയധികം വേണ്ടിവരും. വെള്ളം കുറവുള്ള പ്രദേശം ആയതിനാൽ ജലലഭ്യത ഉറപ്പാക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതോടൊപ്പം വെള്ളം കുറച്ച് ഉപയോഗിക്കുന്ന വ്യവസായങ്ങൾ തുടങ്ങുന്നതാണ് നല്ലത്. വൈദ്യുതിയുടെ ലഭ്യതയാണ് വ്യവസായത്തിന്റെ ഒരു പ്രശ്നം. ഇത് വളരെ കരുതലോടെ പരിഹരിച്ചിരുന്നെങ്കിൽ മാത്രമേ നമുക്ക് വ്യവസായങ്ങൾ നിലനിർത്താൻ സാധിക്കുകയുള്ളൂ. വെളിച്ചത്തിനും അലങ്കാരത്തിനും പാചകത്തിനും ഉപയോഗിക്കുന്ന വൈദ്യുതി കുറച്ച് വ്യവസായത്തിന്നായി മാറ്റണം. എങ്കിലേ വ്യവസായത്തിലൂടെ തൊഴിലും അഭിവൃദ്ധിയും ഉണ്ടാവുകയുള്ളൂ.

പലപ്പോഴും പറ്റിയ തൊഴിലാളികളെ ലഭ്യമല്ലാത്തതും വ്യവസായത്തിലെ ഒരു പ്രശ്നമാണ്. രാമപുരത്ത് ഒരു തൊഴിലധിഷ്ടിത കോളേജും അമനകരയിൽ ഒരു ഐ.ടി.സി.യും ഉള്ളത് നല്ലപോലെ ഉപയോഗിച്ചും വ്യവസായ വികസനസെമിനാറുകൾ സംഘടിപ്പിച്ചും വേണ്ടത്ര മനുഷ്യശക്തി വ്യവസായത്തിവൽ കൊണ്ടുവരണം. നമ്മുടെ ആളുകളിൽ ഭൂരിഭക്ഷവും മുഴുവൻ സമയവും തൊഴിൽ ഇല്ലാത്തവരാണ്. അതുകൊണ്ടാണ് നമ്മുടെ നാടിന്റെ പ്രതിശീർഷവരുമാനം മറ്റു സംസ്ഥാനത്തേക്കാൾ കുറഞ്ഞിരിക്കുന്നത്. മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളെയും വീട്ടമ്മമാരെയും പരിശീലിപ്പിച്ചാൽ വ്യവസായത്തിനാവശ്യമായ വിദഗ്ദ്ധരേയും തൊഴിലാളികളെയും കിട്ടാൻ നമുക്ക് എളുപ്പമാണ്.

മൂലധനലഭ്യതയാണ് വ്യവസായത്തിലെ മറ്റൊരു പ്രശ്നം. തക്കതായ സ്കീമുകൾ കൊടുത്താൽ ബാങ്കുകൾ വഴിയുള്ള വായ്പ്പകളും മറ്റും ലഭ്യമാണെങ്കിലും ഇതിന്റെ സാങ്കേതികപ്രശ്നങ്ങൾ പലപ്പോഴും സാധാരണക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുകയും ചെയ്യാറുണ്ട്. ഇത് പരിഹരിക്കാൻ വ്യവസായങ്ങൾക്കായി ഒരു മോനിറ്ററിംഗ് സംവിധാനം പഞ്ചായത്തിൽ ഉണ്ടാകണം. ഇതൊരു കൂട്ടുസ്ഥാപനമായിരിക്കുകയും സഹായം ആവശ്യമുള്ള എല്ലാ വ്യവസായങ്ങ

ളെയും സഹായിക്കുകയും വേണം.

പരിസരമലിനീകരണമാണ് വ്യവസായത്തിനെതിരായി ഉയർന്നുവന്നിട്ടുള്ള ഒരു പരാതി. പരിസരമലിനീകരണം കുറവുള്ള വ്യവസായങ്ങൾ തുടങ്ങണം. വീട്ടുപകരണങ്ങൾ, ഭക്ഷ്യവസ്തുക്കൾ, റെഡിമെയ്ഡ് ഉടുപ്പുകൾ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ഇവയുടെ നിർമ്മാണം മലിനീകരണം കുറവുള്ളവയാണ്. മലിനീകരണ നിയന്ത്രണവും മുമ്പ് പറഞ്ഞ Monitoring Agency ക്ക് ചെയ്യാം.

പലപ്പോഴും വ്യവസായികോൽപ്പന്നങ്ങൾ പിൻന്തള്ളപ്പെടുന്നത് ഗുണനിലവാരക്കുറവുകൊണ്ടാണ്. മറ്റേതു മേഖലയേക്കാളും മത്സരവും റിസ്ക്കും ഉള്ള രംഗമാണിത്. ഗുണനിലവാരം ഉറപ്പാക്കാൻ വ്യവസായത്തിൽ ഏർപ്പെടുന്ന എല്ലാവർക്കും നല്ല പരിശീലനം ഉറപ്പു വരുത്തിയാലേ ഇതു സാധിക്കൂ. ഉല്പാദനപ്രിക്രിയയിൽ ഏതെങ്കിലും ഘട്ടത്തിലുണ്ടാകുന്ന ചെറിയ പിഴവുപോലും ഉൽപ്പന്നത്തിന്റെ തിരസ്ക്കരിക്കലിലവസാനിക്കും. ഇത് നഷ്ടം വരുത്തും. നഷ്ടപ്പെട്ട സൽപ്പേര് വീണ്ടെടുക്കലും എളുപ്പമല്ല. ഈ പ്രശ്നം പരിഹരിക്കാൻ വ്യവസായ സംരംഭങ്ങളുടെ മുമ്പ് സൂചിപ്പിച്ച കൂട്ട് സ്ഥാപനത്തിന് സാധിക്കും. അനാവശ്യ മത്സരവും ധൂർത്തും ഒഴിവാക്കാനും സാധിക്കും. നടത്തിപ്പ് ചെലവ് പരമാവധി കുറച്ചാലേ വ്യവസായത്തിൽ ഉൽപ്പന്നങ്ങൾക്ക് വില കുറച്ച് ലാഭം ഉറപ്പാക്കാനാകൂ. ഇതിനായി വ്യവസായങ്ങൾക്ക് വേണ്ടി ഒരു പ്രദേശം മാറ്റിവച്ച് വ്യവസായത്തിനാവശ്യമായ വൈദ്യുതി, ബാങ്ക് മുതലായ സേവനങ്ങളെല്ലാം സ്ഥലത്ത് ലഭ്യമാകുന്ന ഏർപ്പാടും നടപ്പിലാക്കാവുന്നവതാണ്. വിപണനമേഖലയാണ് വ്യവസായത്തിന്റെ മറ്റൊരു പ്രശ്നമേഖല. കൃത്യമായ വിപണനം സാധ്യമാക്കിയാലേ വ്യവസായങ്ങൾക്ക് പിടിച്ചുനിൽക്കാനാകൂ. ഈ മേഖലയിൽ സത്യസന്ധതയും, കൂറും, ഉത്സാഹവും, വിശ്വാസ്യതയും ഉള്ള വിതരണക്കാരുണ്ടാകണം. നല്ല പരിശീലനം വഴി ഇത് സാധിക്കാം. ഭാഗികമായി മാത്രം ഈ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരേയും ഉൾപ്പെടുത്തണം. വിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരക്കുറവ് വ്യവസായ മേഖലകളിലും പോരായ്മകൾ സൃഷ്ടിക്കുന്നുണ്ട്. ഇതിന് പരിഹാരമുണ്ടായാലെ നമ്മുടെ സമഗ്രമായ വികസനം സാധ്യമാകൂ. വിപണന സാധ്യത തേടി പ്രദർശനങ്ങളും വിൽപ്പനമേളകളും നടത്തുകയും പരസ്യം വഴി ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുകയും ചെയ്യാം. പരസ്യമാണ് ആധുനിക വ്യവസായത്തിന്റെ വിൽപ്പനതന്ത്രങ്ങളിലൊന്ന്. ചെറുകിടവ്യവസായങ്ങൾക്ക് കൂട്ടായ വിപണനം സാധ്യമാക്കുകയും വേണം.

രാമപുരം പള്ളിയുടെ ചുമതലയിൽ ടൗണിൽത്തന്നെ സ്ഥാപിതമായിരിക്കുന്ന മാർ ആഗസ്തീനോസ് കോളേജിലെ ഒരു ബിരുദകോഴ്സ് ഇലക്ട്രോണിക്സ് ആണ്. വരുന്ന ഒരു ദശവർഷക്കാലത്തേക്കെങ്കിലും പ്രതീക്ഷിക്കാവുന്ന ഇലക്ട്രോണിക്സിന്റെ വൻവളർച്ചയ്ക്ക് ഈ കോഴ്സ് വളരെ സഹായിക്കും. ഈ കോളേജുമായി ബന്ധപ്പെട്ട് നമുക്ക് ഇലക്ട്രോണിക്സ് വ്യവസായരംഗവുമായി പരിചയപ്പെടുകയും നല്ല നിലയിലുള്ള ഗൈഡൻസ് ലഭിക്കുകയും സാധ്യമാണ്. ഇലക്ട്രോണിക്സ് വ്യവസായത്തിന് രാമപുരത്ത് ഈ സാധ്യത മനസിലാക്കി തക്ക സ്കീമുകൾ തയ്യാറാക്കിയാൽ ഒരു വ്യവസായമെന്നനിലയിൽ ചെറിയ യൂണിറ്റുകൾ പ്രവർത്തിപ്പിച്ച് കൂടുതൽ തൊഴിലും ഉൽപ്പാതനവും സാധ്യമാക്കി ഇലക്ട്രോണിക്സ് വ്യവസായം ഭാവിയിലെ വൻസാധ്യതയ്ക്ക് രാമപുരത്തെ തയാറാക്കുമെന്നത് തീർച്ചയാണ്.

വ്യവസായത്തോടുള്ള ആഭിമുഖ്യം കുറയാൻ ഉള്ള കാരണം നമ്മുടെ സ്ഥിരോത്സാഹക്കുറവാണ്. ഉറപ്പുള്ള ഏതെങ്കിലും വരുമാനമാർഗ്ഗം അന്വേഷിക്കുന്നവർക്ക് അപകട സാധ്യതയുള്ള വ്യവസായലോകം ആകർഷകമല്ല. വ്യവസായത്തിൽ ആകർഷിക്കപ്പെടുന്നവർക്ക് ഇതിൽ വേണ്ടിവരുന്ന കഠിനാധ്വാനവുമായി പൊരുത്തപ്പെടാൻ സാധിച്ചില്ലെന്നുവരാം. ഇത്തരം വെല്ലുവിളികളെ നേരിടാനുള്ള കരുത്ത് ഉണ്ടായെങ്കിലെ ഇവിടെ വ്യവസായം വേര് പിടിക്കുകയുള്ളൂ. ഒരു പുത്തൻ വികസനസംസ്കാരത്തോടൊപ്പം ഒരു പുത്തൻ വ്യവസായ സംസ്കാരം കൂടിയുണ്ടാകണം. അങ്ങനെ വരും തലമുറക്ക് വേണ്ടി തുടങ്ങുന്ന ഈ ചുവടുവയ്പ്പ് വിജയകരമാക്കാം.

V.6

# ഗതാഗതം - ഊർജ്ജം

വളരെപ്പണ്ടു മുതൽ രാമപുരത്തിന് മറ്റു പ്രദേശങ്ങളുമായി സമ്പർക്കം ഉണ്ടായിരുന്നു. ചുറ്റും മലകളാൽ ചുറ്റപ്പെട്ടിരിക്കുന്ന രാമപുരത്തിന് യാത്രാ സൗകര്യവും അക്കാരണത്താൽ തന്നെ പരിമിതപ്പെടും. പഴയകാലത്ത് തേങ്ങയും കമുകും തടിയും മറ്റും ലാഭകരമായി തോടുകളിൽ കൂടി ചങ്ങാടങ്ങളാക്കി ഒഴുക്കിക്കൊണ്ടു പോയിരുന്നു. തലച്ചുമടായും കാളവണ്ടിയിലും സാധനങ്ങൾ കൊണ്ടു പോകുന്ന രീതി ഉണ്ടായിരുന്നതും ഇന്നു ഏറെക്കുറെ അപ്രത്യക്ഷമായി. വയൽവരമ്പുകളും തോടു പുറമ്പോക്കുകളും സഞ്ചാരത്തിനുപയോഗിച്ചിരുന്ന പഴയകാലം പൊയ്പോയി. ഇപ്പോൾ നാം ഗതാഗതത്തിനായി പൂർണ്ണമായും റോഡുകളെയാണ് ആശ്രയിക്കുന്നത്.

ജന്തു ശരീരത്തിൽ രക്തക്കുഴലുകൾക്കു സ്ഥാനമാണ് ഒരു പ്രദേശത്ത് ഗതാഗത സൗകര്യത്തിനുള്ളത്. അതിനാൽ നമ്മുടെ റോഡുകൾ നാടിന്റെ രക്തധമിനികളും സിരകളുമാണ്. 54.54 ച. കി. മീ. വിസ്തീർണ്ണമുള്ള രാമപുരം പഞ്ചായത്തത്തതിർത്തിയിൽ കൂടി കുറിഞ്ഞി വഴി പുനലൂർ മൂവാറ്റുപുഴ സംസ്ഥാന ഹൈവേ No. 8 കടന്നു പോകുന്നുണ്ടെങ്കിലും നമുക്ക് അതിന്റെ പ്രയോജനം കാര്യമായി ലഭ്യമല്ല. ഈ ഗ്രാമപഞ്ചായത്തിൽ 59 കി. മീറ്റർ P.W.D. റോഡും 95 കിലോമീറ്റർ പഞ്ചായത്തു റോഡും ഉണ്ട്. പ്രധാന റോഡുകൾ തെക്കോട്ട് താലൂക്കാസ്ഥാനമായ പാലായുമായും വടക്കോട്ടോ പടിഞ്ഞാറോട്ടോ പോകാൻ കൂത്താട്ടുകളവുമായും ബന്ധിപ്പിയാണ് ഉള്ളത്. അടുത്ത കാലത്തു മാത്രമാണ് ഉഴവൂരേയ്ക്കും അവിടെ നിന്ന് പടിഞ്ഞാറു ഭാഗത്തേയ്ക്കും, മാറിക വഴി വടക്കു ഭാഗത്തേയ്ക്കും കടന്നു പോകാൻ റോഡു സൗകര്യവും ബസ് സൗകര്യവും ഉണ്ടായത്.

രാമപരുത്തെ P.W.D. റോഡുകൾ മിക്കവയും രണ്ടു സംസ്ഥാന ഹൈവേകളെ രാമപുരം ടൗണുമായി ബന്ധിപ്പിക്കുന്നവയാണ്. No. 1 സ്റ്റേറ്റ് ഹൈവേയായ എം.സി. റോഡുമായി ഉഴവൂർ വഴി കുര്യനാട്, മോനിപ്പള്ളി എന്നിവിടങ്ങളിലും അരീക്കര വഴി പുതുവേലിയിലും, അമനകര വഴി കൂത്താട്ടുകുളത്തും വിവിധ റോഡുകൾ സന്ധിക്കുമ്പോൾ നമ്പർ 8 സ്റ്റേറ്റ് ഹൈവേയായ പുനലൂർ മൂവാറ്റുപുഴ റോഡുമായി രാമപുരം - കുറിഞ്ഞി റോഡ്, കുറിഞ്ഞിയിലും രാമപുരം - പിഴകു റോഡ്, പിഴകിലും രാമപുരം - ഐക്കൊമ്പു റോഡ് ഐക്കൊമ്പിലും, ഏഴാച്ചേരി - കൊല്ലപ്പള്ളി റോഡ് കൊല്ലപ്പള്ളിയിലും, ഏഴാച്ചേരി - അന്യാളം - പയപ്പാർ റോഡ് പാലായിലും സന്ധിക്കുന്നു. തമ്മിൽ 15 കിലോമീറ്റർ അകലത്തിൽ ഉള്ള ഈ സംസ്ഥാന ഹൈവേകൾക്കിടയക്ക് കിടക്കുന്നതിന്റെ സൗകര്യങ്ങൾ നമുക്കു വേണ്ടുവോളം ലഭിക്കുന്നില്ല. മേൽസൂചിപ്പിച്ച റോഡുകളും ചക്കാമ്പുഴ - ഇടക്കോലി - ഉഴവൂർ റോഡും ഇടിയനാൽ നീറന്താനം റോഡും, കുടപ്പുലം അമനകര റോഡുമാണ് മറ്റു പ്രധാന റോഡുകൾ. ഇവ എല്ലാം ടാർ ചെയ്തവയാണ്. എറണാകുളം - എരുമേലി സ്റ്റേറ്റ് ഹൈവേയും ആലപ്പുഴ - തണ്ണീർമുക്കം - കടുത്തുരുത്തി വഴി വരുന്ന കമ്പം സ്റ്റേറ്റ് ഹൈവേയും രാമപുരം വഴി വരാനുള്ള നടപടികളും ഉടനെ തുടങ്ങണം. പ്രധാനപ്പെട്ട് P.W.D. റോഡുകളായ കൂത്താട്ടുകുളം - രാമപുരം - പാല റോഡും രാമപുരം - അരീക്കര റോഡും, വെള്ളിലാപ്പിള്ളി - ഏഴാച്ചേരി - കൊല്ലപ്പള്ളി/പയപ്പാർ റോഡുകളും, രാമപുരം - കുണിഞ്ഞി, രാമപുരം - പിഴക്, രാമപുരം ഐക്കൊമ്പ് റോഡുകളും വീതികൂട്ടി നല്ലപോലെ ടാർ ചെയ്തു സൂക്ഷിച്ചാലേ നമുക്ക് മറ്റു സ്ഥലങ്ങളിലേയ്ക്കും മറ്റു സ്ഥലങ്ങളിലുമുള്ളവർക്ക് ഇങ്ങോട്ടും പോക്കുവരവു സുകരമാകുകയുള്ളൂ.

രാമപുരം, ശബരിമലയ്ക്കുള്ള പാതയിലായതിനാലും അടുത്തകാലത്തായി ചെറുവാഹനങ്ങളുൾപ്പെടെ വാഹനങ്ങളുടെ എണ്ണം ക്രമാതീതമായി പെരുകിയതിനാലും രാമപുരം പഞ്ചായത്തിന്റെ സിരാകേന്ദ്രമായ രാമപുരം ടൗണിൽ മിക്കപ്പോഴും ഗതാഗതക്കുരുക്കും അപകടങ്ങളും വർദ്ധിച്ചു വരുന്ന ദുരവസ്ഥ ഇപ്പോഴുമുണ്ട്. ടൗണിൽ കിടന്നോടുന്ന ടാക്സി ക്കാറുകൾ 22 എണ്ണവും ജീപ്പുകൾ 35 എണ്ണവും 8 ലോറികളും, 81 ഓട്ടോറിക്ഷകളും പാർക്കു ചെയ്യുന്നത് രാമപുരം പള്ളിക്കവലയിൽ റോഡരികിലാണ്. ചക്കാമ്പുഴ, അമ്പലഭാഗം, ഇടിയനാൽ എന്നിവിടങ്ങളിൽ ഉള്ള വാടകക്കാറുകളും ജീപ്പുകളും ഓട്ടോറിക്ഷകളും മറ്റു സ്വകാര്യ വാഹനങ്ങളും പുറത്തു നിന്നുവരുന്ന വാഹനങ്ങളും ചേരുമ്പോൾ ടൗണിൽ എപ്പോഴും വാഹനത്തിരക്കാണ്. ചന്ത ദിവസങ്ങളിലും സ്കൂൾ കോളജ് സമയങ്ങളിലും തിരക്ക് ദുസ്സഹമാണ്. ഇതിനു പരിഹാരമായി ടൗണിലെ പാർക്കിംഗ് ശാസ്ത്രീയമായി സംവിധാനം ചെയ്യണം. പുതിയതായി സ്ഥലമെടുത്ത് ടാക്സി സ്റ്റാൻഡ്, ഓട്ടോറിക്ഷാ സ്റ്റാൻഡ് ഇവ നിർമ്മിച്ച്

ടാക്സികൾക്കും ഓട്ടോറിക്ഷകൾക്കും സൗകര്യമായും സുരക്ഷിതമായും പാർക്കു ചെയ്യാൻ സൗകര്യം ഉണ്ടാക്കണം. ഓട്ടോറിക്ഷകൾക്ക് സ്റ്റാൻഡ് ടൗണിൽ മൂന്ന് സ്ഥലത്തെങ്കിലും നല്കണം. പഞ്ചായത്തിനു ഇതുവഴി വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യും. രാമപുരത്ത് വാഹനം ഓടിക്കുന്ന എല്ലാവർക്കും നിയമങ്ങളെക്കുറിച്ചും സുരക്ഷിതമായ ഡ്രൈവിംഗിനെ കുറിച്ചും ബോധവൽക്കരണം നടത്താൻ ഏർപ്പാടുകൾ ഉണ്ടാകണം. ടൗണിലെ പാർക്കിംഗ് റോഡിൻെറ ഒരു വശത്തു മാത്രമാക്കിയും സമയപരിധി നിശ്ചയിച്ചും നിയന്ത്രിക്കണം.

പഞ്ചായത്തു ബസ് സ്റ്റാൻഡ് ഇപ്പോൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല. ബസ് സ്റ്റാൻഡിൻെറ തെക്കുവശത്തും കിഴക്കും വശത്തും ആവശ്യമുള്ള സ്ഥലം വാങ്ങുകയും ബസ് സ്റ്റാൻഡ് വലുതാക്കി വാഹനങ്ങൾ നിർത്തിയിടാനും ജോലിക്കാർക്കും യാത്രക്കാർക്കും വിശ്രമിക്കാനുമുള്ള സൗകര്യം ചെയ്തും ബസുകളുടെ സമയ വിവരപ്പട്ടിക കാണിച്ച് അവയുടെ പോക്കുവരവ് നിയന്ത്രിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയും ബസ് സ്റ്റാൻഡിൽ ബസ്സുകൾ വരുന്ന അവസ്ഥ സൃഷ്ടിച്ചെങ്കിലേ ബസ് സ്റ്റാൻഡു കൊണ്ട് ഉദ്ദേശിക്കുന്ന പ്രയോജനം ലഭിക്കൂ. ബസ് സ്റ്റാൻഡ് കേന്ദ്രീകരിച്ച് കൂടുതൽ വികസനം സാധ്യമാണ്. ഇപ്പോഴത്തെ മാർക്കറ്റും ബസ് സ്റ്റാൻഡിൻെറ തെക്കുവശത്ത് എടുക്കുന്ന സ്ഥലത്തോടു ചേർന്ന് വരത്തക്കവിധം മാറ്റുകയാണെങ്കിൽ അത് ഗതാഗതത്തെയും ആരോഗ്യത്തെയും ശുചിത്വത്തെയും എല്ലാം ഗുണകരമായി സ്വാധീനിക്കും. മാർക്കറ്റിരിക്കുന്ന സ്ഥലം ഷോപ്പിംഗ് കോംപ്ലക്സിനോ , വാഹന പാർക്കിംഗിനോ ഉപയോഗിക്കുകയും ചെയ്യാം. ഭാരവാഹനങ്ങൾ പാർക്കു ചെയ്യാനുള്ള സൗകര്യവും മാർക്കറ്റിനും ബസ് സ്റ്റാൻഡിനും സമീപത്തായിരിക്കണം. ഇപ്പോൾ വണ്ടിത്താവളത്തിൽ നിന്നുള്ള ഗ്രാമപഞ്ചായത്തിൻെറ വരുമാനം 16650 രൂപ എന്നത് പരിഷ്കാരങ്ങൾ നടപ്പിലാക്കി 50,000 രൂപയെങ്കിലുമായി വർദ്ധിപ്പിക്കുവാൻ സാധിക്കും.

രാമപുരം – പിഴകു റോഡ് ഏറ്റവും പഴയ കൂത്താട്ടുകുളം – പാലാ P.W.D. റോഡിൻെറ ഭാഗമാണ്. ഈ റോഡ് ആവശ്യത്തിനു വീതി ഉള്ളതുമാണ്. എന്നാൽ രാമപുരത്തെ ഏറ്റവും തിരക്കു പിടിച്ചതും അപകട സാധ്യത ഏറെയുള്ളതുമാണ് ഇതിൻെറ പള്ളിക്കവല മുതൽ ഗേൾസ് സ്കൂൾ ജംഗ്ഷൻ വരെയുള്ള ഭാഗം, പോസ്റ്റോഫീസ്, A.E.O. ഓഫീസ്, പഞ്ചായത്തോഫീസ്, സർക്കിൾ ഇൻസ്പെക്ടർ (പൊലീസ്) ഓഫീസ്, രണ്ട് ആശുപത്രികൾ മരുന്നുകടകൾ, കച്ചവടസ്ഥാപനങ്ങൾ ഗേൾസ് ഹൈസ്കൂൾ, ഒരു പ്രൈമറി സ്കൂൾ ഇവയെല്ലാം ഈ റോഡിലാണ്. ഗേൾസ് സ്കൂളിലെയും S.H.L.P.S. ലെയും കുട്ടികളും വാഹനങ്ങളും ആശുപത്രിയിലും മറ്റും വരുന്നവരും എല്ലാം ചേരുമ്പോൾ രാവിലെ 8 മണി മുതൽ 10 വരെയും വൈകിട്ട് മൂന്നര മണി മുതൽ അഞ്ചര വരെയും ഈ റോഡിലെ തിരക്ക് ഒഴിവാക്കാനായി ആ സമയത്ത് ആറാട്ടുപുഴപ്പാലം മുതൽ പള്ളിക്കവല വരെ പാർക്കിംഗ് നിരോധിക്കണം. ഈ റോഡിൽ വാഹനങ്ങളുടെ വേഗത കർശനമായി നിയന്ത്രിക്കുവാൻ ആശുപത്രി ജംഗ്ഷനിരുവശവും പിഴകു റോഡിലും നീറന്താനം റോഡിലും ബമ്പുകൾ ഉണ്ടാക്കണം. ടൗണിൽ ബോയ്സ് ഹൈസ്കൂൾ, മാർ ആഗസ്തീനോസ് കോളേജ്, മറ്റു ഓഫിസുകൾ ഇവയെല്ലാം ഉള്ള മരങ്ങാടു റോഡ് ജംഗ്ഷനിലെ തിരക്ക് കുറയ്ക്കാനും ആ ഭാഗത്ത് ബോയിസ് സ്കൂൾ വരെ പാർക്കിംഗ് അനുവദിക്കാതിരിക്കുകയും, മരങ്ങാട്ടു റോഡിൽ ബമ്പ് സ്ഥാപിച്ച് വേഗത നിയന്ത്രിക്കുകയും വേണം.

റോഡുകൾ ഉള്ളവ നന്നാക്കി സൂക്ഷിച്ചാൽ മാത്രമേ അതിനായി മുടക്കിയ മുതൽ ഫലപ്രദമായും ലാഭകരമായും തീരുകയുള്ളൂ. ഇന്ധനലാഭത്തിനും സുരക്ഷിതത്വത്തിനും ഇത് അത്യാവശ്യമാണ്. പുതിയ റോഡുകൾ വേണ്ട സ്ഥലങ്ങൾ ഏവയെന്ന്, ഗ്രാമസഭകളിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ (ലിസ്റ്റ് ചേർത്തിരിക്കുന്നു) പ്രവർത്തികമാക്കാൻ പൊതുജന പങ്കാളിത്തം നല്ലപോലെ ഉണ്ടാകണം. ടൗണിൽ നിന്ന് കമ്യൂണിറ്റി ഹാളിൻെറ അരികു ചേർന്ന് കുരുമറ്റം ഭാഗത്തേക്കുള്ള റോഡ് വീതികൂട്ടി ടാർ ചെയ്ത് നിലനിർത്തിയാൽ പല സന്ദർഭങ്ങളിലും യാത്രാത്തിരക്ക് തിരിച്ചുവിടാൻ ഈ റോഡ് ഉപയോഗിക്കാം. ബസ് സ്റ്റാൻഡിനു സമീപത്തു കൂടി ഉള്ളതായതിനാൽ ഇത് വളരെ പ്രധാനപ്പെട്ട റോഡാണ്. അമ്പലം ജംക്ഷൻ തൈപ്പറമ്പു കീലത്തു റോഡും അമ്പലം ജംക്ഷൻ, പുൽപ്ര മുക്ക് വെള്ളിലാപ്പിള്ളി കാര്യപ്പുറം റോഡും വീതികൂട്ടി ടാർ ചെയ്താൽ ടൗണിൽ വരാതെ വടക്കുഭാഗത്തു കൂടിയും തെക്കുഭാഗത്തു കൂടിയും വാഹനങ്ങൾക്ക് കടന്നു പോകാൻ സാധിക്കും. പുൽപ്രക്ക് വളക്കാട്ടുകുന്ന് – ചക്കാമ്പുഴ റോഡും, മേജർ പരമേശ്വരൻ റോഡും നന്നാക്കി സൂക്ഷിച്ചാൽ സമാന്തര റോഡുകളായി അവ ഉപയോഗിക്കാം. പോലീസ് സ്റ്റേഷൻെറ മുമ്പിലെ കയറ്റം ഒഴിവാക്കിയാൽ അപകടങ്ങൾ കുറയും. പൂവക്കുളം നീറന്താനം കിഴതിരി ഇടിയനാൽ മുല്ലമറ്റം, കുന്നപ്പള്ളി, മരങ്ങാട്ട്, നങ്ങാകുളം കവല, ഏഴാച്ചേരി, വെള്ളിലാപ്പിള്ളി, ചക്കാമ്പുഴ, ഇടക്കോലി കൊണ്ടാട്, കൂടപ്പുലം, അമനകര ഈ സ്ഥലങ്ങൾ ബന്ധിപ്പിച്ച് ഇപ്പോഴുള്ള റോഡുകളും അൽപസ്വൽപം പൂർത്തിയാക്കാനുള്ള റോഡുകൾ പൂർത്തിയാക്കിയും യോജിപ്പിച്ചാൽ അതൊരു റിംഗ് റോഡാക്കാം. ഗ്രാമത്തിൻെറ വികസനത്തിന് ഇത് വളരെ അത്യാവശ്യമാണ്. ഇത് മുൻഗണന നൽകി പൂർത്തിയാക്കണം.

പല വാർഡുകളിലും ആവശ്യത്തിനു റോഡുകളില്ല. ഉള്ളവ സഞ്ചാരയോഗ്യമല്ല. പാലങ്ങളും കലുങ്കുകളും വേണ്ടുവോളമില്ല. നമ്മുടെ പഞ്ചായത്തിലെ വാർഡുകൾ ശാസ്ത്രീയമായിട്ടല്ല രൂപീകരിച്ചിട്ടുള്ളത്. ഇത് നമ്മുടെ വികസന പ്രവർത്തനങ്ങളെയും സാമൂഹ്യബന്ധങ്ങളെയും പ്രതികൂലമായി ബാധിക്കുന്നു. ഗതാഗത പ്രശ്നങ്ങളും ഒരു പരിധി വരെ ഉണ്ടാകാൻ ഇതൊരു കാരണമാണ്. കിട്ടുന്ന ആദ്യത്തെ അവസരത്തിൽ തന്നെ പഞ്ചായത്തു വാർഡുകൾ ഭൂമിശാസ്ത്രപരമായ അതിരുകൾ വച്ച് പുനഃസംഘടിപ്പിക്കാൻ മുൻഗണന കൊടുക്കണം. എല്ലാ വാർഡിലും ജനപങ്കാളിത്തത്തോടെ ഉള്ള റോഡുകൾ നന്നാക്കുകയും പുതിയവ നിർമ്മി

ക്കുകയും വേണം. പഞ്ചായത്തു റോഡുകൾ ടാർ ചെയ്തവ കുറവാണ്. കഴിയുന്നിടത്തോളം റോഡുകൾ ടാർ ചെയ്ത് നല്ല പോലെ സൂക്ഷിക്കണം. 'ടാറിംഗിനു വേണ്ടി ടാറിംഗ്' എന്ന സമീപനം റോഡുകൾക്ക് ഒട്ടും തന്നെ ഗുണകരമല്ല എന്നുള്ള അനുഭവം ഉണ്ട്. അതിനാൽ പഞ്ചായത്തിലെ റോഡുകളുടെ നന്നാക്കലും നിലനിർത്തലും അറ്റകുറ്റപ്പണികളും ഗുണഭോക്താക്കളായ നാട്ടുകാരുടെ സഹകരണത്തോടെ ചെയ്യണം. അതിർത്തി വാർഡുകളാണ് ഗതാഗത കാര്യത്തിലും പിന്നിൽ. ദുർബല വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന കിഴതിരിയിലെയും, അമനകരയിലെയും, കൂടപ്പുലത്തെയുംമ കൊണ്ടാട്ടിലേയും ഇടക്കോലി, ഏഴാച്ചേരി, വെള്ളിലാപ്പിള്ളി, മരങ്ങാട് ഈസ്റ്റ് വാർഡുകളിലെയും റോഡുകൾക്ക് മുൻഗണന കൊടുക്കണം. കഴിയുന്നിടത്തോളം ഇപ്പോൾ ഉള്ള പാലങ്ങൾ ഉപയോഗിച്ച് റോഡുകൾ ബന്ധിപ്പിക്കുകയും അത്യാവശ്യമുള്ള സ്ഥലങ്ങളിൽ പാലങ്ങൾ പണിയുകയും വേണം.

കോട്ടയം ജില്ലയുടെ വടക്കേ അറ്റത്തുള്ള നമ്മുടെ ഗ്രാമപഞ്ചായത്തിന് ജില്ലാ ആസ്ഥാനത്തു നിന്നുള്ള അകലം 40 കിലോമീറ്ററാണ്. ഈ ദൂരക്കൂടുതൽ വികസനത്തിന് തടസ്സമാണ് എന്ന കാര്യം മറന്നുകൂടാ. കോട്ടയത്തു നിന്ന് പലാ വഴിയിലൂടെയും രാമപുരത്തിനു നേരിട്ടു ബസ് സർവീസ് ഉണ്ട്. പലവഴിക്ക് 41 സ്വകാര്യ ബസ്സുകളും 9 കെ.എസ്.ആർ.ടി.സി. ബസ്സുകളും കൂടി നൂറിലേറെ സർവീസുകൾ നടത്തുന്നുണ്ട്. പക്ഷെ ഇത് അപര്യാപ്തമാണ്.

ഉന്നത വിദ്യാഭ്യാസത്തിനായി വളരെയധികം കുട്ടികൾ പുറത്തുപോയി പഠിക്കേണ്ടി വരുന്നുണ്ട്. അതുപോലെ രാമപുരത്ത് പുതുതായി ആരംഭിച്ചിരിക്കുന്ന കോളേജിൽ കുട്ടികൾ മറ്റു സ്ഥലങ്ങളിൽ നിന്നു വരുകയും ചെയ്യുന്നു. വിദ്യാർത്ഥികളുടെ യാത്രാക്ലേശം വളരെ രൂക്ഷമാണ്. കുട്ടികൾ പ്രീഡിഗ്രി വിദ്യാഭ്യാസത്തിനാണ് അധികവും പുറത്തു പോകുന്നത്. അതു ഒഴിവാക്കാൻ പ്ലസ്ടൂ കോഴ്സുകൾ ഉടൻ തന്നെ ഇടക്കോലി ഗവ. ഹൈസ്കൂളിലും സേക്രഡ് ഹാർട്ട് ഗേൾസ് ഹൈസ്കൂളിലും രാമപുരം സെൻറ് അഗസ്റ്റിൻസ് ഹൈസ്കൂളിലും തുടങ്ങാനുള്ള ഏർപ്പാടുകൾ ചെയ്യണം. നമ്മുടെ പഞ്ചായത്തിലെ ഹൈസ്കൂളുകളിൽ നിന്നും S.S.L.C. പാസ്സാകുന്ന കുട്ടികൾക്ക് പ്ലസ് ടൂ ലവലും ഇവിടെ പൂർത്തിയാക്കാൻ സാധിച്ചാൽ യാത്രാക്ലേശവും സാമ്പത്തിക നഷ്ടവും വളരെയധികം ഒഴിവാക്കാം.

സൈക്കിളിൻെറ ഉപയോഗം കഴിയുന്നതും പ്രോത്സാഹിപ്പിക്കേണ്ട സാഹചര്യവും ഇന്നുണ്ട്. വിദ്യാർത്ഥികളെയും മറ്റുള്ളവരെയും സൈക്കിൾ ഉപയോഗിക്കാൻ പ്രേരിപ്പിക്കണം. അന്തരീക്ഷ മലിനീകരണവും പാർക്കിംഗ് പ്രശ്നവും വലിയ തോതിൽ ഒഴിവാക്കാൻ സൈക്കിളിൻെറ ഉപയോഗം വഴി സാധിക്കും.

മുമ്പ് പാലാ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും നടത്തിയിരുന്ന പല സർവീസുകളും ഇപ്പോൾ ഇതു വഴിയില്ലാതായി. മുടങ്ങിയ ബസ്സുകൾ പുനരാരംഭിക്കാൻ നടപടികൾ സ്വീകരിക്കണം. ഉഴവൂർ വഴി കോട്ടയത്തിനുള്ള ബസ്സുകളുടെ എണ്ണം വർദ്ധിപ്പിക്കണം. എറണാകുളം, കോയമ്പത്തൂർ, പുൽപ്പള്ളി, പയ്യന്നൂർ ബസ്സുകൾ പുനരാരംഭിച്ചാലേ നമ്മുടെ പഞ്ചായത്തിലെ ആളുകളുടെ യാത്രാദുരിതം അവസാനിക്കുകയുള്ളൂ. കൊണ്ടാട്, ഏഴാച്ചേരി, നീറന്താനം, കിഴതിരി, ഇടക്കോലി, മുതലായ സ്ഥലങ്ങളിൽ കൂടി കൂടുതൽ K.S.R.T.C. ബസ്സുകൾ ഓടിക്കാനുള്ള ശ്രമം ഫലപ്രദമായി നടത്തണം. പാലാ – മൂവാറ്റുപുഴയുമായി രാമപുരം കൂത്താട്ടുകുളം വഴിയും രാമപുരം – മാറിക – പണ്ടപ്പള്ളി വഴിയും K.S.R.T.C. ബസ്സുകൾ തുടങ്ങാൻ ശ്രമിക്കണം. ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള എല്ലാ പരിപാടികളും പരിഗണിച്ചായിരിക്കും സ്കീമുകൾ തയാറാക്കുന്നതും നടപ്പിലാക്കുന്നതും. കുറെ വലിയ റോഡുകളും അവയുമായി ബന്ധിക്കുന്ന ധാരാളം ചെറു റോഡുകളുമാണ് നമുക്കാവശ്യം. റോഡിനായി അനാവശ്യമായി കൃഷി സ്ഥലം നഷ്ടപ്പെടുത്തുന്നതും ബുദ്ധിപൂർവകമായിരിക്കുകയില്ല. ഇങ്ങനെ ഗതാഗതം സുഗമമാക്കി നമുക്ക് നമ്മുടെ പഞ്ചായത്തിൻെറ വികസനം സാധ്യമാക്കാം.

## ഊർജ്ജം

രാമപുരത്തും കേരളത്തിലെ മറ്റു മിക്ക സ്ഥലങ്ങളിലെയും പോലെ ഊർജ്ജ മേഖല പ്രതിസന്ധിയിലാണ്. ഈ പ്രതിസന്ധിയുടെ ആഴം നമ്മുടെ എല്ലാത്തരത്തിലുമുള്ള പുരോഗതി തടയാൻ ഇടയാക്കിയേക്കാം. ഇതിൽ നിന്ന് രക്ഷപ്പെടണമെങ്കിൽ കരുതലോടെ വസ്തുതകൾ പഠന വിഷയമാക്കുകയും പരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും വേണം. റബർ മരങ്ങളും തെങ്ങും വളരെയുണ്ടെങ്കിലും വിറകു ക്ഷാമം വളരെ രൂക്ഷമാണ്. അതുപോലെ വൈദ്യുതിയുടെ ലഭ്യതയും പ്രതിസന്ധിയിൽ തന്നെയാണ്.

പാചകത്തിന് വിറകു തന്നെയാണ് കൂടുതൽ വീടുകളിലും ഉപയോഗിക്കുന്നത്. മണ്ണെണ്ണയും L.P.G.യും ഗോബർ/ബയോഗ്യാസും വൈദ്യുതിയും പാചകാവശ്യത്തിനു ഉപയോഗിക്കുന്നുവെങ്കിൽ പോലും വിറകു തന്നെയാണ് പാചകത്തിനുള്ള പ്രധാന ഇന്ധനം. ഇന്ധനക്ഷമത കൂടിയ അടുപ്പുകൾ കുറെ വീടുകളിൽ ശാസ്ത്ര സാഹിത്യ പരിഷത്ത് വഴി സ്ഥാപിച്ചിട്ടുണ്ട്. എങ്കിലും അതത്ര വ്യാപകമാക്കിയിട്ടില്ല. പല വീടുകളിലും റബർഷീറ്റ് ഉണക്കേണ്ടതിനാൽ വിറകുപയോഗിക്കുന്ന ചിമ്മിനികളും അടുപ്പുകളും ഉപയോഗിക്കുന്നു. വിറകിൻെറ ക്ഷാമം ഭാവിയിൽ കൂടുതൽ രൂക്ഷമാകും എന്നതാണ് വസ്തുത. ഇതുകൂടി മുന്നിൽകണ്ടുകൊണ്ട് ഭാവിയിലെ വിറകിൻെറ ഉപയോഗം കൂടി കണക്കാക്കി വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കണം. ഇവ മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങൾ ആകുന്നതാണ് നല്ലത്. തണലിനും അന്തരീക്ഷ മലിനീകരണത്തിനെതിരായും ഇത്തരം വൃക്ഷങ്ങൾ പ്രയോജനപ്പെടും എന്നതിനു പുറമെ കുറെ ഭക്ഷ്യസാധനങ്ങളും അവയിൽ നിന്ന് ഉൽപ്പാദിപ്പിക്കാം.

സാമൂഹ്യവനവൽക്കരണ പദ്ധതിയുടെ ഭാഗമായി ഇതു നടപ്പാക്കണം. ഭക്ഷത കൂടിയ പുകയില്ലാത്ത അടുപ്പുകൾ പ്രചരിപ്പിക്കണം. അതുവഴി വായുമലിനീകരണം ഒഴിവാക്കാം. അടുക്കളയിൽ ജോലി ചെയ്യുന്ന കുടുംബിനികളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്താനും രോഗാതുരത കുറയ്ക്കാനും ഇത്തരം അടുപ്പുകൾ പ്രചരിപ്പിക്കുകയും ബോധവൽക്കരണം നടത്തുകയും വേണം. പാചകാവശ്യത്തിനുപയോഗിക്കുന്ന മറ്റുള്ള സാധനങ്ങൾ മണ്ണെണ്ണ, L.P.G., ഗോബർ ഗ്യാസ്, ബയോഗ്യാസ്, വൈദ്യുതി ഇവയാണ്. പാചകം ചെയ്യുന്ന പാത്രങ്ങളുടെയും മറ്റും ആകൃതിയും പാചക രീതികളും ഇന്ധന ഉപയോഗത്തെ കാര്യമായി സ്വാധീനിക്കാറുണ്ട്. ചുവടു പരന്ന പാത്രങ്ങളും പ്രഷർ കുക്കറുകളും ഇന്ധനം ലാഭിക്കാൻ സഹായിക്കും. അതുപോലെ ധാന്യങ്ങൾ കുതിർത്ത് പാകം ചെയ്തും ആവശ്യത്തിനു മാത്രം വെള്ളം ഉപയോഗിച്ച് പാചകം നടത്തിയും കുറെ ഇന്ധനം ലാഭിക്കാം.

വെള്ളച്ചത്തിനായി നാം ആശ്രയിക്കുന്നത് പ്രധാനമായും വൈദ്യുതിയേയും മണ്ണെണ്ണയേയും ആണ്. ഇതോടൊപ്പം സൗരോർജ്ജ വിളക്കുകളും ഗ്യാസ് വിളക്കുകളും കുറച്ച് ഉപയോഗിക്കുന്നുണ്ട്. മണ്ണെണ്ണയുടെ ലഭ്യത പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പൊതുവിതരണ സമ്പ്രദായത്തിലൂടെ കൂടുതൽ മണ്ണെണ്ണ ലഭ്യമാക്കാനുള്ള സാഹചര്യം ഉണ്ടാകണം. ഇങ്ങനെ ലഭിക്കുന്ന മണ്ണെണ്ണ കാർഡുടമകൾക്ക് കിട്ടുന്നുവെന്ന് ഉറപ്പാക്കണം. മണ്ണെണ്ണ ഇപ്പോൾ പെട്രോളിനു പകരമായി വാഹനങ്ങളിൽ ഉപയോഗിക്കുന്നതു വഴി അന്തരീക്ഷ മലിനീകരണം ഉണ്ടാകുന്നുണ്ട്. മണ്ണെണ്ണയുടെ ദുരുപയോഗം കർശനമായി തടഞ്ഞാലേ അതിനായി നാം മുടക്കുന്ന വിദേശനാണ്യം ലാഭിക്കാനാകൂ.

വെളിച്ചത്തിനായി അടുത്തതായി നാം ഉപയോഗിക്കുന്നത് വൈദ്യുതിയാണല്ലോ. രാമപുരത്ത് 18.1.96 വരെ കൊടുത്ത ഗാർഹിക കണക്ഷൻ 2238 ആണ്. ഇത് ആകെ കുടുംബങ്ങളുടെ മൂന്നിലൊന്നാണ്. വ്യാപാര ഉപഭോക്താക്കൾ 382-ഉം വ്യാവസായിക ഉപഭോക്താക്കൾ 62—ഉം കാർഷിക കണക്ഷനുകൾ 113-ഉം ആണ്. വിവിധ വിഭാഗങ്ങളിലായി 196 പേർ കണക്ഷന് കാത്തിരിപ്പുണ്ട്. രാമപുരം പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകൾ 105 ട്യൂബുകളും 32 സോഡിയം വേപ്പർ ലാംപുകളുമാണ്. ഇതിനായി പഞ്ചായത്തിന് 48,700 രൂപ വർഷം തോറും ചെലവാകുന്നുണ്ട്. ഇത് വരുമാനത്തിൻെറ 5.07 % ആണ്. വൈദ്യുതീകരിച്ച ഹരിജൻ കോളനി ഒരെണ്ണം ഉള്ളതിൽ 23 കുടുംബങ്ങളിൽ വൈദ്യുതി കണക്ഷൻ ഉണ്ട്. ഇതിൽ 5 എണ്ണം സൗജന്യ സ്ലാബിലുള്ളവയാണ്.

പാലാ കൂത്താട്ടുകളും സബ് സ്റ്റേഷനുകളിൽ നിന്നുമാണിവിടെ വൈദ്യുതി വിതരണം ചെയ്യുന്നത്. ഇതിനായി ആകെ 22 ട്രാൻസ്ഫോർമറുകൾ ഉണ്ട്. എങ്കിലും വോൾട്ടേജ് ക്ഷാമം വളരെ രൂക്ഷമാണ്. ട്രാൻസ്ഫോർമറുകളുടെ ശേഷിക്കപ്പുറം നൽകിയ കണക്ഷനുകളും പ്രസരണ നഷ്ടവുമാണ് ഇതിനു പ്രധാന കാരണം. വൈദ്യുതി മോഷണവും ചിലയിടത്തെല്ലാം ഉണ്ടത്രേ. ലൈനുകൾ നന്നാക്കിയും പ്രസരണ നഷ്ടവും മോഷണവും ഒഴിവാക്കിയും വോൾട്ടേജ് ക്ഷാമം കുറെയൊക്കെ പരിഹരിക്കാം. വൈദ്യുതിയുടെ ദുരുപയോഗവും കർശനമായി തടഞ്ഞേ പറ്റൂ. ഇതിനായി ശക്തമായ പൊതുജനാഭിപ്രായം ഉണ്ടാകണം.

വെളിച്ചത്തിനും അലങ്കാരത്തിനും ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവ് കുറച്ച് മിച്ചപ്പെടുത്തുന്ന വൈദ്യുതി വ്യാവസായിക ആവശ്യത്തിനു ഉപയോഗിക്കാം. മറ്റു സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ 65 % മോ അതിൽ കൂടുതലോ വ്യാവസായിക ആവശ്യത്തിനാണ് ഉപയോഗിക്കുന്നത്. കേരളത്തിലത് 35 % ലും താഴെയാണ്. വെളിച്ചത്തിനായി കൂടുതൽ സൗരോർജ്ജ വിളക്കുകളും മറ്റും ഉപയോഗിക്കാം. വീടുകളിലെ മറ്റാവശ്യങ്ങൾക്കായി സൗരോർജ്ജ പമ്പുകളും ഡ്രയറുകളും ഹീറ്ററുകളും പ്രഷർ കുക്കറുകളുമെല്ലാം ഉപയോഗിക്കുന്ന രീതി വ്യാപകമാക്കണം. സ്ട്രീറ്റ് ലൈറ്റുകൾ ലാഭകരമായി സൗരോർജ്ജ വിളക്കുകളാക്കി മാറ്റാം. ഇത് ആവർത്തന ചെലവ് ഒഴിവാക്കാൻ സഹായിക്കും. വൈദ്യുതി ലാഭിക്കാനുള്ള മാർഗ്ഗങ്ങളെപ്പറ്റിയും ബദൽ ഊർജ്ജ സ്രോതസുകളെപ്പറ്റിയും ആളുകളെ ഊർജ്ജ സെമിനാറുകൾ നടത്തി ബോധവൽക്കരിക്കണം. ഇത് എല്ലാം വേണം. പാരമ്പര്യേതര ഊർജ്ജ ഏജൻസിയുടെ ഒരു ശാഖ നമ്മുടെ പഞ്ചായത്തിൽ ഉടനെ തന്നെ തുടങ്ങേണ്ടിയിരിക്കുന്നു. ഇത് സൗരോർജ്ജത്തെക്കുറിച്ചും സൗരോർജ്ജം ഉപയോഗിക്കുന്ന വിവിധ ഉപകരണങ്ങളെക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കാനും ഉപകരണങ്ങളുടെ വിൽപനയ്ക്കും വിൽപനാന്തര സേവനത്തിനും വളരെ പ്രയോജനകരവും ആയിരിക്കും.

പാചകത്തിനു L.P.G. ഉപയോഗിക്കുന്നവർ രാമപുരത്ത് നേരിടുന്ന പ്രധാന പ്രശ്നം പാലായിൽ നിന്നാണ് അതിൻെറ വിതരണം എന്നതാണ്. ഇതിനുള്ള കാലതാമസവും അധിക ചെലവും നിസ്സാരമല്ല. ഇൻഡേനിൻെറ ഒരു ഏജൻസി രാമപുരത്ത് അനുവദിച്ചാൽ പുതിയ കണക്ഷൻ കിട്ടാനും എളപ്പമാകും. ചാണകം ഉപയോഗിച്ച് ഗോബർ ഗ്യാസും, റബർ പാൽ ഉറയൊഴിച്ച് ഷീറ്റാകുമ്പോൾ കിട്ടുന്ന പാഴ്ജലവും ചാണകവും യോജിപ്പിച്ച് ബയോഗ്യാസും ഉണ്ടാക്കി ഉപയോഗിക്കുന്ന കുറെ പ്ലാൻറുകൾ രാമപുരത്തുണ്ട്. കപ്പത്തൊലിയും ബയോഗ്യാസ് പ്ലാൻറുകളിൽ ഉപയോഗിക്കാം എന്നുള്ള അഭിപ്രായം പഠന വിധേയമാക്കണം. ഗോബർ/ബയോഗ്യാസ് പ്ലാൻറുകൽ കൂടുതലായി നിർമ്മിക്കുകയും സബ്സിഡി മുതലായവ എളുപ്പത്തിൽ ലഭ്യമാക്കുകയും ചെയ്താൽ ഇന്ധനം പാഴ്വസ്തുക്കളിൽ നിന്നും ചെലവു കുറച്ച് ലഭിക്കുന്ന അവസ്ഥ സംജാതമാകും. ഇതുവഴി മലിനീകരണവും ഒരു പരിധി വരെ തടയാം.

പെട്രോൾ, ഡീസൽ എന്നിവയും പാഴാകുന്നതു ഒഴിവാക്കാനുള്ള നടപടികൾ ഉണ്ടാകണം. ഡ്രൈവർമാരെ ബോധവൽക്കരിക്കുന്നതു വഴി വാഹനങ്ങൾക്കുപയോഗിക്കുന്ന ഇന്ധനങ്ങളുടെ പാഴ്ച്ചെലവും ധൂർത്തും ഒഴിവാക്കു

കയും അന്തരീക്ഷ മലിനീകരണം ഒരു പരിധി വരെ കുറയ്ക്കുകയും ചെയ്യാം. വാഹന ഉടമകളെ വാഹനങ്ങൽ നല്ല നിലയിൽ സൂക്ഷിക്കാൻ പ്രേരിപ്പിക്കുന്നതു വഴിയും ഇന്ധനം പാഴാകുന്നത് ഒവിവാക്കാം. പഞ്ചായത്തിൻെറയോ ബ്ലോക്കിൻെറയോ സഹായത്തോടെ പണിയുന്ന എല്ലാ വീടിനും ദക്ഷത കൂടിയ അടുപ്പുകൾ നിർബന്ധമാക്കണം.

ഇങ്ങനെ വരുന്ന തലമുറയുടെ ആവശ്യം മുന്നിൽകണ്ട് കൃത്യമായ ഒരു പദ്ധതി രൂപപ്പെടുത്തി നടപ്പാക്കിയാൽ പരമ്പരാഗത ഊർജ്ജ സ്രോതസ്സുകൾ കൂടുതൽകാലം നിലനിർത്താനും പുതിയ ഊർജ്ജ സ്രോതസ്സുകൾ ലാഭകരമായി ഉപയോഗിക്കാനും നമുക്കു സാധിക്കും.

ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ട റോഡുകളുടെ വിവരങ്ങൾ

## വാർഡ് I

1. ശബരിമല – അങ്കമാലി സ്റ്റേറ്റ് ഹൈവേ ശ്രമിക്കണം
2. രാമപുരം അമ്പലം – വെള്ളിലാപ്പിള്ളി പാരലൽ റോഡ്
3. ,, ,, ആശുപത്രി കവല ,,

## വാർഡ് II

1. മരങ്ങാട് – പിഴകു റോഡ് പൂർത്തിയാക്കുക
2. വ്യാകുല സങ്കേതം – കൊണ്ടൂർ പുഴ റോഡ് പൂർത്തിയാക്കുക.
3. മരങ്ങാടു – കുന്നപ്പള്ളി – രാമപുരം റോഡ് കയറ്റം കുറച്ച് ഗതാഗതയോഗ്യമാക്കുക
4. വെള്ളിലാപ്പിള്ളി തോടിനു മരങ്ങാട്ടിലേക്ക് പാലം
5. വടക്കേമഠം – മുളയന്നൂർ വാതിൽ റോഡ് മരങ്ങാടു റോഡുമായി ബന്ധിപ്പിക്കുക.

## വാർഡ് III

1. കുറിഞ്ഞി റോഡിൽ ഇടിയനാൽ കയറ്റം കുറച്ച് നന്നാക്കുക.
2. രാമപുരം നെല്ലിയാനി കുന്ന് ചെറുകുറിഞ്ഞി റോഡ് ടാർ ചെയ്യുക.
3. ഇടിയനാൽ താന്നിക്കുഴി റോഡ്
4. നെല്ലിയാനിക്കുന്ന് മുല്ലമറ്റം റോഡ്
5. പിഴകു റോഡിലെ കലുങ്കു നന്നാക്കുക
6. മുല്ലമറ്റം – മാനത്തൂർ റോഡ് പാലം പണിത് പൂർത്തിയാക്കുക.
7. ഇടിയനാൽ – കിഴതിരി റോഡ് റീടാറിംഗ് നടത്തുക.

## വാർഡ് IV

1. ഇടിയനാൽ – കിഴതിരി – നീറന്താനം റോഡ് നന്നാക്കുക
2. നെല്ലാപ്പാറ – വെള്ളംനീക്കിപ്പാറ – കുറിഞ്ഞിപ്പള്ളി – മാഞ്ചേരി റോഡ്

## വാർഡ് IV

1. ഇരപ്പുംകര മുളയിങ്കൽ കവല – താന്നിമല റോഡ് (നന്നാക്കൽ)
2. പൂവക്കുളം – ചൂഴൂക്കര – കുണിഞ്ഞി റോഡ് (നന്നാക്കൽ)
3. കുരുവൻകുന്ന് – അമനകര റോഡ് നന്നാക്കൽ
4. ചൂഴുക്കര – കുരുവൻകുന്ന് ചാൽ റോഡ് പുനരുദ്ധാരണം
5. മേതിരി – മുണ്ടകപ്പലം റോഡ്

## വാർഡ് VI

1. രാമപുരം R.V.M.U.P.S. പൂവക്കുളം റോഡ് നന്നാക്കുക.
2. കൈതപ്പറമ്പ് – പഴമല – കിഴതിരിറോഡ് ഗതാഗതയോഗ്യമാക്കണം
3. മാമ്പാറ – നെടുമ്പാറ റോഡ് വീതി കൂട്ടി ടാർ ചെയ്യണം.
4. മേജർ പരമേശ്വരൻ റോഡിൽ നിന്ന് 11–ാം വാർഡിലേയ്ക്കു പോകുന്ന റോഡ് പാടത്തിൻെറ വശം കെട്ടി ഗതാഗതയോഗ്യമാക്കണം.

## വാർഡ് VII

1. പള്ളിയാമ്പുറം ഭാഗത്തു നിന്ന് പാലവേലി കുടപ്പുലം റോഡിലേക്കും മുരിക്കനാട് പട്ടാംകുളം റോഡിലേക്കും പുതിയ റോഡ് വേണം.
2. കലയാമറ്റം ഭാഗത്തു നിന്ന് – കൊണ്ടാടുപള്ളി റോഡ് ഗതാഗതയോഗ്യമാക്കണം

## വാർഡ് VIII

1. മുട്ടുചിറ – ഐങ്ങാംപുറം റോഡ് തീർക്കണം.
2. അമനകര വായനശാല ഇരട്ടക്കുളം റോഡ് പാലവും കലുങ്കും തീർക്കണം.
3. കുടപ്പുലം സ്കൂൾ – ഇടക്കോലി റോഡ്, കലുങ്ക് നിർമിക്കണം.
4. കുടപ്പുലം കരയോഗം – ഐങ്ങാംപുറം റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് നന്നാക്കണം.
5. ചെന്നിരാ – മുടിയാട്ടു റോഡ്
6. ഇടക്കോലി കുരിശുപള്ളി – കുടപ്പുലം അമ്പലഭാഗം റോഡ് പൂർത്തിയാക്കണം.

7. ചേറ്റുകുളം – അമനകര ആശ്രമം റോഡ്
8. അമനകര L.P.S. – ഇരട്ടചിറ റോഡ്.
9. ഇരട്ടച്ചിറ – വെള്ളുങ്കൽച്ചാൽ റോഡ്
10. താമരക്കാട് – വൈക്കത്തമല റോഡ് – ഒറവക്കുളം മല
11. ചെന്നിര – അരീക്കര റോഡ്
12. കുടപ്പുലം അമ്പലം ചൂരമ്പള്ളി റോഡ് നന്നാക്കണം
13. ചേറ്റുകുളം – എങ്ങാംപുറം റോഡ് വെട്ടണം
14. ഇടക്കോലിക്കര – കൂടപ്പുലം അമ്പലം റോഡ്
15. കുടപ്പുലം അമ്പലം – ഉപ്പുണി – ഐങ്ങാമ്പുറം റോഡ്

## വാർഡ് IX

1. പള്ളിക്കണ്ടം പാലം വീതികൂട്ടുക
2. പള്ളിക്കണ്ടം – പറമ്പള്ളിക്കുന്ന് – കൊണ്ടാട്ടുപള്ളി റോഡ് ഗതാഗതയോഗ്യമാക്കുക
3. പുൽപ്പുറമുക്ക് – ചക്കാമ്പുഴ റോഡ് പുതുക്കിപ്പണിയണം
4. മരങ്ങാട്ടുകുളം – പനക്കപ്പള്ളി റോഡ് ഗതാഗതയോഗ്യമാക്കണം
5. കൊണ്ടാടു ഭജനമഠം – പാലവേലി റോഡ് ടാർ ചെയ്യുക
6. ചക്കാമ്പുഴ കൊണ്ടാട് രാമപുരം റോഡ് നന്നാക്കുക

## വാർഡ് X

1. ഉഴവൂർ ചക്കാമ്പുഴ ഇടക്കോലി റോഡ് നന്നാക്കുക
2. ചക്കാമ്പുഴ കൊണ്ടാട് – ചിറക്കണ്ടം റോഡ് നന്നാക്കുക
3. ചക്കാമ്പുഴ – നടുവിലാമ്മാവു റോഡ് നന്നാക്കുക
4. ഇടമനക്കുന്ന് – ഇടക്കോലി റോഡ്
5. അറയാനികവല ചിറകണ്ടം റോഡ്
7. കന്നാലത്തുവാതിൽ കീരഞ്ചിറ റോഡ്
8. ചാലിൽ ഭാഗത്ത് നടപ്പാലം

## വാർഡ് XI

1. ചെറിയാൻപാറ – ഫാത്തിമാഗിരി ലിങ്ക് റോഡ്
2. ചെറുനിലംഭാഗം – ചെല്ലിക്കുന്ന് റോഡ്
3. ചക്കാമ്പുഴ നിരപ്പു അന്ത്യാളം റോഡ്
4. ഏഴാച്ചേരി ബാങ്ക് – മാർത്തോമ്മാ ഗിരി റോഡ്
5. കൈതമലചാൽ മങ്ങാകുളം റോഡ് വെട്ടുക
6. കമ്യൂണിറ്റി ഹാൾ – കുരുമറ്റം റോഡ്
7. വാഴയ്ക്കമല – കാര്യപുറം റോഡ്

## വാർഡ് XII

1. ആശ്രമം ഓന്തുംകുന്നു – മൈലക്കൽ പാലം റോഡ് നന്നാക്കൽ
2. അതിർത്തി മുക്കിൽ ഓന്തുംകുന്ന് മുട്ടത്തുകുന്നേൽ റോഡ്
3. ഈയപ്പാട്ടുകവല – 5–ാം മൈൽ റോഡ് „
4. അന്തീനാടു പള്ളി – താമരമുക്ക് റോഡ് „
5. ഒന്തുംകുന്ന് – വാഴക്കാംപ്പാറ റോഡ് „
6. പാണ്ടിപ്പാറ – ഏഴാച്ചേരി റോഡ്
7. കൊല്ലപ്പള്ളി – ഏഴാച്ചേരി റോഡ് (റീ ടാറിംഗ്)
8. കൊല്ലപ്പള്ളി – അന്ത്യാളം ”
9. മുക്കുറ്റികയത്തിലെ ചെക്കു ഡാമിനു മുകളിൽ നടപ്പാലം
10. മരങ്ങാട്ട് ഏഴാച്ചേരി റൂട്ടിൽ ഇരുപത്തെട്ടു കുന്ന് ഭാഗത്ത് ചപ്പാത്ത്
11. മൈലയ്ക്കൽ ഭാഗത്ത് മരങ്ങാട് തോടിനു ചെക്കു ഡാമും വഴിയും നിർമ്മിക്കണം



# V.7

# പാർപ്പിടം സാമൂഹ്യക്ഷേമം

മനുഷ്യൻെറ പ്രാഥമിക ജീവിതാവശ്യങ്ങളിൽപ്പെടുന്നതാണ് പാർപ്പിടം. ആഹാരവും വസ്ത്രവും വീണ്ടും വീണ്ടും ആവശ്യം വരുന്നതാണ്. എന്നാൽ പാർപ്പിടം ഒരിക്കലുണ്ടായാൽ ആയുസ്സുകാലം മുഴുവൻ സുരക്ഷയും സംതൃപ്തിയുമുണ്ടാകുന്നതാണ്. അത്യാവശ്യമായ സൗകര്യങ്ങളോടുകൂടിയ പാർപ്പിടം എല്ലാവർക്കും ലഭ്യമാക്കുക എന്നതാവണം ഇക്കാര്യത്തിലുള്ള ലക്ഷ്യം.

നമ്മുടെ പഞ്ചായത്തിൽ സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവരുണ്ട്. റോഡുപുറമ്പോക്കിലും മറ്റും കുടിൽകെട്ടി താമസിക്കുന്നവരുമുണ്ട്. ഒരു വീട്ടിൽ തന്നെ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്ന സ്ഥിതിയുമുണ്ട്. സ്ഥലത്തിനു പട്ടയമില്ലാത്തതിനാൽ കടമെടുത്തും മറ്റും വീടുവയ്ക്കാൻ കഴിയാത്ത ചുരുക്കം പേരുമുണ്ട്. ഉള്ള വീട് സുരക്ഷിതവും സൗകര്യകരവുമല്ലാത്തതാണ് മറ്റു ചിലരുടെ പ്രശ്നം. ഈ പ്രശ്നങ്ങളെല്ലാം യാഥാർത്ഥ്യബോധത്തോടെ പരിഹരിക്കാവശ്യമായ കർമ്മപദ്ധതികളാവിഷ്കരിക്കുക എന്നതാണ് പഞ്ചായത്ത് ലക്ഷ്യമിടുന്നത്.

വീടില്ലാത്തവരുടേയും ചെറിയ കുടിലുകളിൽ താമസിക്കുന്നവരുടേയും പ്രശ്നങ്ങളാണ് ആദ്യമെടുക്കേണ്ടത്. ലക്ഷംവീട് കോളനികളിലും പട്ടികജാതി കോളനികളിലും കോളനികൾപോലെ ആളുകൾ അടുത്തു താമസിക്കുന്ന കേന്ദ്രങ്ങളിലും വെള്ളം, വെളിച്ചം, കക്കൂസ് സൗകര്യം ഇവ പ്രദാനം ചെയ്യുന്നതും പ്രാധാന്യത്തോടെ ആദ്യം പരിഗണിക്കേണ്ട കാര്യങ്ങളാണ്. ആൾത്താമസമുള്ള 6448 ഭവനങ്ങളാണ് രാമപുരം പഞ്ചായത്തിലുള്ളത്.

പാർപ്പിട നിർമ്മാണം ചെലവേറിയ ഒരേർപ്പാടായിരിക്കുകയാണ്. ഭൂമിയുടെ വില, കെട്ടിടനിർമ്മാണ സാമഗ്രികളുടെ വില, കൂലിച്ചിലവ് ഇവ കൂടിവരുന്നു. ഇതൊന്നും ഒരു പഞ്ചായത്തിനോ പ്രദേശത്തിനോ നിയന്ത്രിക്കാവുന്ന കാര്യങ്ങളല്ല. നിലവിലുള്ള ചെറിയ വരുമാനംകൊണ്ടും ധനസഹായംകൊണ്ടും വീടുണ്ടാക്കാൻ കഴിയാത്ത സ്ഥിതിയാണ്. ഇവിടെയാണ് സാമൂഹിക ഉത്തരവാദിത്ത്വവും പ്രാദേശികവിഭവസമാഹരണവും പ്രസക്തമാകുന്നത്. മുമ്പൊക്കെ പുരകെട്ടിമേയുന്നതിന് പരസ്പരം സഹായിക്കുന്ന സ്ഥിതിയുണ്ടായിരുന്നു. അതിൻെറ പുതിയ രൂപമായി സ്ഥിരമായ ഒരു വീടുണ്ടാക്കുന്നതിന് ആളും അർത്ഥവും നൽകി അടുത്തുള്ളവർ സഹകരിക്കുന്ന ഒരു സ്ഥിതിയുണ്ടാകണം. കാര്യങ്ങൾ മുഴുവൻ ഇങ്ങളെ കുറുക്കുവഴിക്ക് പരിഹരിക്കാമെന്നല്ല, നിലവിലുള്ള ധനസഹായങ്ങളും വിവിധ ഏജൻസികൾ നൽകുന്ന വായ്പകളും അർഹിക്കുന്നവർക്ക് ലഭ്യമാക്കാൻ പഞ്ചായത്ത് മുൻകൈയ്യെടുക്കണം. ആ വിധത്തിൽ ഇച്ഛാശക്തിയോടെ ഒരു നീക്കമുണ്ടായാൽ പാർപ്പിടനിർമ്മാണരംഗത്ത് വലിയ നേട്ടങ്ങളുണ്ടാക്കാൻ കഴിയും.

പാർപ്പിടനിർമ്മാണത്തിന് സഹായിക്കുന്ന പല സന്നദ്ധസംഘടനകളുമുണ്ട്. മതസ്ഥാപനങ്ങൾ, സാമുദായിക സംഘടനകൾ, അന്തർദേശീയമായി പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾ തുടങ്ങിയവ. അവയുടെ സഹകരണം തുടർന്നും ലഭ്യമാക്കണം. രാജീവ് ദശലക്ഷപാർപ്പിടപദ്ധതി പോലുള്ള സർക്കാർ സംരംഭങ്ങളും പഞ്ചായത്ത് മുൻകൈയ്യെടുത്തു നടപ്പാക്കി ഭവനരഹിതരെ സഹായിക്കണം.

സ്പെഷ്യൽഗ്രേഡ് പഞ്ചായത്ത് എന്ന നിലയിൽ രാമപുരം നഗരാസൂത്രണത്തിൻെറ പരിധിയിൽ വരുന്നതാണ്. മൂന്നു സെൻറിൽ താഴെ സ്ഥലമുള്ളവർക്ക് വീടുപണിയാനും, രണ്ടു സെൻറിൽ താഴെയുള്ളവർക്ക് കച്ചവടപീടിക പണിയാനും ചില ഇളവുകൾ അനുവദിച്ചതായി സർക്കാർ വ്യക്തമാക്കുകയുണ്ടായി. അതുൾപ്പെടെ ലഭിക്കാവുന്ന എല്ലാ ആനുകൂല്യങ്ങളും പഞ്ചായത്തിൽ നിന്നുണ്ടാകണം. പഞ്ചായത്തിൽ പ്ലാൻ തയ്യാറാക്കി നൽകി കെട്ടിടനിർമ്മാണത്തിനനുമതി വാങ്ങാൻ ആവശ്യത്തിൽ കൂടുതൽ ഒരു ബുദ്ധിമുട്ടും ഉണ്ടാവരുത്. പ്ലാൻ ഒപ്പിടുന്നതിന് കൂടുതൽപേർ അധികാരപ്പെട്ടവരായുണ്ടാകണം. മറിച്ചായാൽ സാധാരണക്കാർക്ക് പണച്ചെലവും ക്ലേശവും കൂടും. പണി പൂർത്തിയാക്കിയ സർട്ടിഫിക്കറ്റു നൽകാൻ പ്ലാൻ ഒപ്പിട്ടയാൾ തന്നെ വേണമെന്ന നിർബന്ധം പല പ്രശ്നങ്ങളുമുണ്ടാക്കുന്നുണ്ട്. യോഗ്യതയുള്ള ആരും സർട്ടിഫിക്കറ്റു നൽകിയാൽ മതിയെന്നുള്ള അവസ്ഥയുണ്ടാകണം. രാമപുരം പഞ്ചായത്തിലെ പല വാർഡുകളും മലയോര ഗ്രാമങ്ങളാണ്. അവിടെ ടൗൺപ്ലാനിങ്ങിന്റെ നിയമം വ്യക്തിയെ ബുദ്ധിമുട്ടിക്കുന്ന തരത്തിലാകാതെ, നിയമം അനുശാസിക്കുന്ന പൊതുലക്ഷ്യം നേടുന്നതിന് മാത്രമാകണം.

ചെലവുകുറഞ്ഞ കെട്ടിടനിർമ്മാണരീതി വ്യാപകമാക്കണം. നിർമ്മിതികേന്ദ്രം ആവിഷ്കരിച്ചിട്ടുള്ള നിർമ്മാണ

പഞ്ചായത്തിലെ കെട്ടിടങ്ങളെ സംബന്ധിച്ചുള്ള സ്ഥിതിവിവര കണക്ക്

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലയുള്ളത് | കോൺഗ്രീറ്റ് | ഓട് മേഞ്ഞത് | ഓല | ആസ്ബസ്റ്റോസ് ഷീറ്റും മറ്റുള്ളതും |
|---|---|---|---|---|---|---|
| I | 974 | 41 | 340 | 586 | 15 | 33 |
| II | 596 | 7 | 64 | 466 | 58 | 8 |
| III | 577 | 9 | 48 | 429 | 84 | 6 |
| IV | 746 | 9 | 56 | 497 | 159 | 4 |
| V | 661 | 8 | 47 | 538 | 74 | 2 |
| VI | 544 | 14 | 83 | 392 | 56 | 13 |
| VII | 360 | 2 | 45 | 281 | 30 | 4 |
| VIII | 737 | 12 | 30 | 618 | 71 | 8 |
| IX | 614 | 7 | 72 | 470 | 62 | – |
| X | 595 | 9 | 85 | 436 | 48 | 26 |
| XI | 609 | 8 | 67 | 476 | 53 | 13 |
| XII | 656 | 10 | 75 | 494 | 61 | 16 |
| | 7669 | 136 | 1012 | 5783 | 601 | 137 |

രീതികൾ ഇൻഡ്യാഗവൺമെന്റ് തന്നെ രാജ്യത്തെങ്ങും പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഭവനനിർമ്മാണരംഗത്ത് കേരളത്തന്റെ സംഭാവനയായി ഇതിനെ കണക്കാക്കാം. അതുപോലെയാണ് ശാസ്ത്രസാഹിത്യ പരിഷിത്ത് കണ്ടുപിടിച്ച് ഇപ്പോൾ 'അനർട്ടിന്റെ' ആഭിമുഖ്യത്തിൽ പ്രചരിപ്പിച്ചുവരുന്ന പുകയില്ലാത്ത അടുപ്പ്. ഇതന്റെ ശാസ്ത്രീയ നമ്മുടെ ആളുകളെ ബോധ്യപ്പെടുത്തണം. മാത്രമല്ല, കെട്ടിട നിർമ്മാണരംഗത്ത് ഈ സമ്പ്രദായം എളുപ്പം ലഭ്യമാക്കുന്നതിന് പഞ്ചായത്ത് മുൻകൈയ്യെടുത്ത് ധാരാളം ചെറുപ്പക്കാരെ പരിശീലിപ്പിക്കണം. നിർമ്മാണസാമഗ്രികൾ പ്രാദേശികമായി രൂപപ്പെടുത്തുന്ന ചെറുകിട വ്യവസായസംരംഭകരെ പ്രോത്സാഹിപ്പിക്കുകയും വേണം. മരത്തിന്റെ ഉപയോഗം പരമാവധി കുറയ്ക്കാനുതകുന്ന സമ്പ്രദായങ്ങളും സാധാരണക്കാർക്ക് അറിയില്ല. ഇങ്ങനെ വിവിധ മാർഗ്ഗങ്ങളിലൂടെ കെട്ടിടനിർമ്മാണത്തിന്റെ ചിലവ് കുറയ്ക്കുകയാണ് കൂടുതൽ പാർപ്പിടങ്ങളുണ്ടാക്കാനുള്ള പ്രായോഗികമാർഗ്ഗങ്ങളിൽ പ്രധാനം.

ഭവനനിർമ്മാണത്തിന് വായ്പകൾ നല്കുന്ന സൊസൈറ്റിയുടെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിന്റെ ആവശ്യത്തിനുപോരാ. അത്തരമൊരു സൊസൈറ്റി പഞ്ചായത്തിൽ സ്ഥാപിക്കുന്നതിന് മുൻകൈയെടുക്കണം. സൊസൈറ്റികൾ നൽകുന്ന വായ്പ പലഘട്ടങ്ങളിലായി വരുമ്പോൾ വളരെ കാലതാമസം വരുകയും പണച്ചെലവു വർദ്ധിക്കുകയും ചെയ്യും. ഫണ്ടു വിതരണം വേഗത്തിലാക്കണം. ഇക്കാര്യങ്ങളിൽ വിഭാഗിയമല്ലാത്ത, വളരെ വിശാലമായ കാഴ്ച്ചപ്പാടും ഉണ്ടാകണം.

കെട്ടിടനിർമ്മാണരംഗത്ത് ഏറ്റവും അത്യാവശ്യം, ശരിയായ ഒരു നയവും ധാരാളം പണവുമാണ്. എത്രയേറെ ചർച്ച ചെയ്താലും ഫണ്ടിന്റെ അഭാവത്തിൽ ഒന്നും നടക്കുകയില്ല. ഭവനനിർമ്മാണത്തിന് ഫണ്ട് ലഭ്യമാക്കുന്ന മാർഗ്ഗങ്ങൾ ജനങ്ങളെ അറിയിക്കുന്നതിനുള്ള ഒരു സംവിധാനവും പഞ്ചായത്തുതലത്തിൽ അത്യാവശ്യമാണ്.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് മൂന്നാം പട്ടികയിൽ ഭവനനിർമ്മാണത്തിൽ ഗ്രാമപഞ്ചായത്തുകളുടെ ചുമ

തലയായിപറയുന്നത് ഇതൊക്കെയാണ്.

1. ഭവനരഹിതരായ കുടുംബങ്ങളേയും പുറമ്പോക്കിൽ താമസിക്കുന്നവരേയും തിരിച്ചറിയുക.
2. ഗ്രാമീണ ഭവനനിർമ്മാണപദ്ധതി നടപ്പിലാക്കുക
3. ഗ്രാമീണ ഭവനനിർമ്മാണത്തിനുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുകയും അവ ഭവനരഹിതർക്ക് വിതരണം നടത്തുകയും ചെയ്യുക 4. ചെലവുകുറഞ്ഞഭവന നിർമ്മാണത്തിനും കെട്ടിടനിർമ്മാണസാമഗ്രികൾക്കും പ്രചാരം നൽകുക.
5. ഷെൽട്ടർ അപ്ഗ്രഡേഷൻ പദ്ധതികൾ നടപ്പിലാക്കുക
6. ഹൗസിംഗ് കോളനികളിൽ പൊതുസൗകര്യങ്ങൾ ഏർപ്പെടുത്തുക

ഭവനനിർമ്മാണത്തിനുള്ള ചില പ്രധാനപ്പെട്ട പദ്ധതികൾ നമ്മുടെ പഞ്ചായത്തിൽ ബാധകമാകുന്നവ താഴെ ചേർക്കുന്നു.

**1. ദുർബ്ബലവിഭാഗങ്ങൾക്കായുള്ള വായ്പാപദ്ധതി**

സ്വന്തമായി രണ്ടു സെന്റെങ്കിലും ഭൂമിയുള്ള വാസയോഗ്യമായ വീടില്ലാത്തവർക്കുള്ള പദ്ധതിയാണിത്. വരുമാനം പ്രതിമാസം 1250ൽ താഴെ. 26400 രൂപ ലഭിക്കും. 9000 രൂപ സബ്സിഡി. പലിശ 13.5% ആണ്. പക്ഷെ കൃത്യമായി തിരിച്ചടക്കുന്നവർക്ക് 8.5% സബ്സിഡി കിട്ടും. ബാക്കി 5% അടച്ചാൽ മതി. 180 പ്രതിമാസതവണകളിൽ തിരിച്ചടയ്ക്കണം. വില്ലേജ് ഓഫീസുകൾ മുഖേന ഭവനനിർമ്മാണ ബോർഡ് ആണ് വായ്പ നൽകുന്നത്.

**2. ഇടത്തരം വരുമാനക്കാർക്കായുള്ള വായ്പാപദ്ധതി**

31800 രൂപയിൽ കൂടുതലും 53400 രൂപയിൽ താഴെയും വാർഷികവരുമാനമുള്ളവർക്ക് സ്വന്തമായി 4 സെന്റെങ്കിലും സ്ഥലമുണ്ടെങ്കിൽ 1,75000 രൂപവരെ വായ്പ ലഭിക്കുന്ന പദ്ധതിയാണിത്. പലിശ 17.25% 168 പ്രതിമാസ തവണകളായി തിരിച്ചടയ്ക്കണം. ഹൗസിംഗ് ബോർഡിന്റേതാണ് പദ്ധതി.

**3. ഹൗസിംഗ് കോപ്ളക്സുകൾ**

തെരഞ്ഞെടുക്കപ്പെട്ട 200 പഞ്ചായത്തുകളിൽ പ്രതിവർഷം 50 വീടുകൾ ഉൾക്കൊള്ളുന്ന ഹൗസിംഗ് കോപ്ളക്സുകൾ സ്ഥാപിക്കുന്ന പദ്ധതിയാണിത്.

**4. വീടുകളുടെ പുനരുദ്ധാരണ പദ്ധതി**

പഴയവീടുകളുടെ പുനരുദ്ധാരണവും, ലക്ഷംവീട് പദ്ധതിപ്രകാരം പണിത വീടുകളുടെ പുനരുദ്ധാരണവുമാണ് ലക്ഷ്യം. പരമാവധി 4000 രൂപവരെ ചെലവുവരുന്ന പുനരുദ്ധാരണപ്രവർത്തനങ്ങളാണ് നടത്തുക. ഹൗസിംഗ് ബോർഡിന്റെ പദ്ധതിയാണിത്.

**5. സാനിറ്റേഷൻ പ്രദാനം ചെയ്യുന്ന പദ്ധതി**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ വീടിനോടനുബന്ധിച്ച് കക്കൂസും കുളിമുറിയും നിർമ്മിച്ചു നൽകാനുള്ള പദ്ധതിയാണിത്. വീടൊന്നിനു ലഭിക്കുന്ന സഹായം 2500 രൂപയാണ്. ഈ തുകയിൽ 625 രൂപ ജവഹർ റോസ്ഗർ യോജനപ്രകാരം കേന്ദ്രസർക്കാരിൽ നിന്നുള്ള വിഹിതമാണ്. 1875 രൂപ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുഖേന ലഭിക്കേണ്ടതാണ്. അപേക്ഷകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകണം. ഹൗസിംഗ് സൊസൈറ്റിയുടെ പദ്ധതിയാണിതും.

താഴ്ന്നവരുമാനക്കാർ റവന്യൂവകുപ്പ് മുഖേനയും ചില ഭവനനിർമ്മാണപദ്ധതികൾ നിലവിലുണ്ട്. ഭവനനിർമ്മാണ രംഗത്തെ ആനുകൂല്യങ്ങളും പദ്ധതികളും പഞ്ചായത്തുകൾ മുഖേന നടപ്പാക്കുന്നത് നീതിപൂർവ്വകമായ വിതരണത്തിനും, ലക്ഷ്യപ്രാപ്തിക്കും ഉപകരിക്കും.

# സാമൂഹ്യക്ഷേമം

ഇൻഡ്യയിൽ ഏറ്റവും വിപുലമായ സാമൂഹ്യക്ഷേമ പദ്ധതികളുള്ള സംസ്ഥാനമാണ് കേരളം. അസംഘടിത മേഖലയിൽ പല സുരക്ഷിതത്വ പദ്ധതികളും കേരളം നടപ്പിലാക്കിയിട്ടുണ്ട്. 60 വയസ്സിനു മുകളിലുള്ളവരിൽ 30% വിവിധ പെൻഷൻപദ്ധതികളിലുൾപ്പെടും 1992-93 ലെ കണക്കനുസരിച്ച് റവന്യൂവിന്റെ 1.8% (68 കോടി) രൂപ പലയിനം സാമൂഹ്യക്ഷേമപദ്ധതികൾക്കായി ചെലവിടുകയുണ്ടായി. ഈ പദ്ധതികൾ പലതിന്റേയും പ്രയോജനം രാമപുരം പഞ്ചായത്തിലുണ്ടായിട്ടുണ്ട്. എങ്കിലും അർഹതയുള്ള പലർക്കും ഇത്തരം പെൻഷനുകൾ ലഭിക്കുന്നില്ലെന്നാണ് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. അർഹതയുള്ളവരെ തിരിച്ചറിയുകയും അത്തരക്കാർക്ക് ആനുകൂല്യം ലഭ്യമാക്കുകയുമാണ് ഇപ്പോൾ കരണീയമായിട്ടുള്ളത്.

സാമൂഹ്യക്ഷേമത്തിൽ പഞ്ചായത്തുകളുടെ ചുമതലകൾ ഇവയാണ്.

1. പ്രൈമറി സ്കൂൾ കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കുക
2. ശിശുക്ഷേമ പദ്ധതികൾ നടപ്പിലാക്കുക
3. അംഗൻവാടികളുടെമേൽ നോട്ടവും നിയന്ത്രണവും
4. അംഗൻവാടി കേന്ദ്രങ്ങൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുക
5. അന്ധവിശ്വാസങ്ങൾക്കും, ജാതിചിന്തകൾക്കും, അയിത്താചരണത്തിനുമെതിരായി പ്രവർത്തനം പ്രചരണം നടത്തുക
6. കള്ളക്കടത്ത്, കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്, നികുതിവെട്ടിപ്പ് തുടങ്ങിയ സാമൂഹ്യതിന്മകൾക്കെതിരായി പ്രചരണം നടത്തുക
7. അഗതി, വിധവ, വാർദ്ധക്യകാലപെൻഷൻ, പാവപ്പെട്ട വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകൽ, കർഷകത്തൊഴിലാളി പെൻഷൻ, തൊഴിലി

ല്ലായ്മ വേതനം, ഇവയ്ക്കുള്ള അപേക്ഷകൾ സ്വീകരിച്ച് അന്വേഷണം നടത്തി ശുപാർശകൾ ചെയ്യുക

8. പൊതുവിതരണ സമ്പ്രദായത്തിനെതിരായുള്ള പരാതികൾ പരിശോധിക്കുകയും പരിഹാരനടപടികൾ സ്വീകരിക്കുകയും ചെയ്യുക

9. റേഷൻ കടകളുടേയും മാവേലിസ്റ്റോറുകളുടേയും പൊതു മേൽനോട്ടം വഹിക്കുകയും മാർഗ്ഗനിർദ്ദേശം നൽകുകയും ആവശ്യമെങ്കിൽ പുതിയ പൊതുവിതരണകേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക

10. അളവും തൂക്കവും സംബന്ധിച്ച കുറ്റങ്ങൾക്കെതിരെ പരിഹാരനടപടികൾ സ്വീകരിക്കുകയും, പ്രചരണം നടത്തുകയും ചെയ്യുക

11. സാമൂഹ്യവികസന പരിപാടികൾക്കായി ശ്രമദാനം സംഘടിപ്പിക്കുക

12. സാമ്പാദ്യശീലം വളർത്തുക, മിതവ്യയം പ്രോത്സാഹിപ്പിക്കുക

13. ആംബുലൻസ് സർവ്വീസ് നടത്തുക

സാമൂഹ്യക്ഷേമത്തിന് രണ്ടുതരം പദ്ധതികൾ ഇപ്പോൾ നിലവിലുണ്ട്. ഒന്നാമത്തേത് സംസ്ഥാന ഗവ.ഫണ്ടിനെ പൂർണ്ണമായും ആശ്രയിച്ചിട്ടുള്ളത്. അഗതി വിധവാ പെൻഷനുകൾ ഉദാഹരണം. രണ്ടാമത്തേത് തൊഴിലുടമകളുടേയും തൊഴിലാളികളുടേയും വിവിധക്ഷേമ ബോർഡുകൾക്കു കീഴിൽ നടപ്പാക്കുന്നവ. ഇത്തരം 18 നിധികൾ നിലവിലുണ്ട്. ആധാരമെഴുത്തുകാർ, വക്കീൽ ഗുമസ്ഥൻമാർ, ലോട്ടറി ഏജന്റുമാർ എന്നിവർക്കുവേണ്ടിയുള്ള ഫണ്ടുകൾ അതതു ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണ്. ബാക്കി 15ഉം പ്രത്യേകം ബോർഡുകൾക്കു കീഴിലും. തൊഴിലുടമയുടെ വിഹിതം ഇല്ലാത്ത ആർട്ടിസാൻസ് വെൽഫെയർ ഫണ്ടുപോലുള്ളവയിൽ സർക്കാരിന്റെ വിഹിതമാണ് പ്രധാനം.

## നിലവിലുള്ള ചില ക്ഷേമപദ്ധതികൾ

**1. വികലാംഗർക്ക് യാത്രാബത്ത**

എഴുത്തുപരീക്ഷയ്ക്കോ, ഇന്റർവ്യൂനോ വേണ്ടി 15 കി.മി.കൂടുതൽ സഞ്ചരിക്കേണ്ടി വരുമ്പോൾ നൽകുന്നു. അപേക്ഷ സാമൂഹ്യക്ഷേമവകുപ്പിൽ നൽകണം. വരുമാനപരിധി 6000 രൂപ (വാർഷികം)

**2. വികലാംഗ വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര സ്കോളർഷിപ്പ്**

അംഗീകൃത വിദ്യാഭ്യാസസ്ഥാപനങ്ങളിൽ 9 മുതൽ മുകളിലോട്ടുള്ള ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക്. പോയിവന്നു പഠിക്കുന്നവർക്ക് 85 മുതൽ 170 രൂപാ പ്രതിമാസം. ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്നവർക്ക് 140 മുതൽ 200 വരെ പ്രതിമാസം. വരുമാന പരിധി 24000 രൂപ. സ്ഥാപനമേധാവി വഴി സാമൂഹ്യക്ഷേമ ഡയറക്ടർക്ക് അപേക്ഷിക്കണം. തൊഴിൽ പരിശീലനത്തിനും ഈ സ്കോളർഷിപ്പ് ലഭിക്കും.

**3. വികലാംഗവിദ്യാർത്ഥികൾക്കുള്ള സംസ്ഥാന സ്കോളർഷിപ്പ്**

1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക്. വരുമാനപരിധി 15000 രൂപ. പ്രതിമാസം 30 രൂപ മുതൽ 45 രൂപ വരെ ധനസഹായം. ജില്ലാ ക്ഷേമ ആഫീസിൽ അപേക്ഷ നൽകണം. വികലാംഗക്ഷേമത്തിന് വേറെയും പദ്ധതികളുണ്ട്. സാമൂഹ്യക്ഷേമജില്ലാ ഓഫീസുമായി ബന്ധപ്പെട്ടാൽ മതി.

**4.** പട്ടികജാതി/പട്ടികവർഗ്ഗേതര മിശ്രവിവാഹിതരായ ദമ്പതിമാർക്ക് ധനസഹായം. കുടുംബവാർഷികവരുമാനം 8000 രൂപയിൽ കുറവ്. പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരുമല്ലാത്ത ദമ്പതികൾക്ക് 2000 രൂപയിൽ കവിയാത്ത തുക. ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർക്ക് അപേക്ഷ നൽകണം.

**5. തീപിടുത്തം മൂലം വീടു നശിച്ചവർക്ക് ധനസഹായം**

കുടുംബവാർഷികവരുമാനം 4800 രൂപയിൽ താഴെ. കുടിലിന് 1000 രൂപയും കത്തി നശിച്ചവസ്തുക്കൾക്ക് 500 രൂപയും ധനസഹായം. ആർ.ഡി.ഒ.യ്ക്ക് അപേക്ഷ നൽകണം.

**6. പ്രകൃതിക്ഷോഭം മൂലം വീടുകൾക്ക് നാശനഷ്ടം**

വാർഷികവരുമാനം 9600 രൂപയിൽ താഴെ. 500 രൂപ മുതൽ 1500 രൂപവരെ സഹായം. ജില്ലാ കളക്ടർക്ക് അപേക്ഷനൽകണം

**7. വ്യക്തപര അപകട ഇൻഷ്വറൻസ്**

ഭക്ഷ്യവിഷബാധ, ഇടിവെട്ട്, വീഴ്ച, പാമ്പുകടി, മുങ്ങുമരണം, ജന്തുക്കളുടെ ആക്രമണം ഇവമൂലം മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക്, വരുമാന പരിധി 7200 രൂപ. ലഭിക്കുന്ന സഹായം 3000 രൂപ. ആർ.ഡി.ഒ യെ സമീപിക്കുക

**9. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി**

പ്രകൃതിക്ഷേഭം, അത്യാഹിതം, രോഗങ്ങൾ ഇവയ്ക്ക് ഇരയാകുന്നവർക്ക് വരുമാന പരിധി 12000 രൂപ. ലഭിക്കുന്ന സഹായം 5000 രൂപ, ജില്ലാ കളക്ടർ, അതിന് മുകളിൽ ഗവമെൻറ്.

**9. കുഷ്ഠ രോഗികൾക്കും, ക്യാൻസർ രോഗികൾക്കുമുള്ള പെൻഷൻ**

പ്രതിമാസവരുമാനം 200 രൂപായിൽ താഴെയുള്ള രോഗികൾക്ക് ധനസഹായം പ്രതിമാസം 100 രൂപാ. തഹസിൽദാരെ സമീപിക്കണം

**10. ക്ഷയ രോഗികൾക്കുള്ള ധനസഹായം**

കുടംബവരുമാനം 6000 രൂപായിൽ താഴെ. ഒരു വർഷത്തെയെങ്കിലും ചികിത്സ ആവശ്യമുള്ളവർക്ക് പ്രതിമാസം

50 രൂപ. തഹസിൽദാരെ സമീപിക്കണം.

**11. വികലാംഗ പെൻഷൻ**

പ്രതിമാസ വരുമാനം 300 രൂപായിൽ താഴെ . അന്ധർ, മൂകർ, ബധിരർ, 40 ശതമാനം അംഗവൈകല്യം ഉള്ളവർ. പ്രതിമാസ 75 രൂപ. ധനസാഹായം– തഹസിൽദാരെ സമീപിക്കണം.

**12. വിധവാ പെൻഷൻ**

മാസവരുമാനം 100 രൂപായിൽ താഴെ വരുന്ന വിധവകൾക്ക് (ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർക്ക്) പ്രതിമാസം 75 രൂപ. ധനസഹായം – തഹസിൽദാരെ സമീപിക്കണം.

**13. വാർദ്ധക്യകാല പെൻഷൻ**

65 വയസ്സുകഴിഞ്ഞ മാസ വരുമാനം 100 രൂപായിൽ താഴെയുള്ള ആൺമക്കൾ ഇല്ലാത്ത വൃദ്ധർക്ക്. പ്രതിമാസം 75 രൂപ. ധനസഹായം – തഹസിൽദാരെ സമീപിക്കണം.

**14.കർഷകത്തൊഴിലാളി പെൻഷൻ**

60 വയസ്സു പൂർത്തിയായ വാർഷിക വരുമാനം 1500 രൂപായിൽ താഴെയുള്ള 10 വർഷം കർഷകതൊഴിലാളിയായിരുന്നവർക്ക് ലഭിക്കുന്നു. പ്രതിമാസം 70 രൂപ. പഞ്ചായത്തു മുഖേന ഡപ്യൂട്ടി ലേബർഓഫീസർ.

**15. മരം കയറ്റതൊഴിലാളി ക്ഷേമനിധി**

ജോലി ചെയ്യവേ അംഗഭംഗം സംഭവിക്കുന്നവർക്കും മരണമടയുന്നവരുടെ ആശ്രിതർക്കും 500 രൂപ വരെ ധനസഹായം. സമീപിക്കേണ്ടത്. ജില്ലാ ലേബർ ഓഫീസറെ.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് ആവിഭാഗങ്ങളിൽപെടുന്നവർക്ക് പലക്ഷേമ പദ്ധതികളും ഉണ്ട്. പഞ്ചായത്ത് ഓഫീസ് മുഖേന പരിപാടിയുടെ വിശദവിവരങ്ങൾ അതിനാൽ കഴിയും. വകുപ്പിൻെറ ജില്ലാ ഓഫീസമായി ബന്ധപ്പെട്ടാണ് മിക്ക ധനസഹായങ്ങളും

സാമ്പത്തിക പ്രയാസം നേരിടുന്ന സാഹിത്യകാരന്മാർ കലാകാരന്മാർ (58 വയസ്സിൽ കൂടുതൽ മാസവരുമാനം 75 രൂപായിൽ താഴെ) പ്രതിമാസം 200 രൂപ പെൻഷൻ നൽകുന്ന സംസ്ഥാന പദ്ധതിയുമുണ്ട്. വിദ്യാഭ്യാസ ഡയറക്ടറെയാണ് സമീപിക്കേണ്ടത്.

റബ്ബർ ടാപ്പിംഗ് തൊഴിലാളികൾക്കു റബ്ബർ ബോർഡിൽ നിന്നും പല ക്ഷേമപദ്ധതികളും നടപ്പാക്കിവരുന്നുണ്ട്. വീടുവയ്ക്കുന്നതിനും കക്കൂസ് നിർമ്മിക്കുന്നതിനും നൽകുന്ന തുകകൾ തിരിച്ചടയ്ക്കേണ്ടതില്ല. പ്രോവിഡൻറ് ഫണ്ട് പദ്ധതിയുമുണ്ട്. റബ്ബർ ബോർഡിസ് പാലായിലുള്ള റീജിയണൽ ഓഫീസുമായി ബന്ധപ്പെട്ടാൽ മതി.

ക്ഷേമ പദ്ധതികളേക്കുറിച്ചു മുകളിൽ നൽകിയ പൊതുവിവരങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിൽ അർഹരായവരെ കണ്ടെത്താനും ആനുകൂല്യങ്ങൾ ലഭ്യമാക്കാനും കഴിയും. സംഘടിതതൊഴിൽ മേഖലയിലുള്ളവർക്കുള്ള ക്ഷേമനിധി ആനുകൂല്യങ്ങളും പി, എഫ്. ഗ്രാറ്റിവിറ്റി ആനുകൂല്യങ്ങളും അതാതു സംഘടന മുഖേനയും അറിയാൻ കഴിയും. അസംഘടിത മേഖലയിലെ ക്ഷേമപദ്ധതികൾക്ക് പലതും പഞ്ചായത്തിനെ ഏൽപ്പിച്ചുകൊണ്ടിരിക്കുകയാണ്. വരുമാന പരിധിയുലും സഹായത്തുകയിലും കാലാകാലാങ്ങളിൽ മാറ്റം വരുന്നതുമാണ്. ഈ ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് മാത്രം ലഭ്യമാക്കുന്ന കാര്യത്തിലും നാം ശ്രദ്ധിക്കേണ്ടതുണ്ട്. കാരണം ക്ഷേമപദ്ധതികൾ ദുരുപയോഗം ചെയ്യപ്പെട്ടാൽ പദ്ധതി ലക്ഷ്യങ്ങൾക്ക് മിക്കതും പഞ്ചായത്തുകളെ ഏല്പിക്കുന്നതാവും കൂടുതൽ ഫലപ്രദം.

## നടത്തേണ്ട ചില പ്രവർത്തങ്ങൾ

1. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ക്ഷേമപദ്ധതികളുടെ വിവരങ്ങൾ നൽകുന്നതിന് ഒരു സെൻറർ ആവശ്യമാണ്.
2. ക്ഷേമപദ്ധതികൾക്ക് അർഹതയുള്ളവർക്കും അത് ലഭ്യമാക്കുന്നതിനു സഹായം നൽകാനും സംവിധാനം വേണം.
3. ക്ഷേമപദ്ധതികൾ പുതിയതായി പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നതിനുള്ള സാധ്യത ആരായണം.
4. സാമൂഖ്യക്ഷേമ പദ്ധതികൾ തുടങ്ങുന്നതിനും സഹായദനം വർദ്ധിപ്പിക്കുന്നതിനും ഗവൺമെൻറിന് നിവേദനം നൽകണം.
5. ബാലവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.
6. ബാലവാടികൾ മുഖേന പോഷകാഹാരം വിതരണം കാര്യക്ഷമമാക്കണം.
7. പ്രതിമരോധ ചികിത്സപ്രവർത്തങ്ങൾ മുഴുവൻകുട്ടികൾക്കും നൽകണം.
8. ഐ. ആർ. ഡി. പി. ലിസ്റ്റു പരിശേധിച്ച് യഥാർത്ഥ അർഹതയുള്ളവരെ കണ്ടെത്തി അവർക്ക് സമയബന്ധിതമായി സഹായം നൽകണം.

V.8

# സംസ്കാരം

സാഹിത്യം, കല, കായികരംഗം, ഗ്രന്ഥശാലാ പ്രവർത്തനം, പത്രമാധ്യമങ്ങളുടെ സ്വാധീനം, ഗ്രാമീണാചാരങ്ങൾ, ആഘോഷങ്ങൾ, ഉത്സവങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ പഞ്ചായത്തിൽ നിലവിലുള്ള സാഹചര്യങ്ങളും ഈ മേഖലകളിൽ ആശാവഹമായ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു ചെയ്യേണ്ട കാര്യങ്ങളുമാണ് ഈ അധ്യായം. ആദ്യം നമ്മുടെ നില പരിശോധിക്കാം.

## സാഹിത്യം

രാമപുരത്തിന് മലയാള സാഹിത്യ ചരിത്രത്തിൽ ചിരപ്രതിഷ്ഠ നേടിക്കൊടുത്ത പ്രധാനപ്പെട്ട പല സാഹിത്യ നായകൻമാരും നമുക്കുണ്ട്. പഞ്ചായത്തിന് അഭിമാനപൂർവ്വം അനുസ്മരിക്കാവുന്നവരാണവർ. അവരിൽ എന്തുകൊണ്ടും പ്രഥമ ഗണനീയൻ രാമപുരത്തു വാര്യർ തന്നെ. രാമപുരം എന്ന സ്ഥലപ്പേരു പറഞ്ഞാലുടൻ 'രാമപുരത്തു വാര്യരുടെ രാമപുരമാണോ' എന്നു മറ്റുള്ളവർ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. അൽപം അഭിമാനത്തോടെ നാം മറുപടി പറയും. "അതേ ആ രാമപുരം തന്നെ" അങ്ങനെ രാമപുരത്തുകാരെ മറ്റു പ്രദേശങ്ങളിൽ പരിചയപ്പെടുത്തുന്ന നാമധേയമാണ് രാമപുരത്തു വാര്യരുടേത്. ആട്ടക്കഥയുടെ വേലിയേറ്റത്തിന്റെ കാലഘട്ടത്തിൽ ഒരു പുരാണ കഥയെ ഉപജീവിച്ചുകൊണ്ടാണെങ്കിലും ദാരിദ്ര്യത്തിൻെറ ചിത്രം ഹൃദയംഗമമായി വരച്ചു കാണിച്ച കവിയാണ് രാമപുരത്തു വാര്യർ. നിസ്വ ജീവിതത്തിൻെറ നിസ്വാർത്ഥ ഭക്തി പൂർണ്ണ സാഫല്യമടയുന്ന കഥയാണ് കുചേലവൃത്തം. രാമപുരത്തു വാര്യർക്കു സ്വാനുഭവ സ്പർശമുള്ള വിഷയം. ഇതിലെ ഓരോ വരിയും ആത്മാർത്ഥതയുടെ ബഹിർസ്ഫുരണമാണ്. നിലവിലിരുന്ന രൂപങ്ങളെയൊന്നും പൂർണ്ണമായി അനുസരിക്കുന്ന രചനാ ശിൽപമായിരുന്നില്ല കുചേല വൃത്തത്തിൻേറത്. മണി പ്രവാളത്തിൻെറ അലങ്കാര ശബളിതമായ കൃത്രിമ രീതികൾ വിട്ട് ഋജുവായ കഥാകഥന രീതി കൊണ്ട് ഹൃദയഭാവങ്ങൾ ആവിഷ്ക്കരിക്കുന്നതും, ആദ്യന്തം ഔചിത്യബോധം പുലർത്തുന്നതുമായ ഈ കൃതി ഒരു ദ്രുതക വനമല്ലെന്നു തീർച്ച. സാഹിത്യ ചരിത്രത്തിൽ നിന്ന് ഒരു വാക്യം ഉദ്ധരിക്കട്ടെ. "ഇത്ര കലാസൗഷ്ഠവവും ഭാവസ്ഫുരണവും ഔചിത്യ മഹിമയും തികഞ്ഞ ഖണ്ഡകാവ്യങ്ങൾ അതുവരെയും അതിനു ശേഷവും നമ്മുടെ സാഹിത്യത്തിൽ ചുരുക്കമായേ ഉണ്ടായിട്ടുള്ളൂ." (ആധുനിക മലയാള സാഹിത്യം - പി.കെ. പരമേശ്വരൻ നായർ).

രാമപുരത്തു വാര്യർ കൊല്ലവർഷം 878-ാമാണ്ട് (ക്രി.വ. 1703) കുംഭമാസം രണ്ടാം തീയതി മീനച്ചിൽ താലൂക്കിൽ രാമപുരത്തു ജനിച്ചു. അമ്മ രാമപുരം വാര്യത്ത് പാർവ്വതി വാരസ്യാർ. അച്ഛൻ അമനകര പുനംഇല്ലത്ത് പത്മനാഭൻ നമ്പൂതിരി. രാമപുരം ശ്രീരാമക്ഷേത്രത്തിലെ മാല കെട്ട് കുലത്തൊഴിലായി ചെയ്തിരുന്നു. മാർത്താണ്ഡ വർമ്മ മഹാരാജാവിൻെറ നിർദ്ദേശ പ്രകാരമാണ് കുചേല വൃത്തം രചിച്ചതെന്നു കവി തന്നെ സൂചിപ്പിക്കുന്നുണ്ട്. കൊല്ലവർഷം 934 (ക്രി. വ. 1759) മകരമാസത്തിൽ ഇഹലോക വാസം വെടിഞ്ഞു. ഭാഷാഷ്ടപദി എന്ന ഒരു വിവർത്തന കൃതി കൂടി അദ്ദേഹത്തിന്റേതായ പറയപ്പെടുന്നുണ്ടെങ്കിലും ' കുചേലവൃത്തം വഞ്ചിപ്പാട്ട് ' എന്ന ഏക കൃതി തന്നെ ആ കവി യശസ്സിന് ആധാരം.

സാഹിത്യ ചരിത്രത്തിൽ വേണ്ടത്ര പ്രാധാന്യം നൽകിയിട്ടുണ്ടെങ്കിലും, സ്കൂൾ പാഠപുസ്തകങ്ങളിലൊന്നും പ്രതിപാദ്യമല്ലാത്തതിനാൽ സാധാരണക്കാർക്കു വളരെയൊന്നും അറിഞ്ഞുകൂടാത്ത സാഹിത്യ നായകനാണ് ഗോവർണ്ണദോർപാറേമ്മാക്കൽ തോമ്മാകത്തനാർ. മലയാളത്തിലെന്നല്ല, ഭരതീയ ഭാഷാ സാഹിത്യങ്ങളിൽ തന്നെ ആദ്യത്തെ യാത്രാ വിവരണമാണ് അദ്ദേഹത്തിൻെറ വർത്തമാനപ്പുസ്തകം. മലയാള സാഹിത്യം ഐച്ഛികമായെടുക്കുന്നവർക്ക് ബിരുദാനന്തര തലത്തിലും മറ്റും ഈ കൃതി പാഠപുസ്തകമാക്കി നിശ്ചയിക്കാറുണ്ട്. അതുകൊണ്ട് മലയാള സാഹിത്യത്തിൻെറ വളർച്ച വിശദമായി പഠിക്കുന്നവരൊക്കെ മാത്രമേ വർത്തമാന പുസ്തകത്തിൻെറ പ്രാധാന്യം മനസ്സിലാക്കാറുള്ളൂ.

പാറേമ്മാക്കൽ തോമ്മാക്കത്തനാർ 1736 സെപ്റ്റംബർ നാലിന് രാമപുരം പകുതിയിൽ പെട്ട കടനാടു കരയിൽ ജനിച്ചു. 1761-ൽ വൈദിക പട്ടം സ്വീകരിച്ച അദ്ദേഹം ആലങ്ങാടു സെമിനാരിയുടെ അദ്ധ്യക്ഷനും 'വേദതർക്കം' എന്ന കൃതിയുടെ കർത്താവുമായ ഡോ. കരിയാറ്റി ജോസഫ് മൽപാന്റെ അടുത്ത അനുചരനും സുഹൃത്തുമായിരുന്നു. പതിനൊന്നു വർഷം റോമിൽ പഠിച്ച് ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റു നേടിയ പണ്ഡിതനായിരുന്നു മല്പാൻ. ഗോവക്കാരായ മെത്രാന്മാരുടെ സ്വേച്ഛാപ്രവൃത്തികളിൽ നിന്നു മലങ്കരയിലെ ക്രിസ്ത്യാനികളെ രക്ഷിക്കത്തക്കവണ്ണം ഒരു പാശ്ചാത്യനോ സ്വദേശിയോ ആയ മെത്രാനെ നിയമിച്ചു തരണമെന്ന് പോപ്പിൻെറ അടുക്കൽ നിവേദനം നൽകുന്നതിന്

അദ്ദേഹം റോമിലേയ്ക്കു പുറപ്പെട്ടപ്പോൾ പ്രധാന സഹകാരിയായി കൂടെ കൂട്ടിയത് പാറേമ്മാക്കലച്ചനെയാണ്.

1778 ഒക്ടോബറിൽ ചെന്നൈ (മദ്രാസ്) പട്ടണത്തു നിന്നു അവർ പുറപ്പെട്ടു. ഗുഡ്ഹോപ്പ് മുനമ്പു ചുറ്റി 1779 ജൂലൈ മാസത്തിൽ ലിസ്ബണിലും അവിടെ നിന്നു റോമിലും എത്തിച്ചേർന്നു. നിവേദനത്തിനനുകൂലമായ പ്രതികരണമൊന്നും പോപ്പിൽ നിന്നു ലഭിക്കുകയുണ്ടായില്ല. തിരികെ ലിസ്ബണിലെത്തി പോർത്തുഗൽ റാണിയെ സന്ദർശിച്ചു. അങ്ങനെ പോർത്തുഗലിൽ വെച്ചു കൊടുങ്ങല്ലൂർ രൂപതയുടെ മെത്രാനായി ഡോ. കരിയാറ്റി അവരോധിതനായി. പക്ഷേ രണ്ടു സംവത്സരം കൂടി കഴിഞ്ഞേ അദ്ദേഹത്തിനും കൂട്ടുകാരനും നാട്ടിലേക്കു മടങ്ങാൻ കഴിഞ്ഞുള്ളൂ. കൊടുങ്ങല്ലൂരിലെത്തും മുമ്പേ ഗോവയിൽ വെച്ചു കരിയാറ്റി അന്തരിച്ചതു കൊണ്ട് മെത്രാൻ പദവിയിൽ വാഴാൻ കഴിയാതെ പോയി. പാറേമ്മാക്കലച്ചൻ 1786 മേയ് ഒന്നിന് തിരിച്ചെത്തി. ഈ യാത്രയുടെ വിവരണമാണ് വർത്തമാനപ്പുസ്തകം.

1786-ൽ കൊടുങ്ങല്ലൂർ അതിരൂപതയുടെ ഗവർണദോർ ആയി വാഴിക്കപ്പെട്ട പാറമ്മാക്കൽ അങ്കമാലി കേന്ദ്രമാക്കി ഭരണം നടത്തി. 1794-നു ശേഷം രാമപുരം പള്ളി കേന്ദ്രമാക്കിക്കൊണ്ടാണ് ഭരണം തുടർന്നത്. 1799 മാർച്ച് 20-ന് ദിവംഗതനായി. മൃതദേഹം രാമപുരം പള്ളിയിൽ സംസ്കരിച്ചു. 1936-ൽ ഭൗതികാവശിഷ്ടങ്ങൾ രാമപുരം പഴയപള്ളിയുടെ ഭിത്തിയിലുള്ള മാർബിൾ പേടകത്തിൽ പുനഃസംസ്കരിക്കപ്പെട്ടു.

1983-ൽ ഇൻഡ്യൻ പ്രസിഡൻറ് ഗ്യാനി സെയിൽ സിംഗ് മാർ കരിയാറ്റി മെത്രാഭിഷേക ദ്വിശതാബ്ദിയാഘോഷം ഉദ്ഘാടനം ചെയ്യുന്നതിന് രാമപുരത്തു വരികയുണ്ടായി. പാറേമ്മക്കലച്ചൻെറ പൂർണ്ണമായ പ്രതിമ പള്ളിയങ്കണത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

ഉത്തര തിരുവിതാംകൂറിൽ നിന്നു കുളച്ചൽ, ഉദയഗിരി, കോട്ടാർ വഴി ചെന്നൈ പട്ടണത്തിലെത്തുന്നതു വരെയുള്ള യാത്ര വർത്തമാന പുസ്തകത്തിൽ വളരെ രസകരമായാണ് വർണ്ണിച്ചിട്ടുള്ളത്. ആഫ്രിക്ക, തെക്കെ അമേരിക്ക, യൂറോപ്പ് എന്നീ ഭൂഖണ്ഡങ്ങളിൽ കണ്ട പ്രധാന കാഴ്ചകളും അനുഭവരസം തുളുമ്പുന്ന ശൈലിയിൽ വർണ്ണിച്ചു ഫലിപ്പിച്ചിരിക്കുന്നു. യൂറോപ്പിലെത്തിയതിനു ശേഷം ലിസബൺ, ജനീവ, റോം എന്നീ പട്ടണങ്ങളെ വർണ്ണിച്ചിട്ടുള്ളതാണ് ഗ്രന്ഥത്തിലെ ഏറ്റവും നല്ല ഭാഗമായി കണക്കാക്കപ്പെടുന്നത്. ചിന്താപരമായ ആഴം പ്രതിപാദനത്തിൽ ഉടനീളം കാണാം. മലയാള ഗദ്യസാഹിത്യത്തിലെ എണ്ണപ്പെട്ട ആദ്യകാല കൃതികളിലൊന്നാണ് വർത്തമാനപ്പുസ്തകം. സഞ്ചാര സാഹിത്യമെന്ന പ്രസ്ഥാനത്തിൻെറ തുടക്കവുമാണത്.

രാമപുരത്തുകാർ അഭിമാനപൂർവ്വം അനുസ്മരിക്കുന്ന മറ്റൊരു നാമധേയമാണ് മലയാള സാഹിത്യത്തറവാട്ടിലെ അമ്മയായിരുന്ന ലളിതാംബിക അന്തർജ്ജനം. 1909 മാർച്ച് 30-ന് കൊട്ടാരക്കര താലൂക്കിൽ കോട്ടവട്ടത്തില്ലത്താണ് ജനനം. 1927-ൽ അമനകരയില്ലത്ത് നാരായണൻ നമ്പൂതിരിയുടെ സഹധർമ്മിണിയായി രാമപുരത്തേക്കു വന്നതു മുതൽ ഇന്നാട്ടുകാരിയായി. ലളിതാംബിക അന്തർജ്ജനത്തെ സാഹിത്യകാരിയാക്കിയത് രാമപുരമാണെന്നു അവർ തന്നെ പലപ്പോഴും പറഞ്ഞിട്ടുണ്ട്. 1970-ൽ സെൻറ് അഗസ്റ്റിൻസ് ഹൈസ്കൂൾ സുവർണ്ണ ജൂബിലി സുവനീറിൽ അന്തർജ്ജനം എഴുതി "ഈ വിദ്യാലയം എൻെറ മാതൃവിദ്യാലയമാണ്. ഒരുവിദ്യാലയത്തിലും പോയിട്ടില്ലാത്ത എനിക്ക് വിദ്യ ലഭിച്ചത് ഈ സ്കൂളിൽ നിന്നാണ്, ഈ നാട്ടിൽ നിന്നാണ്. എൻെറ അനുജൻമാരും കുട്ടികളും ഈ സ്കൂളിൽ പഠിച്ചവരാണ്. എൻെറ കുട്ടികളിൽ നിന്നു വിദ്യാഭ്യാസം ലഭിച്ചാണ് ഞാൻ ഇന്നത്തെ 'അന്തർജ്ജനമായത്'.

ചെറുകഥ, കവിത എന്നീ സാഹിത്യ രൂപങ്ങളിലൂടെ പ്രശസ്തയായ അന്തർജ്ജനം എഴുതിയ ഏക നോവലാണ് അഗ്നിസാക്ഷി. ആ കൃതിക്ക് കേരള സാഹിത്യ അക്കാദമി അവാർഡ്, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, ഓടക്കുഴൽ അവാർഡ്, വയലാൽ അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിക്കുകയുണ്ടായി. അന്തർജ്ജനത്തിൻെറ 'തെരഞ്ഞെടുത്ത കഥകൾ' ആ സാഹിത്യസപര്യയുടെ വൈവുല്യം വ്യക്തമാക്കുന്നു. 1987 ഫെബ്രുവരിയിൽ അന്തരിച്ചു. ലളിതാംബിക അന്തർജ്ജനത്തിൻെറ സ്മാരകമായി പ്രധാനപ്പെട്ട ഒരു സാഹിത്യ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. 1994-ലെ അവാർഡ് സുകുമാർ അഴീക്കോടിനാണ് നൽകിയത്. അവാർഡ്ദാനം ആർ.വി.എം. സ്കൂളിൽ വച്ചു നടന്നത് പ്രൗഢമായ ഒരു ചടങ്ങായിരുന്നു.

വാസനാ ബലം കൊണ്ട് അനുഗൃഹീതരായ പല കവികളും ഇടക്കാലത്ത് ഇവിടെ ജീവിച്ചിരുന്നെങ്കിലും അവരൊന്നും സാഹിത്യ ലോകത്ത് ശ്രദ്ധേയരായില്ല. തെങ്ങനാൽ ആശാനും, പൊന്നാമറ്റത്തിൽ ഔസേഫ് മാപ്പിളയും, കെ.പി. മാരാരുമൊക്കെ അക്കൂട്ടത്തിൽ വരുന്നു. ശ്രീ. കെ.പി.യുടെ 'ഗ്രാൻറ് വാദ്ധ്യാർ' ശ്രദ്ധേയമായ ഒരു ഖണ്ഡകൃതിയാണ്. പക്ഷേ പ്രധാനപ്പെട്ട പ്രസാധകരുടെ ശ്രദ്ധയിലൊന്നും ആ കൃതി വരികയുണ്ടായില്ല.

സാഹിത്യരംഗത്ത് പ്രധാനപ്പെട്ട പലരും ഇപ്പോൾ നമുക്കുണ്ട്. രാമപുരത്തു ജനിച്ച് ഇപ്പോഴും രാമപുരത്തുകാരനായി ബോംബേയിൽ താമസിക്കുന്ന കൃഷ്ണൻ പറപ്പിള്ളി മുതിർന്ന തലമുറയിൽപ്പെടുന്ന കവിയാണ്. നിരവധി കവിതാസമാഹാരങ്ങളുടെ കർത്താവായ അദ്ദേഹത്തിന് മേൽപ്പത്തൂർ അവാർഡ്, പൂന്താനം അവാർഡ്, ചങ്ങമ്പുഴ അവാർഡ് ഇവ ലഭിച്ചിട്ടുണ്ട്.

കവിതാ – ഗാന ശാഖകളിൽ ശക്തിയും സൗന്ദര്യവും ഇഴ ചേർത്തുള്ള രചനകൾ നടത്തുന്ന കവിയാണ് ഏഴാച്ചേരി രാമചന്ദ്രൻ. ഈ അടുത്ത കാലത്ത് അബുദാബി ശക്തി

അവാർഡ് അദ്ദേഹത്തിനു ലഭിക്കുകയുണ്ടായി. ഏഴാച്ചേരിക്കാരനായ മറ്റൊരു നോവലിസ്റ്റും നമുക്കുണ്ട്. പി.എസ്. കുമാരൻ. അദ്ദേഹത്തിൻെറ 'കട്പുത്തലി' എന്ന നോവലിന് പത്മരാജൻ അവാർഡ് ലഭിച്ചത് അടുത്ത കാലത്താണ്. അദ്ദേഹത്തിൻെറ തന്നെ ഷാജഹാൻബാദിലെ വൈദ്യൻ എന്ന കവിത സമാഹാരത്തിന് നേരത്തെ അബുദാബി ശക്തി അവാർഡും ലഭിച്ചിട്ടുണ്ട്.

കഥാലോകത്ത് ശ്രദ്ധേയനാണ് എൻ. മോഹനൻ. അദ്ദേഹത്തിൻെറ കഥകളെ ആസ്പദമാക്കി 'മോഹനദർശനം' എന്ന സീരിയൽ അടുത്തിടെ ദൂരദർശനിൽ വരികയുണ്ടായി. മോഹനൻ, ലളിതാംബിക അന്തർജ്ജനത്തിൻെറ പുത്രനാണെന്ന ആഭിമുഖ്യം കൂടി രാമപുരത്തുകാർക്കുണ്ട്. രാമപുരം മുരളി, രാമപുരം മണി, രാമപുരം ചാക്കോച്ചൻ തുടങ്ങിയ സാഹിത്യകാരൻമാരും ഈ ഗ്രാമത്തിൻെറ പേര് തൂലികാനാമമായി സ്വീകരിച്ചവരാണ്. ഡോ. അഗസ്ററിൻ കച്ചിറമറ്റം നിരവധി ഗ്രന്ഥങ്ങളുടെ കർത്താവാണ്.

### കലാരംഗം

എന്നും കർഷകരുടെ നാടായിരുന്ന രാമപുരം കലാരംഗത്തെ അതിപ്രധാനമായി എടുത്തിരുന്നില്ല. പ്രൊഫഷണൽ നാടക സമിതികളും കലാസമിതികളും ഇവിടെ വിരളമായതിൻെറ കാരണം അതാകാം. മുമ്പ് അമനകര ഒരു കഥകളി സംഘമുണ്ടായിരുന്നു. ഇപ്പോൾ അതിൻെറ പേരുപോലുമില്ല. ചെണ്ട, നാഗസ്വരം, ബാൻറുമേളം, പരിചമുട്ടുകളി ഇവ പരിശീലിപ്പിക്കുന്നതിനുള്ള സംരംഭങ്ങൾ പഞ്ചായത്തിൻെറ പല ഭാഗങ്ങളിലുമുണ്ടായിരുന്നു. ആനിക്കാട്ടുകാരുടെ ബാൻറു സെറ്റും ചക്കാങ്കൽകാരുടെ കരിമരുന്നു കലാപ്രകടനവും പേരെടുത്തതാണ്. നൃത്തം, സംഗീതം, ചിത്രരചന മുതലായവ അഭ്യസിപ്പിക്കുന്ന ശ്രദ്ധേയമായ കലാകേന്ദ്രങ്ങളും നമുക്കില്ല. യുവജനോൽസവത്തിൽ കുട്ടികളെ പങ്കെടുപ്പിക്കാൻ പരിശീലിപ്പിക്കുന്ന സ്വഭാവത്തിൽ മേൽപ്പറഞ്ഞ കലകളെല്ലാം ഇവിടെയുണ്ടെന്നുള്ളതിനും സംശയമില്ല. നാടക നടൻമാരും നാടക സംവിധായകരും ടി.വി. ആർട്ടിസ്റ്റുകളും ഉണ്ടെങ്കിലും ആരും തന്നെ വളരെ ശ്രദ്ധേയരായിട്ടില്ല.

ഒരു കാലത്ത് അമചർ നാടക രംഗത്ത് നമുക്ക് നല്ല വളർച്ചയുണ്ടായിരുന്നു. നാട്ടിലുള്ള ആഘോഷങ്ങൾക്ക് പുറത്തു നിന്നു പ്രൊഫഷണൽ ട്രൂപ്പുകളെ കൊണ്ടു വരുന്ന രീതി തന്നെയുണ്ടായിരുന്നില്ല. ഗാന നാടകങ്ങളുടെ കാലത്തു പോലും ഇവിടെ അഭിനയ സംഘങ്ങളുണ്ടായിരുന്നു. ചരിത്രനാടകങ്ങൾ അവതരിപ്പിച്ച് ജനപ്രീതി നേടി പ്രൊഫഷണലുകളാവാൻ ശ്രമിച്ചവരുമുണ്ടായിരുന്നു. കഥാപ്രസംഗം അവതരിപ്പിച്ചിരുന്ന കാഥികൻമാരും ഇപ്പോൾ അരങ്ങൊഴിഞ്ഞ മട്ടാണ്. ഇപ്പോൾ കല ഇലക്ട്രോണിക് മാധ്യമങ്ങളുടെ കുത്തകയായതു കൊണ്ടു പ്രാദേശിക സംരംഭങ്ങൾക്കു പ്രാധാന്യമില്ലാത്തതാകാം കാരണം.

ഗ്രാമസഭാ റിപ്പോർട്ടുകളിൽ ഓരോ വാർഡിലും പ്രവർത്തിക്കുന്ന കലാ – കായിക ക്ലബ്ബുകളെക്കുറിച്ച് പറയുന്നുണ്ട്. മിക്ക വാർഡുകളിലും ഇത്തരം ക്ലബ്ബുകളുണ്ട്. രണ്ടും മൂന്നും എണ്ണം പ്രവർത്തിക്കുന്ന വാർഡുകളുമുണ്ട്. പക്ഷെ മിക്കവയും തുടർച്ചയായി പ്രവർത്തിക്കുന്നവയല്ലെന്നാണ് റിപ്പോർട്ടിലെ സൂചന. ഓണാഘോഷം, വാർഷികാഘോഷം ഇവയിലൂടെ അതതു പ്രദേശങ്ങൾക്ക് അൽപം ഉൽസവച്ഛായ നൽകുന്നവയാണ് മിക്ക ക്ലബ്ബുകളും. അക്കൂട്ടത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള 'കൊണ്ടാട് പ്രോഗ്രസീവ് ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്' പോലുള്ള ചിലത് കാൽനൂറ്റാണ്ടിലേറെ പഴക്കമുള്ളതുമാണ്.

ഓണാഘോഷത്തിൻെറ ഭാഗമായി സാംസ്കാരിക ഘോഷയാത്ര നടത്തി പേരെടുത്ത രാമപുരം ടൗൺ ക്ലബ് വളരെ ജനശ്രദ്ധയാകർഷിച്ചിട്ടുണ്ട്. അയൽപ്രദേശങ്ങളെപ്പോലും ആകർഷിക്കുന്ന ഒന്നായിത്തീർന്നിട്ടുണ്ട്. അവർ സംഘടിപ്പിക്കുന്ന സാംസ്കാരിക ഘോഷയാത്ര. അമനകരയിലും സൈക്കോ എന്ന ക്ലബ്ബ് കഴിഞ്ഞ ഏതാനും വർഷങ്ങളായി സാംസ്കാരിക ഘോഷയാത്ര സംഘടിപ്പിക്കുന്നുണ്ട്.

സ്ഥിരമായി കലാ പരിശീലനം നൽകാനോ ക്ലാസുകളെടുക്കാനോ ഇവയ്ക്കൊന്നിനും തന്നെ കഴിയുന്നില്ല. കലാസ്വാദനം പോഷിപ്പിക്കാൻ ലക്ഷ്യമിട്ട് കഴിഞ്ഞ ഒൻപതു വർഷമായി രാമപുരത്തു പ്രവർത്തിക്കുന്ന രാമപുരം ഫൈൻ ആർട്സ് സൊസൈറ്റി അതിലെ അംഗങ്ങൾക്ക് കലാവിരുന്നൊരുക്കുന്നതിൽ ശ്രദ്ധയോടെ പ്രവർത്തിക്കുന്നു. 1994–ൽ അഞ്ചു ദിവസം നീണ്ടു നിൽക്കുന്ന കലാമേള സംഘടിപ്പിച്ചതിനോടനുബന്ധിച്ച് ഒരു സുവനീർ പ്രകാശിപ്പിക്കുകയുണ്ടായി. അതിൽ ഈ സൊസൈറ്റി നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് പ്രസിഡൻറ് ശ്രീ. ടി.ജെ. ജോസഫ് എഴുതുന്നു. "കേരളത്തിലെ പ്രശസ്ത സമിതികളുടെ 51 നാടകങ്ങളും ഡാൻസ്, ഗാനമേള, മിമിക്സ്, മാജിക്ഷോ മുതലായ മറ്റനേകം പരിപാടികളും കഴിഞ്ഞ ഏഴു വർഷമായി മാസാമാസം ചിട്ടയായി അവതരിപ്പിക്കുന്നതിന് സൊസൈറ്റിക്കു സാധിച്ചിട്ടുണ്ട്". തീർച്ചയായും ഇതൊരു നേട്ടമാണ്. പക്ഷെ പ്രവർത്തനം ഇപ്പോൾ ഒന്നു മന്ദീഭവിച്ച മട്ടാണ്.

പഞ്ചായത്തിലുള്ള ആറു പ്രധാന വായനശാലകളോടനുബന്ധിച്ച് കലാ സമിതികൾ പ്രവർത്തിക്കുന്നുണ്ട്. പ്രവർത്തനം നാമമാത്രമാണെന്നു പറയാം. കുടപ്പുലം വിജ്ഞാന പോഷിണി ലൈബ്രറി, 'പുലരി' എന്ന പേരിൽ ഒരു കൈയെഴുത്തുമാസിക ത്രൈമാസികയായി പുറത്തിറക്കുന്നുണ്ട്. രാമപുരത്തു വാര്യർ മെമ്മോറിയൽ പബ്ലിക് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ സാഹിത്യസംബന്ധിയായ ഒരു ചർച്ചാവേദി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്., ശാസ്ത്ര സാഹിത്യ പരിഷത്ത്, മാതൃഭൂമി സ്റ്റഡി സർക്കിൾ, പലതരം ബാല സംഘങ്ങൾ എന്നിവയും കുട്ടികളുടെ സർഗ്ഗശേഷി

വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.

രാമപുരത്തുകാരുടെ വാസ്തു കലാബോധത്തിനു നല്ല നിദർശനമാണ് 1957 ൽ പണി പൂർത്തിയാക്കിയ രാമപുരത്തെ കുരിശുപള്ളി. ഇതിൻെറ പ്രധാന ശിൽപി 'അർക്കഞ്ചലൈ മേസ്തിരി' തമിഴ്നാട്ടുകാരനാണെങ്കിലും അന്നത്തെ ആളുകളുടെ കലാഭിമുഖ്യമാണ് ഇത്തരമൊരു സൗധം പണിതീർക്കാൻ ഇടവരുത്തിയത്. രാമപുരം, കൊണ്ടാട് ക്ഷേത്രങ്ങൾക്കു മുമ്പിലുള്ള അലങ്കാര ഗോപുരങ്ങളും രാമപുരത്തുള്ള രാജീവ് ഗാന്ധി പ്രതിമയും പണിതീർത്ത രാജൻ മുണ്ടപ്പിള്ളിയുടെ സർഗ്ഗവാസന പ്രോത്സാഹനമർഹിക്കുന്നതാണ്.

നാടൻ കലകൾക്കും ക്ഷേത്രകലകൾക്കും നമ്മുടെ നാട്ടിൽ വളരെ പ്രചാരം ഇപ്പോഴില്ല. കോലടികളി തിരുവാതിരകളി, തലയാട്ടംകളി, ഗരുഡൻപറവ എന്നിവയിൽ പ്രാവീണ്യമുള്ളവരുണ്ട്. ഗ്രാമസഭാ റിപ്പോർട്ടുകളിൽ പ്രോത്സാഹനം അർഹിക്കുന്ന നാടൻ കലാകാരൻമാരുടെ പേരുകളായി നിർദ്ദേശിക്കപ്പെട്ടത് ഇവ മാത്രം. ഒ. രാമൻ, കൂടപ്പുലം (കോലടികളി), രവീന്ദ്രൻ അമ്പാട്ട് കൂടപ്പുലം (തലയാട്ടംകളി), ഭാർഗവിയമ്മ കൂടപ്പുലം (തിരുവാതിരകളി).

## കായികരംഗം

കായികരംഗത്ത് നല്ലൊരു പാരമ്പര്യം രാമപുരത്തിനുണ്ട്. പഴയകാലത്ത് നാടൻ പന്തുകളിയും, പന്തടിച്ചു കയറ്റവും നാട്ടിൻപുറങ്ങളിൽ വളരെ വാശിയോടെ നടന്നിരുന്നതായി പഴമക്കാർ ഓർക്കുന്നു. കളരിയും , അടിയും, തടയും, അൽപം സർക്കസും രാമപുരത്തുകാർക്ക് പണ്ടേ വശമായിരുന്നു. വട്ടുകുന്നേൽ സ്കറിയായുടെയും പുറവക്കാട്ടു കുര്യാക്കോയുടേയും കളരികൾ പ്രസിദ്ധമായിരുന്നു.

രാമപുരത്തിൻെറ വോളിബോൾ ടീം വളരെക്കാലം മികവു പുലർത്തിയിരുന്നു. 1954-ൽ സ്ഥാപിക്കപ്പെട്ട രാമപുരം അത്ലറ്റിക് ക്ലബ്ബിൻെറ ആഭിമുഖ്യത്തിൽ അഖില കേരളാടിസ്ഥാനത്തിൽ വോളിബോൾ ടൂർണമെൻറ് ഇവിടെ നടന്നിരുന്നു. വടംവലിയിലും ഭേദപ്പെട്ട ടീമുകൾ രാമപുരത്തുണ്ടായിരുന്നു. ഊടുപുഴ, കോട്ടിരി തുടങ്ങിയ കുടുംബങ്ങളുടെ പേരിൽ തന്നെ പലരും കായിക താരങ്ങളെന്ന നിലയ്ക്കും, കായിക പരിശീലനകരെന്ന നിലയ്ക്കും പ്രശസ്തരായിട്ടുണ്ട്. കായിക രംഗത്ത് രാമപുരത്തിൻെറ മികവിനു തെളിവായി മറ്റൊരു കാര്യം കൂടി എടുത്തുപറയാം - കായികാധ്യാപകർ വളരെയധികമുള്ള ഒരു നാടാണിത്. അവരിൽ മിക്കവരും കായിക പരിശീലന രംഗത്ത് പേരെടുത്തവരുമാണ്.

രാമപുരത്തെ രണ്ടു ഹൈസ്കൂളുകളെ കേന്ദ്രീകരിച്ച് നല്ല രീതിയിൽ കായിക പരിശീലനം നടന്നിരുന്നു. അങ്ങനെ വളർത്തിയെടുത്ത ഒരു കായിക സംസ്കാരം ചെറുതും വലുതുമായ സ്വാധീനം രാമപുരത്തെ ജനങ്ങളിൽ പൊതുവേ സൃഷ്ടിച്ചിരുന്നു. പാലായിലെ രണ്ടു കോളജുകളിലെയും കായികതാരങ്ങളിൽ രാമപുരത്തെ ആൺകുട്ടികളും പെൺകുട്ടികളും ധാരാളമുണ്ടായിരുന്നു. അത്ലറ്റിക്സിൽ രാമപുരം S.H. കോൺവെൻറ് ഹൈസ്കൂളിൽ നിന്ന് വളർന്നു വന്ന കൊണ്ടാടുകാരി കെ.എം. സെലിൻെറ പേര് എടുത്തുപറയണം. ദേശീയതലത്തിൽ സ്വർണ്ണമെഡൽ നേടിയ ഈ 'സുവർണ്ണ ബാലിക' പിന്നീട് ആ സ്കൂളിൽ പഠിച്ച ധാരാളം കുട്ടികൾക്കു പ്രചോദനമായി. കെ.എം. സെലിൻെറ കാലത്തു തന്നെ അത്ലറ്റിക്സിൽ അംഗീകാരം നേടിയ 'സാലി മാത്യു'വിൻെറ പേരും അനുസ്മരിക്കണം.

ഇപ്പോൾ ഇക്കാര്യങ്ങൾ വിലയിരുത്തുമ്പോൾ ഒരു കാര്യം നാം ശ്രദ്ധിക്കണം. ഈ നേട്ടങ്ങൾ മിക്കതും അൽപം പഴയകാലത്തിൻേറതാണ്. കായികരംഗത്ത് അഭിമാനകരമായ നില ഇപ്പോൾ നമുക്കുണ്ടോ ? ഭേദപ്പെട്ട ടീമുകൾ ഏതെങ്കിലുമിനത്തിലുണ്ടോ ? ഗ്രാമസഭാ റിപ്പോർട്ടുകൾ നൽകുന്ന സൂചന വെച്ചുകൊണ്ട് കിഴതിരി വാർഡിൽ പ്രവർത്തിക്കുന്ന 'യൂണിവേഴ്സൽ ചെസ് ക്ലബ് ' നല്ല നിലയിലാണ്. സംസ്ഥാന ബി ചെസ് ചാംപ്യൻമാർ ഇവിടെ നിന്നുണ്ടായിട്ടുണ്ട്. ഇവിടത്തന്നെ ഒരു ക്രിക്കറ്റ് ക്ലബും നന്നായി പ്രവർത്തിക്കുന്നു. P & T ക്രിക്കറ്റ് ടീമിൻെറ 1996-ലെ സംസ്ഥാന ക്യാപ്റ്റൻ സനൽകുമാർ, ജില്ലാ താരങ്ങളായ മനോജ്കുമാർ, ഗോപാലകൃഷ്ണൻ നായർ, ജോഷി ജോൺ, ജീനസ് നാഥ് തുടങ്ങിയവർ ഈ ക്ലബ്ബിൻെറ സംഭാവനകളാണ്. രാമപുരത്തെ സതേൺ ക്ലബു നടത്തുന്ന ഫുട്ബോൾ ടൂർണമെൻ്റും നല്ലൊരു സംരംഭമാണ്. വൈറ്റ് ഇലവൻസ് നടത്തുന്ന വോളിബോൾ ടൂർണമെൻറും നല്ല നിലയിൽ നടക്കുന്നു.

കൃത്യമായിട്ടു ഏതെങ്കിലും ഇനത്തിൽ പരിശീലനം നൽകുന്ന ഏർപ്പാട് ഒരു ക്ലബ്ബിനും ഇപ്പോഴില്ല. കാരണങ്ങൾ പലതും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. നല്ല ഒരു ഓപ്പൺ സ്റ്റേഡിയം, ഇൻഡോർ സ്റ്റേഡിയം, സ്വിമ്മിംഗ് പൂൾ എന്നിവയുടെ അഭാവം, വേണ്ട രീതിയിൽ പരിശീലനം നൽകാൻ കഴിയാത്ത അവസ്ഥ, വിദ്യാഭ്യാസത്തിൽ തുടർന്നു നില നിൽക്കാൻ കഴിയാത്തത് ഇതൊക്കെ കാരണങ്ങളാകാം.

കായികശേഷി ഒരു നാടിൻെറ അഭിമാനമാണ്. ദേശീയ തലത്തിലും അന്തർദേശിയ തലത്തിലും ഒരേ നിയമങ്ങൾ വച്ചു കൊണ്ടു നടക്കുന്ന മൽസരം കായികരംഗത്തു മാത്രമാണുള്ളത്. അതുകൊണ്ട് ഓരോ ഇനത്തിലും ലോകത്തിലെ ഒന്നാമനെ തെരഞ്ഞെടുക്കാൻ കഴിയുന്നു. കായികരംഗത്ത് നമ്മുടെ രാജ്യം മുന്നിലല്ല. മുന്നിലാവാൻ ബോധപൂർവ്വകമായ ശ്രമം ഗ്രാമതലത്തിൽ നിന്നു തന്നെ ഉണ്ടാകേണ്ടിയിരിക്കുന്നു.

## ഗ്രന്ഥശാലകൾ

രാമപുരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അംഗീകരമുള്ള ഗ്രന്ഥശാലകൾ ഇവയാണ്.

1. രാമപുരത്തു വാര്യർ മെമ്മോറിയൽ പബ്ലിക് ലൈബ്രറി , രാമപുരം
2. സരസ്വതി വിലാസം വായനശാല, ഇടക്കോലി,
3. വിജ്ഞാന പോഷിണി പബ്ലിക് ലൈബ്രറി, കുടപ്പുലം
4. നാഷനൽ ലൈബ്രറി, ഏഴാച്ചേരി
5. ദേശീയ വായനശാല, അമനകര
6. സർവോദയം പബ്ലിക് ലൈബ്രറി, മരങ്ങാട്
7. എസ്.എൻ. പബ്ലിക് ലൈബ്രറി, കൊണ്ടാട്
8. പബ്ലിക് ലൈബ്രറി, കുറിഞ്ഞി
9. രാമപുരം പഞ്ചായത്തു പബ്ലിക് ലൈബ്രറി, രാമപുരം ബസാർ

മുമ്പു നല്ല നിലയിൽ പ്രവർത്തിച്ചിരുന്നതും ഇപ്പോൾ നിലവിലില്ലാത്തതുമായ ലൈബ്രറികൾ ഉണ്ട്. ടി.പി.വി.എം.എം. പബ്ലിക് ലൈബ്രറി കൊണ്ടാട്, പ്രകാശ് ലൈബ്രറി, ഇടിയനാൽ ഇവ അക്കൂട്ടത്തിൽ പെടുന്നു.

ഗ്രന്ഥശാലാ പ്രവർത്തനം കേരളത്തിൽ തുടങ്ങിയ ആദ്യകാലത്തു തന്നെ രാമപുരം പഞ്ചായത്തിന്റെ പലഭാഗങ്ങളിലും ലൈബ്രറികൾ ആരംഭിച്ചിരുന്നു. മേൽസൂചിപ്പിച്ച ലൈബ്രറികൾ മിക്കതും അമ്പതു വർഷത്തോളം പഴക്കമുള്ളതാണ്. ഇടക്കോലി സരസ്വതി വിലാസം വായനശാല മീനച്ചിൽ താലൂക്കിലെ തന്നെ പഴക്കം ചെന്ന വായനശാലകളിലൊന്നാണ്. ഈ ലൈബ്രറികൾ മിക്കതിനും സ്വന്തമായി കെട്ടിടമുണ്ട്. കിഴതിരി വാർഡിലുള്ള ഒരു വായനശാലയ്ക്ക് സ്വന്തമായി സ്ഥലമുണ്ട്, പക്ഷെ കെട്ടിടമില്ല. അംഗീകാരത്തിനു ശ്രമിച്ചു കൊണ്ടിരിക്കുന്നു.

ആദ്യകാലത്ത് ലൈബ്രറി പ്രവർത്തനം സമർപ്പണ ബുദ്ധിയോടു കൂടിയുള്ള സേവനമായിരുന്നു. പുസ്തകങ്ങളും ഉപകരണങ്ങളും ശേഖരിക്കുക, ഉൽപ്പന്നപ്പിരിവ് നടത്തുക, വരിസംഖ്യയും മറ്റും കൃത്യമായി പിരിച്ചെടുക്കുക, ചിട്ടി നടത്തുക തുടങ്ങി വിവിധ സമ്പ്രദായങ്ങൾ അവലംബിച്ചാണ് ലൈബ്രറികൾ വളർന്നുവന്നത്. ശക്തമായ ഒരു ഗ്രന്ഥശാലാ സംഘത്തിന്റെ പ്രവർത്തനവും ഇതിന്റെ വളർച്ചക്ക് സഹായകമായി. നിയമാവലിക്കു വിധേയമായ ചിട്ടയായ പ്രവർത്തനം നമ്മുടെ ഗ്രന്ഥശാലകളുടെ പ്രത്യേകതയായിരുന്നു. ക്രമേണ ഗ്രന്ഥശാലാ പ്രവർത്തനം ക്ഷീയമാണമാകുന്നതാണ് നാം കണ്ടത്. എല്ലാം ചടങ്ങനുസരിച്ചു നടക്കുന്നുവെന്ന ഒരു സ്ഥിതി മാത്രം. ജനങ്ങളുടെ വായനാശീലം കുറഞ്ഞതും പത്രമാസികകളും റേഡിയോയും ടെലിവിഷനും വീടുകളിൽ കൂടുതലായി എത്തിയതും ഈ അവസ്ഥയ്ക്കു കാരണമായി പറയുന്നുണ്ട്.

പഠനം നല്ലനിലയിലാകുന്നതിന് പഠന സഹായികൾ പ്രയോജനപ്പെടുന്നതു പോലെ മാത്രമേ റേഡിയോയ്ക്കും ടെലിവിഷനും നമ്മെ സഹായിക്കാനാകൂ. യഥാർത്ഥ പഠനമല്ല, പഠനത്തെ സഹായിക്കലാണ് അതുകൊണ്ടുണ്ടാകുന്നത്. യഥാർത്ഥ പഠനത്തിനുള്ള പ്രധാന മാർഗ്ഗം ഇപ്പോഴും വായന തന്നെ. ആവശ്യത്തിനും അഭിരുചിക്കുമനുസരിച്ച് കാര്യങ്ങൾ സ്വായത്തമാകുന്നത് വായനയിൽക്കൂടി മാത്രം. പഠിക്കാൻ പഠിപ്പിക്കുന്ന സ്ഥലങ്ങളാണ് സ്കൂളും കോളേജും. തുടർ വിദ്യാഭ്യാസത്തിന് നമ്മുടെ ഗ്രന്ഥശാലകളെ സമ്പുഷ്ടമാക്കി നില നിർത്തിയേ പറ്റൂ. വരും തലമുറയെ സഹായിക്കാൻ അതത്യാവശ്യമാണ്.

ഒരു കാലഘട്ടത്തിൽ സർക്കാർ ജോലിയിലും അതിനു സമാനമായ ജോലികളിലും രാമപുരത്തുകാർ ധാരാളമുണ്ടായിരുന്നു. നമ്മുടെ സ്കൂളുകൾ നല്ല നിലവാരം പുലർത്തിയിരുന്നതും ലൈബ്രറികൾ നല്ല നിലയിൽ പ്രവർത്തിച്ചിരുന്നതും ഈ സ്ഥിതിവിശേഷത്തിന് കാരണമായിരുന്നു. ഇപ്പോൾ താരതമ്യേന നാം പുറകിലാണെന്നു സംശയിക്കണം. ആ കുറവു പരിഹരിക്കാൻ പ്രൈമറിസ്കൂളുകളുടെയുൾപ്പെടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതോടൊപ്പം ലൈബ്രറികളുടെ പ്രവർത്തനം സജീവമാക്കുകയും വേണം.

രാമപുരം പഞ്ചായത്തിൽ പത്രമാധ്യമങ്ങൾക്കും ഇലക്ട്രോണിക് മാധ്യമങ്ങൾക്കും (റേഡിയോ, ടെലിവിഷൻ) നല്ല പ്രചാരമുണ്ട്. ഇപ്പോൾ കേബിൾ ടി.വിയും പഞ്ചായത്തിന്റെ പലഭാഗങ്ങളിമുണ്ട്. ലഘു വായനയ്ക്കുള്ള വാരികകൾക്കും നല്ല പ്രചാരമുണ്ട്. എങ്കിലും വാരികകളുടെ സ്വാധീനം കുറഞ്ഞുവരുന്നതാണ് പുതിയ പ്രവണത.

രാമപുരം പഞ്ചായത്തിലാകെ 1882 ദിനപത്ര വരിക്കാരുണ്ട്. 32,000 ജനസംഖ്യക്ക് ഇത്രയും പത്രങ്ങൾ കേരളത്തിന്റെ പൊതുശരാശരിയേക്കാൾ കൂടുതലാണ്. പത്രങ്ങളുടെ പ്രചാരം പട്ടികയായി താഴെ കൊടുക്കുന്നു.

| | |
|---|---|
| 1. മലയാള മനോരമ | 760 |
| 2. ദീപിക | 507 |
| 3. മാതൃഭൂമി | 378 |
| 4. ദേശാഭിമാനി | 76 |
| 5. മംഗളം | 59 |
| 6. കേരള കൗമുദി | 49 |
| 7. ജന്മഭൂമി | 6 |
| 8. ഇന്ത്യൻ എക്സ്പ്രസ് | 32 |
| 9. ഹിന്ദു | 15 |
| ആകെ | 1882 |

## ഉത്സവങ്ങൾ പെരുന്നാളുകൾ

മുമ്പ് രാജാവിന്റെ തിരുനാളാഘോഷം ഘോഷയാത്രയോടെ മോടിയായി നടന്നിരുന്നു. ക്രിസ്തുരാജത്വ തിരു

നാളാഘോഷവും സൺഡേ സ്കൂളുകളുടെ സഹകരണത്തോടെ കേമമായിട്ടാണ് നടന്നിരുന്നത്. ഇപ്പോൾ ശ്രീനാരായണ ജയന്തിക്ക് രാമപുരം കേന്ദ്രീകരിച്ച് ഘോഷയാത്ര നടക്കുന്നുണ്ട്. ശ്രീകൃഷ്ണ ജയന്തിക്കും പഞ്ചായത്തിൻെറ പലഭാഗങ്ങളിലും ഘോഷയാത്ര നടക്കുന്നു.

ക്ഷേത്രോൽസവങ്ങളോട് അനുബന്ധിച്ചുള്ള എഴുന്നള്ളിപ്പും പള്ളിപ്പെരുന്നാളുകളുടെ ഭാഗമായ പ്രദക്ഷിണവും ഭക്തിനിർഭരമായ ചടങ്ങുകളാണ്. രാമപുരത്ത് ഏറ്റവും കൂടുതൽ ആളുകൾ ഒത്തു ചേരുന്ന ആഘോഷം രാമപുരം പെരുന്നാൾ തന്നെ. രാമപുരം ടൗൺ പൊതുവേ അണിഞ്ഞൊരുങ്ങുന്നത് ഡിസംബർ 31, ജനുവരി ഒന്ന് തീയതികളിലെ ഈ പെരുന്നാളിനോട് അനുബന്ധിച്ചാണ്. മതപരമായ ചടങ്ങുകൾക്കൊപ്പം ദീപക്കാഴ്ചയും വെടിക്കെട്ടും പെരുന്നാൾ വ്യാപാരവും ഇതിൻെറ പ്രത്യേകതകളാണ്.

രാമപുരം ശ്രീരാമക്ഷേത്രത്തിലെ ഉൽസവം മീനമാസത്തിലെ ചോതി നാൾ മുതൽ എട്ടുദിവസമാണ്. ഈ ഉൽസവത്തിൽ കലാപരിപാടികൾക്ക് വളരെ പ്രാധാന്യം ഉണ്ടായിരുന്നു. അഞ്ചു ദിവസം കഥകളിയും പിന്നെ സംഗീതക്കച്ചേരി, ഡാൻസ്, കഥാപ്രസംഗം, ഓട്ടൻതുള്ളൽ, പാഠകം തുടങ്ങിയവും. പള്ളിയാമ്പുറം ശിവരാത്രി ഉൽസവത്തോടനുബന്ധിച്ച് ടൗണിൽ നിന്നും ക്ഷേത്രത്തിലേക്കുള്ള എഴുന്നള്ളിപ്പ് പ്രധാനമാണ്. പഞ്ചായത്തിലെ കൂടുതൽ ക്ഷേത്രങ്ങളിലും മണ്ഡല മഹോൽസവമാണ്. അവിടെയും നാടകം ഉൾപ്പെടെയുള്ള കലാപരിപാടികൾ ഉണ്ടാകും. പത്താമുദയത്തിനാണ് രാമപുരം മുത്താരം കോവിലിലെ മഹോൽസവം. രാമപുരം സെൻറ് അഗസ്റ്റിൻസ് ഫൊറോന പള്ളിയിലെ പെരുന്നാളിൻെറ മാതൃകയിൽ തന്നെയാണ് പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലുള്ള പള്ളികളിലെ പെരുന്നാളുകൾ. ക്ഷേത്രോൽസവങ്ങൾക്കും പള്ളിപ്പെരുന്നാളുകൾക്കും ഉള്ള ഒരു പ്രത്യേകത അതിനോടനുബന്ധിച്ചുള്ള കലാപരിപാടികൾ ജാതിമത വ്യത്യാസമില്ലാതെ എല്ലാവരുടേതുമാണെന്നതാണ്.

രാമപുരത്തു പള്ളിയിൽ നാനാജാതി മതസ്ഥരായ ആളുകൾ ധാരാളം പങ്കെടുക്കുന്ന ഒരു ചടങ്ങാണ് ദൈവദാസൻ തേവർ പറമ്പിൽ കുഞ്ഞച്ചൻെറ ശ്രാദ്ധം. ഓരോ വർഷവും ഒക്ടോബർ 16-ന് അതിൽ പങ്കെടുക്കുന്ന ആളുകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ശ്രീനാരായണ സമാധിയോടനുബന്ധിച്ച് കന്നി അഞ്ചിന് രാമപുരത്ത് ഗുരുമന്ദിര സന്നിധിയിൽ സമൂഹസദ്യയും സമ്മേളനവും വളരെ വർഷങ്ങളായി നടന്നുവരുന്നു.

രാമപുരം പഞ്ചായത്തിൻെറ പ്രത്യേകത ഇവിടെയുള്ള മതവിശ്വാസികൾ ക്രിസ്തുമതത്തിലോ ഹിന്ദു മതത്തിലോ ഉൾപ്പെടുന്നവരാണെന്നതാണ്. ഇസ്ലാം മതത്തിൽപ്പെട്ടവർ ഇല്ലെന്നു തന്നെ പറയാം. മുസ്ലീം പള്ളിയോ മദ്രസയോ ഈ പഞ്ചായത്തിൽ ഇല്ല. മതപരമായ കാഴ്ചപ്പാടില്ലാതെ ഓണം ദേശീയോൽസവമായി എല്ലാവരും കരുതുന്നു. കൃഷിയുമായി ബന്ധപ്പെട്ട പ്രദർശനങ്ങളോ ആഘോഷങ്ങളോ പഞ്ചായത്തിലില്ല.

## സാധ്യതകൾ - ആവശ്യങ്ങൾ

ഈ അധ്യായത്തിൽ ചർച്ച ചെയ്ത സാംസ്കാരിക സാഹചര്യം വച്ചുകൊണ്ട് വിവിധ രംഗങ്ങളിൽ പ്രോൽസാഹന ജനകമായ കാര്യങ്ങൾ നമുക്ക് പരിഗണിക്കാം.

### സാഹിത്യം - കല

1. രാമപുരത്ത് വാര്യരുടെയും ഗോവർണ്ണദോറുടെയും പേരിൽ സാഹിത്യത്തിന് (പദ്യ സാഹിത്യത്തിനും ഗദ്യസാഹിത്യത്തിനും) അവാർഡ് നൽകുന്നതിനുള്ള സംരംഭം
2. നിലവിലുള്ള – 'ലളിതാംബിക അന്തർജ്ജനം' അവാർഡ്. ഓരോ വർഷവും രാമപുരത്തു വച്ചു തന്നെ വിതരണം ചെയ്യുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക.
3. നല്ല രീതിയിൽ ഒരു സാഹിത്യ കലാചർച്ചാ വേദി ആരംഭിക്കുകയും കഴിവും താൽപര്യമുള്ളവർക്കു വേണ്ടി ക്യാംപുകൾ നടത്തുകയും ചെയ്യുക.
4. പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ സാഹിത്യ കലാമൽസരങ്ങൾ സംഘടിപ്പിക്കുക.
5. നാടൻ കലകൾക്കും കലാകാരൻമാർക്കും പ്രോൽസാഹനം നൽകുക.
6. സ്കൂൾ സാഹിത്യ സമാജങ്ങൾക്കും കലാ സമിതികൾക്കും പ്രോൽസാഹനം നൽകുക. യുവജനോൽസവങ്ങൾക്ക് സഹായം നൽകുക.
7. ആർട്സ് ക്ലബ്ബുകൾക്ക് കെട്ടിടവും ഉപകരണവും ഉണ്ടാക്കാൻ സഹായം നൽകുക.
8. മൺമറഞ്ഞ സാഹിത്യകാരൻമാർക്ക് ഉചിതമായ സ്മാരകങ്ങൾ നിർമ്മിക്കുക.

### കായികരംഗം

9. പഞ്ചായത്ത് സ്റ്റേഡിയം വേണ്ടത്ര സൗകര്യം ഉള്ളതാക്കുക.
10. പഞ്ചായത്തിൻെറ വൈപുല്യം പരിഗണിച്ച് പല കേന്ദ്രങ്ങളിലും മിനി സ്റ്റേഡിയങ്ങൾ ഉണ്ടാക്കുക.
11. ഇൻഡോർ ഗെയിംസ് പരിശീലനത്തിന് സൗകര്യമുണ്ടാക്കുക.
12. ഒരു നീന്തൽ കുളം നിർമ്മിക്കുക.
13. അത്ലറ്റിക്സിലും ഗെയിംസിലും കഴിവുള്ള കുറെപ്പേർക്ക് സ്ഥിരമായ പരിശീലനം നൽകുക.
14. സ്പോർട്സ് ക്യാംപുകൾ നടത്തുക

15. പഞ്ചായത്ത് തലത്തിൽ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസം കഴിഞ്ഞവർക്കും വേണ്ടി കായിക മൽസരങ്ങൾ നടത്തുക.

16. രാമപുരം കേന്ദ്രമാക്കി ഏതാനും ടൂർണമെൻറുകൾ നടത്തുക

17. സ്പോർട്സ് ക്ലബ്ബുകൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് സഹായം നൽകുക.

18. സ്കൂളുകളിൽ കളിസ്ഥലങ്ങൾ ഉപയോഗപ്രദമാക്കുന്നതിന് സഹായം നൽകുക.

### ലൈബ്രറികൾ

19. ഗ്രന്ഥശാലകൾക്ക് സ്വന്തം കെട്ടിടം ഉണ്ടാക്കാൻ പരിശ്രമിക്കുക.

20. കൂടുതൽ പുസ്തകങ്ങൾ, പത്രമാസികകൾ ഉപകരണങ്ങൾ ഇവയ്ക്കുവേണ്ടി ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുക.

21. ലൈബ്രറികൾ ഇല്ലാത്ത വാർഡുകളിൽ സ്ഥാപിക്കുക.

22. ചില വാർഡുകളിൽ രണ്ടാമതൊരു ലൈബ്രറി കൂടി ആവശ്യമുള്ളത് പരിഗണിക്കുക.

23. പ്രവർത്തനം മുടങ്ങിയ ലൈബ്രറികൾ പുനരുജ്ജീവിപ്പിക്കുക.

24. ഗ്രന്ഥശാലാ പ്രവർത്തകർക്ക് പരിശീലനം നൽകുക.

### ഇതര കാര്യങ്ങൾ

25. വർഷം തോറും കാർഷിക പ്രദർശനവും സെമിനാറും സംഘടിപ്പിക്കുക.

26. സാംസ്കാരിക സംരംഭങ്ങൾക്ക് പ്രോൽസാഹനം നൽകുക.

### ക്ഷേത്രങ്ങൾ

1. ശ്രീ രാമസ്വാമി ക്ഷേത്രം രാമപുരം
2. പള്ളിയാമ്പുറം ശ്രീമഹാദേവക്ഷേത്രം
3. ശ്രീ ലക്ഷ്മണസ്വാമി ക്ഷേത്രം കൂടപ്പുലം
4. ശ്രീ ഭരതസ്വാമി ക്ഷേത്രം അമനകര
5. ശ്രീ ശത്രുഘ്ന ക്ഷേത്രം മേതിരി
6. ശ്രീ ധർമ്മ ശാസ്താ ക്ഷേത്രം കോണ്ടാട്
7. ശ്രീ കാർത്ത്യായനി ക്ഷേത്രം വെള്ളിലാപ്പിള്ളി
8. ശ്രീ ശക്തീശ്വരം ക്ഷേത്രം വെള്ളിലാപ്പിള്ളി
9. ശ്രീ പോർക്കലി ക്ഷേത്രം മേതിരി
10. കാവിൻപുറം ദേവീക്ഷേത്രം ഏഴാച്ചേരി
11. മുത്താരമ്മൻ കോവിൽ, രാമപുരം
12. ഇളങ്കാവുമറ്റം വിശ്വകർമ്മ ക്ഷേത്രം
13. പൂവപ്പറമ്പു ദുർഗ്ഗാദേവി ക്ഷേത്രം, ഇടക്കോലി
14. കാവിക്കാട് വനദുർഗ്ഗാക്ഷേത്രം, ഇടക്കോലി
15. ഒഴയ്ക്കാട്ട് ശ്രീ ഭക്താനന്ദാശ്രമം, ഏഴാച്ചേരി
16. വടക്കേക്കാവ്, കൊണ്ടാട്
17. തെക്കേക്കാവ്, കൊണ്ടാട്
18. ചിറക്കപ്പാറ ഭഗവതിക്ഷേത്രം കിഴതിരി
19. ഇരട്ടച്ചിറ ശാസ്താക്ഷേത്രം, അമനകര
20. ചേലപ്പുറത്തുകാവ്, ചിറകണ്ടം
21. കൊണ്ടാട്, കുറിഞ്ഞി, കിഴതിരി ഭജനമഠങ്ങൾ

### പള്ളികൾ

1. സെന്റ് അഗസ്റ്റിൻസ് ഫൊറോനാ ചർച്ച്, രാമപുരം
2. സെന്റ് തോമസ് ചർച്ച്, നീറന്താനം
3. സെന്റ് പയസ് ചർച്ച് അമനകര
4. സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, കോണ്ടാട്
5. സെന്റ് ജോൺസ് ചർച്ച്, ഏഴാച്ചേരി
6. സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, കുറിഞ്ഞി
7. സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, അമനകര



# V.9

# വനിതാ ക്ഷേമം

സ്ത്രീകൾക്കു പുരുഷന്മാരോടു തുല്യമായ പദവിയും സ്വാതന്ത്ര്യവും ലഭിക്കുന്നത് സമൂഹത്തിൻെറ വളർച്ചയുടെ ലക്ഷണമാണ്. മനുഷ്യൻെറ സാമൂഹിക പുരോഗതി ഈ ലക്ഷ്യത്തിൽ ഒട്ടേറെ കാര്യങ്ങൾ ചെയ്തിരിക്കുന്നു. നമ്മുടെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ നിലവിൽ വന്നിരിക്കുന്ന മൂന്നിലൊന്നു സ്ത്രീ പങ്കാളിത്തം ഇതിനുദാഹരണമാണ്. പാർലമൻറിലും അസംബ്ലിയിലും മൂന്നിലൊന്നു സ്ത്രീ പങ്കാളിത്തം ഉറപ്പു വരുത്തുന്ന നിയമനിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. എങ്കിലും തുല്യ പങ്കാളിത്തം ഇന്നുമായിട്ടില്ല. വനിതാക്ഷേമത്തിൽ നമ്മുടെ പഞ്ചായത്തിന്റെ അവസ്ഥ അവലോകനം ചെയ്യുകയും അതിനുവേണ്ടിയുള്ള സ്കീമുകൾ ആവിഷ്കരിക്കുകയുമാണ് ഈ അദ്ധ്യായത്തിൻെറ വിഷയം.

അടിമത്ത യുഗത്തിനു മുമ്പുള്ള പ്രാകൃതിക ജീവിത കാലത്ത് സ്ത്രീക്ക് പുരുഷനേക്കാൾ പ്രാധാന്യമുണ്ടായിരുന്നതായി എംഗൽസ് എഴുതിയിട്ടുണ്ട്. ഭാരതീയ പാരമ്പര്യം എന്നും സ്ത്രീയെ മാനിക്കുന്നതായിരുന്നുവെന്ന അഭിപ്രായം ഈ അർത്ഥത്തിൽ ശരിയുമാകാം. എന്നാൽ ഇതിഹാസങ്ങൾ, പുരാണങ്ങൾ തുടങ്ങിയ കൃതികളുടെയും, ആയുർവേദം ജ്യോതിഷം, വ്യാകരണം, കാവ്യശാസ്ത്രം എന്നീ മേഖലകളിലെ ഗ്രന്ഥങ്ങളുടെയും കർത്താക്കളായി ഒരു സ്ത്രീ പോലുമില്ല. ബൃഹത്തായ സംസ്കൃത സാഹിത്യം മുഴുവൻ അന്വേഷിച്ചാൽ തന്നെ പുരുഷൻമാർ എഴുതിയ കൃതികളിലെ കഥാപാത്രങ്ങളായ പ്രധാന സ്ത്രീകളല്ലാതെ ഗ്രന്ഥകർത്താക്കൾ വിരളമാണ്. സംഘ സാഹിത്യത്തിൽ ഒരു ഔവ്വയാർ മാത്രം സ്ത്രീയായുണ്ട്. ഇതെല്ലാം സ്ത്രീയുടെ തുല്യപദവിയല്ല സൂചിപ്പിക്കുന്നത്.

എല്ലാ കാര്യങ്ങളും യുക്തിയുക്തമായി കണ്ടിരുന്ന പ്രസിദ്ധനായ വനചിന്തകനായ പ്ലേറ്റോ പോലും സ്ത്രീകൾക്കു പല്ലിൻെറ എണ്ണം കുറവാണെന്നു അശ്രദ്ധമായി എഴുതിയതായി ബർട്രൻഡ് റസ്സൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 'പഴയ നിയമ'ത്തിലെ ഉൽപ്പത്തികഥയും, പൗരോഹിത്യത്തിൽ പോലുമുള്ള തുല്യതയില്ലായമയും സ്ത്രീ വിവേചനമാണെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു. വിവാഹ മോചനത്തിനു പോലും പുരുഷനു മാത്രം സ്വാതന്ത്ര്യമനുവദിക്കുന്ന മതങ്ങളുമുണ്ട്. ആധുനിക കാലത്ത് ഇംഗ്ലണ്ടിൽ പോലും 1928-നു ശേഷമാണ് സ്ത്രീകൾക്കു വോട്ടവകാശം ലഭിച്ചത്. ഇതെല്ലാം സ്ത്രീ പുരുഷ സമത്വം അനുവദിക്കാതിരുന്ന പഴയ സാമൂഹിക വ്യവസ്ഥയുടെ തെളിവുകളാണ്.

ഇന്ന് ജീവിതത്തിൻെറ എല്ലാ മേഖലകളിലും പുരുഷൻമാരോടൊപ്പം സ്ത്രീകളുമുണ്ട്. കേരളത്തിൽ വിദ്യാഭ്യാസ രംഗത്ത് ആൺകുട്ടികളെക്കാൾ മികവ് തെളിയിച്ചുകൊണ്ടിരിക്കുന്നതു പെൺകുട്ടികളാണ്. പരീക്ഷകളുടെ റാങ്ക് ഇക്കാര്യം വ്യക്തമാക്കുന്നു. കർമ്മകുശലതയ്ക്കും കാര്യശേഷിക്കും ഒട്ടും പുറകിലല്ലെന്നു വിവിധ ഔദ്യോഗിക സ്ഥാനങ്ങൾ വഹിക്കുന്ന സ്ത്രീകൾ തെളിയിച്ചിട്ടുണ്ട്. അപ്പോൾ സ്ത്രീ പുരുഷ വിവേചനത്തിനു ബുദ്ധിപരമായ അടിസ്ഥാനമൊന്നുമില്ലെന്നു വ്യക്തമാണ്. പിന്നെയുള്ളത് പുരുഷൻെറ കായികമായ അൽപം മികവാണ്. കായികശേഷി സാമൂഹിക പദവിക്ക് അടിസ്ഥാനമായി ആധുനിക സമൂഹം കാണുന്നില്ല. പുരുഷൻമാരിൽ തന്നെ കായികശേഷി കുറഞ്ഞ എത്രയോ പേരുണ്ട്. അതുകൊണ്ട് സ്ത്രീകൾക്ക് തുല്യപദവിയും സ്വാതന്ത്ര്യവും അവകാശപ്പെട്ടതാണ്, ആരുടെയെങ്കിലും ഔദാര്യമല്ല.

പുരുഷനോടൊപ്പം സ്ത്രീയും വികസന പ്രവർത്തനങ്ങളിൽ തുല്യ പങ്കാളിത്തം വഹിക്കുന്ന സ്ഥിതി സാമൂഹിക പുരോഗതിക്ക് അത്യാവശ്യമാണ്. വിദ്യാഭ്യാസത്തിലും ആയുർദൈർഘ്യത്തിലും മുന്നിൽ നിൽക്കുന്ന കേരളത്തിൽ സ്ത്രീകൾക്കും ഈ മുൻനില അവകാശപ്പെടാം. പക്ഷേ ആയുർദൈർഘ്യത്തിലുള്ള സ്ഥാനം ആരോഗ്യകാര്യങ്ങളിൽ ഇല്ല. മാതൃശിശു സംരക്ഷണം, സന്തതുൽപ്പാദന കാലഘട്ടത്തിലെ വൈദ്യശാസ്ത്ര പരിചരണം ഇവയാണ് കേരളത്തിലെ സ്ത്രീകൾക്കു വേണ്ട രീതിയിൽ ലഭിക്കുന്നത്. പക്ഷേ കുടുംബാസൂത്രണ മാർഗ്ഗങ്ങളുടെ അനുയോജ്യരായ ഉപഭോക്താക്കൾ സ്ത്രീകൾ മാത്രമാണെന്നു പറയാം.

സാധാരണഗതിയിൽ വിദ്യാഭ്യാസ നിലവാരമുയരുകയും ജനനനിരക്ക് കുറയുന്നതിൻെറ ഫലമായി കുട്ടികളുടെ പരിചരണ ഭാരം കുറയുകയും ചെയ്യുമ്പോൾ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് ഉയരേണ്ടതാണ്. ഇതാണ് പാശ്ചാത്യരാജ്യങ്ങളിലെ അനുഭവം. എന്നാൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം. അഖിലേന്ത്യാടിസ്ഥാനത്തിൽ തൊഴിൽ പങ്കാളിത്തം 22.73% ആണെങ്കിൽ കേരളത്തിലെ സ്ത്രീകളുടേത് 15.85 % മാത്രമാണ്. കേരളത്തിൽ പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്തം 47.58% ആണ്. സ്ത്രീ പങ്കാളിത്തത്തിലുള്ള ഈ കുറ

വാകാം കേരളത്തിൻെറ പ്രതിശീർഷ വരുമാനം അഖിലേന്ത്യാ ശരാശരിയേക്കാൾ താഴെയാകാൻ കാരണം.

തൊഴിലുള്ള സ്ത്രീകൾ തന്നെ കർഷക തൊഴിലുകൾ, പരമ്പരാഗത തൊഴിലുകൾ, ചില പ്രത്യേത സേവന തുറകൾ എന്നിവയിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കൂലിയിലും സേവന വ്യവസ്ഥയിലും പലവിധ വിവേചനങ്ങൾ നിലനിൽക്കുന്നു. ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത് കൂലിയുടെ കാര്യത്തിൽ രാമപുരം പഞ്ചായത്തിൽ സ്ത്രീകൾക്കു 40 % കുറവുണ്ടെന്നാണ്. സ്ത്രീ തൊഴിലാളികൾക്കു നിയമപരമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കാത്ത അവസ്ഥയുമുണ്ട്. പട്ടിണിയും പോഷകാഹാരക്കുറവും വിളർച്ചയും സ്ത്രീകൾക്കു കൂടുതലായി കാണുന്നു. എല്ലാവർക്കും ഭക്ഷണം കൊടുത്തതിനു ശേഷം ബാക്കിയുള്ളതു കഴിക്കുകയും വീട്ടിലെ പണികൾ വിശ്രമമില്ലാതെ ചെയ്യുകയും വേണ്ടി വരുന്ന അവസ്ഥ മാറി വരുന്നുണ്ട്. അതു പോലെ സ്ത്രീകൾ ശാരീരികമായി പീഡിപ്പിക്കപ്പെടുന്ന അവസ്ഥയും കുറഞ്ഞു വരുന്നുണ്ടെങ്കിലും ഇന്നും നിലനിൽക്കുന്നു. ലൈംഗിക ചൂഷണവുമായി ബന്ധപ്പെട്ട അരക്ഷിതത്വവും നമ്മുടെ നാട്ടിൽ കൂടുതലില്ല. എങ്കിലും വിവാഹ ജീവിതത്തിനുള്ള സാധ്യത കുറയ്ക്കുന്ന സ്ത്രീധനം പോലുള്ള ദുരാചാരം മൂലം ജീവിതം വഴിമുട്ടി നിൽക്കുന്ന സ്ത്രീകൾ ഇവിടെയുമുണ്ട്. പുരുഷൻെറ മദ്യപാനവുമായി ബന്ധപ്പെട്ട് സ്ത്രീ ദുരിതം അനുഭവിക്കുന്ന അവസ്ഥ നമ്മുടെ നാട്ടിലുണ്ടെന്നു പല ഗ്രാമസഭാ റിപ്പോർട്ടുകളും വ്യക്തമാക്കുന്നു. ഈ കാര്യങ്ങളെല്ലാം സ്ത്രീകളും പുരുഷന്മാരും ഒരുപോലെ മനസ്സിലാക്കണം. എങ്കിലേ പരിഹരിക്കാൻ കഴിയൂ.

മേൽപ്പറഞ്ഞതിന് ഒരു മറുവശം കൂടിയുണ്ട്. പല വീടുകളിലും സ്ത്രീകൾ പുരുഷൻമാരേക്കാൾ സുഖജീവിതം നയിക്കുന്നവരാണ്. പെൺകുട്ടികൾക്ക് എല്ലാ പരിപാലനവും ലഭിക്കുന്നു. സ്വത്തിൻെറ വീതത്തേക്കാൾ കൂടുതൽ പെൺകുട്ടികൾക്കു വീതം നൽകി വിവാഹം ചെയ്തയയ്ക്കുന്ന രീതിയുമുണ്ട്. എങ്കിലും സാമൂഹികമായ കാഴ്ചപ്പാടിൽ സ്ത്രീക്കും പുരുഷനും തുല്യമായി സ്വത്തവകാശം ലഭിക്കുന്നതു തന്നെയാണ് അഭിലഷണീയം.

സ്ത്രീകളുടെ ക്ഷേമത്തിന് ഏറ്റവും അത്യാവശ്യമായ ഘടകങ്ങൾ തൊഴിലും വരുമാനവുമാണ്. അതിനുള്ള സാധ്യതകൾ വ്യവസായം എന്ന അദ്ധ്യായത്തിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. അനുയോജ്യമായ സ്കീമുകൾ തയ്യാറാക്കലാണ് ആവശ്യം. സർക്കാർ ഉദ്യോഗം ഒരു മരീചികയായി മാറിയിരിക്കുകയാണിപ്പോൾ. രാമപുരത്തിൻെറ സാഹചര്യത്തിൽ സ്ത്രീകൾക്കു പങ്കെടുക്കാൻ കഴിയുന്ന ഒരു നല്ല വ്യവസായ മേഖലയായി ഇലക്ട്രോണിക്സിനെ കാണണം. അതിനുള്ള സാങ്കേതിക സഹായം മാർ ആഗസ്തീനോസ് കോളജിലെ ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ടു ലഭ്യമാക്കാൻ സാധിക്കും. പരിസ്ഥിതി മലിനീകരണ പ്രശ്നങ്ങളില്ലാത്തതും വിപണി സാധ്യതയുള്ളതുമാണ് ഈ രംഗം. സർവീസിംഗ് മേഖല പോലും ഇപ്പോൾ കാര്യക്ഷമമായി ഇല്ലാത്ത സ്ഥിതിയാണ്. പൊതുരംഗത്തെ പ്രവർത്തനത്തിന് സ്ത്രീകൾക്കു കൂടുതൽ അവസരം നൽകണം. പുരുഷൻമാരുടെ സ്വാർത്ഥപരമല്ലാത്ത മനുഷ്യത്വപരമായ സമീപനം ഇക്കാര്യത്തിൽ അത്യാവശ്യമാണ്. തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിച്ചു കൊണ്ട് നമ്മുടെ ആളോഹരി വരുമാനം ഉയർത്തുന്നത് കുടുംബ ഭദ്രതയ്ക്കും അനുഗുണമായിരിക്കും. കൂലി, സേവന കാര്യങ്ങൾ എന്നിവയിൽ പുരുഷനു തുല്യമായ അർഹതയുള്ള ജോലികളിലെല്ലാം അക്കാര്യം ഉറപ്പു വരുത്തണം. തീവ്ര പ്രതികരണപരമായ സ്ത്രീ വിമോചന പ്രസ്ഥാനങ്ങളല്ല, സ്ത്രീ സമത്വത്തിനുള്ള പ്രസ്ഥാനങ്ങളാണ് നമുക്കാവശ്യം.

## ചിലപരിഹാരമാർഗ്ഗങ്ങൾ

1. സ്ത്രീകളിൽ സ്വയാശ്രയത്തവും ആത്മവിശ്വാസവും വളർത്തുക

2. സാമൂഹ്യനൻമക്കുള്ള പൊതുപ്രവർത്തനങ്ങളിൽ പ്രോത്സാഹനം നൽകുക

3. പോസ്റ്ററുകൾ, പരസ്യങ്ങൾ ഇവ മുഖേന സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്നത് തടയുക.

4. സ്ത്രീധനം, ധൂർത്ത് നിറഞ്ഞ വിവാഹാഘോഷം ഇവയ്ക്കെതിരെ പൊതുജനാഭിപ്രായം ഉണർത്തുക

5. സ്ത്രീകൾ മുൻകൈയ്യെടുത്തുള്ള വ്യവസായയൂണിറ്റുകൾ കൂടുതൽ ആരംഭിക്കുക. വ്യവസായം എന്ന അധ്യായത്തിൽ സൂചിപ്പിച്ച വിവിധ സംരംഭങ്ങൾ ആകാം.

6. പശു, ആട്, പന്നി, കോഴിവളർത്തൽ ഇവ ഉപതൊഴിലായി പ്രോത്സാഹിപ്പിക്കുക, (ഇവയെല്ലാം ശാസ്ത്രീയരീതിയിലായിരിക്കണം)

7. പഞ്ചായത്ത് തലത്തിൽ തയ്യൽ റെഡിമെയ്ഡ്, കരകൗശല വസ്തുനിർമ്മാണം ഇവയിൽ പരീശീലനം സംഘടിപ്പിക്കുക.

8. പച്ചക്കറി കൃഷി, ഔഷധസസ്യകൃഷി, പുഷ്പകൃഷി, ഓർക്കിഡ് ആന്തൂറിയം നേഴ്സറികൾ ഇവകളിൽ സ്ത്രീകൾക്ക് പരിശീലവും സാമ്പത്തികസഹായവും നൽകുക.

9. സഹകരണസ്ഥാപനങ്ങൾ, ദേശീയസമ്പാദ്യമേഖല ഇവയിൽ കളക്ഷൻ ജോലികൾക്കും മറ്റും സ്ത്രീകളെ കൂടുതൽ നിയോഗിക്കുക

10. പൊതുസ്ഥലങ്ങളിലെല്ലാം സ്ത്രീകൾക്ക് പ്രാഥമികാവശ്യങ്ങൾക്ക് സൗകര്യം ഏർപ്പെടുത്തുക

11. വീടിരിക്കുന്ന സ്ഥലമെങ്കിലും കഴിവതും പുരുഷന്റേയും സ്ത്രീയുടേയും പേരിലാക്കുക

12. നയരൂപവൽക്കരണ രംഗങ്ങളിലെല്ലാം സ്ത്രീകൾക്ക് തുല്യത നൽകുക

□

V.10

# സഹകരണം

ഇൻഡ്യയിൽ സഹകരണ പ്രസ്ഥാനം 1902 ൽ ആരംഭിക്കുകയും 1904 ൽ ഇൻഡ്യാഗവൺമെന്റ് സഹകരണനിയമം ഉണ്ടാക്കുകയും ചെയ്തു. എന്നാൽ കേരളത്തിൽ 1912 ൽ മാത്രമാണ് സഹകരണസംഘങ്ങൾ രൂപീകൃതമായിത്തുടങ്ങിയത്. 1925 ൽ രാമപുരത്ത് സ്ഥാപിതമായ ഏ.വി.എമ്മാനുവേൽ പരസ്പരസഹായ സഹകരണസംഘമാണ് രാമപുരം പഞ്ചായത്തിലെ പ്രഥമ സഹകരണസ്ഥാപനം. കുറേക്കാലത്തെ പ്രവർത്തനത്തിനു ശേഷം അത് പ്രവർത്തനരഹിതമാവുകയും 1962 ൽ സംഘത്തിന്റെ ആസ്തികൾ രാമപുരം സഹകരണബാങ്കിൽ ലയിപ്പിക്കുകയും ചെയ്തു. 1927 ൽ ഏഴാച്ചേരിയിൽ സ്ഥാപിതമായ ഏഴാച്ചേരി പരസ്പര സഹായ സഹകരണസംഘം പിന്നീട് ഏഴാച്ചേരി സർവ്വീസ് സഹകരണ ബാങ്കായി രൂപാന്തരപ്പെടുത്തി ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു.

1955 നു ശേഷം ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ നാഗപ്പൂർ സമ്മേളനത്തിന്റെ നിർദ്ദേശങ്ങളിലെ സത്ത ഉൾക്കൊണ്ടുകൊണ്ട് ഇൻഡ്യാ ഗവൺമെന്റിന്റെ സഹകരണനയത്തിൽ കാതലായ മാറ്റങ്ങൾ വന്നു. പൊതുമേഖലയ്ക്കുള്ള കാര്യക്ഷമതയില്ലായ്മയും സ്വകാര്യമേഖലക്കുള്ള ലാഭ താൽപര്യങ്ങളും പരിഹരിക്കത്തക്ക വിധത്തിലുള്ള സഹകരണമേഖലയ്ക്ക് പ്രാധാന്യവും സഹായവും കൊടുക്കുകയുണ്ടായി. സഹകരണസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും വളർത്തുന്നതിനും സർക്കാർ ഡിപ്പാർട്ടുമെന്റുകളുടെ പ്രേരണയും സഹകരണവും ഇക്കാലത്തുണ്ടായി. 1957 മെയ് 20 ന് രജിസ്റ്റർ ചെയ്യപ്പെട്ട് ജൂലൈ 31 ന് പ്രവർത്തനം ആരംഭിച്ച് രാമപുരം വില്ലേജ് സഹകരണ ബാങ്ക് പിന്നീട് റീജിയണൽ സർവ്വീസ് ബാങ്കായും റീജിയണൽ സർവ്വീസ് സഹകരണ ബാങ്കായും ഉയരുകയുണ്ടായി. ഇന്ന് രാമപുരം പഞ്ചായത്തിലെ ഏറ്റവും വലിയ സഹകരണ സ്ഥാപനമാണെങ്കിലും കഴിഞ്ഞ കുറേ വർഷങ്ങളിലായി ഏറെ നഷ്ടത്തിൽ പ്രവർത്തിച്ചു വരുന്നു.

പ്രൊഫ. ആൻഡ്രൂസ് കോട്ടിരി മുൻകൈയെടുത്ത് 1959 ൽ രാമപുരം ഹൗസിങ്ങ് സഹകരണസംഘം ഭവന നിർമ്മാണ രംഗത്ത് സ്തുത്യർഹമായ സേവനങ്ങൾ അർപ്പിച്ചു. പ്രവർത്തനങ്ങൾ വിപുലമാക്കിക്കൊണ്ട് കുറേ വർഷങ്ങൾക്കു ശേഷം മീനച്ചിൽ ഹൗസിങ്ങ് സൊസൈറ്റി എന്ന പേരിൽ പ്രവർത്തനകേന്ദ്രം പാലായിലേക്ക് മാറ്റി സ്ഥാപിച്ചു. ഇക്കാലഘട്ടത്തിൽ രാമപുരം കപ്പ ഉൽപാദക സഹകരണസംഘം, ലെതർ ഇൻഡസ്ട്രീസ് സഹകരണ സംഘം എന്നിവ പ്രവർത്തനം ആരംഭിച്ചെങ്കിലും കാതലായ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്താൻ കഴിഞ്ഞില്ല. 1961 ൽ ഓഗസ്റ്റിൽ രജിസ്റ്റർ ചെയ്യപ്പെട്ട രാമപുരം ക്ഷീര വ്യവസായ സഹകരണസംഘം എട്ടു വർഷത്തെ പ്രവർത്തനത്തിനു ശേഷം പ്രവർത്തനരഹിതമായി ലിക്വിഡേഷൻ നടപടിയിലേക്ക് എത്തുകയുണ്ടായി. എന്നാൽ 1980 ൽ അത് പുനർജീവിപ്പിക്കപ്പെടുകയും പ്രവർത്തിച്ചു വരുകയും ചെയ്യുന്നു. തുടർച്ചയായി ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന സംഘം കഴിഞ്ഞ സാമ്പത്തികവർഷത്തിൽ 4,82,500- രൂപക്കുള്ള പാൽ വിപണനം നടത്തിയതായി കാണുന്നു.

1973 -ൽ സ്ഥാപിതമായ രാമപുരം എയിഡഡ് സ്കൂൾ സഹകരണസംഘം നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. 1980 -ൽ രജിസ്റ്റർ ചെയ്യപ്പെട്ട ഉഴവൂർ "ബ്ലോക്ക് പട്ടികജാതി സഹകരണസംഘം രാമപുരത്ത് കേന്ദ്രമായി പ്രവർത്തിച്ചുവരുന്നു. പട്ടിക ജാതിക്കാർക്കുള്ള സർക്കാർ ആനുകൂല്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ സംഘം കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. 1980 കളിൽ രജിസ്റ്റർ ചെയ്യപ്പെട്ട റബ്ബർ ഇൻഡസ്ട്രീസ് സഹകരണസംഘം കുറേ നാളത്തെ പ്രവർത്തനത്തിനു ശേഷം നിർജ്ജീവമായി. മറ്റേതാനും സംഘങ്ങൾ കൂടി രജിസ്റ്റർ ചെയ്യപ്പെട്ടെങ്കിലും നമ്മുടെ മൂന്ന് ഹൈസ്കൂളുകളിലുമുള്ള സ്കൂൾ സഹകരണസംഘങ്ങൾ മാത്രമേ നാമമാത്രമായെങ്കിലും പ്രവർത്തിക്കുന്നുള്ളൂ. രാമപുരം റബ്ബർ മാർക്കറ്റിംഗ് സഹകരണസംഘം നാമമാത്രമായ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ചക്കാമ്പുഴ ക്ഷീരോൽപാദക സഹകരണസംഘം കഴിഞ്ഞ രണ്ടു വർഷമായി നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ഏഴാച്ചേരി ക്ഷീരോൽപാദക സഹകരണസംഘവും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

നിസ്വാർത്ഥസേവനത്തിന് തത്പരരായവരുടെ കൂട്ടായ നേതൃത്വം കൊണ്ടുമാത്രമേ സഹകരണപ്രസ്ഥാനം വളരുകയുള്ളൂ. നാടിന്റെ പുരോഗതിക്ക് ഈടുറ്റ സംഭാവനകൾ ചെയ്യാൻ കഴിയുന്ന സഹകരണപ്രസ്ഥാനം നമ്മുടെ പഞ്ചായത്തിൽ വളർത്താൻ കക്ഷിരാഷ്ട്രീയത്തിനും വിഭാഗീയ

ചിന്തകൾക്കും അതീതരായി ജനനേതാക്കൾ വളർന്നുവരേണ്ടതാണ്.

## രാമപുരത്തു ബ്രാഞ്ചുകൾ പ്രവർത്തിക്കുന്ന സംഘങ്ങൾ

### 1. കോട്ടയം ജില്ലാ സഹകരണ ബാങ്ക്

19.5.1976 ൽ പ്രവർത്തനം ആരംഭിച്ചു

1995-96 ൽ നൽകിയ വായ്പകൾ

| ഇനം | എണ്ണം | തുക |
|---|---|---|
| ഗോൾഡ് ലോൺ | 106 | 15 ലക്ഷം |
| ഓർഡിനറി ലോൺ | 86 | 70 " |
| ഹൗസിംഗ് ലോൺ | 6 | 15 " |
| കാഷ് ക്രെഡിറ്റ് | 12 | 70 " |
| **ആകെ** | **210** | **170 "** |

### 2. പാലാ അർബൻ കോ-ഒപ്പറേറ്റീവ് ബാങ്ക്

9-11-1989 ൽ പ്രവർത്തനം ആരംഭിച്ചു. 1995-96 ൽ നൽകിയ വായ്പകൾ

| | |
|---|---|
| കൃഷി അനുബന്ധ കാര്യങ്ങൾ | 5 ലക്ഷം |
| വ്യവസായം | 3/4 ലക്ഷം |
| കച്ചവടം | 4.5 ലക്ഷം |
| വിദ്യാഭ്യാസം | 5 ലക്ഷം |
| മറ്റാവശ്യങ്ങൾ (കെട്ടിടം പണി, വിവാഹം, വസ്തുവാങ്ങൽ മുതലായവ) | 38 ലക്ഷം |
| **ആകെ** | **95 ലക്ഷം** |

### 3. പാലാ മാർക്കറ്റിംഗ് സഹകരണസംഘം

റബ്ബർ വിപണനത്തിൽ സേവനം അർപ്പിക്കുന്നു.

രാമപുരം പ്രവർത്തന പരിധിയിൽ പെടുത്തിയിട്ടുള്ള സംഘങ്ങൾ

### 1. മീനച്ചിൽ ഹൗസിംഗ് സൊസൈറ്റി

കഴിഞ്ഞ സാമ്പത്തിക വർഷം 16 പേർക്കായി 15 ലക്ഷം രൂപ രാമപുരം പഞ്ചായത്തിൽ വായ്പ നൽകി.

### 2. മീനച്ചിൽ കാർഷിക വികസന ബാങ്ക്

കൃഷി വികനസനത്തിന് ഗണ്യമായ തുക വായ്പ നൽകുന്നു.

### 3. മീനച്ചിൽ റബ്ബർ മാർക്കറ്റിംഗ് & പ്രൊസ്സസ്സിംഗ് സൊസൈറ്റി

റബ്ബർ പാൽ, ഷീറ്റ് വിപണനത്തിൽ സഹായിക്കുന്നു.

| സംഘങ്ങൾ | അംഗങ്ങൾ | ഓഹരി മൂലധനം (ലക്ഷത്തിൽ) | നിക്ഷേപങ്ങൾ (ലക്ഷത്തിൽ) | നൽകിയ വായ്പകൾ (ലക്ഷത്തിൽ) |
|---|---|---|---|---|
| രാമപുരം റീജിയണൽ സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 4111 - 1993-94 | 14084 | 33.3 | 378.3 | 319.5 |
| ഏഴാച്ചേരി സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 1548 1994 - 95 | 4000 | 12.3 | 118.7 | 77.9 |
| രാമപുരം എയിഡഡ് സ്കൂൾ എംപ്ലോയീസ് സഹകരണ സംഘം നമ്പർ കെ.392 - 1994 - 95 | 488 | 3.1 | 36.8 | 21.3 |
| ഉഴവൂർ ബ്ലോക്ക് പട്ടികജാതി സർവ്വീസ് സഹകരണ സംഘം നമ്പർ കെ.675 1995 - 96 | 1122 | 0.6 | 0.6 | 0.5 |



രാമപുരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്രെഡിറ്റ് സംഘങ്ങൾ

### ഗ്രാമസഭകളിൽ വന്ന നിർദ്ദേശങ്ങൾ

1. രാമപുരം, ഏഴാച്ചേരി, സഹകരണബാങ്കുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുകയും രാഷ്ട്രീയത്തിനതീതമായി ബഹുജനപങ്കാളിത്തം ഉള്ളതാക്കുകയും ചെയ്യുക.
2. സഹകരണമേഖലയിൽ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്കുള്ള സെസൈറ്റി സ്ഥാപിക്കുക
3. റബ്ബർ തടി സംസ്കരണം, ചിരട്ട, ചകിരി എന്നിവകൊണ്ടുള്ള കരകൗശല വസ്തുക്കൾ എന്നിവയ്ക്കായി സഹകരണം സംഘങ്ങൾ ഉണ്ടാക്കുക
4. സഹകരണമേഖലയിൽ ഒരു അലോപ്പതി ആശുപത്രി സ്ഥാപിക്കുക
5. പഴം, പച്ചക്കറി ഇവയുടെ ഉൽപാദനത്തിനും വിപണനത്തിനുമായി സഹകരണസംഘം ഉണ്ടാക്കുക.
6. രണ്ടുവാർഡിന് എന്ന തോതിലെങ്കിലും ക്ഷീരോത്പാദക സംഘങ്ങൾ ഉണ്ടാക്കുക
7. ഒരു കൺസ്യൂമർ സൊസൈറ്റി ഉണ്ടാക്കി വിപുലമായ തോതിൽ ഡിപ്പാർട്ട്മെന്റ് സ്റ്റോർ നടത്തുക
8. ഫലവൃക്ഷങ്ങൾക്കും നാണ്യവിളകൾക്കും പരാഗണം വർദ്ധിപ്പിക്കുന്നതിന് തേനീച്ചകളുടെ പ്രാധാന്യം കണക്കാക്കി തേനീച്ചവളർത്തൽ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുക. ഒരു ഉപതൊഴിലായി ഇത് പ്രോത്സാഹിപ്പിക്കുക
9. കോഴിവളർത്തൽ സഹകരണസംഘങ്ങൾ രൂപീകരിച്ച് കോഴിവളർത്തൽ, മുട്ടവിപണനം ഇവ പ്രോത്സാഹിപ്പിക്കുക.
10. വനിതകൾക്കായി സഹകരണസംഘങ്ങൾ രൂപീകരിച്ച് റെഡിമെയ്ഡ് വസ്ത്രങ്ങൾ പാക്ക്ഡ് ഫുഡ്സ് ഇവയുടെ നിർമ്മാണവും വിപണനവും നടത്തുക
11. പട്ടികജാതി സഹകരണസംഘത്തിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുക

ഈ നിർദ്ദേശങ്ങൾ പ്രായോഗികമാക്കുന്നതിനുള്ള സ്കീമുകൾ തയ്യാറാക്കാവുന്നതാണ്.



V.11

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

രാമപുരം പഞ്ചായത്തിൽ 370 പട്ടികജാതി കുടുംബങ്ങളും 28 പട്ടികവർഗ്ഗ കുടുംബങ്ങളുമാണുള്ളത്. ഈ 398 കുടുംബങ്ങളിലായി 2390 പേരുണ്ട്. പട്ടികവർഗ്ഗ ജനസംഖ്യ മാത്രം 112 ആണ്. സാമാന്യ സൗകര്യങ്ങളുള്ള വീട് ഇവരിൽ മിക്കവർക്കുമില്ല. പട്ടികജാതിക്കാരിൽ 50%–ത്തിനും പട്ടികവർഗ്ഗക്കാരിൽ 20% മാത്രമേ താമസയോഗ്യമായ വീടുകളുള്ളൂ.

പട്ടികജാതി വിഭാഗങ്ങളിൽ കുറച്ചു പേർക്കു സർക്കാർ ജോലിയുണ്ട്. മറ്റു ജോലികളുള്ളവരും കുറേപ്പേരുണ്ട്. എങ്കിലും അധികം പേരും കൂലിപ്പണി കൊണ്ട് ഉപജീവനം കഴിക്കുന്നവരാണ്. സാമൂഹ്യ സാഹചര്യത്തിൽ മറ്റുള്ളവരുമായി ഒത്തുചേർന്നു പ്രവർത്തിക്കുന്നുണ്ടെങ്കിലും സാമ്പത്തിക പിന്നോക്കാവസ്ഥ വ്യക്തമാണ്. വ്യാപാര രംഗത്തൊന്നും ഈ വിഭാഗത്തിൽപ്പെട്ടവർ കാര്യമായില്ല. കൂടുതൽ ഭൂമിയും അവർക്കില്ല. എങ്കിലും മിക്ക പേർക്കും വീടുകളുണ്ട്. അതിൽ വാസയോഗ്യമായ വീടുള്ളത് 50 % മാത്രമാണെന്നു സർവ്വേ വ്യക്തമാക്കുന്നു.

പട്ടിക വർഗ വിഭാഗത്തിൽപ്പെടുന്നവരുടെ ജീവിത സാഹചര്യം ഇതിലും പിൻനിലയിലാണ്. സ്ഥിരമായി കൂലിപ്പണിക്കു പോകാതെ പാരമ്പര്യത്തൊഴിലുകളിൽ ഏർപ്പെട്ടു കഴിയുന്നവരും ഉണ്ട്. പട്ടിക വർഗ്ഗ വിഭാഗത്തിൽ വേടർ, വേട്ടുവർ ജാതികളിലായി 23 വീടുകളുണ്ട്. ഗിരിവർഗ്ഗ വേടർ മഹാസഭയുടെ മീനച്ചിൽ താലൂക്ക് സെക്രട്ടറി അവരുടെ ചില പ്രശ്നങ്ങൾ എഴുതിത്തരികയുണ്ടായി. അതിൽ ചിലർക്ക് അർഹമായ ആദിവാസി സർട്ടിഫിക്കറ്റുകൾ റവന്യു അധികാരികളിൽ നിന്നും കിട്ടാൻ ബുദ്ധിമുട്ടുണ്ടാകുന്ന കാര്യമാണ് ഒന്ന്. സ്വന്തമായി ഭവനങ്ങളില്ലാത്തതും, തൊഴിലില്ലാത്തതും സർവ്വേയിൽ വ്യക്തമായ കാര്യങ്ങളാണ്. സർക്കാർ ജോലികളുള്ളവർ നാമമാത്രമാണ്. കുട്ടികളെ എല്ലാവരും തന്നെ ഇപ്പോൾ സ്കൂളുകളിൽ ചേർക്കുന്നുണ്ട്. എങ്കിലും ഹൈസ്കൂൾ വിദ്യാഭ്യാസം വരെ എത്തുന്നവർ വളരെ വിരളം. സ്കൂളുകളിൽ നിന്ന് ലഭിക്കേണ്ട ആനുകൂല്യങ്ങളൊക്കെ ലഭിക്കുന്നുണ്ട്. എങ്കിലും പ്രത്യേകമായ ബോധവൽക്കരണം കൊണ്ടേ ഇവരെ വിദ്യാഭ്യാസത്തിൽ ഉറപ്പിച്ചു നിർത്താനും ഉയർത്തിക്കൊണ്ടുവരാനും കഴിയൂ.

ആരോഗ്യ പരിപാലനത്തിന് സർക്കാർ ആശുപത്രി സൗകര്യമാണ് പട്ടികജാതി – പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർ പ്രയോജനപ്പെടുത്തുന്നത്. അതുകൊണ്ട് സർക്കാർ ആശുപത്രികളുടെ പ്രവർത്തനം മോശമായാൽ അത് ഇത്തരക്കാരെ വളരെ പ്രതികൂലമായി ബാധിക്കും. ആധുനിക ചികിത്സയ്ക്കു പോകാത്തവരും വളരെ താമസിച്ചു മാത്രം ചികിത്സയ്ക്കെത്തുന്നവരും പട്ടികവർഗ്ഗ വിഭാഗത്തിൽ കൂടുതലുണ്ട്. ചികിത്സാ കാര്യങ്ങളിൽ മാത്രമല്ല, മറ്റു ജീവിത രീതികളിലും അതിവേഗം പുരോഗതി അവരുടെയിടയിൽ വന്നുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസ കാര്യത്തിൽ ഉറപ്പിച്ചു നിർത്തിയാൽ തന്നെ തൊഴിൽ, ആരോഗ്യ പരിപാലനം തുടങ്ങിയ രംഗങ്ങളിൽ പുരോഗതിയുണ്ടായിക്കൊള്ളും. വിദ്യാഭ്യാസ കാര്യത്തിൽ മാതാപിതാക്കളുടെ ശ്രദ്ധക്കുറവാണ് പ്രധാന പ്രശ്നം. അതിനു ബോധവൽക്കരണം അത്യാവശ്യമാണ്. സാക്ഷരതാ പ്രവർത്തനങ്ങൾ ഈ വിഭാഗത്തിൽപ്പെട്ടവരെ കേന്ദ്രീകരിച്ചുണ്ടായിരുന്നു.

പരിസര ശുചിത്വം ജീവിത സാഹചര്യങ്ങളുമായി ബന്ധപ്പെട്ടതാണല്ലോ ? സ്ഥല സൗകര്യക്കുറവ്, മോശമായ വീട്, കക്കൂസ്, കുളിമുറി ഇവയുയുടെ അഭാവം ഇതൊക്കെ പരിസര ശുചിത്വം കുറയാൻ കാരണമാണ്. ആ സാഹചര്യം പട്ടികജാതി പട്ടികവർഗ്ഗ ഭവനങ്ങളോടനുബന്ധിച്ച് കൂടുതൽ ഉണ്ട്. ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ടു പരിസര ശുചിത്വത്തിനുള്ള ബോധവൽക്കരണം നടത്തണം.

സാമ്പത്തിക നില ഒട്ടും ഭദ്രമല്ല. മിക്കവരും കൂലിവേലക്കാരാണെന്നു നേരത്തെ സൂചിപ്പിച്ചു. കൂലിവേല മുടങ്ങാതെ കിട്ടാൻ സൗകര്യമുണ്ട്. പക്ഷേ അനാരോഗ്യം മൂലം പലപ്പോഴും പണിക്കു പോകാൻ കഴിയുന്നില്ല. ആ സ്ഥിതിയിൽ സാമ്പത്തിക പരാധീനത ഏറുന്നു. സമ്പാദ്യശീലം തീരെയില്ല. പണിയെടുക്കാത്ത ദിവസങ്ങളിൽ അന്നന്നത്തെ കാര്യത്തിനു വളരെ വിഷമം. മദ്യത്തിന്റെ സ്വാധീനവും ഇവരുടെ സാമ്പത്തിക ഭദ്രത തകർക്കുന്ന ഘടകമാണ്. വ്യാജമദ്യമാണ് മിക്കവാറും ഇക്കൂട്ടർ ആശ്രയിക്കുന്നത്. അതുമൂലം പ്രത്യേകമായ ആരോഗ്യ പ്രശ്നങ്ങളുമുണ്ട്. ചാരായ നിരോധനം ഫലപ്രദമാക്കേണ്ടത് ഈ നിലയിലും വളരെ പ്രധാനമാണ്.

നമ്മുടെ പഞ്ചായത്തിൽ ഇത്രയധികം പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യയുണ്ടെങ്കിലും ഒരു ഹരിജൻ കോളനി മാത്രമേ നിലവിലുള്ളൂ. ആ കോളനിയിൽ തന്നെ അത്യാവശ്യ ജീവിത സൗകര്യങ്ങൾ ഇല്ല. ഈ വിഭാഗത്തിൽപ്പെട്ട കുറെ കുടുംബങ്ങൾ ഒന്നിച്ചു താമസിക്കുന്ന പല സ്ഥലങ്ങളും പഞ്ചായത്തിലുണ്ട്. എങ്കിലും സാങ്കേതികമായ ചില

പ്രശ്നങ്ങളുടെ പേരിൽ പട്ടികജാതി പട്ടിക വർഗ്ഗ കോളനികൾക്കുള്ള ആനുകൂല്യങ്ങൾ ഇവിടെ ലഭിക്കുന്നില്ല. വെള്ളിലാപ്പിള്ളി കോളനി ഇതിനുദാഹരണമാണ്.

## പ്രധാന പ്രശ്നങ്ങൾ

1. സ്വന്തമായി സ്ഥലവും വീടുമില്ല
2. സ്വന്തമായി വീടില്ല
3. ചെറിയ വീടുള്ളവർക്ക് അടിസ്ഥാന സൗകര്യങ്ങളില്ല.
4. വിദ്യാഭ്യാസത്തിൽ ഉറച്ചു നിൽക്കാൻ കുട്ടികൾക്കു കഴിയുന്നില്ല.
5. പഠനം പൂർത്തിയായവർക്കു ജോലി ലഭിക്കുന്നില്ല.
6. പല ക്ഷേമ പദ്ധതികളും അവർ അറിയുന്നില്ല.
7. ഇവരുടെ പല ആവശ്യത്തിനും വേണ്ട സർട്ടിഫിക്കറ്റുകൾ ലഭിക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നു.

## ചില പ്രായോഗിക നിർദ്ദേശങ്ങൾ

1. സ്വന്തമായി സ്ഥലമുള്ളവർക്ക് വീടുവയ്ക്കാൻ കൂടുതലായി സഹായം നൽകുക.
2. സ്വന്തമായി സ്ഥലമില്ലാതെ പുറമ്പോക്കിൽ താമസിക്കുന്നവർക്കു ഭവന പദ്ധതി നടപ്പാക്കുക, പുതിയ കോളനികൾ സ്ഥാപിക്കാൻ സാധ്യതയുണ്ട്.
3. പട്ടിക ജാതി പട്ടിക വർഗ്ഗ കോളനികൾക്കു സർക്കാരിൽ നിന്നു ലഭിക്കുന്ന ആനുകൂല്യങ്ങൾ ശരിയായ രീതിയിൽ ലഭ്യമാക്കുക.
4. വിദ്യാഭ്യാസം, പരിസര ശുചിത്വം ഈ കാര്യങ്ങളിൽ ബോധവൽക്കരണം നടത്തുക.
5. തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും, തൊഴിൽ പരിശീലനവും നൽകുക.
6. ഉപരിപഠനത്തിന് സഹായവും മാർഗ്ഗനിർദ്ദേശവും നൽകുക.
7. ആരോഗ്യ ക്യാംപുകൾ സംഘടിപ്പിക്കുക.
8. പട്ടികജാതി പട്ടിക വർഗ്ഗ സഹകരണ സംഘത്തിൻെറ പ്രവർത്തനം ഫലപ്രദമാക്കുക.
9. സാമൂഹ്യ കാര്യങ്ങളിലും കുടുംബ ചടങ്ങുകളിലും എല്ലാ വിഭാഗം ജനങ്ങളുമായുള്ള സഹകരണ വർദ്ധിപ്പിക്കുക.
10. ഒരു ഇൻഫർമേഷൻ സെൻററും കരിയർ ഗൈഡൻസ് സെൻററും പഞ്ചായത്തു ലൈബ്രറിയോടനുബന്ധിച്ച് ആരംഭിക്കുക.
11. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി കൂടുതൽ തൊഴിൽസൗകര്യം നൽകുക
12. പട്ടികജാതി പട്ടികവർഗ്ഗ ഭവനങ്ങളിൽ സാനിട്ടറി സൗകര്യം പൂർണ്ണമായും സഹായമായി ഏർപ്പെടുത്തിക്കൊടുക്കുക. ശ്രമദാനമായി ഉപഭോക്താക്കളിൽ നിന്നും വിഭവസമാഹരണമാകാം.
13. പൊതുവായ ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം ഫലപ്രദമാക്കുക
14. മദ്യനിരോധനം നിലവിലുള്ളത് ശക്തമാക്കുകയും, പൂർണ്ണ മദ്യനിരോധനത്തിന് പഞ്ചായത്തും ശ്രമം നടത്തുകയും ചെയ്യുക. മദ്യവർജ്ജനത്തിന് ബോധവൽക്കരണം നടത്തുക.
15. പഞ്ചായത്തിന്റെ എല്ലാ ജനകീയകമ്മിറ്റികളിലും, പദ്ധതി നടത്തിപ്പു കമ്മിറ്റികളിലും പട്ടികജാതി വിഭാഗങ്ങൾക്ക് അർഹമായ പ്രാധിനിത്യം നൽകുക. പട്ടികജാതി സ്ത്രീകളെ ഉൾപ്പെടുത്തുവാനും ശ്രമിക്കുക.
16. മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുക, മിശ്രവിവാഹിതർക്ക് തൊഴിൽ ലഭ്യതക്ക് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുക



# V.12

# വിഭവസമാഹരണം

പഞ്ചായത്തു വികസന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്കീമുകളുടെ തയ്യാറാക്കി കഴിഞ്ഞാൽ മുൻഗണനാക്രമത്തിൽ അവ പ്രാവർത്തികമാക്കണം. അതിനു വിഭവങ്ങൾ വേണം. 9-ാം പദ്ധതി പഞ്ചായത്തുകൾ മുഖേന നടപ്പാക്കുമ്പോൾ അതിന്റെ ഏറ്റവും പ്രധാനപ്പെട്ട ധനസ്രോതസ്സ് പദ്ധതി വിഹിതമായി ഗവൺമെന്റിൽ നിന്നു കിട്ടുന്ന ഫണ്ടുകൾ തന്നെ. 9-ാം പദ്ധതിയടങ്കലിന്റെ സംസ്ഥാന വിഹിതത്തിൽ 40 % പഞ്ചായത്തു സ്ഥാപനങ്ങൾക്കും മുൻസിപ്പൽ കോർപ്പറേഷൻ സ്ഥാപനങ്ങൾക്കും നൽകുമെന്നാണ് ഗവൺമെന്റു വ്യക്തമാക്കിയിട്ടുള്ളത്. ഈ നാൽപ്പതു ശതമാനത്തിൽ 75 % പഞ്ചായത്തുകൾക്കും 25 % മുനിസിപ്പാലിറ്റികൾക്കുമെന്നാണ് പ്രാഥമികധാരണ (പഞ്ചായത്തു ജനസംഖ്യാ 74% ഉം മുനിസിപ്പൽ ജനസംഖ്യ 26 % ഉം ആണ്). പഞ്ചായത്തു സ്ഥാപനങ്ങൾക്കു ലഭിക്കുന്ന തുകയുടെ 70 % ഗ്രാമ പഞ്ചായത്തുകൾക്കും 30 % ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾക്കുമെന്നും പ്രാഥമിക ധാരണയുണ്ട്. അങ്ങനെ വരുമ്പോൾ ഗണ്യമായ ഒരു തുക ഓരോ വർഷവും പഞ്ചായത്തു പദ്ധതി വിഹിതമായി വിനിയോഗിക്കാനുണ്ടാകും.

ധനലഭ്യതയുടെ രണ്ടാമത്തെ പ്രധാന മാർഗ്ഗം പഞ്ചായത്തിന്റെ ധനാഗമ മാർഗ്ഗങ്ങൾ പൂർണ്ണമായും ഉപയോഗിക്കുകയെന്നതാണ്. കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദ നികുതി, ലൈസൻസ് ഫീസ് എന്നിവ യുക്തിസഹമായ അടിസ്ഥാനത്തിൽ വിവേചനമില്ലാതെ പുനർനിർണയിക്കുകയും മാനദണ്ഡമനുസരിച്ച് പിരിച്ചെടുക്കുകയും ചെയ്യുക എന്നാതാണത്. ഇത് വ്യക്തമായ നിയമങ്ങളേയും ചട്ടങ്ങളേയും അടിസ്ഥാനമാക്കിയുള്ളതായതുകൊണ്ട് ഏറെ വിശദീകരണം ആവശ്യമില്ല. ഏതായാലും ഒരു കാര്യം വ്യക്തമാണ്. ഈ ഇനങ്ങളിൽ ലഭിക്കേണ്ട തുക ശരിയായ രീതിയിൽ പഞ്ചായത്തിനു ഇപ്പോൾ ലഭിക്കുന്നില്ല. ഗ്രാമസഭാ റിപ്പോർട്ടുകൾ തന്നെ കെട്ടിട നികുതിയിലെ മാനദണ്ഡ വൈകല്യം ചൂണ്ടിക്കാട്ടുന്നുണ്ട്. അതുപോലെയാണ് ലൈസൻസിംഗ് ആവശ്യമുള്ള മുന്നുറോളം സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഉണ്ടായിട്ടും അതിന്റെ 25% പോലും ലൈസൻസ് എടുക്കാത്ത അവസ്ഥ. തൊഴിൽ നികുതിയും നൽകേണ്ട എല്ലാവരും ഇപ്പോൾ നൽകുന്നില്ല. നൽകുന്നതന്നെ കുറവാണ്.

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിൽ ഒന്നാണ് കെട്ടിട കൈമാറ്റ നികുതി. സ്ഥലത്തിന്റെ യഥാർത്ഥ വിലയിൽ നിന്നും വളരെ കുറച്ചു കാണിക്കുന്നതിനാൽ പഞ്ചായത്തിൽ ഈ ഇനത്തിൽ വൻതോതിൽ വരുമാന നഷ്ടമുണ്ടാകുന്നു. സ്ഥലം വിൽക്കുകയും വാങ്ങുകയും ചെയ്യുന്നവർ പറയുന്ന തുകയ്ക്കു ക്രയവിക്രിയം നടക്കുന്നു എന്നു സങ്കൽപ്പിക്കാനേ കഴിയൂ എന്നാണ് ഇക്കാര്യത്തിൽ രജിസ്ട്രേഷൻ അധികാരികളുടെ നിലപാട്. അത് അൽപം കൂടി യാഥാർഥ്യബോധത്തിലധിഷ്ഠിതമാക്കേണ്ടതുണ്ട്. പഞ്ചാത്തിന്റെ സ്ഥാവര വസ്തുക്കൾ പുറമ്പോക്കുകൾ എന്നിവയിൽ നിന്നു കിട്ടേണ്ട വരുമാനവും കാര്യമായി ലഭ്യമാക്കണം. ഇതും പഞ്ചായത്തിന്റെ ധനശേഷി വർദ്ധിപ്പിക്കും.

ഗവൺമെന്റിൽ നിന്നു വിവിധ ക്ഷേമ പദ്ധതികളുടെ ഭാഗമായി കിട്ടിക്കൊണ്ടിരിക്കുന്ന തുകകളും, തൊഴിൽദാന പദ്ധതി തുകകളും കുറവു കൂടാതെ കാലോചിതമായി വർദ്ധിപ്പിച്ചു സർക്കാരിൽ നിന്നു കിട്ടണം. അതിന് ആവശ്യമാകുന്ന ഘട്ടങ്ങളിൽ നിവേദനം നൽകുകയും വേണം.

പഞ്ചായത്തിനു വരുമാനമുണ്ടായി ജനങ്ങൾക്കു അതു പ്രയോജനപ്പെടുമെന്ന ധാരണയുണ്ടായാൽ നികുതി നൽകാൻ ആളുകൾ താത്പര്യം കാണിക്കും. ജനകീയാസൂത്രണ പദ്ധതി പ്രവർത്തനങ്ങളുടെ സുതാര്യത ഈ നിലയിൽ ജനങ്ങളുടെ മനോഭാവത്തിൽ നല്ലമാറ്റം വരുത്തുമെന്നു കരുതാം. ഇതുമായി ബന്ധപ്പെട്ടാണ് പ്രാദേശിക വിഭവ സമാഹരണത്തിനുള്ള കൂടുതൽ സാധ്യതകൾ കാണുന്നത്.

വികസന പ്രവർത്തനങ്ങൾ നടക്കുമ്പോൾ ബഹുജന പങ്കാളിത്തം അർത്ഥ പൂർണ്ണമാക്കുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ പല ഗ്രാമസഭകളും മുന്നോട്ടു വച്ചിട്ടുണ്ട്. അതിൽ പ്രധാനം ജനോപകാര പ്രദമായ കാര്യങ്ങൾക്ക് 30% വരെ പ്രാദേശിക വിഭവ സമാഹരണം നടത്താൻ കഴിയുമെന്നുള്ള ഗ്രാമസഭകളുടെ വിലയിരുത്തലാണ്. അതിവിടെ നമുക്ക് എടുത്തു പറയാം. പണമായും അധ്വാനമായും വിഭവം സ്വരൂപിച്ചാൽ ഇതു തികച്ചും പ്രായോഗികമാണ്. പദ്ധതിയുടെ സ്വഭാവമനുസരിച്ചി പ്രാദേശിക വിഭവ സമാഹരണത്തിനുള്ള സാധ്യത ഏറിയും കുറഞ്ഞും വരാം. ഇക്കാര്യത്തിൽ പൊതുവായ ഒരു വിലയിരുത്തൽ മാത്രമേ ഈ ഘട്ടത്തിൽ സാധ്യമാകൂ.

വിഭവ സമാഹരണമല്ലെങ്കിലും വിഭവ വിനിയോഗത്തിലുള്ള ചോർച്ച ഒഴിവാക്കുന്നത് പദ്ധതി നടത്തിപ്പിനുള്ള വിഭവ സാധ്യത വൻതോതിൽ വർദ്ധിപ്പിക്കുന്നതാണ്. ജനകീയാസൂത്രണത്തിൻെറ അടിസ്ഥാനാശയങ്ങളിൽ ഒന്നാണിത്. നിലവിലുണ്ടായിരുന്നതിനെക്കുറിച്ച് ഒന്നും ഈ ഘട്ടത്തിൽ പറയേണ്ട. ഇനിയുള്ള പ്രവർത്തനങ്ങളിൽ വിഭവ ചോർച്ച ഒഴിവാക്കുന്നതിനുള്ള ശ്രമം എല്ലാത്തരത്തിലും ഉണ്ടാകണം. ഇങ്ങനെ ഏതൊക്കെ മാർഗ്ഗത്തിൽ നഷ്ടം കുറയ്ക്കാമെന്നും വരുമാനം വർദ്ധിപ്പിക്കാമെന്നും പഠിക്കുന്നതിന് പഞ്ചായത്തു കമ്മിറ്റിയും ബഹുജന പ്രതിനിധികളുമടങ്ങുന്ന ഒരു സമിതി പ്രവർത്തിക്കുന്നതു നന്നായിരിക്കും. ഈ ഇനത്തിൽ നിലവിൽ വരുന്ന ടാസ്ക് ഫോഴ്സിൻെറ പ്രധാന ചുമതലകളിൽ ഒന്നായി ഇതു വരികയും വേണം.

ഷോപ്പിംഗ് കോംപ്ലക്സ്, മാർക്കറ്റ്, ബസ് സ്റ്റേഷൻ ഇവയുടെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചു കൊണ്ട് ക്രമമായി വരുമാന വർദ്ധനവുണ്ടാക്കാൻ കഴിയും. നാഷണൽ സേവിംഗ് സ്കീം പോലുള്ള നിക്ഷേപങ്ങളിൽ ആളുകളെ കൂടുതൽ സഹകരിപ്പിക്കുന്നതു കൊണ്ടും പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

ആവശ്യങ്ങൾ ധാരാളവും വിഭവങ്ങൾ പരിമിതവും എന്ന അവസ്ഥയാണല്ലോ പ്ലാനിംഗ് അനിവാര്യമാക്കുന്നത്. എല്ലാക്കാര്യത്തിനും വിഭവങ്ങളുണ്ടെങ്കിൽ വലിയ മുൻഗണനാ നിർണ്ണയത്തിൻെറ ആവശ്യമില്ല. അതുകൊണ്ട് തുടങ്ങുന്ന പദ്ധതി അതിൻെറ പ്രയോജനം ലഭ്യമാകുന്നതു വരെ പൂർണ്ണമായി നടത്താൻ പ്രത്യേകം ശ്രദ്ധിക്കണം. അല്ലെങ്കിൽ മുടക്കു മുതൽ പ്രയോജനമില്ലാതെ വളരെക്കാലം കിടന്നു പോകും. യുക്തിസഹമായ രീതിയിൽ മുൻഗണന നിശ്ചയിക്കുകയും വേണം. നമ്മുടെ ഗ്രാമത്തിൻെറ വികസനം കുറെയെങ്കിലും നടന്നിട്ടുള്ളത് രാമപുരം ടൗണിനെ കേന്ദ്രകരിച്ചാണ്. കൃഷി ജലസേചനം, മൃഗസംരക്ഷണം, കുടിവെള്ളം, ആരോഗ്യ പ്രവർത്തനങ്ങൾ, വ്യവസായം, വിദ്യാഭ്യാസം തുടങ്ങിയ വിവിധ മേഖലകളിൽ നമ്മുടെ ആവശ്യങ്ങൾ അനവധിയാണ്. അതിൽ പലതും മുൻ അദ്ധ്യയങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ടല്ലോ ? സമയബന്ധിതമായി അവ പൂർത്തിയാക്കുന്നതിനുള്ള വിഭവങ്ങൾ സ്വരൂപിക്കാൻ നമുക്കു കഴിയും.

4230

Printed at : RAJESH PRINTING, Ramapuram. Phone : 260662, 261087, 260692.
Cover Design : SASIKUMAR MANDAPATHIL, Oscar Graphics
Layout : SHALIYA Communications & SAARIKA Advertisers, Ramapuram